
മലയാളരാജ്യം
ആഴ്ചപ്പതിപ്പ്



THE MALAYALA RAJYAM
ILLUSTRATED WEEKLY

4th May 1953. Three Anna



ചലച്ചിത്രനിരൂപണം

ലോകനീതി

★

ശിശിരന്റെ ചേച്ചിയും സംഭാവനചെയ്ത കൈലാസ് പിക്ചേഴ്സ് നിർമ്മിച്ച നവീന സാമുദായിക മലയാള ചലച്ചിത്രമത്രേ "ലോകനീതി." ലോകനീതി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളിലെല്ലാം ആ ചിത്രം പ്രേക്ഷകരെ വളരെയധികം ആകർഷിച്ചുകൊണ്ടിരിക്കുന്നു. എത്ര കർശനമായ നിരൂപകനും ലോകനീതി പരാജയപ്പെട്ട എന്നു പറയുകസാദ്ധ്യമല്ല. മലയാളക്കരയിലെ സംവിധായകരിൽ നിന്നിച്ചിത്രം ഒരു മലയാളി സംവിധാനം ചെയ്തതുമായ ഈ ചിത്രത്തിന്റെ വിജയത്തിൽ മലയാളികൾ ആഹ്ലാദിക്കുകയും അനുമോദിക്കുകയും ചെയ്യേണ്ടതാണ്. മലയാളികളുടെ സംസ്കാരത്തിലും പാരമ്പര്യത്തിലും ചെളിവാരിയെറിയാനുള്ള നേരിയശ്രമംപോലും ഈ ചിത്രത്തിൽ നിർവഹിച്ചിട്ടില്ല. ജീവിതഗ്രന്ഥത്തിൽനിന്നു വലിച്ചീന്തി, കമനീയമായി തുന്നിക്കൂട്ടിയ ഹൃദയഹാരിയായ കഥ, കലാത്മകവും പ്രൗഢവുമായ സംവിധാനം, ഹൃദയാവർജ്ജകമായ അഭിനയം കാറ്റാറാറാ ഛായാഗ്രഹണം, വിലയേറിയ രംഗവിധാനങ്ങൾ എന്നിവയെല്ലാം ലോകനീതിയുടെ നേട്ടങ്ങളാണ്. ലോകനീതി മികച്ച ഒരു പുരോഗമന ചലച്ചിത്രമാണോ എന്നുചോദിച്ചാൽ നിഷേധാർത്ഥത്തിലേ മറുപടിപറയുവാൻ നിവൃത്തിയൊള്ളൂ. ലോകനീതിയിൽ ഭൌതികാവേശപ്രശംസനങ്ങൾക്ക് അർഹിക്കുന്ന പ്രാമാണ്യം നൽകിയിട്ടില്ല. സംഘത്തികസമീകരണത്തിന് തീവ്രമായ വാദങ്ങളൊന്നും ഉന്നയിച്ചിട്ടില്ല. തൊഴിലാളിസംഘടനയ്ക്കുവേണ്ടി ഏറെപാടിയിട്ടില്ല. സമുദായത്തിന്റെ എല്ലാ ദുഷ്യവശങ്ങളേയും നഗ്നമായി ഉറഞ്ഞുകാണിക്കുകയും ശോഭനമായ ഒരു നവീനവ്യവസ്ഥിതിയിലേക്ക് എത്തിച്ചേരാനുള്ള വഴികൾ വിദഗ്ദ്ധമായി നിർദ്ദേശിക്കുകയും ചെയ്തിട്ടില്ല. മനുഷ്യന്റെ വൈകാരികഭാവങ്ങൾക്കാണ് ചിത്രത്തിൽ പ്രാധാന്യംനൽകിയിരിക്കുന്നത്. മനുഷ്യഹൃദയത്തിൽ ചലനങ്ങളുണ്ടാക്കി അതിനെ മഥിക്കുക, ദ്രുതീകരിക്കുക, മനുഷ്യത്വത്തെ ഉയർത്തുക എന്നിവ കലയുടെ ലക്ഷ്യമെങ്കിൽ ലോകനീതി കലാപരമായി വിജയിച്ചിട്ടുണ്ടെന്നു നിർമ്മത്സരബുദ്ധികളും സമ്മതിക്കാതിരിക്കയില്ല. മത്സരവും വൈരാഗ്യവും പ്രതികാരവുമല്ല തൃഗവും സഹനവും വാത്സല്യവുമാണ് മനുഷ്യന്റെ മൂല്യമെന്നാണ് ലോകനീതി പ്രഖ്യാപിക്കുന്നത്. നമ്മുടെ ചുറ്റുപാടും നടക്കുന്നതും നടക്കുന്നതുമായ യാഥാർത്ഥ്യങ്ങളെ ഏറെക്കുറെ സജീവമായും ആദർശപരമായും ലോകനീതിയിൽ ചിത്രീകരിച്ചിട്ടുണ്ട്. കാണികളെ വികാരവിവശരാക്കുവാനും അവരിൽ മാനസികമായ ഒരു പരിവർത്തനം സൃഷ്ടിക്കുന്നതിനും ചിത്രം സഹായിക്കുന്നുണ്ട്. കഥാഗതിയിൽ പട്ടിണിയുടെ ഭീകരത, സ്നേഹത്തിന്റെ മോഹനത, സത്യത്തിന്റെ അജയ്യത, ജന്മിത്വത്തിന്റെ ഹൃദയശൂന്യത, നീതിയുടെ നിർദ്ദയത്വം, വിധിയുടെ വിക്രിയകൾ എന്നിവയെല്ലാം ഭംഗിയായി ആവിഷ്കരിച്ചിട്ടുണ്ട്. സംഭവങ്ങളുടെ ദ്രുതതരമായ വികസനംപോലെ മനസികമായ ഭാവങ്ങളുടെ വിടർച്ചയും അപഗ്രഥനവും കഥയിൽ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. മലയാള ചലച്ചിത്രങ്ങളെ സംബന്ധിച്ചിടത്തോളം തമിഴന്റെ അപഹാസ്യമായ പിടിയിലും അനുകരണത്തിലുംനിന്ന് തികച്ചും വിമുക്തവും സാംസ്കാരികമൂല്യത്തിൽ അനവദ്യവും മനുഷ്യജീവിതത്തെ താദാത്മ്യമായി പകർത്തുന്നതുമായ ഒരു ജീവനുള്ള ചിത്രമത്രേ ലോകനീതി. മലയാളചലച്ചിത്രങ്ങൾതീരെ അവഹേളനാർഹവും ദർശനയോഗ്യവുമല്ലെന്നുള്ള ആക്ഷേപത്തെ കൈലാസ് പിക്ചേഴ്സിന്റെ ലോകനീതി അടിയോടെ തകർത്തിട്ടുണ്ടെന്നുള്ളതു പതിരില്ലാത്ത ഒരു പരമാർത്ഥം മാത്രമാണ്. ലോകനീതി അതിന്റെതായ ഒരു വിജയം കേരളത്തിൽ സൃഷ്ടിക്കാതിരിക്കയില്ല പുളിച്ചുപഴകിയ തിരുകണാപ്രേമങ്ങളും വിഡ്ഢിത്തങ്ങളുടെ വലിയേറങ്ങളായ കോമിക്കുകളും അന്തർനാടകങ്ങളും ലൈംഗികാരാജകതകളും കുത്തിച്ചെലുത്തി കരപ്പിടിച്ചിട്ടുള്ള വൃത്തികെട്ട മലയാളചലച്ചിത്രങ്ങൾകണ്ട് മനംമടുത്തിട്ടുള്ള മലയാളികൾക്ക് ആശ്വാസവും ആശ്വാസവും നൽകുന്ന ഒരു ചിത്രമത്രേ ലോകനീതി. ഏതൊരു വീക്ഷണകോണത്തിൽക്കൂടിനോക്കിയാലും മലയാള ചലച്ചിത്രലോകത്തിന്റെ മുതൽക്കൂട്ടാണിത് ലോകനീതി എന്നു നിസ്സംശയം പറഞ്ഞതുകൊണ്ട് വൈകല്യങ്ങളൊന്നും ഇല്ലാത്ത ഒരു ചിത്രമാണ് ലോകനീതി എന്ന് അർത്ഥമാക്കേണ്ട ആവശ്യമില്ല. ലോകത്തിൽ യാതൊന്നുംതന്നെ പൂർണ്ണമല്ലല്ലോ. എല്ലാം അപൂർണ്ണങ്ങളുമാണ്. ആ നിലയ്ക്ക് കുറവുകളും കുറവുകളും അധികപ്പറവുകളും നോട്ടക്കുറവുകളുമെല്ലാം ലോകനീതിക്കുമുണ്ട്. ലോകനീതിയുടെ നേട്ടങ്ങളേയും കോട്ടങ്ങളേയും കുറിച്ച് നമുക്ക് നിഷ്പക്ഷമായി ഒരു നിരീക്ഷണംനടത്താം.

ലോകനീതിയുടെ കഥയെക്കുറിച്ചുതന്നെ ആദ്യമായി ചിന്തിക്കാം. പണമാണ് ഭരദൈവമെന്ന വിശ്വസിക്കുന്ന ഒരു മൂഢനായ മുതലാളിയായിരുന്നു നാണപ്പനിക്കർ. പണിക്കരുടെ ഏകസഹോദരിയായിരുന്ന ഭഗവതിയായ ദേവകിയമ്മ ദേവകിഅമ്മയുടെ ഭർത്താവിൽനിന്നു ലഭിച്ചിരുന്ന സമ്പത്തുമുഴുവൻ പണിക്കർ കൈശലത്തിൽ അപഹരിച്ചും ഭാഗ്യകുബേരപദവിയിലേക്ക് കുതിച്ചുയർന്നത്. കുറിഞ്ഞായും കള്ളക്കണക്കും അപഹരണങ്ങളും മറ്റുമായിരുന്ന പണിക്കരുടെ വ്യവസായങ്ങൾ. ദേവകിയും അവരുടെ സന്താനങ്ങളായ ഭാസിയും ശ്യാമളയും പട്ടിണിയിലും ദുരിതത്തിലും മനമുരുകി ജീവിക്കേണ്ട പരിതഃസ്ഥിതിയും കശ്മലനായ പണിക്കർ സൃഷ്ടിച്ചു. ദേവകിയുടെ മരിച്ചുപോയ ഭർത്താവിന്റെ ആത്മമിത്രമായ പപ്പുആശാൻ നാണപ്പനിക്കരോട് നയതന്ത്രപരമായി സമീപിച്ച് പ്രതികാരം നിർവ്വഹിക്കുവാൻ ബുദ്ധിമായ ഒരു തീരുമാനം സ്വീകരിച്ചു. ദേവകിയുടെ വീട്ടിനു സമീപമായി ഒരു അദ്ധ്യാപകൻ താമസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആദ്യഭാര്യയിലെ ഏകപുത്രിയായിരുന്നു ശോഭന. പ്രഥമ ഭാര്യയുടെ മരണത്തിനുശേഷം മീനാക്ഷി എന്ന മറ്റൊരു പരമദുഷ്ടയായ സ്ത്രീയെ വിവാഹംചെയ്തു. ചിറ്റമ്മയുടെ ദണ്ഡനങ്ങളും ഭർത്സനങ്ങളും സഹിച്ചുകൊണ്ട് ശോഭന ഏറ്റവും നാരകീയമായ ഒരു ജീവിതവും നയിച്ചിരുന്നു. പെൻഷനായതിനെ തുടർന്ന് ശോഭനയുടെ പിതാവും പൊട്ടന്നുവേ മരണമടഞ്ഞു. പാടത്തിൽ കളയും കലപ്പയുമായി കഴിഞ്ഞുകൂടിയിരുന്ന ഭാസിയും ചിറ്റമ്മയുടെ ശാസനയും ശകാരവും സഹിച്ചുകൊണ്ടിരുന്ന ശോഭനയും തമ്മിൽ പ്രണയബദ്ധരാകുന്നു. നാണപ്പനിക്കരുടെ മകൻ ധൂർത്തനായ ഗോപി ഉന്നതവിദ്യാഭ്യാസം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തി. പിതാവിന്റെ അഭിമതത്തിന് ഏതിരായി ഗോപി ശ്യാമളയെ വിവാഹം കഴിച്ചു. പണക്കാരന്റെ ഭാര്യാപദവിയിലേക്ക് ഉയർന്നതോടുകൂടി ശ്യാമളയും ഉടഞ്ഞു. അവിടം സന്താനം മാതാവിനേയും സഹോദരനേയും വെറുക്കുകയും മറക്കുകയും ചെയ്തു. ചിറ്റമ്മയാൽ ബഹിഷ്കൃതയായ ശോഭന ദേവകിഅമ്മയുടെ ഗൃഹത്തിൽ അഭയംപ്രാപിച്ചു. ഭാസി ശോഭനയെ തന്റെ ഭാര്യയായി സ്വീകരിച്ചു. അവർക്ക് ഒരു സന്താനവും ജനിച്ചു. ഇതിനിടയിൽ നാണപ്പനിക്കർ മരണമടഞ്ഞു. കുലിവേലചെയ്തു കുടുംബം സംരക്ഷിക്കുവാൻ ഭാസിയെ പരിതഃസ്ഥിതികൾ നിർബന്ധിച്ചു. പരിചയമില്ലാത്ത പാടപ്പണിയെടുത്തിട്ടും അയാളുടെ പ്രയത്നംകൊണ്ട് ഒരുനേരത്തെ ആഹാരത്തിനുപോലും തികഞ്ഞില്ല. വേലചെയ്യുമ്പോൾ മണ്ണ് ഇടിഞ്ഞുവീണ് ഭാസിയുടെ കണ്ണിന്റെ കാഴ്ച നശിക്കുന്നു. ആ ഹൃദയഭേദകമായ വിവരമറിഞ്ഞ് ദേവകിഅമ്മ – മരിക്കുന്നു. കൈകുഞ്ഞിനേയും എടുത്തുകൊണ്ട് ശോഭനയും കണ്ണില്ലാത്ത ഭാസിയുംകൂടി ശ്യാമളയുടെ ഗൃഹത്തിൽച്ചെന്ന് ഭിക്ഷയാചിക്കുന്നു. ശ്യാമളയും ഗോപിയുംകൂടി ആ അഗതികളെ ആട്ടിപ്പായിക്കുന്നു. ശോഭനയും ഭാസിയും തെരുവും തിണ്ണയുമായിക്കഴിയുന്നു. ഒരുദിവസം കുഞ്ഞിനെ ഭാസിയെ ഏല്പിച്ചിട്ട് ശോഭന എവിടെയോ പോയി. തൽസമയം കൂട്ടി ഭാസിയിൽനിന്നു നടന്നു അകലുന്നു. കൂട്ടിയെ ഒരു ഡാക്ടറുടെ വീട്ടിലെ വേലക്കാരൻ എടുത്തുകൊണ്ടുപോയി ഡാക്ടറുടെ ഭാര്യയെ ഏല്പിക്കുന്നു. കൂട്ടിയെ തേടിതിരിയുന്നതിനിടയിൽ ഭാസി ഉരുണ്ടുവീഴുന്നതിനു ഇടയാ

(ശേഷം 33-ംപേജിൽ)

മുഖചിത്രം

ശ്രീനാരായണനഗറിൽ നടന്ന നൃത്തകലാപ്രകടനത്തിൽ ശ്രീകുമാരിയും ലീലയും പരമേശ്വരൻപോറ്റിയും പാർത്തിയുടെയും ഭാഗമഭിനയിക്കുന്ന ചിത്രം. ഡാ: ഈ കെ. രാമൻപിള്ളയുടെ പുത്രിയാണ് ശ്രീകുമാരി. കുമാരിലീല പിള്ളവീട്ടിൽ കൃഷ്ണപിള്ളയുടെ പുത്രിയുമാണ്.

Photo by Raygraphs, Madras.

E.K.P.V 7

മലയാളരാജ്യം

ആഴ്ചപതിപ്പ്

പുസ്തകം ൨൪ | കൊല്ലം, ക്രമവ്യ മേടം ൨൮-൦൩ തിങ്കളാഴ്ച | ലക്കം ൨൭൬

അമിതവ്യയപരിഹാര സാമ്പത്തികവ്യവസ്ഥ

(Deficit Financing)

കെ. പി. ജോസഫ് എം. എ. (ഓണേഴ്സ്)

യശഃശരീരനും ധനതത്ത്വശാസ്ത്രവിശാരദനും ആയ കേൽസ് പ്രഭൃവായിരുന്ന ആദ്യമായി "അമിതവ്യയപരിഹാരസാമ്പത്തിക വ്യവസ്ഥ" അതർഹിക്കുന്ന ഗൗരവത്തിൽ വീക്ഷിച്ചതു്. ഒന്നാമത്തെ ലോകമഹായുദ്ധത്തിനുശേഷം, അപ്പഴപ്പോൾ ഉള്ള വരവിൽനിന്നും ആവശ്യമായ ചെലവുകൾക്കു് പണം തികയാതെ വന്നു് നട്ടംതിരിഞ്ഞിരുന്ന യൂറോപ്പിലെ പല രാഷ്ട്രങ്ങൾക്കും കേൽസ് പ്രഭൃതിന്റെ പ്രേരണയാൽ, ഈ സാമ്പത്തികവ്യവസ്ഥ ഒരു വലിയ രക്ഷാമാർഗ്ഗം ആയിത്തീർന്നുവെന്നുള്ളതു് പലർക്കും അറിവുള്ളതാണു്.

എന്നിരുന്നാലും പല കാരണങ്ങൾകൊണ്ടും ഈ വ്യവസ്ഥയ്ക്കു് വേണ്ട പ്രചാരം ഇതുവരെ സിദ്ധിച്ചിരുന്നില്ല. സർവകലാശാലകളിലും പണ്ഡിതസദസ്സുകളിലും ഈ സമ്പ്രദായം ഒരു വിവാദവിഷയമായിരുന്നുവെന്നുള്ളതു് ശരിയാണു്. എന്നാൽ, യഥാർത്ഥസാമ്പത്തികലോകത്തിൽ അതു് വേണ്ട സ്ഥാനം കരസ്ഥമാക്കിയിരുന്നില്ല. ഇതു് നമ്മുടെ രാജ്യമായ ഇന്ത്യയെസംബന്ധിച്ചിടത്തോളം ഒരു നഗ്നമായ പരമാർത്ഥമത്രേ.

പക്ഷെ ഇതിനകം ഭവനപ്രസിദ്ധമായിരിക്കുന്ന ഇന്ത്യയുടെ ആദ്യത്തെ പഞ്ചവത്സരപദ്ധതിയുടെ നക്കൽ പുറത്തുവന്നതോടുകൂടി അമിതവ്യയപരിഹാരസാമ്പത്തികവ്യവസ്ഥ, പരോക്ഷമായ ജനങ്ങളുടെ കാര്യമായ പര്യാലോചനയ്ക്കു് വിഷയമായിത്തീർന്നു. അനന്തരം നടന്നിട്ടുള്ള ആ അഭിപ്രായപ്രസ്താവങ്ങൾ പലപല സംഭാഷണങ്ങൾകൊണ്ടും ഇന്നു വല്യതായിത്തീർന്നിരിക്കുന്നു. ദേശീയപദ്ധതിയുടെ സമ്പൂർണ്ണരൂപം ആദ്യമായി അതിനു് വലിപ്പംകൂട്ടി. പ്ലാനിംഗ് കമ്മീഷൻ സംവിധാനം ചെയ്തതനുസരിച്ചു്, ഈ പദ്ധതിക്കു് ആദ്യത്തെ അഞ്ചുകൊല്ലത്തേയ്ക്കു് മൊത്തത്തിൽ 2069-കോടിരൂപാ ചെലവുവരുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 738 കോടിരൂപാ അതാതുകാലത്തെ വരവിൽനിന്നും കിട്ടുമെന്നാണു് പ്രതീക്ഷ; 520-കോടിരൂപാ കടം, ചെറുതരം സമ്പാദ്യങ്ങൾ, നിക്ഷേപങ്ങൾ എന്നിവവഴിയായി കിട്ടുമെന്നും ആണു് കമ്മീഷന്റെ ധാരണ. വിദേശധനസഹായമിനത്തിൽ 150-കോടിരൂപാ നമുക്കു് ഇതിനകം ലഭിച്ചിട്ടുണ്ടു്. ബാക്കിയുള്ള തുകയിൽ 290-കോടിരൂപാ, അധികച്ചെലവു് പരിഹാരസാമ്പത്തികവ്യവസ്ഥയിൽക്കൂടി ഉണ്ടാക്കണമെന്നാണു് കമ്മീഷൻ നിർദ്ദേശിക്കുന്നതു്.

ഈ പദ്ധതി രാജ്യം സ്വീകരിച്ചതിനോടുകൂടി, ധനകാര്യമന്ത്രിയുടെ അടുത്തകാലങ്ങളിലെ ബഡ്ജറ്റുകളും ഇതിനു് അനുസരണമായിരിക്കുമെന്നുള്ളതു് നിർവിവാദമാണു്. അങ്ങനെ ആസൂത്രണംചെയ്ത 1953-54 ലെ ബഡ്ജറ്റു് അനുസരിച്ചു്, ഇക്കൊല്ലം 140-കോടിരൂപാ അധികച്ചെലവുവരും. ഈ തുകയും പുതിയ മാർഗ്ഗത്തിൽക്കൂടി ഉണ്ടാക്കിയേതീരൂ. ഈ അധികച്ചെലവു് ഇക്കൊല്ലം കൊണ്ടു തീരുകയില്ലെന്നുള്ളതു് തീർച്ചയാണു്. 1977-78 കൊണ്ടു് ഇന്ത്യൻജനതയുടെ വരുമാനം ഇരട്ടിയാക്കണമെന്നുള്ള, ദേശീയപദ്ധതിയുടെ ലക്ഷ്യം നാം സ്വീകരിക്കുന്നെങ്കിൽ, നമ്മുടെ സാമ്പത്തികപുരോഗതി ത്വരിതപ്പെടുത്തണമെങ്കിൽ, അടുത്ത കാലങ്ങളിൽ കമ്മിബഡ്ജറ്റുകളും അധികച്ചെലവുകളും സാധാരണനടപടികളായിരിക്കുമെന്നുള്ളതിനു് പക്ഷാന്തരമില്ലല്ലോ.

ഗവമ്മെൻറുകളുടെ വരവും ചെലവും

ഇങ്ങനെയുള്ള അധികച്ചെലവിനും വളരെ വിഷമിച്ചിട്ടുപോലും ലഭിക്കുന്ന വരുമാനത്തിൽ കൂടുതൽ ചെലവുചെയ്യേണ്ടിവരുമ്പോൾ അധികച്ചെലവു് വരുന്നതും അതിനുള്ള നിവാരണമാർഗ്ഗങ്ങളും ആരായുന്നതു് സാമ്പത്തികശാസ്ത്രത്തിന്റെ ഒരു പ്രധാനഭാഗമാണു്. ഇങ്ങനെ ഉണ്ടാകുന്ന അധികച്ചെലവുനികത്തുവാൻ, സാമ്പത്തികപ്രയാസം തീർക്കുവാൻ, ഒരു ഗവമ്മെൻറിനു മുൻപിലുള്ള രണ്ടു് ആയുധങ്ങൾ ഉണ്ടു്. ഒന്നു്, കഴിഞ്ഞകാലങ്ങളിൽ സമ്പാദിച്ച മിച്ചം ഉപയോഗിക്കുക. രണ്ടു്, കേന്ദ്രബാങ്കിൽനിന്നും ആവശ്യമുള്ളപണം കടം ആയി വാങ്ങുക.

പണം സൃഷ്ടിക്കുന്നു

ഈ ആയുധങ്ങളും പ്രയോഗിച്ചു പണം ഉണ്ടാക്കുമ്പോൾ, ആ വരുമാനം ആ കൊല്ലത്തെ വരുമാനത്തിൽനിന്നുള്ള, നേരെമറിച്ചു്, "പൊതിയ" പണത്തിൽനിന്നാണു്. ആ പൊതിയതു്, മിച്ചം ഉണ്ടായിരുന്ന തുക ആവശ്യപ്പെട്ടപ്പോളും, കടം വാങ്ങുമ്പോളും, കേന്ദ്രബാങ്കു് അങ്ങനെയുള്ള പണം പൊതുജനങ്ങളിൽനിന്നു് പിരിച്ചുള്ള ഗവമ്മെൻറിനു കൊടുക്കുന്നതു്. പ്രത്യുത, അവർ അച്ചടിച്ചു പുതുതായി ഉണ്ടാക്കിക്കൊടുക്കുന്നതാണു്. ഇങ്ങനെ, രണ്ടുവിധത്തിലുകൂടി ചെലവുചെയ്യുന്ന തുകയാണു് ഗവമ്മെൻറിന്റെ ആകെയുള്ള അധികച്ചെലവു്. ഇതിൽ രണ്ടാമത്തെ രീതിയിലുള്ള പണത്തിനു് ആദ്യത്തെ രീതിയിലുള്ള പണവുമായി കാര്യമായ വ്യത്യാസം ഉണ്ടെന്നുള്ളതു് എടുത്തുപറയേണ്ടിയിരിക്കുന്നു. - മിച്ചമുള്ള പണം സാധാരണ നിക്ഷേപങ്ങൾ പിൻബലമുള്ള പണത്തിൽ ഉൾപ്പെടുന്നു. നേരെമറിച്ചു്, കടമായി ബാങ്കിൽനിന്നു് വാങ്ങിക്കുന്ന പണത്തിനു അങ്ങനെ നിക്ഷേപങ്ങളും പിൻബലമായിട്ടില്ല. ഗവമ്മെൻറു തിരിച്ചുകൊടുക്കും എന്നുള്ള വെറുംവാഗ്ദാനത്തെ ആശ്രയിച്ചുമാത്രം ആണു് ഇത്തരത്തിലുള്ള പണം ഉണ്ടാക്കുന്നതു്. ഇങ്ങനെ ഉണ്ടാക്കുന്ന പണത്തിനു സൃഷ്ടിച്ച പണം" (created money) എന്നാണു് സാങ്കേതികഭാഷയിൽ പറയുന്നതു്.

ഇപ്രകാരം പുതിയതായി പണംസൃഷ്ടിച്ചു് ആവശ്യങ്ങൾ നടത്തുവാൻ

ാടില്ലെന്ന വാദിക്കുന്നവരുണ്ട്. അങ്ങനെയുള്ളവരുടെ അഭിപ്രായത്തിൽ മുഖ്യമായും ബോംബെയിലെ പ്രൊഃ സി എൻ. വക്കീൽ. നികുതികൾ വസൂൽചെയ്യുവാൻ പാടുപെടുന്നതിനേക്കാൾ കുറച്ചു പണം കടം വാങ്ങിക്കുന്നതാണ് പൊതുജനങ്ങളുടെ അഭിപ്രായം കൂടുതൽ ശരിയാണ് ഗവൺമെൻറു ചെയ്യുന്നത്. നേരേമറിച്ച്, അമിതമായ പരിഹാരസമ്പത്തികവ്യവസ്ഥകൊണ്ടുണ്ടാകുന്ന ധനം ഉണ്ടാക്കുമ്പോൾ, ജനങ്ങളുടെ കൈവശമുള്ള വിഭവങ്ങൾ അവരുടെ അറിവില്ലാതെ അവരെ ഞെക്കിപ്പിഴിഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഈ പദ്ധതിമൂലം, പണത്തിന്റെ കായ്ത്തിൽ ജനങ്ങളുടെ വരുമാനത്തിൽ യാതൊരു കുറവുമില്ലാതെയും, ആ പണംകൊണ്ടു അവർക്കു വാങ്ങിക്കാവുന്ന സാധനങ്ങൾ വളരെ കുറവായിരിക്കും. എന്നുകൊണ്ടെന്നാൽ, സാധനങ്ങളുടെ ഉല്പാദനം വർദ്ധിക്കാതെ, പണത്തിന്റെ തുക വലുതാക്കിയാൽ, ഓരോ സാധനത്തിന്റെയും വീല ആപേക്ഷികമായി കൂടുമല്ലൊ. അങ്ങനെ സാമ്പത്തികസംഘടനയിൽ താഴെയും മദ്ധ്യത്തിലും വർത്തിക്കുന്നവർ കൂടുതൽ കൂടുതൽ ദരിദ്രരാകുകയും അതേസമയം മേലെക്കിടയിൽ ജീവിക്കുന്നവർ മാത്രം പല കാരണങ്ങൾകൊണ്ടു കൂടുതൽ ധനം ആർജ്ജിക്കുകയുംചെയ്യും. മുമ്പത്തേതിൽ, നാണയപ്പെരുപ്പവും വിലക്കയറ്റവും ആണ് ഈ വ്യവസ്ഥയുടെ ഏറ്റവും വലിയ ശത്രുക്കൾ. ഈ വ്യവസ്ഥയുടെ അനുകൂലികളും ഇതു സമ്മതിക്കുന്ന ഒരു വസ്തുതയാണ്. എന്നിരുന്നാലും പലവിധത്തിലും, പല കാരണങ്ങൾകൊണ്ടും, ഈ വ്യവസ്ഥ ഒരു ആപത്തായിത്തീർക്കാതെ നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കു സഹായകമായിത്തീർക്കാം എന്നാണ് അവർ പറയുന്നത്.

വിലക്കയറ്റത്തിനു വേണ്ട സാഹചര്യങ്ങൾ

കേൽസ് പ്രഭുവിന്റെ അനുയായികളായ ഇവർ വാദിക്കുന്നതു് സൃഷ്ടിച്ചു പണം മുഴുവൻ അപ്പാടെ പൊതുജനോപയോഗത്തിനായി വരുന്നില്ല എന്നാണ്. അതിനു കാരണം ഈ അധികച്ചെലവു് രാജ്യത്തിനു പുറത്തും അകത്തും ഉപയോഗിക്കാം. മാത്രമല്ല രാജ്യങ്ങളുമായുള്ള വ്യാപാരത്തിനും മറ്റും ആവശ്യമായ വിദേശനാണയം വാങ്ങിക്കുന്നതിനു ഇങ്ങനെ സൃഷ്ടിച്ച പണം ചെലവുചെയ്യുന്നവരാണ്. മാത്രമല്ലാ രാജ്യത്തിനകത്തുതന്നെ, ഈ പണത്തിൽ എത്ര ഭാഗം ആണ് ഉല്പാദനകർമ്മത്തിൽ ചെലവഴിക്കുന്നു എന്നും, എത്രമാത്രം വെറുതെ കൈവശംവച്ചുകൊണ്ടിരിക്കും എന്നും ആർക്കും അതു നിശ്ചിതമായി പറയാൻ സാധിക്കുകയില്ല. ഉല്പാദനത്തിനായി ചെലവഴിക്കുന്ന തുകതന്നെ, എത്രകാലം കഴിഞ്ഞാണ് അവയുടെ ഫലം പ്രത്യക്ഷത്തിൽ പ്രതിഫലിപ്പിക്കുക?

ഇപ്രകാരം പല സംഗതികളും കൊണ്ടുമാത്രമേ വിലപ്പെരുപ്പം ഉണ്ടാകുവാൻ വഴിയുള്ളൂ. രാജ്യത്തിന്റെ വിശ്വാസം അർഹിക്കുന്ന ഒരു ഗവൺമെൻറു ഭരണം നടത്തുമ്പോൾ പൊതുജനസഹകരണം ഉണ്ടെങ്കിൽ ഈ സാഹചര്യങ്ങളും നിയന്ത്രിക്കുന്നതിനും തന്മൂലം പണപ്പെരുപ്പത്തിന്റെ വിഷമതകളും കുറയ്ക്കുന്നതിനും സാധിക്കും. പല അത്യാവശ്യസാധനങ്ങളുടെ വാങ്ങിക്കുന്നതിലും, വിതരണത്തിലും ചിലപ്പോൾ കൃത്രിമമായ നിയന്ത്രണംതന്നെ വേണ്ടിവന്നേയ്ക്കും. റഷ്യനിംഗ്രാഡിനെ ഒന്നുകൂടി ഉയർത്തിയതിൽ കൊണ്ടുവരേണ്ടിവന്നതും. പക്ഷെ ഇതിന്റെ ഒക്കെ ഫലമായി, രാജ്യത്തു് തൊഴിലില്ലായ്മ കുടുകയും എല്ലാവരും സാമ്പത്തികപുരോഗമനത്തിൽ ഭാഗഭാക്കുകളാകുകയുംചെയ്യും എന്നുള്ളതാണ് ഇതിന്റെ ഒരു വിശേഷം. അങ്ങനെ ജീവിതച്ചെലവു് ഒരുപടി കൂടിയാലും, നാട്ടിൽ തൊഴിലില്ലായ്മ വളരെ കുറയുന്നതു്, പ്രത്യേകിച്ചു് അഭ്യസ്തവിദ്യരുടെയും മറ്റും ഇടയിലുള്ള തൊഴിലില്ലായ്മ കുറയുന്നതു്, എത്ര ആശ്വാസകരമാണ്. ഒരുവിധത്തിൽ പറഞ്ഞാൽ, "പൂർണ്ണതൊഴിൽ" (Full employment) എന്ന സാമ്പത്തികവ്യവസ്ഥിതി കൈവരുത്തേണ്ടതു് ആധുനിക ധനതത്വശാസ്ത്രമനുസരിച്ചു് ഓരോ രാഷ്ട്രത്തിന്റെയും ഒഴിച്ചുകൂടാത്ത കടമയാണ്.

അങ്ങനെ കുണ്ടും കുഴിയുംനിറഞ്ഞ ഒരു സംരംഭം ആണ് ഈ അമിതമായ പരിഹാര സാമ്പത്തികവ്യവസ്ഥയെങ്കിലും, അനുഭവസമ്പത്തും, ആത്മധൈര്യവുമുള്ള നേതാക്കന്മാർ നമുക്കുണ്ടെങ്കിൽ, ഇവയെല്ലാം തരണംചെയ്തു നമുക്കു സാമ്പത്തികസമ്പൽസ്ഥിതിലേയ്ക്കു ഉയരുവാൻ സാധിക്കും. ഇപ്പോൾ പൊതുജനസമ്മതി സമ്പാദിച്ചിട്ടുള്ള ദേശീയപദ്ധതിയുടെ ലക്ഷ്യം ഇതാണെല്ലോ. ആ ലക്ഷ്യം പ്രാപിക്കണമെങ്കിൽ വളരെയധികം പണം വേണം. സാധാരണ പണംകിട്ടുന്ന മാർഗ്ഗങ്ങൾ മിക്കവാറും അടഞ്ഞെന്നതന്നെ പറയാം. ഒടുവിൽ, പുതിയപണം സൃഷ്ടിക്കുക എന്നുള്ള ഒരു ഉപായം മാത്രമേയുള്ളൂ. ഈ വഴി ക്ലിഷ്ടകരമാണെന്നു് ഉയർന്ന വക്ഷികളും സമ്മതിക്കുന്നു. എന്നിരുന്നാലും, പൊതുജനസഹകരണം ഉണ്ടെങ്കിൽ, വേണമെങ്കിൽ ചക്കരയേരിലും.

ഈ വ്യവസ്ഥ ഇന്ത്യയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നല്ലകാലം ഏതാണ്. കേന്ദ്രത്തിലെ ധനകാര്യമന്ത്രിയുടെ അഭിപ്രായത്തിൽ, ആ കാലം ഇപ്പോൾ സമാഗതമായിരിക്കുന്നു. സാമ്പത്തികനഭോമണ്ഡലത്തിൽ അതിനുള്ള ചില ലക്ഷണങ്ങളും അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും കണ്ടുകൊണ്ടിരിക്കുന്നു. ഉല്പാദനരംഗത്തു, കൃഷിയും വ്യവസായവും വളരെ അധികം പുരോഗതി പ്രാപിച്ചിട്ടുണ്ട്. വിദേശത്തുനിന്നുമുള്ള ആഹാരസാധനങ്ങളുടെ ഇറക്കുമതി വളരെ കുറഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്തുതന്നെ ധാന്യങ്ങളുടെ വിളവു് ആശാസ്യകരമായവിധത്തിൽ വർദ്ധിക്കുകയും ചെയ്യുന്നു.

മറ്റൊരുലക്ഷണം. നാണയപ്പെരുപ്പത്തിനു് ഒരുതിവനുവെന്നുള്ളതാണ്. സാധനങ്ങളുടെ മൊത്തവിലയിൽ കാര്യമായ ഒരിടിവു് ഈ കഴിഞ്ഞ ഒരു വർഷത്തിനകം ഉണ്ടായിട്ടുണ്ട്. 'എ' അങ്കം പട്ടിക ശ്രദ്ധാർഹമാണ്

(പട്ടിക 'എ')

വർഷം	വില
(അടിസ്ഥാനം:- 1939)	
1948...	367·1
1949...	381·1
1950...	400·7
1951...	439·5·
1951 ഒക്ടോബർ...	438·0
നവംബർ...	435·6
ഡിസംബർ...	433·1
1952 ജനവരി...	430·3
ഫെബ്രുവരി...	415 8
മാർച്ച്...	377·5
ഏപ്രിൽ...	377·8
മേയ്...	367·1
ജൂൺ...	374 8
ജൂലായ്...	383·8
ആഗസ്റ്റ്...	387·4
സെപ്തംബർ...	389·1
ഒക്ടോബർ...	387·5
നവംബർ...	383·4
ഡിസംബർ...	372·7

സാധനങ്ങളുടെ മൊത്തവിലയിൽ സാരമായ കുറവുണ്ടെന്നുള്ളതു ആ പട്ടികയിൽ തെളിഞ്ഞുകാണാം. കഴിഞ്ഞവർഷം ആഗ്സ്റ്റും മൊത്തവില 430 ആയിരുന്നെങ്കിൽ, വർഷാന്ത്യത്തിൽ അതു് 372 ആയി കുറഞ്ഞു. എന്നിരുന്നാലും ഉല്പാദനമണ്ഡലത്തിൽ യാതൊരു മന്ദതയും ഇല്ലെന്നുള്ളതു് ചരിത്രാത്ഭുതകരം തന്നെ. ഒരുവിധത്തിൽ, ഇക്കഴിഞ്ഞ ഡിസംബർമാസത്തിൽ മിക്കവ്യവസായങ്ങളും ഉല്പാദനകാര്യത്തിൽ പരമകാഷ്ഠയിൽ എത്തിയിരിക്കുന്നു. 1946-ൽ വ്യവസായിക ഉല്പാദനം 100 ആയിരുന്നെങ്കിൽ, 1952 ഏപ്രിൽമാസത്തിൽ 131.7-ം, ഡിസംബർമാസത്തിൽ 137.2-ം ആയി വർദ്ധിച്ചു.

അതേസമയം, പൊതുജനങ്ങളുടെ ജീവിതച്ചെലവു് വളരെ കൂടിയിട്ടുണ്ടെന്നുള്ളതു് വിസ്മരിക്കാവുന്നതല്ല. ഇന്ത്യയിലെ ചില പ്രധാനനഗരങ്ങളിലെ ജീവിതച്ചെലവിന്റെ പട്ടിക (ബി അങ്കം) ഇതിനു സാക്ഷ്യംവഹിക്കുന്നു. ആ പട്ടികയനുസരിച്ചു്, ജീവിതച്ചെലവു് ഇപ്പോൾ അതിന്റെ പരമോന്നതിയിൽ എത്തിയിരിക്കുകയാണ്. മൊത്തവില കുറഞ്ഞിട്ടും, ജീവിതച്ചെലവിൽ യാതൊരു ആശ്വാസവും ഉണ്ടായിട്ടില്ല. അതായതു്, മൊത്തവിലയിൽ കാണുന്ന അധഃപതനം ചില്ലറ വ്യാപാരത്തിൽ പ്രതിഫലിച്ചിട്ടേയില്ല.

മേൽപ്പറഞ്ഞവയിൽനിന്നും ചില നിഗമനങ്ങൾ നീതികരിക്കാവുന്നതാണ്. മൊത്തവിലയിൽ വന്നിട്ടുള്ള ഇടിവു് വ്യവസായികളുടെ ലാഭാഹരിയിൽ ഉണ്ടായിട്ടുള്ള കുറവുകൊണ്ടു് ഉണ്ടായിട്ടുള്ളതാണ്. സാധനങ്ങളുടെ വിപണനയ്ക്കുവേണ്ടി, വില കുറയ്ക്കേണ്ടിവന്നു. എന്നാൽ ഉല്പാദനച്ചെലവു് കുടിയതിനാൽ, അതിൽ കൂടുതൽ വില കുറയ്ക്കുവാനും നിവർത്തിയില്ല. പിന്നിട് കാരണമായിട്ടുള്ളതു് ലാഭകരമായ ഉല്പാദനകർമ്മത്തിൽ പണം ചെലവഴിക്കുന്നതിനു പകരം പണം കൈവശംവച്ചുകൊണ്ടിരിക്കുന്നതിനുള്ള പ്രവണതയാണ്. ഇതിനു കാരണം തൊഴിലാളികൾക്കു കൊടുക്കേണ്ടിവന്ന വർദ്ധിച്ച കൂലിനിരക്കുകളാണ്. ദിവസങ്ങളും കഴിയുന്തോറും അവരുടെ പ്രാഥമികാവശ്യങ്ങൾ അപ്പോഴപ്പോഴും അധികം പണം ആവശ്യമായിവരുന്നു. മുമ്പത്തേതിൽ, അ

(പട്ടിക 'ബി')

മാസങ്ങളുടെ ശരാശരി	ബോംബെ (ആഗസ്റ്റ് 1939)	കോൺപൂർ	മദ്രാസ്	ഡൽഹി (1944=100)
1948-49...	297...	498...	320...	133
1950-51...	302...	437...	333...	134
1951-52...	314...	4+9...	343...	143
1952.ജനവരി	315...	442...	445...	148
ഫെബ്രുവരി	309...	441...	343...	141
മാർച്ച്	298...	412...	340...	136
ഏപ്രിൽ	329...	415...	333...	145
മേയ്	323...	412...	334...	148
ജൂൺ	322...	424...	337...	145
ജൂലായ്	314...	456...	338...	143
ആഗസ്റ്റ്	324...	460...	337...	143
സെപ്തംബർ	325...	463...	335...	145
ഒക്ടോബർ	329...	466...	334...	146

വരുടെ പക്കൽ പണം ആവശ്യത്തിനുമാത്രം ഇല്ല.

അതേസമയം, റിസർവ്വ് ബാങ്ക്, പലിശനിരക്ക് കൂട്ടിയപ്പോൾ പണത്തിന്റെ ലഭ്യതയും കുറഞ്ഞു. അങ്ങനെ വിപ്ലവവില കൊടുക്കേണ്ടിവന്നു. ജനങ്ങളുടെ കൈവശം പണം കുറവായതുകൊണ്ട്, സാധനങ്ങളുടെ വിപ്ലവനയും വളരെ കുറഞ്ഞു. ആകെക്കൂടെ നമ്മുടെ രാജ്യത്തു ഇപ്പോൾ ആവശ്യമുള്ളതു് പൊതുജനങ്ങളുടെ പക്കൽ കൂടുതൽ പണം കൊടുക്കുക എന്നുള്ളതാണു്. ഇതിനു വളരെ സഹായകരമായിരിക്കും അമിതവ്യയ പരിഹാരസമ്പ്രദായവ്യവസ്ഥ.

ഇങ്ങനെയുള്ള സമ്പ്രദായവ്യവസ്ഥയിൽ പ്രതീക്ഷിക്കാത്ത പല കുഴപ്പങ്ങളും ഉണ്ടായേക്കാം. അതുകൊണ്ടു് ഈ ആയുധം പ്രയോഗിക്കേണ്ടതു് വളരെ അവധാനപൂർവ്വം വേണമെന്നു് വീണ്ടും എടുത്തുപറയേണ്ടിയിരിക്കുന്നു. സൂക്ഷിച്ചു പെരുമാറിയാൽ ഈ ആയുധം വളരെ ഉപകാരങ്ങളും ഇന്ത്യയേപ്പോലെയുള്ള പിന്നണിരാജ്യങ്ങൾക്കു ചെയ്യുമെന്നു് അതിന്റെ അനുകൂലികളും പറയുന്നു. എന്തു വലിപ്പത്തിലുള്ള ആയുധം ആണു് ഉപയോഗിക്കേണ്ടതു് എന്നു് ഒരുപോലും ഇവിടെ ഉന്നയിക്കാം. അതിനു മറുപടി, ഇപ്പോൾ ഇന്ത്യയിലുള്ള ഒരു വിദേശവിദഗ്ദ്ധൻ പറഞ്ഞിട്ടുണ്ടു്. നമ്മുടെ രാജ്യത്തിന്റെ ആവശ്യത്തിനു് എന്തു വലിപ്പംവേണമോ അതുമുഴുവലിപ്പത്തിൽ അനുഭവിക്കണം. അതല്ലാതെ പ്രത്യേക കണക്കൊന്നും ഇല്ല. ആയതുകൊണ്ടു്, ഈ ആയുധത്തിന്റെ പ്രയോഗം എപ്പോഴും സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കണം. ആവശ്യത്തിനനുസരിച്ചേ പ്രയോഗിക്കാവൂ. അങ്ങനെയുള്ള ആവശ്യം കണ്ടറിഞ്ഞു പ്രവർത്തിക്കുന്നതിനുള്ള ശേഷിയും ശേമുഷിയും ഉള്ളവരുടെ കയ്യിലെ ഈ ആയുധം കൊടുക്കാവൂ. അങ്ങനെയുള്ളവർ ഇല്ലെങ്കിൽ, ഈ വ്യവസ്ഥയും അതോടൊപ്പം പഞ്ചവത്സരപദ്ധതിയും അറേബ്യൻകടലിൽ തന്നെ പോകും. പക്ഷേ, അതിനുവേണ്ട ധൃതിയും പാണ്ഡിത്യവുമുള്ള അനേകംപേർ നമ്മുടെ രാജ്യത്തില്ലേ. ഉണ്ടെന്നാണു് പൊതുജനവിശ്വാസം.

★

"ബ്രഹ്മം എപ്രകാരമുള്ളതു്"? അതു വാക്കുകളാൽ വിവരിക്കാനസാദ്ധ്യം; സമുദ്രം കണ്ടിട്ടില്ലാത്ത ഒരാൾക്കു അതു ഇന്നപ്രകാരമെന്നു വിവരിക്കാൻ വേറൊരാളോടു പറഞ്ഞാൽ അയാൾ, അതു ഒരു വലിയ ജലാശയം, എവിടെനോക്കിയാലും ജലംതന്നെ" എന്നുമാത്രമേ പറയുകയുള്ളൂ."

2—25

ശ്രീരാമകൃഷ്ണദേവൻ.

അനുപ്രതിപ്പ്

സെൻറ് ജോർജ്ജ് കോട്ട

★

— മാവേലിക്കര എൻ. രാമചന്ദ്രൻ —

[12-4-53-ലെ 'ഹിന്ദു'വിൽ ശ്രീ: വി. വി. രംഗകൃഷ്ണൻ എഴുതിയ ലേഖനത്തിന്റെ ഒരു സ്വതന്ത്രാനുവാദം താഴെ ചേർത്തുകൊള്ളുന്നു.]

'മദ്രാസ്' എന്ന വാക്കിന്റെ ആവിർഭാവം പലരേയും ആകർഷിച്ചിട്ടുണ്ടു്. അതിൽ പ്രാധാന്യമുള്ള രണ്ടു് അഭിപ്രായഗതികളും ഇവിടെ സൂചിപ്പിക്കാം. മൈലാപ്പൂരിൽ താമസിച്ചിരുന്ന ധനപ്രമത്തരായ ഒരു പോർട്ടുഗീസ് കുടുംബത്തിന്റെ 'മദ്രാ' എന്ന പേരിൽനിന്നും 'മദ്രാസ്' ഉണ്ടായെന്നതാണു് അതിൽ ഒന്നു്. 1637-ൽ തങ്ങളുടെ സ്വന്തം ചിലവിൽ ആ കുടുംബം അവിടെ ഒരു പള്ളി പണികഴിപ്പിച്ചു. ഇതിനു് ഉപോദ്ബലകങ്ങളായ പോർട്ടുഗീസ് രേഖകളും മൈലാപ്പൂരിലുള്ള സെൻറ് ലാസ്സറസ് പള്ളിയിൽ ഇന്നും കാണാവുന്നതാണു്. പള്ളി യോടുചേർന്ന സ്ഥലം അതിന്റെ സ്ഥാപകനോടുള്ള ബഹുമാനസൂചകമായി 'മദ്രാസിയാട്ടണം' എന്ന പേരിൽ അറിയപ്പെടാൻതുടങ്ങി. 1820-ൽ ബുണ്ടേല രാമസ്വാമിനായിഡുവിനാൽ എഴുതപ്പെട്ട ഒരു രേഖ ഇതിനു് സാക്ഷ്യംവഹിക്കുന്നു. അതിൽ തന്റെ ഒരു മുൻഗാമിയായ ബേരിതിമ്മപ്പ 'മദ്രാസെൻ' എന്ന ഒരു ക്രിസ്ത്യാനിയിൽനിന്നും ഫ്രാൻസിസ്ഡേ എന്നയാൾക്കു കുറെ സ്ഥലം ലഭിക്കുന്നതിനു് മുന്നാമസ്ഥനായി നിന്നതായും പ്രസ്തുത ക്രിസ്ത്യാനിയിൽ നിന്നും 'മദ്രാപട്ടണം' എന്ന പേർ ലഭിച്ചതായും, ആയതു ലോപിച്ചു് 'മദ്രാസ്പട്ടമായതായും പിന്നീടു് 'മദ്രാസ്' ആയതായും പറയുന്നു. 'ദേവമാതാവിന്റെ പള്ളി' എന്നർത്ഥംവരുന്ന 'മദർ-ഡി-ദെയസി'ന്റെ പരിഷ്കൃത രൂപത്തെ സാൻതോമിലുള്ള ഒരു കൈവേലക്കാരൻ 'മദ്രാസിൻപട്ടം' എന്നു വിളിച്ചെന്നാണു് രണ്ടാമത്തെ അഭിപ്രായം. ഇപ്പോൾ കോട്ട നിലനിൽക്കുന്നതായ സ്ഥലം 'ചേന്നപട്ടണം' എന്ന പേരിലാണു് അറിയപ്പെടുന്നതു്. സ്ഥാപിതാവായ 'ചേന്നപ്പ' യുടെ സ്മാരകമെന്നോണം ഒരു നായിക്കിന്റെ ആഗ്രഹപ്രകാരം നൽകിയതാണിന്നാമധേയം.

2. ഈ മണൽപ്രദേശത്താണു് ഏതാണ്ടു് മൂന്നു ശതാബ്ദങ്ങൾക്കു മുമ്പു് ഫ്രാൻസിസ്ഡേ കോട്ട കെട്ടാൻ ആരംഭിച്ചതു. ആയതിൽ പല പ്രതിബന്ധങ്ങളെയും അയാൾക്കു് നേരിടേണ്ടതായി വന്നു. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ അംഗീകാരം ലഭിക്കാതിരുന്നിട്ടുംകൂടി അദ്ദേഹം പ്രസ്തുത കൃത്യം നിർവ്വിഘ്നം തുടരുകയാണുണ്ടായതു്. ചതുരാകൃതിയിൽ മൂലയോരോ ഓരോ ഗോപുരത്തോടുകൂടിയാണു് കോട്ട നിർമ്മിച്ചിരിക്കുന്നതു്. തെക്കു വടക്കു് 108 ശജം നീളവും കിഴക്കു പടിഞ്ഞാറു് 100 ശജം വീതിയും അതിനുണ്ടു്. സപ്രധാനമായ വാതുവാങ്ങിയാണു് ഡേ കോട്ടയുടെ ചിലവു് നിർവ്വഹിച്ചതു്. ആയിരത്തി അഞ്ഞൂറിറ്റി നാല്പത്തിയഞ്ചാമാണ്ടോടുകൂടി സെൻറ് ജോർജ്ജ് കോട്ട ഏതാണ്ടു് ഒരു രൂപം കൈക്കൊണ്ടു. അതിനോടായ വ്യാപാരസംഘടനകളോടുകൂടി പ്രസ്തുത കോട്ട മദ്രാസിന്റെ ഒരു ഭാഗമായി ഇതിനകം അംഗീകരിച്ചുകഴിഞ്ഞു. അന്നത്തെ നാടുവാഴിയായിരുന്ന വിജയനഗരം രാജാവിനെയും തന്റെ കീഴിലുള്ള ഗവണ്ണർമാരെയും കോട്ടയുടെ അധികാരികളായി ഏജന്റ് അംഗീകരിച്ചു. വ്യാപാരം വർദ്ധിച്ചതോടെ കോട്ട നീട്ടുകയും 1666-നോടുകൂടി കസിനിയുടെ ഏജന്റായ 'ആരൺബേക്കർ' ഗോപുരങ്ങളോടും, തോക്കുകൾവച്ച വെടിവയ്യാൻതക്ക സൗകര്യമുള്ള ഭിത്തികളോടും കിടങ്ങുകളോടുംകൂടി പുറംകോട്ട പൂർത്തിയാക്കുകയുംചെയ്തു. കോട്ടയും ആംഗ്ലസൈനികങ്ങളും നഗരത്തിനു് സുരക്ഷിതത്വം നൽകി. ഈ കോട്ടയില്ലായിരുന്നെങ്കിൽ മദ്രാസിനു് ചരിത്രത്തിലുള്ള സ്ഥാനംതന്നെ മാറിപ്പോകുമായിരുന്നു.

സൂക്ഷിച്ചുവച്ചിട്ടുള്ള സ്മാരകങ്ങൾ

3. പുരാതന സ്മാരകസൂക്ഷിപ്പു് നിയമം (Ancient Monuments Preservation Act) അനുസരിച്ചു് സൂക്ഷിച്ചിരിക്കുന്ന പതിനാലു കെട്ടിടങ്ങൾ ഇപ്പോൾ കോട്ടയ്ക്കുള്ളിലുണ്ടു്. 'ഗവർണർമന്ദിര' മെന്നറിയപ്പെട്ടിരുന്ന പഴയ കെട്ടിടം ഇപ്പോൾ കൗൺസിൽമന്ദിരമായും സെക്രട്ടേറിയറ്റ് കെട്ടിടങ്ങളായും രൂപാന്തരപ്പെട്ടിരിക്കുന്നു. ഇപ്പോഴത്തെ കൗൺസിൽ ഹാളിന്റെ പുതുക്കാരത്തിലുള്ള പാർശ്വനീട്ടുകളും കരിങ്കൽത്തൂണുകളും മാത്രമാണു് പഴയകെട്ടിടത്തിന്റെ അവശിഷ്ടമായി ശേഷിച്ചിരിക്കുന്നതു്. 1746 മുതൽ 1749 വരെ മദ്രാസ് കയ്യടക്കി വച്ചിരുന്ന ഫ്രഞ്ചുകാർ ഈ തൂണുകളും നശിപ്പിക്കുകയും പറങ്കിച്ചേരിയിലേയ്ക്കു മാറ്റുകയുംചെയ്തു. 1771-ൽ ആംഗ്ലേയർ വീണ്ടും മദ്രാസ് നഗരം കൈവശപ്പെടുത്തിയപ്പോൾ പ്രസ്തുത തൂണുകളും വീണ്ടും വാങ്ങിക്കപ്പെട്ടു.

4. വ്യാപാരികൾക്കു കോട്ടയിൽ അനവധി ഗോദാമുകളും ഉണ്ടായിരുന്നു. കയറ്റുമതിക്കും ഇറക്കുമതിക്കുള്ള സാധനങ്ങളും വിവിധഗോദാമുകളിലായി സൂക്ഷിച്ചിരുന്നു. എങ്കിലും വ്യാപാരികൾക്കു് ഒന്നിച്ചു സമ്മേളിക്കാൻ ഒരുസ്ഥലമില്ലായിരുന്നു. അതിനാൽ വ്യാപാരകൈമാറ്റത്തിനുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കപ്പെട്ടു. മൂവായിരത്തിച്ചില്വാനം പൗണ്ടു് ചിലവുചെയ്തു. മാർബിൾകൊണ്ടുള്ള തൂണുകളും മറ്റും നടത്തിപ്പിനു് വേണ്ടതായ തുക സജ്ജമാക്കിയതിനുശേഷം 100,000 പഗോഡകൾ സമ്മാനമായി വിതരണംചെയ്തു. ആ കെട്ടിടവും ആകർഷിക്കുന്ന സൗന്ദര്യത്തോടുകൂടിയതായിരുന്നു. ഈ കെട്ടിടത്തിനുണ്ട

7. സെൻറ് ജോർജ്ജ് കോട്ടയുടെ ഗവർണർ ആണംബിൾ ഡ്രേയിൻഷാം മാസ്റ്റേഴ്സ് നൽകിയ 100 പൗണ്ട് ആദിയായ ഉദാരശികസഹായങ്ങളാലാണ് പ്രസ്തുതപള്ളി സ്ഥാപിതമായതു്. പള്ളിയുടെ പ്ലാൻ നിശ്ചയിച്ചതും പണികഴിപ്പിച്ചതും ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ പ്രധാനപ്രവർത്തകരിൽ ഒരാളായിരുന്ന ഗ്രിഫിത്ത് ഡിക്കൻസൺ ആകുന്നു. 1680 ൽ ഈ പള്ളി പ്രാർത്ഥനക്കായി തുറന്നുകൊടുക്കുകയുംചെയ്തു.

8. രാഷ്ട്രതന്ത്രജ്ഞർ, മിഷനറിപ്രവർത്തകർ, പടയാളികൾ, നാവികർ ആദിയായി ഇന്ത്യയിൽ സേവനമനുഷ്ഠിച്ച മരണമടഞ്ഞ പലരുടേയും ശവകുടീരങ്ങളും സ്മാരകങ്ങളും സെൻറ്മേരീസ് പള്ളിയിൽ ഉണ്ട്. 'ചാൻസ്' പടിയുടെ കീഴിലായി മദ്ധ്യസിലെ ആദ്യഗവർണർമാരെ അടക്കംചെയ്തിരിക്കുന്നു. അനവധികൊല്ലങ്ങൾക്കുമുൻപു മരിച്ച പലരുടേയും സ്മാരകമായുള്ള കൊത്തുപണികളും ഭിത്തിയെ സമലംകൃതമാക്കിയിട്ടുണ്ട്. ഹെൻട്രി റസ്സലിൻറെ പ്രിയതമയും വെല്ലൂരിലെ 'പേമാസ്റ്ററായിരുന്ന' Sudder And Faujdari Adalat ൻറെ ചീഫ് ജഡ്ജായ ജെ. എച്ച്. കാസമേജറിൻറെ രണ്ടാമത്തെ പുത്രിയും ആയിരുന്ന പത്തൊൻപതുവയസ്സുകാരിയായ 'ജെയിൻ എമിലിയ'യുടേയും ആണ് അവയിൽ അസാധാരണവും ദുഃഖാത്മകവും ആയിട്ടുള്ളതു്. മനോഹരമാംവണ്ണം മാർബിളിൽ നിർമ്മിതമായ ആ ചിത്രം ഭർത്താവിനാലും മറ്റു ബന്ധുക്കളാലും പരിസേവിതയായി മരണശയ്യയിൽ കിടക്കുന്ന ആ യുവസുന്ദരിയെ പ്രദർശിപ്പിക്കുന്നു. "1789 ആഗസ്റ്റ് 20-ാംനു- ജനനം. 1808 ഒക്ടോബർ 20-ാംനു- വിവാഹം. 1808 ഡിസംബർ 29-ാംനു- മരണം" എന്ന ലിഖിതവും ആ കൊത്തുപണിയിൽ നമുക്കു കാണാവുന്നതാണ്.

9. പള്ളിയിലെ രേഖകളും നാടും വഴിയും വളരെ ഭദ്രമായി ഇന്നും സൂക്ഷിച്ചുവച്ചിട്ടുണ്ട്. 1753 ഫെബ്രുവരി 18-ാംതീയതി നടന്ന റോബർട്ട് ക്ലൈവും മാർഗരറ്റ് മസ്സിലിനും തമ്മിലുള്ള വിവാഹത്തിൻറെ ഇരുനൂറുകൊല്ലം പഴക്കമുള്ള രേഖ കോട്ടയിലെ കാസ്റ്റിബംഗ്ലാവിൽ സൂക്ഷിച്ചുവച്ചിട്ടുള്ള വിവാഹനാടുവഴിയിൽ ഇന്നും ആക്കും കാണാവുന്നതാകുന്നു. ക്ലൈവ് തൻറെ യുവവധുവിനെ നയിച്ചതായ Altar Steps ഇന്നും യാതൊരുഹാനിയുംകൂടാതെ സ്ഥിതിചെയ്യുന്നു.

10. കോട്ടയുടെ ഭരണത്തിനായി നിയമിച്ച പോലീസുമേധാവികളെ പരമ്പരയാ 'പോളിഗാഴ്സ്' എന്നു വിളിച്ചുവരുന്നു. അവരിൽ പ്രധാനി 'പൈഡനായിക്ക്' ആണ്. ഭർലാ കുടുംബത്തിലെ പിൻഗാമികളാണ് പ്രധാനമായും പോളിഗാഴ്സ് എന്നപേരിൽ ഇപ്പോഴും അറിയപ്പെടുന്നതു്. നഗരത്തിലെ സമാധാനത്തിനുത്തരവാദി പോളിഗാർ ആയിരുന്നു. നഗരസംരക്ഷണത്തിനായി കുറെ ശിപായിമാരെ നിയമിക്കുക എന്നതായിരുന്നു അയാളുടെ കർത്തവ്യം. എന്തെങ്കിലും കുറ്റംനടന്നാൽ കുറ്റവാളിയെ കണ്ടുപിടിക്കേണ്ട ചുമതലയും അയാളിൽ നിക്ഷിപ്തമായിരുന്നു. കുറ്റവാളിയെ കണ്ടുപിടിക്കുന്നതിൽ അയാൾ പരാജയമടയുകയാണെങ്കിൽ ആയതുമൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കേണ്ടതും അയാളുടെ ചുമതലയായിരുന്നു.

സുഖത്തിൻറെ പിന്നാലേ

— കൊട്ടപ്പുന്ന —

വ്യക്തിക്ക്, സമൂഹത്തിന്, രാഷ്ട്രത്തിന്, സുഖദുഃഖങ്ങൾ എന്ന രണ്ടവസ്ഥകളുണ്ടോ?. ഇങ്ങനെയൊരു ചോദ്യമിട്ടാൽ, ഉണ്ടെന്നു പറയാനേ അസാധാരണന്മാർക്കുപോലും സാധിക്കൂ. കാരണം നിത്യാനുഭവങ്ങളിലെല്ലാം ഈ രണ്ടവസ്ഥകളും കാണപ്പെടുന്നു. അപ്പോൾപിന്നെ എന്തിനു് സംശയിക്കണം സുഖദുഃഖങ്ങളുണ്ടെന്നു സമ്മതിക്കുവാൻ. സുഖദുഃഖങ്ങളും മാത്രമല്ല; ഭദ്രഭാവങ്ങളെല്ലാംതന്നെ. വ്യക്തിക്കെന്നപോലെ സമൂഹത്തിനും, സമൂഹത്തിനെന്നപോലെ രാഷ്ട്രത്തിനും, അനിവ്യാപ്തിമായി ബാധമാനങ്ങളാകുന്ന സുഖദുഃഖങ്ങളും ആദിയും, അന്തവുമില്ലാത്ത ഒരു ചങ്ങലവലയംപോലെയാണു്. കുറെസുഖം, കുറെദുഃഖം, അഥവാ, ചിലപ്പോൾ സുഖം, ചിലപ്പോൾ ദുഃഖം, ഈ ക്രമത്തിൽ ആ ചങ്ങലചുറ്റിയിരിക്കുകയാണ് ബ്രഹ്മാണ്ഡത്തെത്തന്നെ. അതിൽനിന്നു് വഴിതിരിഞ്ഞുപോകുവാൻ എങ്ങനെ കഴിയും, വ്യക്തിക്ക്, സമൂഹത്തിന്, രാഷ്ട്രത്തിന്. ഇതുമെല്ലാംതന്നെ ആലോചിക്കുന്തോറും സുഖദുഃഖങ്ങളുണ്ടോ എന്നു ചോദിച്ചാൽ ഒരുത്തരപ്പെട്ടവരെല്ലാവരും ഉണ്ടെന്നു ഐകകണ്ഠ്യേന ഉത്തരം പറയുന്നതു്. അധികം ആലോചിക്കാതെയായാലും ഈ ഉത്തരം ആർ പറഞ്ഞാലും സത്യംമാത്രമായിരിക്കുന്നതാണു്.

ഇവ്വണ്ണം ആദ്യന്തരഹിതമായിട്ട് അനുഭവത്തിച്ചുപോരുന്ന സുഖദുഃഖങ്ങളെക്കുറിച്ച്—അവയുടെ കാരണത്തെക്കുറിച്ച്—ചിന്തയിൽ മുപ്പെത്തിയ പലരും ചിന്തിച്ചിട്ടുണ്ട്. ചിന്തിക്കുകമാത്രമല്ല, തക്ക ചികിത്സകം നിശ്ചയിച്ചിട്ടുമുണ്ട്. ചിലർ സമർത്ഥിച്ചു, സുഖദുഃഖങ്ങളും ഭൗതികങ്ങളാകയാൽ അവയുടെ കാരണവും ഭൗതികമായിരിക്കുമെന്നു്; ഭൗതികത്തിനു ക്രമവൽക്കരണവും, ശാസ്ത്രീയമായ നിയന്ത്രണവുമേർപ്പെട്ടിയാൽ പ്രതികൂലവേദനീയമായ ദുഃഖത്തെമാറ്റി, അനുകൂലവേദനീയമായ സുഖം അനുഭവിക്കാൻ സാധിക്കുമെന്നു്.

മറ്റുചിലർ കണ്ടെത്തി, സുഖദുഃഖങ്ങളും ഭൗതികങ്ങളുംതന്നെ. പക്ഷേ, ഭൗതികമായ നിയന്ത്രണാദികൾകൊണ്ടു് സുഖമാത്രം അനുഭവപ്പെടാൻ പോകുന്നില്ല; അതിനു വേറേവഴിക്കു പോകണമെന്നു്. എങ്ങനെയെല്ലാം മാറിമറിച്ചാലും, ഭൗതികമായ ഈ പ്രപഞ്ചത്തിൽനിന്നു് സുഖദുഃഖങ്ങളിൽ ദുഃഖത്തെ ഉച്ചാടനം ചെയ്യുക അസാധ്യമാണു്. സാദ്ധ്യമാകണമെങ്കിൽ, ഭൗതികബന്ധം മിക്കവാറും ഉപേക്ഷിക്കണം. ഭൗതികബന്ധമായ കാരണത്തിൽനിന്നു് സുഖദുഃഖങ്ങളായകാര്യങ്ങൾ ജനിക്കുന്നു. കാര്യത്തെ നിഹനിക്കണമെങ്കിൽ കാരണത്തെ കാലേക്കൂട്ടി പരിതൃജിക്കണം. ഏറ്റവും യുക്തിയുക്തമായ ഈ സിദ്ധാന്തത്തിന്മേലാണ് ഭാരതീയരുടെ തപശ്ചിന്ത പ്രവർത്തിക്കപ്പെട്ടിന്നുള്ളതു്. നോക്കണേ! നിദാനങ്ങളും തുല്യങ്ങളെങ്കിലും ചികിത്സകരും നേർ വിപരീതങ്ങളായിരിക്കുന്നു!!

ആദ്യപക്ഷത്തു നിൽക്കുന്ന ഭൗതികവാദികളും ദുഃഖത്തെ നീക്കി സുഖത്തെ സ്ഥാപിക്കുവാൻ യത്നിക്കുന്നു. ആ യത്നം ഇന്നും, ഇന്നലെയും തുടങ്ങിയതല്ല. മനുഷ്യനും, സുഖദുഃഖങ്ങളും എന്നുണ്ടായോ, അന്നുമുതൽ തുടർന്നുപോരുന്നതാണാ യത്നം. ഇതുപര്യന്തം അതിനു സാഫല്യം ഉണ്ടായില്ലെന്നതോ പോകട്ടെ—മറിച്ച്, തികഞ്ഞ വൈഫല്യമേ ഉണ്ടായുള്ളുതാനും. എന്നിട്ടും, ആ പന്തിയിൽ നിലയുറപ്പിച്ചവർ അയത്നരായി പിന്മാറുന്നില്ല; പിന്മാറുകയുമില്ല. ക്രുദ്ധതൽ ശക്തി സംഭരിച്ചുംകൊണ്ടു തുടരുകയാണു്. ഭൗതികവസ്തുക്കൾക്കു, വസ്തുതകൾക്കു് ശാസ്ത്രസഹായത്തോടെ പരിഷ്കരണം ഏർപ്പെടുത്തിയാൽ വ്യക്തിക്കും, സമൂഹത്തിനും രാഷ്ട്രത്തിനും, സുഖം ലഭിക്കുമെന്ന "തീയറി'യിൽ അനുവർത്തിക്കപ്പെട്ടുന്നയത്നം മുമ്പത്തേക്കാളും അനേകമിരട്ടി വീറോടും, വാശിയോടുംകൂടി ഇന്നാണു് നടക്കുന്നതു്. ഒരാളോ വ്യക്തിയും, ഒരാളോ സമൂഹവും, ഒരാളോ രാഷ്ട്രവും, അതിനുവേണ്ടി രാപകലില്ലാതെ ചിന്തയും, യുക്തിയും, ചെലവാക്കുന്നു. ഇങ്ങനെകൊണ്ടുണ്ടായ ദുഃഖം മാറ്റാൻ തീയ്യ് കണ്ടുപിടിച്ച മനുഷ്യൻറെ പരമ്പര ഇങ്ങനെ കിണഞ്ഞു പരിശ്രമിക്കുന്നതു് അൽഭുതമല്ല. അതൊരു വാസനയായി തലമുറതോറും വിച്ചിരിക്കുകയാണു്.

പക്ഷേ, ക്രുദ്ധതൽ സുഖം ക്രുദ്ധതൽ ദുഃഖത്തിനേ പര്യാപ്തമാകുന്നുള്ളൂ. സ്ഥലകാലങ്ങളെ അതിലംഘിച്ചു സുഖം അനുഭവിക്കുവാൻ ഇന്നും കഴിയുന്നു. അതോടൊപ്പം നിൽക്കുന്ന ദുഃഖമോ? സ്ഥലകാലങ്ങളെ അതിലംഘിച്ചുകൊണ്ടു വേഗത്തിൽ എത്തിപ്പിടിക്കുന്നു. അപ്പോഴും ശാസ്ത്രസഹായത്തോടുകൂടി സുഖം അനുഭവിക്കുമ്പോഴും ദുഃഖവും അനുഭവിക്കേണ്ടിവരുന്നു. അല്ലേ? മനുഷ്യനെ മലർവാടിയാക്കാൻ പോരുന്ന ആറാംശക്തിക്കു്, മറിച്ചു്, മലർവാടിയെ മരുഭൂമിയാക്കാനും കരുത്തുണ്ടു്. അതിനാൽ ശാസ്ത്രസിദ്ധികളുപയോഗിച്ചു് സുഖം ഉണ്ടാക്കുമെന്നു പറയുന്നതിൻറെ അർത്ഥമെന്താണു്? ആകെക്കൂടി വ്യക്തമാകുന്ന പരമാർത്ഥം ഇതുമാത്രം; സുഖത്തിനുവേണ്ടിയുള്ളതൊക്കെ ദുഃഖത്തിനുവേണ്ടിയുള്ളതുംകൂടിയാണു്. കാരണം മുമ്പേപറഞ്ഞ ഉഭയനം. സുഖദുഃഖങ്ങളും ഭൗതികധർമ്മങ്ങളാണു്. ദുഃഖത്തെമാറ്റി സുഖം കടത്തെടുക്കുക ദുർവ്വഹമാകുന്നു.

സാമ്പത്തികവ്യവസ്ഥയ്ക്കു് മാറ്റം വരുത്തിയാൽ സുഖം ഉണ്ടാവുമത്രേ. മനുഷ്യൻറെ ചരിത്രപരമായ വളർച്ച സാമ്പത്തികനീതിക്കൊത്ത ഉല്പാദന സമ്പ്രദായത്തെ ആധാരപ്പെടുത്തിയ വളർച്ചയാണു്. പ്രാകൃതകമ്മ്യൂണിസംമുതൽ ബോൾഷേവിസംവരെയുമുള്ള മനുഷ്യൻറെ—സമൂഹത്തിൻറെ—രാഷ്ട്രത്തിൻറെ— പരിണാമപരിണതങ്ങളെ ആ വളർച്ച കുറിക്കുന്നു. ആ ചരിത്രത്തിൻറെ കർത്തവ്യമെന്നതിലേയ്ക്കു് ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതി തീർച്ചയായും—മാറേണ്ടതും—മാറേറണ്ടതുമാണു്.

മേലാൽ അടുക്കാനാവാത്തവിധം ലോകം രണ്ടുചേരികളായി അങ്ങേ അറ്റം അകന്നുമാറിയിരിക്കുകയാണെല്ലോ. സുഖത്തിൻറെ അളവും, തൂക്കവും, സമ്പത്തും, അധികാരവും കയ്യടക്കിവച്ചിരിക്കുന്ന ചേരിയിൽ നിക്ഷിപ്തമെന്നപോലെ, ദുഃഖത്തിൻറെ അളവും, തൂക്കവും, സമ്പദധികാരങ്ങളാൽ മർദ്ദിക്കപ്പെട്ടുകിടക്കുന്ന ബഹുകോടി ജനങ്ങളുടെയിടയിലുള്ള ചേരിയിലും നിക്ഷിപ്തമാകുന്നു. മിതൃാർത്ഥിയിഷ്ടമായ ഈ സമ്പ്രദായത്തിനു്, ശക്തിമത്തും, ഫലപ്രദവുമായ മാറ്റം സംഭവിച്ചേപറ്റൂ. തർക്കമില്ല.

വാസ്തവത്തിൽ അങ്ങനെ സംഭവിച്ചു എന്നു വിചാരിക്കുക. അപ്പോഴും സുഖദുഃഖങ്ങളിൽവച്ചു് സുഖമാത്രമായ സ്ഥിതി കൈവരുമെന്നു് ഉറപ്പിക്കുവാൻ വയ്യാത്തതല്ല. സമ്പത്തും, അധികാരവും മറ്റുമായ ഭൗതികശക്തികളും

* സാന്ത്വനം

യം. ശ്രീധരമേനോൻ, എം. എ.

"പുലരിതൻ പൊന്നൊളിപ്പട്ടുടുത്തു
പുതുനിറപ്പുഞ്ചിരിച്ചുത്തണിഞ്ഞു
ജനനിതൻ ചെന്തളിരങ്കമേറി
സുമസഖി, സുഭഗംനീ ലാലസിക്കേ
ഇവളുപഖേദമകത്തെട്ടുപ്പു
വിമലസൗന്ദര്യപ്പൊടിപ്പും നിന്നെ
അല്പമണിതെങ്കിലു മർദ്ദ്രയായി-
ട്ടുരുകുക മപ്പൊനിയ്ക്കോമലാളേ."

"ഇയലില്ലൊരുനാളു മുംബത്തടത്തിൻ
ലവവുമമർഷം ഞാനെൻ സഹജേ.
തകരുവാൻ വീചിയുയർന്നിടുന്ന
കൊഴിയുവാനാശ കരുത്തിടുന്ന
അണയുവാൻ ദീപമെരിഞ്ഞിടുന്ന
കരിയുവാൻ ഞാനും വിടർന്നിടുന്നു.
അതിനുമൊട്ടിട കാർമുടിയിൽ
ദ്യുതിചേർപ്പിച്ചെന്നെനീ ധന്യയാക്കും.
വഴിയുന്നുമമ ചിത്തകുലംഭേദി-
ച്ചുമിതകൃതജ്ഞതാ ഭാവധാര.
അതിലോല ജീവിതമന്യനന്മ-
യ്ക്കുതകുകിലായതേ ചരിതാർത്ഥ്യം."

"അതുശരി,യെങ്കിലും സൂചിയാലെ
മുതിരും ഞാൻ ഭവതിയെക്കീറിടാനും
ചരടിൽ കൂട്ടുകാനും കെട്ടിടാനും
ഒരു ഞൊടിക്കുള്ളിൽ തൃജിച്ചിടാനും
ഉപകരിക്കുന്നോർക്കു മീവിധത്തി-
ലുപകൃതമേകലേ നരന്മോദം."

"കരയൊല്ലെ, നീനൽകും പീഡകളും
കരളിൽ കുളിരണിച്ചുത്തണപ്പു
അളികേ — ഉസംസ്കൃത ചിത്ത — രെത്തി
മധുവും മമഭളവണ്ണവായ്പും
കവരുമല്ലായ്കിലടുത്തനാളി-
ലുടയും താൻ ശംസ്വപരീക്ഷണത്തിൽ.
മടിയില്ലവക്കൊട്ടം സൌഭാഗ്യത്തെ-
ക്കൊലചെയ്യാൻ — നീയെന്നെ സ്വീകരിച്ചു
കെട്ടതുമെട്ടുതി തീണ്ടും മുന്പെ,
മുടിയിലണയ്ക്കു മടിച്ചിടാതേ.

* ആശയം — ശ്രീ. ബച്ചന്റെ 'കലായോംസേ' എന്ന ഹിന്ദികവിതയിൽനിന്നു്.



സൗഹൃദസമ്മാരം



മാംസപേശികൾക്കു് ശരിയായ അയവും, അംഗങ്ങൾക്കു് പുഷ്ടിയും ഉന്മേഷവും കൈവരുത്തുന്ന ദൈവികമായ ഒരൗഷധമന്ത്രമത്രേ സൗഹൃദസമ്മാരം. സൗഹൃദസമ്മാരത്തിന്റെ കൃത്യമായ അനുഷ്ഠാനത്താൽ മഹാരോഗങ്ങൾപോലും നിശ്ശേഷം വിട്ടുമാറുന്നതാണു്. ഈ ഗ്രന്ഥം അനേകം ഭാഷകളിലേക്കു തർജ്ജമചെയ്യപ്പെട്ടിട്ടുള്ളതുപോലെതന്നെ, ലളിതമലയാളത്തിൽ തർജ്ജമചെയ്തു്, നമസ്സാരത്തിന്റെ വിവിധമുറകളെ കാണിക്കുന്ന അനവധി ചിത്രങ്ങളും ചേർത്തു് ഇതാ പ്രസിദ്ധീകരിച്ചിരിക്കുന്നു.

വില തൃ: 1 മാത്രം.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സു് & ബുക്ക്ഡിപ്പോ, കൊല്ലം.

ബ്രാഞ്ചുകൾ:—തിരുവനന്തപുരം, ആലപ്പുഴ & എറണാകുളം

സ്ഥാനവും, കാലദേശങ്ങളും മാറിപ്രതിഷ്ഠിക്കപ്പെട്ടതെന്നേ അത്ഭുതപ്പെടുവാനുള്ളൂ. അതിനാൽ സാമ്പത്തികനീതിക്കു് മാറ്റംവരുത്തി, സുഖസ്ഥിതി ജനിപ്പിക്കാമെന്ന ഭൗതികസിദ്ധാന്തത്തിന്റെ വാഗ്ദാനം അപ്പാടെ വിശ്വസനീയമാകുന്നില്ല. ഒരുവേള, ഇതുപ്രകൃത്യാ വ്യാപ്തമായ അത്ഭുതത്തിലല്ലായിരിക്കണം ഭൗതികസിദ്ധാന്തികളുടെ സുഖനിർമ്മാണതത്പരണം എന്നും വരാൻവയ്യാത്തതല്ല. ഏതായാലും, ഭൗതികമായ ദുഃഖത്തെ നീക്കംചെയ്യാൻ ഭൗതികപദ്ധതികളെ ആശ്രയിച്ചാൽപോരാ. അപ്പോൾ, ഇന്നു് രാഷ്ട്രീയലഹരിപിടിച്ച മനഃശ്ശാസ്ത്രം റഷ്യയുടെപക്ഷത്തായാലും, അമേരിക്കയുടെപക്ഷത്തായാലും. നിലയുറപ്പിക്കുന്നതുകൊണ്ടു് ഗണ്യമായ ഒരു ഫലവും ഉണ്ടാകാൻപോകുന്നില്ല എന്നത്രേ.

റഷ്യയുടെ മുദ്രാവാക്യം ലോകജനതയുടെ ആകെക്കൂടിയ സമാധാനമാണു് (സുഖം) സമാധാനഭഞ്ജകമായ യുദ്ധം ഇനി ആവർത്തിക്കപ്പെടാതിരിപ്പാൻ ലോകമനഃശ്ശാസ്ത്രജ്ഞരെയെ സൂചിപ്പിക്കുന്ന ഒപ്പുകൾശേഖരിച്ചു് റഷ്യ സപക്ഷത്തേക്കു് ലോകശ്രദ്ധയെ ആകർഷിക്കുന്നു. പ്രകാരാന്തരേണ അമേരിക്ക പ്രഖ്യാപിക്കുന്നതും ലോകസമാധാനമാണു്. യുദ്ധം ആവർത്തിക്കപ്പെടാൻപാടില്ല എന്നാണു് അമേരിക്കയുടേയും തത്ത്വം.

ഇങ്ങനെ രണ്ടുചേരികൾക്കും മൗലികമായ ലക്ഷ്യസാമ്യമിരിക്കെ എന്തുകൊണ്ടു് നഴിക്കുതോറും യുദ്ധശങ്ക വളർന്നാനും? ചുരുക്കത്തിൽ ഉഭയകക്ഷികളുടേയും ലക്ഷ്യംനേടാൻ ഉള്ളതാണു് ഉപയുക്തമായ ഭൗതികപദാർത്ഥങ്ങളുടെ മാറ്റമാണു്. ഭൗതികപദാർത്ഥം വൈരുദ്ധ്യങ്ങളുടെ സങ്കേതമാകയാലാം അന്യോന്യസംഘട്ടനം അനിവാര്യമായ സ്വഭാവവുമത്രേ.

ഇതിൽനിന്നെല്ലാം ഒരു മുഖ്യകാര്യം വ്യക്തമാകുന്നുണ്ടു്. സുഖത്തെത്തേടി ഈ ഭൗതികപ്രപഞ്ചത്തിലെങ്ങും ചുറ്റിത്തിരിയേണ്ടതില്ല; അതും, ഒരിക്കലും.

ഭൗതീയതയുടെ സുഖം ഇതിനൊക്കെ കടകവിരുദ്ധമാണു്. ഭൗതികചിന്തകളിൽനിന്നു വിമുക്തമാവുക, അപ്പോൾ ലഭ്യമാകാവുന്ന അനിവാച്യമായ അവസ്ഥയത്രേ സുഖം. ലഭിച്ചുകഴിഞ്ഞാൽപിന്നെ ഏതൊന്നും നഷ്ടപ്പെടാതിരിക്കുന്നവനോ അതാണു് സുഖത്തിന്റെലക്ഷണം. ചൂടേറ്റയോഗം ഉണ്ടാകുന്ന ദുഃഖം തണുപ്പുകൊണ്ടുമാറാം. വിശപ്പുകൊണ്ടുള്ളദുഃഖം ആഹാരംകൊണ്ടുമാറാം. പക്ഷേ, ചൂടും, വിശപ്പും, വീണ്ടും വീണ്ടും ആവർത്തിച്ചുവരുന്നു. വന്നുകൊണ്ടിരിക്കുന്നവയാകയാൽ, അവയുടെ നിവാരണവും തജ്ജന്യമായ സുഖവും, ക്ഷണനിഷ്ഠമാകുന്നു. യഥാർത്ഥസുഖമാവട്ടെ — ഒരുനാളുംദുഃഖപരിവർത്തിയാവുകയില്ല. ആ വൃത്തിരഹിതമായഅവസ്ഥ മനുഷ്യനു് പ്രാപ്യമാകുമെങ്കിലോ? ഭൗതികവസ്തുക്കളോടുള്ള സകാമമായ മമത കൈവിടേണ്ടിയിരിക്കുന്നു.

"നാസ്തി ബുദ്ധിരയുക്തസ്യ
നചായുക്തസ്യ ഭാവനാ
നചാഭാവയതഃ ശാന്തി-
രശാന്തസ്യ കുതഃ സുഖം"

ഈവിധം ഭൗതികപ്രപഞ്ചം അശാന്തമാണു്. അശാന്തിയിൽനിന്നു് എങ്ങനെ സുഖംപ്രതീക്ഷിക്കാം.

യഥാസുഖം ആത്മനിഷ്ഠമാകുന്നു. അക്ഷരാർത്ഥത്തിൽ അവിനാശിയുമാണു്. അവിനാശിയായ സുഖത്തിന്റെ അനുഭോക്താവും, അനുഭോജ്യവും ആത്മാവുമാത്രവും. ഈ നിലയിൽ ദ്വന്ദ്വഭാവമേയില്ല. കേവലമായ ഏകത്വം. ഭൗതികബന്ധിയായിരിക്കുവേ ഈദൃശമായ അവസ്ഥയെ സാക്ഷാൽക്കരിക്കാൻ കഴിയുന്ന മനുഷ്യനാണു് സാക്ഷാൽ പണ്ഡിതൻ.

സമൂഹത്തിനും, രാഷ്ട്രത്തിനും, അതുന്നതവും, ആത്മനിഷ്ഠവുമായ ഈ ഏകഭാവം വരികയെന്നതു് അചിന്ത്യമാണെന്നു് പറയേണ്ടതില്ലല്ലോ. എങ്കിൽ വർഗ്ഗരഹിതമായ സമുദായത്തിന്റെ പിറവിസംപ്രാപ്തിലേയുള്ളൂ. മാർക്സിസ്റ്റുകളുടെവർഗ്ഗവിഭജനവും, വർഗ്ഗസമരവും, വർഗ്ഗരാഹിത്യവും, സമ്പദധിഷ്ഠിതമാണല്ലോ. വസ്തുനിഷ്ഠമെന്നുസാരം. വസ്തുവിനു് മേൽക്കാണിച്ചവിധം സമരാത്മകത്വം നിയതവും നിത്യവുമാകുന്നു. ആ നിലയ്ക്കു് സമരംകൊണ്ടു് വർഗ്ഗരഹിതമായ സ്ഥിതി കൈവരുത്തുന്നതു് എങ്ങനെ? വന്നാൽ നിലനിൽക്കുന്നതെങ്ങിനെ? ഇതൊക്കെ ഇനിയും ചിന്തിക്കപ്പെടേണ്ട വിഷയങ്ങളാണു്.

റഷ്യയേയും, ചൈനയേയും ചൂണ്ടിക്കാട്ടി സാധ്യമാണെന്നു വാദിക്കുന്നവരുണ്ടാകാം. അവരോടു് എതിർവാദത്തിനു് പുറപ്പെടുകയുടെ.

ചുരുക്കിപ്പറഞ്ഞാൽ, ഭൗതികമായ സംവിധാനം — അതു് ഏതുരൂപത്തിലുള്ളതുമാകട്ടെ — കൊണ്ടൊരുനാളും ഈ ഭൂമുഖത്തു് സുഖം ഉൽപാദിപ്പിക്കാൻ സാധ്യമല്ല. വസ്തുനിഷ്ഠതയിലേക്കുള്ള ഭ്രമം കൈവെടിഞ്ഞു് ആത്മനിഷ്ഠതയെ ലക്ഷ്യമാക്കി വ്യക്തിക്കും സമൂഹത്തിനും രാഷ്ട്രത്തിനും ചിന്തിക്കാനും പ്രവർത്തിക്കാനും എന്നു സാധിക്കുമോ — (സാധിക്കുമെന്നു വിശ്വസിക്കാൻ നിവർത്തിയില്ല) അന്നുമാത്രമെ സുഖം അനുഭവപ്പെടുകയുള്ളൂ. അല്ലാത്തകാലത്തോളം, യുദ്ധം, ദാരിദ്ര്യം, രോഗം, എന്നിവ അടിക്കടി ദുഃഖജനകങ്ങളായി പ്രവർത്തിക്കപ്പെട്ടുകൊണ്ടിരിക്കും.



റബ്ബറെടുക്കുന്നനാട്ടിൽ !

★

ാലേത്തു് കെ. ഭാസ്കരൻനായർ, എം എസ്സ് സി (ബാംബേ)
ആർ. ആർ. മെ. മലയാ

ഇന്ത്യ വൈരുദ്ധ്യങ്ങളുടെ നാ
ണ് എന്നൊരു മഹദ്വചനം കേട്ടി
ണ്ട്. "ഞാനൊരിന്ത്യാക്കാരനാ
ണ്" എന്നു നിങ്ങളം ഒരു വിദേശി
യോട് പറഞ്ഞാൽ, ഭ്രമിശംസ്യപര
യായി കുഷ്ഠിർതൊട്ട കന്യാകുമാരിവ
രയും, ഹുജറാത്തിതൊട്ട ബങ്കാളം
രെയും നീണ്ടുനിവൻകിടക്കുന്ന
ു മഹാരാജ്യത്തിൻറെ ഏതോ ഒരു
കോണിൽ നിങ്ങളം ജനിച്ചുവെന്നേ
തിനർത്ഥമൊള്ളൂ. ഭാഷാപരമായി
നിങ്ങൾ ഒരു മലയാളിയോ, തമിഴ
നോ; തെലുങ്കനോ, കന്നഡകുക്കരനോ; മറാട്ടിയോ, ഹുജറാത്തിയോ; പഞ്ചാബിയോ, ബങ്കാളിയോ ഇതാനന്മല്ലെങ്കിൽ മറേറതെങ്കിലും ഭാഷ സംസാരിക്കുന്നവനോ ആ യിരിക്കണം. മതവിശ്വാസം അനുസരിച്ച നിങ്ങളം ഒരു ഹിന്ദുവോ മുസൽമാനോ ക്രിസ്ത്യാനിയോ, പാഴ്സിയോ, സിക്കുകാരനോ, ജയിനനോ ഏതുമാകാം. ഭാഷയും മതവുംപോലെത തന്നെ, വേഷവിധാനങ്ങളിലും സാമുദായികാചാരങ്ങളിലും പൊരുത്തക്കേടുകളം ഒട്ടേറെ നിങ്ങളിൽക്കാണാം. സത്യത്തിൽ ഈ പൊരുത്തമില്ലായ്മ നമ്മുടെ ഒരു നിർഭാഗ്യംതന്നെയാണ്.

എന്നാൽ "ഞാൻ ഒരു മലയാളിയാണ്," എന്നൊരു മലയാക്കാരൻ നിങ്ങളോടു പറഞ്ഞാൽ കൂടുതൽ ഉപചോദ്യങ്ങളൊന്നും കൂടാതെതന്നെ നിങ്ങൾക്ക് പലതും അവനെപ്പററി അനുമാനിക്കുവാൻ സാധിക്കും. അതായതു് മതപരമായി അവനൊരു മുസ്ലീമും, അവൻ സംസാരിക്കുന്ന ഭാഷ മലയാളിയും, അവൻറെ ആചാരങ്ങളും വേഷവിധാനങ്ങളും ഒരു പ്രത്യേകനിലയിലെന്നും നിങ്ങൾക്കനുമാനമായി ഊഹിക്കാം. ചുരുക്കിപ്പറഞ്ഞാൽ ഒരുജാതി, ഒരുഭാഷ, ഒരു വിശ്വാസം ഈ അടിസ്ഥാനത്തിൽ ജീവിക്കുന്ന ഭാഗ്യവാന്മാരാണ് മലയാളിയിലെ മലയാളികളെല്ലാംതന്നെ.

മലയാളിയിലെ ഇസ്ലാം മതത്തിൻറെ വരവിനെപ്പററി ചരിത്രപരമായി ഒന്നു രണ്ടു് അഭിപ്രായഭിന്നതകൾ കാണുന്നുണ്ട്. വ്യാപാരികളായ അറബികളുടെ സമ്പർക്കം മൂലമാണ് മലയാളികൾ ഇസ്ലാംമതം സ്വീകരിച്ചതെന്നും അതല്ല ഇന്ത്യൻ മുഹമ്മദീയരായ കച്ചവടക്കാരുടേയും വ്യവസായികളുടേയും പ്രേരണാശക്തിതന്നെയാണ് ഈ പരിവർത്തനത്തിനും നിദാനം എന്നും രണ്ടു വിശ്വാസങ്ങൾ ബലമായി കാണുന്നുണ്ട്. മലയാളിൽ മാത്രമല്ല ഈസ്റ്റ് ഇൻഡീസ് ദ്വീപുകൾ എന്നറിഞ്ഞിരുന്ന ജാവ, സുമാത്ര, ബോർണിയോ തുടങ്ങിയ ശാന്തസമുദ്രദ്വീപുകളിലേയും നാട്ടുകാർ മുഹമ്മദീയരാണ്. ഇസ്ലാം മലയായിലേക്കു വ്യാപിച്ചതു ജാവായിലും, സുമാത്രയിലുംകൂടിയാണ് എന്നും വിചാരിക്കപ്പെടുന്നു. ഭക്ഷിണേന്ത്യയും മലയായുമായി പണ്ടു പണ്ടേയുള്ള ബന്ധത്തെപ്പററി ഇതിനു മുൻപുതന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പാശ്ചാത്യരുടേയും ആധുനികന്മാരുടെ മുൻപു ശക്തിയേറിയ പല ഹൈന്ദവരാജ്യങ്ങളും മലയായിൽ വാഴ്ച നടത്തിയിട്ടുള്ളതായി നമുക്കു കാണാൻ കഴിഞ്ഞു. ആ കാലങ്ങളോടനുബന്ധിച്ചുതന്നെയായിരിക്കണം ഇസ്ലാമും മലയായിലേക്കു കടന്നതു്. മുസ്ലീം പടയാളികളും മുകിലചക്രവർത്തിമാരും ഇന്ത്യയിൽ ചരിത്രം സൃഷ്ടിച്ചപ്പോൾ അതിൻറെ പ്രത്യാഘാതങ്ങൾ അനിന്ത്യകാരുടെ പ്രധാന വാണിജ്യകേന്ദ്രങ്ങളായിരുന്ന ഈസ്റ്റ് ഇൻഡീസു ദ്വീപുകളിലും ആഞ്ഞടിച്ചു. അന്നു മതംമാറിപ്പോയ ഇന്ത്യൻ വണിക്ശ്രേഷ്ഠന്മാരും നാവികന്മാരുംതന്നെ ആയിരിക്കണം ഈ പരിവർത്തനകർത്തിന്റേയും സൂത്രധാരന്മാർ.

ഹുജറാത്തിൽനിന്നാണ് ഇസ്ലാം മലയാദ്വീപുകളിൽ വന്നിട്ടുള്ളതെന്നും ഒരു കൂട്ടർ പറയുന്നുണ്ട്. ഇതിനുപോൽബലകമായി നിൽക്കുന്ന തെളിവ് സുമാത്രയിലും, മലയായിലെ മിക്കദേശങ്ങളിലും കാണുന്ന മുഹമ്മദീയപ്പള്ളികളുടെ കരകൗശലതയും നിർമ്മാണവൈദഗ്ദ്ധ്യവും ഹുജറാത്തിലുള്ള കാംബേ ശില്പരീതിയോടു സാദൃശ്യം വഹിക്കുന്നുവെന്നുള്ളതാണ്. ഉത്തരസുമാത്രയേ ഇന്ത്യൻ മുസ്ലീമുകൾ ആക്രമിച്ചതായും, അവിടെനിന്നും ജാവാപടയാളികളുടെ സഹായത്തോടുകൂടി ആ ആക്രമണം മലയായിലേക്കു സംക്രമിച്ചതായും ചരിത്രം ഒരിടത്തു പ്രസ്താവിക്കുന്നുണ്ട്. തുടർന്നു കുറച്ചുകാലങ്ങൾ അരാജകത്വവും രക്തച്ചൊരിച്ചിലും. മലയായുടെ ഉടനീളം കലിയാടി. വിദേശികളായ പൊരുശത്രുക്കളെ പിന്നീടു നേരിടേണ്ടിവന്നതുകൊണ്ടായിരിക്കാം, ക്രൂരതൽ അന്തഃച്ഛിദ്രങ്ങൾ ഒന്നും കൂടാതെ അവരെല്ലാം ഒരു കൊടിക്കിഴിൽതന്നെ അണിനിരന്നതു്.

അവർ സംസാരിക്കുന്ന ഭാഷ മലായിയാണ്. മലായിയുടെ ലിപി വലിയ വ്യത്യാസങ്ങളൊന്നുമില്ലാത്ത അറബിലിപിതന്നെയാണ്. ഇന്ത്യനും അറബിയും ചീനയും വാക്കുകളെക്കൊണ്ടു് സമ്പിശ്രമാണ്, അവരുടെ ഭാഷ. ചില ഉദാഹരണങ്ങൾ നോക്കാം.

മേജ	= മേശ
കപ്പൽ	= കപ്പൽ
ഇതു്	= അതു്
പൂചി	= സൂചി
അൽമേര	= അലമാരി
തൊപി	= തൊപ്പി
ഇനി	= ഇതു്
വർണ്ണ	= വർണ്ണം
ജൻഡല	= ജന്നൽ

ഇങ്ങനെ തമുക്കു സുപരിചിതങ്ങളായ ഒട്ടേറെ വാക്കുകളം അവരുടെ ഭാഷാഭണ്ഡാഗാരത്തിൽനിന്നു് നിഷ്പ്രയാസം നമുക്കു പൊക്കിയെടുക്കുവാൻ സാധിക്കും. മലയായിലെ ഔദ്യോഗികഭാഷ ഇംഗ്ലീഷുതന്നെയാണെങ്കിലും അതുകഴിഞ്ഞാൽപിന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നതും സാധാരണയായുകൂകം കൈകാര്യംചെയ്യുന്നതുമായ ഭാഷ മലായിയാണ്. സ്വന്തം ഭാഷയേയും മതത്തേയും പാറി വളരെയേറെ അഭിമാനംകൊള്ളുന്നവരാണ് മലായികളം.

മലായികളുടെ മാമൂലുകളും ആചാരരീതികളും ഇന്ത്യാക്കാരായ നമുക്കു വളരെയേറെ കൗതുകമുളവാക്കുന്നതാണ്. അതിൽ പ്രകടമാകുന്ന അനുഭവസാദൃശ്യം ഇന്ത്യയുംമലായയുമായുണ്ടായിരുന്ന ആ പൂർവ്വബന്ധത്തെയാണ് സൂചിപ്പിക്കുന്നതു്. ഉദാഹരണത്തെ് തവിട്ടുനിറത്തോടുകൂടി അല്പം വലിപ്പമുള്ള ചെവികളോടും വികസിച്ചു നിൽക്കുന്ന (Cheek bones) കുണ്ടെല്ലുകളോടുമുള്ള ദ്രാവിഡഗാത്രന്മാരാണ് മലായിവർഗ്ഗത്തിലെ പുരുഷന്മാർ. അവർ ഇന്ത്യയിലെ മുഹമ്മദീയരെപ്പോലെ തല മുണ്ഡനംചെയ്കയോ താടിവളർത്തുകയോ ചെയ്യാറില്ല. ഒരു ചട്ടത്തൊപ്പിയും, അല്പം നീണ്ടയൊരു കുപ്പായവും പൈജാമായും അതിനുമേലായി ചുറ്റിയ ഒരു മേൽമുണ്ടും, രണ്ടു വള്ളി ച്ചെരിപ്പും ഒത്തുചേർന്നാൽ പുരുഷന്മാരുടെ ദേശീയവേഷമായി. സ്ത്രീകളം സ്വതസിദ്ധമായി ഒരു സൗന്ദര്യവും ലാളിത്യവുമുള്ളവരാണ്. അവർ കഴുത്തുവരെ തലമുടിയുംവകഞ്ഞിട്ട് നീണ്ട മാറ്റുറയും, കഴുത്തിൽ 'ഠ' പോലെ വളച്ചു കിഴേ്പോട്ട്, ഏതാണ്ട് അരക്കെട്ടുവരെവരുന്ന ഉത്തരീയവുംധരിച്ച്, നിറമുള്ളതും കട്ടിയുള്ളതുമായ ഒരൊറാവസ്ത്രം മലയാളിസ്ത്രീകളെപ്പോലെ ചുറ്റിയുടുത്തും നടക്കുന്നു. നിറമുള്ള വസ്ത്രങ്ങൾധരിക്കുന്നതിലും, ചുണ്ടും കൈപ്പത്തിയും ചായമിട്ടു ചുമപ്പിക്കുന്നതിലും അവർ ഭ്രമം കാണിക്കാറുണ്ട്.

ഒരു അന്യജാതിക്കാരനേയോ, ഒരു ഉയർന്ന ഉദ്യോഗസ്ഥനേയോ കണ്ടാൽ അവർ "തബേക്" (നമസ്കാരം എന്നതിനു തുല്യമായ വാക്ക്) എന്നുപറഞ്ഞു് ഹസ്തദാനംചെയ്യുന്നു. മതപരമായി കൂട്ടുതൽ വിശ്വാസങ്ങളുള്ളവരണ്ടു മലായികൾതമ്മിലാണ് ഇങ്ങനെ കണ്ടുമുട്ടുന്നതെങ്കിൽ, അവർ അറബി വാക്കുകളം ഉപയോഗിച്ചാണ് അഭിവാദനം രേഖപ്പെടുത്തുന്നതു്. "ആസ്സ് — സലാമു, അലായ്ക്കും" (നിങ്ങൾക്കു ശാന്തി കൈവരട്ടെ) ഇതതിനൊരുദാഹരണമാണ്. പട്ടണങ്ങളിലും മറമുള്ള യുവാക്കന്മാരുടെയിടയിൽ ഇന്നോനേഷ്യൻ മാതൃകയിൽ അഭിവാദനം പ്രകടിപ്പിക്കുന്നതിനു് ഒരു ഭ്രമം കാണിക്കാറുണ്ട്.

സെലാമത്പാഗി=
ഗുഡ്മോർണിങ്
സെലാമത്പെറാങ്ങ്=
ഗുഡ്ഈവനിംഗ്
സെലാമത്മലം=ഗുഡ്നൈറ്റ്

ഇതെല്ലാം ആ രീതിയുടെ ചില ഉദാഹരണങ്ങളാണ്. ഇംഗ്ലീഷ് അനുകരണങ്ങളും ഈ അടുത്തകാലത്തു ധാരാളം കടന്നുകൂടിയിട്ടുണ്ട്.

അവരുടെ താമസസ്ഥലങ്ങളും ഏതാണ്ടൊക്കെയും പോലെ ഉയർത്തി പണികഴിച്ചിട്ടുള്ളതാണ്. കുറ്റിമരുകളിലും നദിതീരങ്ങളിലും താമസിച്ചിരുന്ന ഇവരുടെ പൂർവ്വീകന്മാർ സ്വയരക്ഷയ്ക്കുവേണ്ടി ചെയ്തിരുന്ന ഒരുരീതിമാത്രമായിരുന്നു ഇവർ കൈവിടാതിരുന്നതായിരിക്കണം. അവരുടെ വീടുകളിൽ പ്രവേശിക്കുമ്പോൾ നാം പാദരക്ഷകളം അഴിച്ചു വെളിയിൽ വെക്കണം. അതിഥികൾക്കു ജലം നൽകി കാലും കയ്യും കഴുകിച്ചു ശുദ്ധിവരുത്തി സ്വീകരിക്കുന്നതും മാത്രം അവരുടെയിടയിൽ നിർബ്ബന്ധമുള്ള ഒറ്റാചാരമാണ്. കുളിക്കുവാൻ കുളിമുറിയിൽ പ്രവേശിക്കുമ്പോൾ രണ്ടു വസ്ത്രങ്ങൾ തരും. ഒന്നു ഉടുത്തുകൊണ്ടുകുളിക്കുവാനും മറേറതു തോർത്തുവാനും. ആദ്യത്തേതു് ഒരു നിർബന്ധനിയമമാണ്. കുളിമുറിയിൽപ്പോലും നഗ്നതപാലിക്കുവാൻ അനുവദിക്കാത്ത ഒരു സാമുദായികാചാരമുള്ളതാണ് അതിനു കാരണം. എന്തെങ്കിലും സാധനങ്ങൾ ഇടത്തുകൈകൊണ്ടു കൊടുക്കുക, ഇടത്തുകൈകൊണ്ടുവാങ്ങിക്കുക, അതിഥികളുടെ



ലേഖകൻ.


മുൻപിൽവച്ച് മൂക്കുചിറവുക, തുപ്പുക നിന്നുകൊണ്ട് മൂത്രം വീഴ്ത്തുക, പന്നിയേയും പട്ടിയേയും വളർത്തുക ഇതെല്ലാം അവർ വെറുക്കുന്ന സ്വഭാവങ്ങളാണ്. ആഹാരംകഴിക്കുന്ന കാര്യത്തിൽ ചീനന്മാരേപ്പോലെ "ചോപ്പ്സ്റ്റിക്കോ" (ചീനന്മാർ രണ്ടു ചെറിയ കമ്പുകൊണ്ട് കുത്തിയാണ് ആഹാരം കഴിക്കാറുള്ളത്) വെള്ളക്കാരേപ്പോലെ കത്തിയും മുള്ളുമോ അവർ ഉപയോഗിക്കാറില്ല. നിലത്തു ചമ്രമിട്ടിരുന്ന്, വലത്തുകയ്യുകൊണ്ട് വാരിക്കഴിക്കുന്ന ആ ഒരു നമ്മുടെ നാടൻരീതിയാണ് അവരും അനുസരിക്കാറുള്ളത്.

പുരുഷന്മാരും സ്ത്രീകളുമായിട്ടുള്ള സാമൂഹ്യബന്ധം ഏതാണ്ട് ഇന്ത്യയിലെ ഗ്രാമീണപ്രദേശങ്ങളിലേപ്പോലെയാണ്. വലിയപട്ടണങ്ങളിലും വിദ്യാസമ്പന്നരുടെയിടയിലും ഇതിനൊക്കെ വ്യത്യസ്തതകൾ കണ്ടേക്കാം. എന്നാൽ സാധാരണയായി സ്ത്രീകൾ പുരുഷന്മാരുടെ രക്ഷാകർത്തൃത്തിലേ പുറത്തൊക്കെ നടക്കാറൊള്ളൂ. അവിവാഹിതരായ ആൺകുട്ടികളും പെൺകുട്ടികളുമായുള്ള സാമൂഹ്യബന്ധം വളരെയേറെ നിയന്ത്രണാധീനമാണ്. ഒരു മലയാളിഗൃഹത്തിൽ ഒരു പുരുഷൻചെന്നാൽ സ്ത്രീകൾ പുറത്തുവന്നു സംസാരിക്കയോ, പുറത്തുവന്നിരിക്കയോപോലും ചെയ്യുന്നതിരികയില്ല. മലയാളികളുടെ സ്ത്രീപുരുഷസാമൂഹ്യബന്ധത്തെപ്പറ്റി "സ്ത്രീ പുരുഷന്റെ കളിപ്പാട്ടവും അടിമയുമാണെന്നു" വെള്ളക്കാർ വിമർശിച്ചപ്പോൾ സെയിനബ് അബ്ദിൻ അഹമ്മദ് എന്ന മലയാളി ചിന്തകൻ "സ്ത്രീ ഒരു ദിവ്യമായധനവും, പുരുഷൻ അതിന്റെ രക്ഷിതാവും ആധാരവുമാണ്". ജീവിതത്തിലെ പല പരിശുദ്ധതത്ത്വങ്ങളേയും, ദുഷിപ്പിക്കപ്പെട്ടുന്നതുപോലെ ഒരു പക്ഷേ ഈ ഒരുഭാവനയേയും കുറച്ചൊക്കെ ദുഷിപ്പിക്കപ്പെട്ടെന്നുവരാം" എന്നിങ്ങനെ മറുപടിപറയുകയുണ്ടായി.


നമുക്കു സുപരിചിതങ്ങളായ ഒട്ടേറെ നാട്ടാചാരങ്ങളും പഴംചൊല്ലുകളും ഈകൂട്ടരുടെയിടയിൽ നടപ്പുണ്ടെന്നുള്ളതാണ് മറ്റൊരുവിശേഷത. ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം. വീട്ടിലാരെങ്കിലും ഊണുകഴിച്ചുകൊണ്ടിരിക്കുമ്പോൾ യാത്രപോകാനൊരുമ്പെട്ടാൽ അതു ഒരു ദുശ്ശകുനമാണ്. യാത്രപോകുമ്പോൾ ഒരുപാമ്പ് വലത്തുനിന്നും ഇടത്തോട്ടു കുറുകെ കടക്കുന്നതും, മൂങ്ങശബ്ദിക്കുന്നതും, ഇടത്തുകണ്ണുതുടിക്കുന്നതും ദുശ്ശകുനമായി അവർ കണക്കാക്കുന്നു. വലത്തുകണ്ണുതുടിക്കുന്നതു മറിച്ച് ശുഭലക്ഷണവുമാണ്. ഉള്ളംകയ്യ് ചൊറിയുന്നതു ധനലാഭത്തെ സൂചിപ്പിക്കുന്നു. ആഹാരം പാകംചെയ്യുകഴിഞ്ഞാൽ ഉരിയരിയുടെ മുന്നൂറ്റുപ്പകുപ്പിക്കുന്നു നൽകുന്ന ഒരാചാരവും അവരുടെയിടയിൽ നടപ്പുണ്ട്. ആദ്യമായി വിവാഹത്തിനു പെണ്ണുകാണാനായിട്ടുപോകുന്ന ഒരു യുവാവു് പെണ്ണിന്റെഗൃഹത്തിൽചെല്ലുമ്പോൾ, പെണ്ണു കളിക്കുകയോ ജലംകൊണ്ടുവരികയോ, ആഹാരം പാകംചെയ്കയോ തലമുടി ചീകുകയോചെയ്യുന്നതായിൽ അതൊരു ശുഭശകുനമായി കണക്കാക്കുന്നു. നേരേമറിച്ച് അവൾ ഉറങ്ങുകയോ ചിന്താവിഷ്ടയായി കതകുപടിമേൽ ഇരിക്കയോ മുറ്റമോ മുറിയോ അടിച്ചുവാരുകയോ ചെയ്താൽ അതൊരു ദുശ്ശകുനമായും വിചാരിക്കുന്നു. ഇതെല്ലാം ഒരുകൂട്ടം മുസ്ലീമുകളുടെ നാട്ടാചാരങ്ങളാണെന്നുപറഞ്ഞാൽ എങ്ങനെയാണ് വിശ്വസിക്കാതിരിക്കുക. പക്ഷേ മലയാളിയിലെ ഗ്രാമീണരായ മലയാളികളുടെയിടയിൽ ഇന്നും നടപ്പുള്ള വിശ്വാസങ്ങളും ആചാരങ്ങളുമാണിതെല്ലാംതന്നെ.

മലയാളികൾ പൊതുവേ ശാന്തശീലരാണ്. ലോകത്തിന്റെ ഏതെങ്കിലുംകോണിൽ ഇത്ര സമാധാനപ്രിയരും സൗമ്യരുമായ മുഹമ്മദീയർ ഉണ്ടോയെന്നു ഞാൻ സംശയിച്ചുപോകാറുണ്ട്. ജനസംഖ്യയിൽ ഇവർ വിദേശികളേയെല്ലാം കവച്ചുവെക്കുന്നുണ്ടെങ്കിലും, സാംസ്കാരികമായും, വിദ്യാഭ്യാസപരമായും ഒരു നൂറാണ്ടു പിന്നിൽനില്ക്കുന്നതേയുള്ളൂ. അഭ്യസ്തവിദ്യരായ മലയാളികൾ അംഗുലീപരിമിതമാണ്. പോലീസുകാർ, പട്ടാളക്കാർ, ഡ്രൈവറന്മാർ ഇങ്ങനെയുള്ള ചെറുതരം തൊഴിലുകളിലാണ് മലയാളികളെ അധികവും കാണാറുള്ളത്. ആധുനികമലയാളിയുടെസൃഷ്ടിയിൽ ഇവർ സ്വാഭാവികമായുംതന്നെ വഹിച്ചിട്ടില്ല: അധികം വിയർപ്പൊടിയാതെയും എന്നാൽ പട്ടിണികൂടാതെയും ദിവസങ്ങൾകഴിച്ചുകൂട്ടണമെന്നു ആഗ്രഹിക്കുന്ന ഒരുകൂട്ടരാണിവർ. നാഗരജീവിതത്തേക്കാൾ നാട്ടിൻപുറമാണിവർക്കു കൂടുതലിഷ്ടം. മലയാളിയിലെ മികച്ചപട്ടണമായ സിംഗപ്പൂരിൽ ഏഴരപ്പത്തേഴശതമാനം ചീനന്മാരുള്ളപ്പോൾ, വെറും പന്ത്രണ്ടുശതമാനംമാത്രമേ മലയാളികളുള്ളൂ. അതേ അവസ്ഥയിൽ കൂടുതലും കൃഷിസ്ഥലങ്ങളായ കെഡായിയിലും, കെളന്താനിലും ജൊഹോറിലും അധികംമലയാളികളുണ്ടുള്ളൂ. വെള്ളക്കാരനും, ചീനനും, ഇന്ത്യനും, സിലോണിനും മലയായിലവർക്കുള്ള ഉടമസ്ഥാവകാശങ്ങളേയും പ്രാബല്യങ്ങളേയും, അന്യോന്യം തുലനംചെയ്യുന്നേക്കാവുണ്ട്. എന്നാൽ മലയാളികൾ ഇതിൽകാണിക്കുന്ന ഉദാസീനമനോഭാവം ഒരു പക്ഷേ അവന്റെ ഉടമസ്ഥാവകാശത്തിൽ അവനുള്ള പരിപൂർണ്ണവിശ്വാസമായിരിക്കും.

★



സുൽത്താന്റെ ക്ലാംഗിലെ കൊട്ടാരം
ഇപ്പോൾ മലയിക്കുട്ടികളുടെ ഹോസ്റ്റൽ.



സെലാംഗ്ർ സുൽത്താന്റെ
ക്ലാംഗിലെ പ്രാർത്ഥനാലയം.

FOR NEW WATCHES, CLOCKS and REPAIRS also PENS Sales & Service



KRISHNAN NAIR'S WATCH Co
TRICHUR-ERNAKULAM & QUILON

H. O. തൊടുപുഴ ഫോൺനമ്പർ 36. Branch: കോട്ടയം ഫോൺനമ്പർ 486.

നിങ്ങളുടെ ആരോഗ്യം

വർദ്ധിച്ച് യൌവനം നിലനിൽക്കുന്നതിന് സഹ്യാദ്രിസാനുപ്രദേശങ്ങളിൽനിന്നും ലഭിക്കുന്ന ദിവ്യമൂലികകളുടെ സാരാംശത്തെ സമാഹരിച്ച് പ്രത്യേകരീതിയിൽ തയ്യാർചെയ്തിട്ടുള്ള ഞങ്ങളുടെ

ച്യവനപ്രാശംലേഹ്യം

ഉപയോഗിക്കുക. ഇതു് പ്രായഭേദമെന്യേ ഉപയോഗിക്കാവുന്നതും ഹൃദ്രോഗം, കാസശ്വാസം, മൂത്രാശയരോഗങ്ങളും ഇവകളെ നശിപ്പിക്കുന്നതിനു ശക്തിയുള്ളതുമാകുന്നു. ശരീരബലം, ബുദ്ധിശക്തി, ഓജസ്സശക്തി ഇവകളെ വർദ്ധിപ്പിക്കുകയുംചെയ്യും. സ്ത്രീകൾക്കു് പ്രസവരക്ഷയ്ക്കു സേവിപ്പാനും വളരെ വിശേഷമാകുന്നു. എല്ലാ ബ്രാഞ്ചുകളിലും ഹെഡാഫീസിലും എപ്പോഴും തയാറുണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്കു് എഴുതുക.

ധന്വന്തരിവൈദ്യശാല, H O തൊടുപുഴ, തിരുവിതാംകൂർ.

ബ്രാഞ്ചുകൾ:

1. ആലപ്പുഴ
2. ആലുവാ
3. ആറാറിങ്ങൽ
4. ഇടപ്പള്ളി
5. ഈരാറ്റുപേട്ട
6. എറണാകുളം
7. കായംകുളം
8. കാഞ്ഞാർ
9. കിളിമാനൂർ
10. കുന്നാട്ടുകുളം
11. കൊട്ടാരക്കര
12. കൊച്ചി
13. കൊല്ലം O
14. കോതമംഗലം
15. കോഴിക്കോട്ട്
16. കോട്ടയം
17. ചങ്ങനാശ്ശേരി
18. ചേർത്തല
19. തക്കല
20. തിരുവനന്തപുരം
21. തിരുവല്ലാ
22. തൃപ്പൂണിത്തുറ
23. തൃശ്ശൂർ
24. നാഗർകോവിൽ
25. നെടുമങ്ങാട്
26. നെയ്യാറ്റിൻകര
27. പാറശ്ശാല
28. പന്തളം
29. ബാംഗ്ലൂർ
30. പാലാ
31. പിറവം
32. പുനലൂർ
33. പൂഞ്ഞാർ
34. പെരുമ്പാവൂർ
35. പൊൻകുന്നം
36. മദ്രാസ്
37. മാർത്താണ്ഡം
38. മാവേലിക്കര
39. മൂണ്ടക്കയം
40. മൂവാറ്റുപുഴ
41. വാഴക്കുളം
42. വൈക്കം



തകഴി കെ. രാമവാര്യർ

21—9—1128. 27—9—1128.
4—5—1953. 10—5—1953.

അശ്വതി—പല പ്രയാസങ്ങളേയും തരണംചെയ്ത് വിജയസാദ്ധ്യതയും നേടാൻകഴിയും. സഹായികളിൽനിന്നും സഹകാരികളിൽനിന്നും ഗുണാനുഭവം എതുപ്പകാലം സംഭവിക്കും. മാനസികമായും വിഷമിക്കും. സ്ഥാനപീഡ ശല്യപ്പെടുത്തും. സഞ്ചാരവ്യയം വർദ്ധിക്കും.

ഭരണി—ഭ്രാതൃകുലചെയ്തികളിൽനിന്നുള്ള ദുരിതവും നിരാശയും നീങ്ങും. നൂതനസംരംഭങ്ങളിൽ ഏർപ്പെടും. ചുമതലകളിൽ ശ്രദ്ധാന്തിവർദ്ധിക്കും. പല ദുർവ്യയത്തിനമിടവരും. അനുകൂലമായ പരിവർത്തനമോ ചലനമോ സംഭവിക്കാം.

കാർത്തിക—കുടുംബജനങ്ങൾമൂലം മനഃപീഡയ്ക്ക് ഹേതുക്കളുണ്ടാകും. അഭീഷ്ടയും നേട്ടവും ലഭിക്കും. അധികൃതന്മാരുമായി കൂട്ടുതൽ സമ്പർക്കംപുലർത്തും. പലവിധമായ ആരോപണങ്ങൾക്കും പാത്രമാകും. ശാരീരികസുഖം കുറയും.

രോഹണി—ചില പുതിയബന്ധം സൃഷ്ടിപ്പാൻ മുതിരും. അനുചിതമല്ലാത്ത പ്രവർത്തികളിൽ ഏർപ്പെടും. പ്രബലശത്രുതയെ അഭിമുഖീകരിക്കേണ്ടതായിവരും. സ്വാസ്ഥത കുറയായിരിക്കും. ഭരണീയർ പല കുടുപ്പങ്ങളിലും ചാടും. മംഗളകാര്യത്തിൽ ഏർപ്പെടും.

മകയിരം—പ്രത്യേകമായ ചില ആനുകൂല്യങ്ങൾ ലഭിക്കും. അഭീഷ്ടയത്തിനുള്ള കൂട്ടുകെട്ടിന് യോഗമുണ്ട്. ചില തെറ്റിദ്ധാരണകളുണ്ടാകും. കൃത്രിമബുദ്ധിചെലുത്തി കാര്യം കാണും. ഉദ്യോഗകാര്യത്തിൽ വിജയംപ്രാപിക്കും.

തിരുവാതിര—ഓമ്പിശകുമൂലം നഷ്ടവും കുപ്പവും നേരിടും. മത്സരചിന്തയുദിക്കും. സ്വാർത്ഥലാഭത്തിനുവേണ്ടി പല സാഹസത്തിനുംചെയ്യും. ഹീനകർമ്മങ്ങളിൽ ശ്രദ്ധപതിയും. ഭാഗ്യം വീക്ഷിക്കും.

പുണർതം—ശുഭപ്രതീക്ഷകൾസാധിതപ്രായമാകും. സ്ഥാനലബ്ധിയുണ്ടാകും. ഉന്നതവ്യക്തികളുമായി ചില സമ്പർക്കംപുലർത്തും. അധികാരികളുടെ വിപ്രിയംനീക്കുവാൻ കഴിയും: കർമ്മപുഷ്ടിക്ക് സാഹസപ്പെടും. സഞ്ചാരംകൂടും,

പൂയം—ശാരീരികമായും മാനസികമായും ക്ലേശം വർദ്ധിക്കും. സാമ്പത്തികമായ പ്രതീക്ഷകൾ സഫലപ്പെടും. പ്രാദേശികകാര്യങ്ങളിൽ ഇടപെട്ട് ശത്രുതസമ്പാദിക്കും. പ്രവർത്തിരംഗത്തിൽ പ്രശസ്തി വർദ്ധിക്കും. ദൈവാനുകൂല്യം ഉള്ളകാലമാകയാൽ കണ്ടിതത്തിന് അവകാശമില്ല

ആയില്യം—ശാശ്വതമായ ചില കാര്യനിവർത്തിക്ക് തീവ്രശ്രമംനടത്തും. വിജയസാദ്ധ്യതകൾ ഏറ്റുവിധേനയും സമ്പാദിക്കും. ഗൗരവമേറിയ ചുമടുപാടുകൾ നിസ്സാരങ്ങളായിഗണിച്ച് ധൈര്യസമേതം മുൻപോട്ടുപോകും. സഹോദരവർഗ്ഗവും ശത്രുപക്ഷത്തിൽ ചേരും.

മകം—സംഘനേതൃത്വം പ്രവർത്തിരംഗത്ത് ശോഭിക്കും. സ്വാതന്ത്ര്യപ്രകടനം ഗാർഹജനവിദ്വേഷത്തിന് ഇടവരുത്തും. ശ്രദ്ധാപ്തിവിശ്വാസം ഉടലെടുക്കും. പൊതുജനപിന്തുണ സമ്പാദിക്കും. അസൂയാലുക്കൾ വർദ്ധിക്കും. പ്രശസ്തസേവനം പ്രയോജനപ്പെടുത്തും. ക്ഷതമേൽക്കും.

പൂരം—ഭരണീയരുടെ അസഹനീയമായ പെരുമാറ്റം സാരമായ വൈഷമ്യങ്ങളെ വരുത്തിവെയ്ക്കും. മത്സരങ്ങളിൽ ചതിവും കൗശലവും പ്രയോഗിക്കും. ആഭീഷ്ടയമാർഗ്ഗം കൂട്ടുതലായി സിദ്ധിക്കും. അയോഗ്യതകൾ നീങ്ങും. പുതിയ ബന്ധത്തിൽ അഭിലഷിക്കും.

ഉത്രം—കായ്യലാഭവും ഭാഗ്യവും യാദൃശ്ചികമായി ഉണ്ടാകും. പരിവർത്തനചിന്തയുദിക്കും. പുരോഗതിനേടും. സാമൂഹ്യകാര്യങ്ങളിൽ മനസ്സ് കൂട്ടുപിടിക്കും. കാർഷികവ്യയം വർദ്ധിക്കും. പുതിയ ആലോചനകൾ ഉണ്ടാകും.

അത്തം—വിഷമതകൾക്ക് ശാന്തിയുണ്ടാക്കും. അനിവാര്യതങ്ങളായവിധം വ്യയംകൂടും. സൽക്കാരത്തിനും വിനോദത്തിനും പണംമുടക്കും. അധികൃതരുടെ വിളംബം അല്പം നഷ്ടത്തിനിടയാക്കും. ലക്ഷ്യപ്രാപ്തിയുണ്ടാക്കും.

ചിത്തിര—പൊതുജനഹിതത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കും. മനസ്സംതൃപ്തിക്കുവേണ്ടി ചിലതെല്ലാം പുതുക്കും. നൂതനങ്ങളായ ആദർശങ്ങൾ സൃഷ്ടിക്കും. സന്ദർഭോചിതമായ പെരുമാറ്റം ഉൽർഷത്തേയും ഭാഗ്യത്തേയും പുഷ്ടിപ്പെടുത്തും. ആശ്രിതരെ സഹായിക്കും,

ചോതി—ഉദ്യോഗസംബന്ധിയും ബന്ധുലാഭവും ഉണ്ടാകും. സ്വന്തം ജനങ്ങൾക്ക് ചില വിപത്തുകൾ സംഭവിക്കും. നയനപീഡയോ പതനമോ ഉണ്ടാകും. രാഷ്ട്രീയരംഗത്തു മാനുതയുണ്ടാക്കുവാൻകഴിയും. ഏറ്റുകായ്ത്തിലും സമാധാനമുണ്ടാകും.

വിശാഖം—പല സമ്മർദ്ദനങ്ങളുമുണ്ടാകുമെങ്കിലും കായ്യങ്ങൾ നിവിഘ്നം നടത്തുന്നതാണ്. തെറ്റിദ്ധാരണകൾ അകലും. ബാല്യതകളിൽനിന്നും ഒഴിയുവാൻ യോഗമുണ്ട്. വിഷാംശജന്യമായ ഒരു അവസ്ഥ സംജാതമാകും. പകർച്ചവ്യാധികളിൽപെടാതെ സൂക്ഷിക്കണം. ഗൃഹസുഖം കുറയും.

അനിഴം—ചില രഹസ്യകായ്യങ്ങൾ വിശ്വസ്തരിൽനിന്നും പരസ്യമായിത്തീരും. പ്രഭാഷണചാതുര്യത്താൽ അൽപം ചില പ്രയോജനം നേടുവാൻകഴിയും. ഭാവിശ്രേയസ്സിനതകരുന്ന സാഹചര്യാനുകൂല്യം സമ്പാദിപ്പാൻ ഉപകരിക്കും. കർമ്മങ്ങൾ പുഷ്ടിപ്പെടും.

തൃക്കേട്ട—ഉയർച്ചയും ഭാഗ്യവും വരും. വാഗ്ദാനങ്ങൾ തെറ്റും. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. കുടുംബികാര്യനിമിത്തം മനഃസ്വൈരതകുറയും. സഹകാരികളെ വിശ്വസിക്കുകനിമിത്തം ഔദ്യോഗികകായ്യങ്ങളിൽ കുപ്പവും ശത്രുതയും വിളംബവുംനേരിടും.

മൂലം—സാമ്പത്തികമായ ഞെരുക്കങ്ങളുണ്ടായിരുന്നാലും അഭിലഷിതകായ്യങ്ങൾക്ക് നിവർത്തിലഭിക്കും. അധ്യാപനവും നിരാശയും ലക്ഷ്യത്തിൽനിന്നും പിരിയും. കർമ്മോൻമുഖമായ സംഭവവികാസങ്ങളും ഭാഗ്യപുഷ്ടിയും സമ്പത്തും വളരും.

പൂരാടം—കർമ്മങ്ങളും പുഷ്ടിമത്താകും. അർഹമായ അവകാശങ്ങളും ഒരു പരിവർത്തനഘട്ടത്തെ പ്രാപിപ്പാൻ ഇടയാകും. ദാമ്പത്തികവിഷയങ്ങളിൽ ഭാഗ്യഭേദമാകും. മനസ്സിന് അഭൂതയവും ഉല്ലാസവും വളരും. ആശ്രിതർ കലഹിക്കും.

ഉത്രാടം—ചില ദുശ്ശീലവും ഗൃഹജനങ്ങളിൽ വൈരുപ്പും വിദ്വേഷവും വളരും. ചില കടപ്പാടുകൾക്ക് വിധേയരാകും. വിപത്തുകൾ വലയംചെയ്യും. പണം കൂട്ടുതലായി വേണ്ടിവന്ന കായ്യങ്ങളിൽ ചാടും. ത്രിദോഷം പിടിപെടും.

തിരുവോണം—മനസ്സിന് സംഭ്രാന്തിയും വ്യാകുലതയും സമാധാനക്കുറവും ഉണ്ടാകും. പാർട്ടിയിൽ ഇടപെട്ട് കുഴപ്പംസൃഷ്ടിക്കും. സമ്മേളനങ്ങളിൽ പങ്കെടുക്കും. കുപ്പനഷ്ടത്തെ അവഗണിച്ച് അഭിലാഷപൂർത്തിക്കു മുതിരും.

അവിട്ടം—ഉദ്ദിഷ്ടമായ പരിവർത്തനം ലഭിക്കും. ഗൃഹകായ്യങ്ങളിൽ സപ്രീതയുണ്ടാകും. സന്താനസൗഭാഗ്യത്തിൽ ആഹ്ലാദിക്കും. ഉന്നതവ്യക്തികളുടെ സഹായസഹകരണം ലഭിക്കും. ഗുണപ്രദമായ പല രംഗങ്ങളും ദൃശ്യപ്പെടും.

ചതയം—സന്തോഷപ്രദമായ കായ്യങ്ങളും ഭവിക്കും. ആഭീഷ്ടയമാർഗ്ഗങ്ങളും വളരും. പ്രധാനപ്പെട്ട ചില കർത്തവ്യങ്ങളും നിവഹിക്കും. ധനപരമായ ഞെരുക്കം മാറും. ഏറ്റുകായ്ത്തിലും വിജയവും അഭിമാനവും നേടും. എതിരാളികൾപോലും സഹായികളായിത്തീരും.

പൂരുരുട്ടാതി—സഹോദരവർഗ്ഗം അയോഗ്യമായ കായ്യങ്ങളിൽ ഇടപെടുകയാൽ ചുമടുപാടുകൾക്ക് തകരാറുകളുണ്ടാകും. വിഷമം വർദ്ധിക്കുന്നസമയത്തു ദൈവാനുകൂല്യം കായ്യങ്ങളും സാധിതപ്രായമാകും. അപൂർണ്ണനിലയിൽ ഇരുന്നവ പൂർത്തികരിക്കും. സമാധാനം കഴിയുന്നതും വളർത്തും.

ഉത്തൃട്ടാതി—മനസ്സിന് സന്തോഷവും പ്രവർത്തനവിജയവും വന്നുചേരും. കുഴപ്പവും ഭ്രാന്തിയുമുണ്ടായിരുന്ന കായ്യങ്ങളും നീങ്ങും. ചലനഭീതിയുളവാകും. സഹപ്രവർത്തകരിൽനിന്നും അപവാദമുണ്ടാകും. സന്താനദുരിതം അനുഭവിക്കും. അയോഗ്യമായ പ്രവർത്തി നഷ്ടംവരുത്തും.

രേവതി—പണവ്യയമുള്ള സംഗതികളിൽചാടും: മുട്ടുകുടാതെ കായ്യങ്ങളും നിവ്വഹിക്കും. യുവസ്നേഹിതന്മാർ ആത്മാർത്ഥമായ സഹായിക്കും. ഈർഷ്യാപവാദങ്ങളും സഹിക്കേണ്ടതായിവരും. അലസതയും വിളംബവും അല്പം കുഴപ്പങ്ങളെ സൃഷ്ടിക്കും. ബന്ധപ്പാടുകളും മനസ്സിനെ വിഷമിപ്പിക്കും.

★

"വേദങ്ങളും, ശാസ്ത്രങ്ങളും, പുരാണങ്ങളും മുതലായ എല്ലാം ഗ്രന്ഥങ്ങളും, ഉച്ഛിഷ്ടമെന്നു പറയും; എന്തെന്നാൽ അവകളെ അടിക്കടി മനുഷ്യർ വാക്കൊണ്ടു് ഉച്ചരിക്കുന്നു; അഖണ്ഡസച്ചിദാനന്ദരൂപമായ ബ്രഹ്മമാകട്ടെ, അതുപോലെ ഒരിക്കലും ഉച്ഛിഷ്ടമായിട്ടില്ല, എന്തെന്നാൽ ഇതുവരെ വാക്കിനാൽ വിവരിക്കുന്നതിനു മുഴുത്തരാളും സാധിച്ചിട്ടില്ല." 2—29

"ഉള്ളിലുള്ളതു് ഉറക്കംപറയുക; നിന്റെ വാക്കിനും, വിചാരത്തിനും ഏറ്റവും ഐകരൂപ്യം ഉണ്ടായിരിക്കട്ടെ! അങ്ങനെയുള്ള ഐക്യം ഉണ്ടായില്ലെങ്കിൽ നിനക്കു യാതൊരു നന്മയും ഉണ്ടാകുന്നില്ല." 2—11

ശ്രീരാമകൃഷ്ണദേവൻ.

അറിയപ്പെടാത്ത കലാകാര

ഹൃദയം തുറന്ന്

പ്രാണൻ കയ്യിൽ പിടിച്ചു കൊണ്ട് ഞാനും പിന്നിട്ടിറങ്ങി. അത്യാശ്ചര്യമായ ഒരു ഭയങ്കര ശബ്ദമായിരുന്നു അതു്! അവിടവിടെ കരുത്തിരുന്ന പാറക്കെട്ടുകളും കാട്ടുനകളും കണക്കെ കൂട്ടമിട്ടുനിന്നിരുന്നു. ഇരുട്ടിന്റെ ഇരുമ്പുകവചം ധരിച്ചുകൊണ്ടു ഞാംബുകവൃന്ദവും, പലതരം പാവുകളും, മാറിഴഞ്ഞുക്കളും അവിടവിടെയുള്ള മാളികകളിൽനിന്നും, മരപ്പൊത്തുകളിൽനിന്നും പുറത്തിറങ്ങി, ഒരുമിയിട്ട് കോലാഹലംവിളിച്ചും, കലമ്പംകൂട്ടി ധൃതിപ്പെട്ടും ആരോടൊന്നില്ലാതെ പടയ്ക്കൊരുങ്ങുകയാണു്!

അർദ്ധരാത്രിയായിരുന്നു. നീട്ടിപ്പിടിച്ച റാന്തൽവിളക്കും, ഞെക്കിപ്പിടിച്ച ഞെക്കുവിളക്കുമായി നമ്മളും നിന്നിഴഞ്ഞും, വാരിപ്പിടിച്ചും, ക്രമിനിന്നും തഴോട്ടിറങ്ങിത്തുടങ്ങി! ജീവന്മരണപ്രശ്നം തിട്ടപ്പെടുത്തിക്കൊണ്ടിരുന്ന ഉലസ്സ്തട്ട് ലക്ഷ്യമാകാതെ അസ്ഥിരമായി ചലിച്ചുകൊണ്ടിരുന്നു! ഒന്നംവേണ്ട;പിടിത്തംഒട്ടൊന്നുപിഴച്ചാൽമതി,"സപ്തഹാം"—നേരെപാതാളത്തിലുള്ള യമദേവന്റെ നാട്ടിലേയ്ക്കുതന്നെ; എല്ലും, പല്ലും നാനാവർണ്ണം! അതോ, താഴെവീഴുന്നതെവിടെയാണു്; പ്രേതപ്പിശാചാത്മാക്കളുടെ പെങ്കോലിളകുന്ന മഹാസാമ്രാജ്യത്തിലെ "ചങ്ക" രക്കുന്ന കാരാഗൃഹത്തിന്റെ ഒത്തനടുക്കും!

അപ്പോൾ, എവറസ്റ്റ് മഹാശൃംഗത്തിന്റെ നരച്ചശിരസ്സിൽ കയറിയിരിക്കുവാനാശിച്ച മുതിർന്ന 'സപ്തസ്സ്' രോഹണപടുക്കളുടെ ആ അന്തസ്സും, ഔദ്ധത്യവും, മിനുവിടലുമെല്ലാം നമ്മളിലും സംക്രമിച്ചതിൽ നമ്മളെ കുറ്റപ്പെടുത്തേണ്ടതില്ല. കാരണം, നമ്മൾ തലയെടുപ്പില്ലാത്തവരാണു്; രണ്ടാമതായി, കയറലല്ല ഇറങ്ങലാണു്. കയറാവും, ഇറക്കവും, ഏതാണ് കൂട്ടരെ! കൂട്ടത്തിൽ പ്രായംസം? അപ്പോൾ, നമ്മൾ വീമ്പുവിട്ടതിൽ എന്തൊരൗചിത്യം. എന്നിട്ടോ, വിജയിച്ചോ—?

കടൽത്തീരത്തായിരുന്നു ഗുഹയുടെ കിടപ്പു്. ആ ഗുഹാഭിത്തിയുടെ പാറക്കെട്ടിൽനിന്നും കീഴ്പോട്ടു നോക്കിയപ്പോൾ ഒരു മഹാകൂപത്തിന്റെ ആഴമുണ്ടായിരുന്നെന്നു തോന്നി ആ ആഴിയിലേയ്ക്കു്! എന്തൊരു ചന്തമായിരിക്കും, സായങ്കാലങ്ങളിൽ ആ പാറപ്പുറത്തിരുന്നു കാറ്റുകൊള്ളുവാനും, ആഴിമാറിലമരുന്ന അരുണനെ കാണാനും അമ്പമ്പോ! ആരവിടെ പോണു—! കാറ്റു കിട്ടിയില്ലെങ്കിലെന്താ—! കാറ്റുകിട്ടാതെ വീർപ്പുമുട്ടി മരിച്ചുപോകുന്നെങ്കിൽത്തന്നെന്തായെന്താ! ആരവിടെ പോകും—!! ആക്കണ്ട ധൈര്യം!

അപ്പോൾ, നമ്മളും വീരവീരന്മാരെന്നു നിങ്ങളെല്ലാരും സമ്മതിച്ചേക്കൂ; അല്ലെങ്കിൽ നിങ്ങളെക്കൊണ്ടെങ്ങു സമ്മതിപ്പിക്കും? കേട്ടോ, കഥ. ഗുഹയുടെ കിടപ്പ് കടലടുത്താണെന്നു പറഞ്ഞുകഴിഞ്ഞു. അതുമായ ഗുഹയുണ്ടു"; അന്ധകാരമായ കുരിരുട്ടു"; ഭീതിവിതയ്ക്കുന്ന ഭയങ്കരമായ പരിസരപ്രദേശവും, പ്രമാണവിശ്വാസങ്ങളും. പണ്ടു് അവിടെനിന്നു കേട്ടെടുത്തുണ്ടായിരുന്നുപോലും. അതിന്റെ ഇടിഞ്ഞുതകർന്ന അവശിഷ്ടങ്ങളും ഇന്നും കാണാനുണ്ടു്. യുദ്ധകാലത്തു പട്ടാളക്കാർക്കു പാർക്കാനുള്ള ബാരക്കുകളുടെ അവശിഷ്ടങ്ങളും ദൃക്സാക്ഷികളായി അവിടവിടെ നിലകൊള്ളുന്നുണ്ടു്. പടക്കപ്പലുകളും മറ്റും അവിടെ സാധാരണയായി വരാറുണ്ടായിരുന്നുവെന്നാണു് കേൾവി. പിന്നെ വലിയൊരു ഗുഹ. പറഞ്ഞുവരുന്നതിതാണു്. മറുപക്ഷം കാരായ പോരാളിത്തടവുകാരെ ആ ഗുഹാമുഖത്തു് നിത്തും; സാധാരണക്കാരായാലും ശരി, നിരപരാധികളായാലുംശരി, കൂട്ടത്തോടെ വെടിവെച്ചു ഗുഹയിലേക്കു തള്ളിയിടും! കഴിഞ്ഞു. ചിലപ്പോൾ വാളുകൊണ്ടു അരുത്തെറിയാറുമുണ്ടായിരുന്നു. മറുചിലപ്പോൾ പച്ചജീവനോടെതന്നെ ആ പാതാളത്തിലേക്കു തള്ളിവിടും—! യാതൊരു കച്ചറയുമില്ല. എല്ലാം കഴിഞ്ഞു് എന്നാൽ, ഇപ്പോൾ കാലമെല്ലാം മാറി. എല്ലാം തകർന്നു; എല്ലാം നശിച്ചു. എന്നിട്ടവശേഷിച്ചതാണ് ആ ഒരു ഗുഹ. അതും കാറോഭാരം തുടർന്നുപോയി. ഭിത്തികളെല്ലാം അടർന്നും, പിളർന്നും, കാട്ടുപിടിച്ചും കിടക്കുന്നു. എന്നിട്ടും, നാട്ടുകാരുടെ സ്മരണയിൽനിന്നും മറ്റൊന്നെല്ലാതന്നെ മറന്നുപോയിട്ടും, ആ ഗുഹയെക്കുറിച്ചുള്ള പേടിപ്പെടുത്തുന്ന ചിന്തകളും അവരെ വിട്ടുമാറിയിരുന്നില്ല, മനസ്സിൽനിന്നു മാഞ്ഞുപോയിരുന്നുമില്ല. അതവരെ ഭയപ്പെടുത്തിയും, വേദനിപ്പിച്ചുംകൊണ്ടു ഒരു ശത്രുരാക്ഷസനെപ്പോലെ വായുംപിളർന്നു വിഴുങ്ങാൻ നിൽപ്പുണ്ടു്!

രാത്രികാലങ്ങളിൽ ഗുഹയിൽനിന്നു വല്ലാത്ത ഭയങ്കരാട്ടഹാസങ്ങളും സാധാരണമായിരുന്നു; കഴുത്തറക്കുന്ന അലച്ചിലും, തോൽപൊട്ടുന്ന ഒച്ചയും, ഭയപ്പെടുത്തുന്ന ക്രക്കിവിളികളും അപശബ്ദങ്ങളും! ചിലപ്പോൾ ഭ്രമികുഴിക്കുന്ന ചെകുത്താന്മാരുടെ വെട്ടുന്ന ശബ്ദവും, ഇടിക്കുന്ന മുഴക്കവും കേൾക്കാമായിരുന്നു! അതിനാൽ, സൂര്യനസ്തമിച്ച പ്രഭാതം വിടരുന്നതുവരെ തന്നാട്ടുകാർ ആ ഭൂപ്രദേശത്തെ നോക്കുകപോലുമില്ലാ എന്നു പറഞ്ഞാൽ കഴിഞ്ഞു അതിന്റെ ഭയാനകതയും, നാട്ടുകാരുടെ തിരുവിശ്വാസങ്ങളുടെ ദൃഢതയും. കൂടാതെ ഒരു സംഗതിയിൽ ദൃക്സാക്ഷികളുമുണ്ടു; വെള്ളവസ്ത്രമുടുത്ത ഒരു വൃദ്ധനാരി സദാ രാത്രിസമയങ്ങളിൽ എങ്ങുനിന്നെന്നില്ലാതെ ആ ഗുഹയിലേയ്ക്കു "പോകാവുണ്ടെന്നുള്ളതിനു". അവൾക്ക് അത്രമാത്രമറിയാം. എവിടുന്നു വരുന്നു? എന്തിനു് വരുന്നു? എപ്പോൾ തിരിച്ചുപോകുന്നു? ആരാണതു്? തികച്ചും അജ്ഞാതമായിരുന്ന അതിനുത്തരം. ഇതുവരെയാരും അതേപ്പറ്റി അന്വേഷിച്ചിട്ടില്ല. അതിന്നാവശ്യമുണ്ടോ? ആവശ്യമുണ്ടെങ്കിൽതന്നെ അതിന്നാരുണ്ടു ധൈര്യം!

നമ്മളും അന്നാട്ടുകാരല്ല. നടന്നു നടന്നു ഒടുവിലവിടെ എത്തി; സംഭവം ഞങ്ങളറിഞ്ഞു എന്നുമാത്രം. നമ്മളും നടക്കുന്നതുന്നെ പലതും അറിവാനും, പഠിക്കുവാനുമാണു്. കാര്യമുണ്ടു്. നമ്മളും കഥകളെഴുതും. കവിതയെഴുതുന്നവരുമുണ്ടു്. വേറെ തൊഴിലൊന്നില്ലതാനും. അപ്പോൾ ഭാവനയെ തീറുവാൻ അനുഭവസാധനങ്ങളും വല്ലതും ആവശ്യമാണല്ലോ.

നാം അവിടെ എത്തിയതിന്റെ രണ്ടാംദിവസം രാത്രി. നല്ല നിലാവുണ്ടു്. ആ ഗുഹാപിശാചിന്റെ തനിരൂപം ഗ്രഹിക്കുവാൻ നൊമ്പരപ്പെടുന്ന നമ്മളും കുറച്ചകലെ ഒരു പാറമറവിൽ ജിജ്ഞാസാനിർഭരരായി ഊറിച്ചുനോക്കി ഇരിപ്പായി. വളരെ നേരം ശ്വാസമടക്കിപ്പിടിച്ചു കഴിച്ചുകൂട്ടി. എന്തുപിരന്തു്! എന്തുപിശാചു്, എന്തുപ്രേതം? എവിടെ പിശാചു്? ആളുകൾ തട്ടിമൂളിക്കുന്ന വെള്ളയുടുത്ത ആ കിഴവിപ്പെണ്ണുങ്ങളെവിടെ? ഒന്നുമില്ല. പാറക്കെട്ടുകളിൽനിന്നും, കുറിക്കാട്ടിൽനിന്നും പാറുകയും പാറുകയും, കൂകുകയും, മറ്റെന്തെല്ലാമോ മൂളുകയും മുരളുകയും ഓട്ടുകയും മായുകയും ചെയ്യുന്നുണ്ടു്; മറ്റൊന്നുമില്ല. ഒരു മണ്ണാങ്കട്ടയെങ്കിലും കാണണ്ടെ; അല്ലെങ്കിൽ കാണുമെന്ന വിശ്വാസമെങ്കിലും വേണ്ടെ. "പോകാം"; മറവിൽനിന്നു് ഞങ്ങളൈണിറ്റ് നിരശരായി നമ്മൾ. "അതാ, ഒരു വെളുപ്പു"! അതാ, അതാ, ഒരു വെളുത്തരൂപം! അതടുത്തടുത്തുവരുന്നു"! ഒരു പെണ്ണാണു്.....അതെ, ഒരു കിഴവി! ശോഷിച്ചിട്ടാണു്.....നടത്തം ധൃതിയിലാണു്....." അൽഭുതസ്തിമിതരായ ഞങ്ങളുടെ ഹൃദയം പതിഞ്ഞ സ്വരത്തിൽ മന്ത്രിച്ചുകൊണ്ടിരുന്നു; നാക്കു് പൊന്തുന്നുണ്ടോ! ഹൃദയമിടിക്കുന്നുണ്ടോ! ഇമവെട്ടുന്നുണ്ടോ! ദേഹമൊന്നനങ്ങിക്കിട്ടിയെങ്കിൽ—! അതാ, അതാ, ഒരു കിഴവിതന്നെ! അതാ കയറുന്നു, ഇറങ്ങുന്നു, ഓടുന്നു, തുള്ളുന്നു ഒരു വെള്ളത്തിരമേലെ മുന്നോട്ടുകയാണു്! അയ്യോ! അവളെവിടെ! അവളെ കാണാനില്ല. അവൾ അപ്രത്യക്ഷയായ്ക്കഴിഞ്ഞു "അട തന്തെ, നമ്മളെ പറഞ്ഞിട്ടില്ലേ"? ഹൃദയം പരുന്തിപ്പെട്ടു "ഹും, ആവട്ടെ," എന്ന സമാധാനത്തോടെ നമ്മൾ അണ്ണാക്കും അൽപനേരത്തിനുശേഷം അണ്ണാക്കിടിച്ച അണ്ണാനെപ്പോലെ വിക്കണ്ണന്മാരായി സപദസ്തിയിലേക്കു തിരിച്ചുപോയി.

വിട്ടില്ല. പിറേന്നാൾകാലത്തു് അസൂത്രണമനസരിച്ചു് ജോലി തരികതിതന്നെ. നീളൻകയർ, നീളൻവടി, തോല്പട്ട; അതിൽനിന്നു തുങ്ങുന്ന ഓരോ നീളക്കത്തികളും. അവയെല്ലാം ഉച്ചയാകുമ്പോഴേയ്ക്കു് ശരിപ്പെടുത്തിക്കഴിഞ്ഞു, ഓരോന്നുവീതം. പാതാളഗവേഷണത്തിനുള്ള ഒരുക്കൂട്ടലാണു്. പിശാചുക്കളുടെ സങ്കേതമല്ലെ; ഒരുക്കം വേണമല്ലോ.

തിങ്കളാഴ്ചയാണു്. നമ്മളിറങ്ങിനടന്നു. കാലുറയും, കമ്പിളിക്കുപ്പായങ്ങളുമാണു് ധരിച്ചിരുന്നതു്: കത്തിച്ചുങ്ങുന്ന പട്ട അരയിൽ ഉറപ്പിച്ചിരുന്നു. കയറു് അരയിൽത്തന്നെ വരിഞ്ഞുകെട്ടിയിരുന്നു. കുടാതെ പോക്കറ്റിൽ 'ധൈര്യ'—നമ്മുടെ കമാൻഡർ ഇൻചീഫാണദ്ദേഹം—മന്ത്രിച്ചൂതിയ മണ്ണുരുളയും എടുത്തിട്ടുണ്ടു്. അങ്ങനെ നീളൻവടിയും കുത്തിക്കൊണ്ടു് നമ്മൾ നടത്തമാരംഭിച്ചു. മുന്നോട്ടുമുന്നോട്ടു് നീണ്ടുനീണ്ടുപോകുന്ന നമ്മുടെ നീളനിഴലുകളുടെ കോപ്രാട്ടിവേഷംകണ്ടു് നമ്മളെല്ലാംതന്നെ അന്യോന്യം നോക്കി പൊട്ടിച്ചിരിച്ചുപോയിരുന്നു.

ഗുഹാമുഖത്തെത്തി. ഇറങ്ങാൻ ഏകദേശമൊന്നു മാറ്റിമാറാഞ്ഞു് സമയം കുറെ കടന്നുപോയി. ഒടുക്കം ഇറങ്ങിത്തുടങ്ങി. ധൈര്യൻ ആദ്യം, പിന്നാലെ ഞങ്ങളും. നമ്മളും താനും, നുണ്ടും, പാറിപ്പിടിച്ചും, നന്നേ സാഹസപ്പെട്ടുകൊണ്ടിരുന്നു. പതുക്കെപ്പതുക്കെ, പതുങ്ങിയും, മെതുങ്ങിയും. ഒതുങ്ങിയും, പതുങ്ങിയും താങ്ങിയും, തുങ്ങിയും, വടികുത്തിത്താങ്ങിയും മന്ദംമന്ദം, നോക്കിനോക്കി നമ്മൾ ഇറങ്ങിക്കൊണ്ടേയിരുന്നു. ഒരു തലനാരിഴയ്ക്കു് അഭേദംമതി, കഴിഞ്ഞു ഒരുവന്റെകഥ. എല്ലാവരും ശ്വാസം അടക്കിപ്പിടിച്ചിട്ടുണ്ടു്. നമ്മൾ വളരെ ഇറങ്ങിക്കഴിഞ്ഞെന്നതോന്നി. എന്നിട്ടും നിലകാണുന്നില്ല.

— മാണിക്കോത്തു് നാരായണൻ, കക്കാട്ടു് —

മം എവിടെയാണെന്നറിയുക! എ
ണ്ണേ സംഭവിക്കുക! ഒന്നും ഒന്നു
ട; ഒന്നും തിട്ടപ്പെടുത്താൻവയ്യ!
ന്നതുവരട്ടെ—

"അയ്യ", ഞാനെന്നെപറഞ്ഞു
പായി; എന്റെ ഉന്നംവടി വഴുതി
ണ വേഗലാതിയിൽ. കടൽമാ
കളുകമനം വായിലേയ്ക്കു വലി
തുവന്നതുപോലെ തോന്നി അ
ട്ടാം എനിക്ക്. എന്താണചെയ്യ
. വടി നിലംപതിക്കുമ്പോഴുള്ള
ച്ച ആ ഗുഹയിൽ മുഴങ്ങിക്കേട്ടി
ന്നു!

അമ്പ—! അങ്ങതാ ഒരു രൂപം
തൃക്ഷിപ്പെട്ടിരിക്കുന്നു, താഴെ! അ
ുകതമായെ കാണുന്നുള്ളൂ; ഒരു വെ
ത്തരൂപം! അവളുടെ കണ്ണുകളാ
രു കട്ടവായുടേതുപോലെ ഉരുണ്ടു
കാണ്മിരുന്നു. ക്രോധാധിക്യത്താൽ
ുണ്ടുകളാ വിറപ്പിച്ചുകൊണ്ട് അവ
ം ഇടറിയും, മുക്കിമുരണ്ടും ശകാരി
ച്ചു: "ദ്രോഹികളെ.....കൊടുംപാ
പികളെ....." അവൾക്കു വാക്കു
കിട്ടുന്നില്ലെന്നതോന്നി: വികാരംകൊ
ണ്ടവാം! "നിങ്ങളെന്തിനാണ് ഇ
ങ്ങിറങ്ങുന്നതു ദുഷ്ടരെ!"—അതു ഒര
ട്ടഹാസംതന്നെയായിരുന്നു. ഇടി
യൊച്ചപോലെ അതു ഗുഹമുഴുവനും
മുഴക്കൊണ്ടിരുന്നു! ഗുഹാഭിത്തിക
ളെ വിറപ്പിച്ചുകൊണ്ടിരുന്നു.....

ചുമർചിത്രങ്ങൾപോലെ, നമ്മളാ
അന്ധാളിച്ചുമുകരായി പാറപ്പിടിച്ചു
നിന്നു. അവൾ വീണ്ടും അലറിക്കൊ
ണ്ടിരുന്നു: "ക്രൂരജന്തുക്കളെ, പരമവ
ഞ്ചകന്മാരെ, നിഷ്ഠുരദുഷ്ടന്മാരെ,
നികൃഷ്ടകൊലപ്പുള്ളികളെ....." അ
ങ്ങിനെ അത്ഥവത്തായ, ഓരോന്നാ
നൂതുലാംവീതം തൂങ്ങുന്നതായ ശകാ
രബാംബുകളാ. ഹൊ, അവളുടെ
കോപവും, വ്യസനവും, ഭാവംഗൃ
ങ്ങളും.....! ഒരു മുറിവേറ്റ ഹരി
യെപ്പോലെ അവളങ്ങിനെ തുള്ളി
ത്തിമർക്കുകയാണ്—!

കുറേക്കഴിഞ്ഞു. തിമിർത്തടിച്ചപെ
യ്ത ഒരു പേമാരിതോന്നിപ്രതീതി അ
വിടെങ്ങും പരന്നു. ആ നിശ്ശബ്ദ
നിമിഷങ്ങളുടെ പ്രാണത്തുടിപ്പുപോ
ലെ പതിഞ്ഞ ഒരു ശബ്ദം കേട്ടു. അ
തു് നമ്മുടെ ധൈര്യമേതായിരുന്നു
വെന്നു ഗ്രഹിക്കുവാൻ ഒട്ടും പ്രയാസ
മുണ്ടായിരുന്നില്ല. അയാളുടെ ധൈ
ര്യം വല്ലാതൊരു ധൈര്യമാണ്. അ
പേരിൻതന്നെ കാരണം അയാളുടെ
ധൈര്യത്തിന്റെ കുട്ടപ്പമാണ്! അ
തിന്റെ പിന്നിൽ മലമ്പാമ്പുപോലു
ള്ള ഒരു കഥയാണുള്ളതു—! ഇപ്പോ
ളതു് പറയാൻവയ്യ.

"...നമുക്ക് മാപ്പുതരണം. നാം
ഒർത്തിരുന്നില്ല. ആലോചിക്കാതെ
ഈ സാഹസകൃത്യത്തിന്നൊരുങ്ങിയ
നമുക്ക് അങ്ങുന്ന ദയചെയ്തു മാപ്പു
തരണം. ദൈവത്തെ വിചാരി
ച്ചു".....നമ്മെ രക്ഷിക്കണം...കോ
പിക്കരുതു....."

അവൾ പൈശാചികമായൊന്നു
ചിരിച്ചു. കറുത്ത കാർമേഘപാളി
കളിൽനിന്നും അടർന്നുപായുന്ന ഒരു ഇ
ടിവാൾപോലെതോന്നി നമുക്കതു്! ഉത്തരക്ഷണത്തിൽ അതു് നമ്മെയാ
കെ ഭസ്മീകരിച്ചേയ്ക്കുമോ? നമ്മളാ ഭ
യപ്പെട്ടു. പക്ഷെ അതുണ്ടായില്ല.
അവൾ നമ്മുടെ വിനീതമായ അ
പേക്ഷാസ്വരത്തിലും, താണുകേണ
ലിലും തികച്ചും സംതൃപ്തിപൂണ്ടതു
പോലെ തോന്നി. അവൾ ശാന്ത
സ്വരത്തിൽ പറഞ്ഞു: "ഇതേവരെ
ഇങ്ങിനെയൊരുകൃത്യം ഇവിടെ വന്നി
ട്ടില്ല. ഇതേവരെ ഒരൊറ്റ മനുഷ്യ
ജീവിയും എന്റെയീ അത്ഭുതസ്ഥലം
കണ്ടിട്ടുമില്ല. ഒരു കേട്ടുകേൾവി
പോലും ഇതേക്കുറിച്ചു ഇന്നാട്ടുകാർക്ക്
ണ്ടായിരുന്നില്ല. നിങ്ങളാ ആദ്യമാ
യാണ്.....അൽഭുതംതന്നെ; നിങ്ങ
ളെങ്ങിനെ ഇതറിഞ്ഞു! നല്ലതുത
ന്നെ; സമർത്ഥന്മാർ....." അവൾ
നിർത്തി. ആലോചിച്ചുകൊണ്ടെന്നപോലെ വീണ്ടും തുടർന്നു: —"നിങ്ങളാ
ആഗ്രഹിക്കുന്നെങ്കിൽ മടക്കിഅയ
യ്ക്കുവാൻ ഞാൻ വിചാരിക്കുന്നില്ല. നി
ങ്ങളുടെ വിനയവും, അടക്കവും ക
ണ്ടു ഞാൻ വളരെ സന്തുഷ്ടയായിരി
ക്കുന്നു. നിങ്ങളാ ഇറങ്ങിക്കൊ
ള്ളിൻ....." പ്രസ്തുത ശാന്തസ്വരം
നമ്മുടെ ഹൃദയത്തിൽ അമൃതം തെളി
ച്ചെന്നുതോന്നി. വിറച്ചുവെറുങ്ങലി
ച്ച എനിക്കു ഒരുണർവും, ഒരു നവോ
ന്മേഷവും പെട്ടെന്നുദയംകൊണ്ടു.
മുണ്ടിൻതലപ്പിൽ തങ്ങിനിന്ന വി
ങ്ങിക്കൊണ്ടിരുന്ന പ്രാണൻ വീണ്ടും
ഹൃദയത്തിലേക്കുതന്നെ താണുപോ
യി.....

അവൾ രണ്ടാമതും പ്രത്യക്ഷപ്പെ
ട്ടു. "നിങ്ങൾക്കു് ആ വഴിയിലൂടെ
ടി താഴെയിറങ്ങാൻ വയ്യ. അതാ,
മദ്ധ്യം ആ വഴിയിലേയ്ക്കു നീങ്ങിക്കൊ
ള്ളുക." തട്ടുതട്ടായൊരു പടവുപോ
ണ്ടിക്കാട്ടി അവൾ ഉപദേശിച്ചു. ഉട
നെ അവൾ അപ്രത്യക്ഷയാവുകയും
ചെയ്തു.

ഒരുവിധം നമ്മളാ നന്നേ സാഹ
സപ്പെട്ട താഴെയെത്തി. ഒന്നുംത
ന്നെ തോന്നുന്നില്ല. നിലംപൂഴിയും,
കള്ളിമണ്ണുംകൊണ്ടു് വിതാനിച്ചിരി
ന്നു. മേലോട്ടുനോക്കുമ്പോഴും, ഒരു
പന്ഥരം മുനമേപ്പോട്ടുനിൽക്കുന്നതി
ന്നപോലെ അടിഭാഗം വിസ്തീർണ്ണമു
ള്ളതായും, മേലേപ്പോട്ടു പോകുന്തോറും
കൃത്തുവന്നതായുംതോന്നി. ചന്ദ്രി
കപൂരണ്ട ആകാശം ഒരു വെള്ളിത്ത
ട്ടുകൊണ്ടു് ആ ഗുഹാമുഖം മൂടിയ
പോലെ കാണപ്പെട്ടു. സ്തംഭിച്ചുരണ്ടു
പോയ അന്ധാളിപ്പോടെ എങ്ങുപോ
കേണ്ടുവെന്നറിയാതെ നമ്മളാ ബ
ദ്ധിമുട്ടിക്കൊണ്ടിരിക്കെ എന്തോ ശ
ബ്ദംകേട്ടു ശ്രദ്ധിച്ചു. കൊത്തുകയും,
മാന്തുകയും, ഇടിക്കയും, പൊടിക്ക
യും ചെയ്യുന്ന ഒച്ചയായിരുന്നു അ
തു്! നമ്മളാ ഒരു കവലതിരിഞ്ഞു.
അതാ, മുന്നിൽതന്നെ ആ സ്ത്രീ എ
ന്തൊക്കെയോ വേലചെയ്യുന്നു! അ
വൾക്കു് മുമ്പിൽ ഒരു പുരുഷരൂപവും
നിൽപ്പുണ്ടു്; ഒരസാധാരണമുണ്ടു്
അയാളുടെ നില്പിലും, ഭാവത്തിലും,
നോട്ടത്തിലും, അകപ്പാടെ എല്ലാ
റിലും! വേറൊന്നുമല്ല അയാളാ തി
കച്ചും നഗ്നനായിരുന്നു! ഒരു പെണ്ണി
ന്റെ മുമ്പിൽ കൊഴുത്തുതടിച്ച സുഭ
ഗനായ ഒരു പുരുഷൻ ജനിച്ചപടി
ന്നപോലെ അങ്ങിനെ തുറന്നിട്ട നിൽ
ലജ്ജം നില്പുക! വിചിത്രംതന്നെ—!

അയാളുടെ മുമ്പിൽ രണ്ടു നിലവി
ളക്കു ഇരുപാൾത്തളികളിൽനിന്നും നിറ
ന്നു കത്തുന്നുണ്ടു്. അവൾ പശിമ
യുള്ള കളിമണ്ണ് അരച്ചുമിനുക്കി ഉരു
ട്ടുകയാണു്! നമ്മളാ അവളുടെ മു
ഖത്തിൽതന്നെ തൊഴുകൈയ്യോടെ ഉ
ദ്ദേശനിച്ചുനിന്നു. അവൾ ഒന്നു പു
ഞ്ചിരിച്ചു, തികച്ചും സംതൃപ്തിയായി
ക്കൊണ്ടെന്നതന്നെ. നമ്മളാ നാലുപാ
ടും നോക്കി; പലതും കണ്ടു. കടൽ
ഒരു മൈതാനംപോലെ പരന്നുകിട
ക്കുന്നു. അതിൽ വെള്ളക്കുതിരകളാ
പന്തയത്തിലെന്നപോലെ വാശി
യിൽ തുള്ളിമറയുന്നു. തിരമാലകളാ
വെള്ളിച്ചുരുളുകളാ ഗുഹയിലേയ്ക്കു
ന്തുത്തിനുത്തി നീട്ടിക്കൊണ്ടിരി
ക്കുന്നു.....

അവൾ വേലയ്ക്കു ധൃതികൂട്ടി. മാ
ന്തുകയും, കിളയ്ക്കുകയും, ഒടിക്കുകയും
തിരിതകൃതിതന്നെ. തകർന്നുകീറിയ
ഒരു സ്ഫടികഭരണിക്കണക്കെ അവ
ളുടെ ചുളുവുപൂണ്ട മുഖം നിലവിളക്കി
ന്റെ പ്രഭാപ്രസരത്തിൽ വെട്ടിത്തി
ളങ്ങിക്കൊണ്ടിരുന്നു. വെള്ളിനൂലു
പോലുള്ള ചുരുളുത്തലമുടി ഭംഗിയിൽ
പിറകോട്ടു കോതിയൊതുക്കിവച്ചിരു
ന്നു. അവളുടെ അന്തസ്സും, ഗാംഭീ
ര്യവും ആ നോട്ടത്തിൽ തികച്ചും പ്ര
തിഫലിച്ചുകൊണ്ടിരുന്നു. തീർച്ചയാ
യും അവളൊരു അസാധാരണക്കാ
രിയാണു്, സംശയമില്ല!

"അദ്ദേഹമാരാ—" ധൈര്യർ പ
രുങ്ങിക്കൊണ്ടു ചോദിച്ചു. ഉത്തരമി
ല്ല. അവൾ അവ്യക്തമായി ചിരി
ക്കുന്നുണ്ടെന്നുതോന്നി. കേട്ടില്ലെന്ന
തോന്നുന്നു. "അദ്ദേഹമേതാ—!" വീ
ണ്ടും അൽഭുതംകലർന്ന മട്ടിൽ ധൈ
ര്യത്തിന്റെ ചോദ്യം. അതിനും അവൾ
ഉരിയാടിയില്ല. അവൾ ചിരിച്ചു
കൊണ്ടിരുന്നു. വീണ്ടും വീണ്ടും അ
വൾ എന്തെല്ലാമോ ആലോചിച്ചു
കൊണ്ടു ചിരിച്ചുകൊണ്ടേയിരുന്നു.
നമ്മൾക്കു് ഒന്നുംതന്നെ മനസ്സിലാ
യില്ല. അവളെന്തിനാണിങ്ങനെ
ചിരിക്കുന്നതു—! വല്ലാത്തൊരു ചി
രി. ആ ചിരിയിൽ ഹാസ്യംകലർന്നി
രുന്നു; അതിലുപരിയായി കരുണക്കുരി
നിഴലും—

"അതെന്റെ പ്രാണപ്രിയനാ
ണ്—!" ഒരു കൂസ്സിതഭാവത്തിൽ അ
വൾ ഇടറിപ്പറഞ്ഞു. പിന്നിടവൾ
ഒന്നുംതന്നെ ശബ്ദിച്ചില്ല. അവളു
ടെ ആ ക്രമിയെങ്കിലും നീലിച്ച
കണ്ണുകൾ ക്രമേണ നിറയുന്നതായി
നമുക്കു തോന്നി.

"ഇദ്ദേഹമെന്താ നഗ്നനായി നി
ല്പുന്നേ," അതായിരുന്നു ധൈര്യ
ന്റെ അടുത്ത ചോദ്യം. കളിക്കാൻ കൂ
ടാലിലേക്കു പോകയാ—" ഞാനും
ഒന്നു തട്ടിച്ചുവിട്ടു.

"അയാൾക്കു വസ്ത്രങ്ങളൊന്നും
ആവശ്യമില്ല. ഈ ആരുംകാണാ
ത്ത ഗുഹയിൽ പാർക്കുമ്പോൾക്കെന്തി
നാ വസ്ത്രമൊക്കെ....."

"അയാൾക്കു് നാണമാവില്ലേ—?
അതന്വേഷിച്ചതു ഞാനായിരുന്നു.
"ഹും. അദ്ദേഹത്തിനുണ്ടോ നിങ്ങളു
ടെ ലജ്ജയും, നാണവുമൊക്കെ."
അതായിരുന്നു അവളുടെ ക്രൂരലെ
ന്യേയുള്ള മറുപടി. ഇതെന്തൊ
രൽഭുതമാണ് കേൾക്കുന്നതു—!

നമ്മളാ ആ മനുഷ്യനെ കണ്ണിമ
ചേക്കാതെ നോക്കിനിന്നാശ്ചര്യപ്പെ
ട്ടു. നല്ല തേജഃസ്വരൂപനായ യുവാ
വു്. നല്ല ആരോഗ്യം. നല്ല കൊ
ഴുത്ത അംഗഭംഗി. നല്ല വിസ്തീർണ്ണ
മുള്ള മാറിടം. തിളങ്ങുന്നകണ്ണുകളാ...
നല്ല ബലവത്തായ കൈകാലുകളാ...

കുട്ടികെട്ടിയ നിശ്ചന്തത; അതു
ഭഞ്ജിച്ചതു് ആ അത്ഭുതസ്ത്രീയാണ്.
"അല്ല കുട്ടികളെ, നിങ്ങളാക്കു് അ
ദ്ദേഹത്തിന്റെ അടുത്തേയ്ക്കു പോകേ
ണ്ടതോ, വേണമെങ്കിൽ?" നമ്മളാ
അടുത്തേയ്ക്കു നീങ്ങി, പരിഭ്രമിച്ചു
കൊണ്ടു. എന്നിട്ടും ആ അത്ഭുതമ
നുഷ്യനു് ഒരു ക്രൂരലുമില്ല. ഒരു പരാ
തിയുമില്ല. നമ്മെക്കണ്ട ഭാവിമേയി
ല്ല. നാണത്തിന്റെ കണികപോലുമു
ണ്ടായിരുന്നില്ല ആ പ്രകാശിക്കുന്ന
മുഖത്തു്! ആ പ്രകാശിക്കുന്ന കണ്ണുക
ളിൽനിന്നു് ചൈതന്യത്തിന്റെ ചെ
ന്തീപ്പി ഒളമടിച്ചുകൊണ്ടിരുന്നു. ഒരു
സഞ്ജീവത! ഒരു ചുറുചുറുക്കു—!
ആ തുടുതുടുത്ത കവിൾത്തടങ്ങളാ
അരുണിമയണിഞ്ഞിരുന്നു. ആ തടിച്ചു
രുണ്ട ചെഞ്ചുണ്ടുകളിൽനിന്നു ചെ
ന്തോരകിനിയുന്നുണ്ടെന്നു തോന്നി.
ആ യുവഹൃദയം പൂർവ്വാധികം
ഉശക്കോട്ടുകൂടി അടിച്ചുകൊണ്ടിരു
ന്നു?)!.....നമ്മളാ ഓരോന്നാ
ചിന്തിച്ച അന്യോന്യം അത്ഭുതപ്പെട്ട
നോക്കി മൂകരായിനിന്നു.

"അല്ലമ്മേ, ഈ മനുഷ്യൻ സംസാ
രിക്കാറില്ലേ—?" ഞാൻ അത്ഭുതശ
ബ്ദത്തിൽചോദിച്ചു. ഇതുകേട്ടപ്പോളാ
അവൾ സാസ്യസ്വരത്തിൽ കളിയാ
ക്കിക്കൊണ്ടുപറഞ്ഞു. "എന്റെ
പൊണ്ണമരായ പൊന്നുമക്കളെ, ഇ
നിയും നിങ്ങൾക്കു് കാര്യം മനസ്സിലാ
യില്ലേ? അതെന്റെ മരിച്ചുപോ
യ്....."അവളതു് മുഴുവിച്ചില്ല. അ
തിനുമുമ്പേ അവളുടെ കണ്ണുകളിൽനി
ന്നും അശ്രുകണങ്ങളാ പ്രവഹിക്കാൻ
തുടങ്ങിയിരുന്നു. അണപൊട്ടിയ
പോലെ അശ്രുധാര അങ്ങനെ പ്ര
വഹിക്കുകയാണു്; കരുണയത്തിൽനി
ന്നു്. അധരം കടിച്ചമർത്തിക്കൊണ്ടു
ഹൃദയത്തിൽനിന്നു പൊട്ടിവരുന്ന
പൊട്ടിക്കരച്ചിലിനെ അതീവ സാഹ
സപ്പെട്ടുകൊണ്ടു് അവൾ നിയന്ത്രി
ക്കുന്നതു വളരെ വ്യക്തമായും കാ
ണാമായിരുന്നു. അവളുടെ സങ്ക
ടം കൊടുംപിരിക്കൊള്ളുന്ന

ണ്ടായിരുന്നു; എരിപൊരിക്കൊള്ളുന്നുണ്ടായിരുന്നു.....

"മരിച്ചുപോയ!... ഭർത്താവോ!" തരിച്ചുപോയ നമ്മൾ തുറിച്ച കണ്ണുകളോടെ തനിയെത്തന്നെ ചോദിച്ചുപോയി. ഇതാണോ മരിച്ചുമനുഷ്യൻ! ഇപ്പൊണ്ണുങ്ങളെന്തെല്ലാമാണു പറയുന്നതു"—! ഈ മനുഷ്യൻ തീർച്ചയായും മരിച്ചിരിക്കുന്നുവെന്നോ—!"

അതിനുശേഷമായി മന്ദമായൊന്നു തലവെട്ടിച്ചുകൊണ്ടു് അവൾ ഭയനീയമായിപ്പറഞ്ഞു. "പൊണ്ണാമ്മാരെ, നിങ്ങൾക്കു് കണ്ണില്ലെ; അയാൾ വളരെ മുമ്പുതന്നെ മരിച്ചുപോയിരിക്കുന്നു. ഇതയാളുടെ പ്രതിമയാണു്. വെറും കളിമൺപ്രതിമ! ഈ കളിമണ്ണു് അരച്ചുരുക്കുന്നതു് കാണുന്നില്ലേ—?" അവൾ വിങ്ങിക്കൊണ്ടാണു് വാചകം മുഴുവിച്ചതു്. ഒട്ടുവിലവൾ വിതുമ്പിക്കൊണ്ടതന്നെ ഏങ്ങലടിച്ചു പറഞ്ഞു. "ഞാനാദ്ദേഹത്തെ പ്രേമിച്ചിരുന്നു...ഇന്നും സ്നേഹിക്കുന്നു... എന്റെ കാമുകനാണു്...എന്റെ ഹൃദയംകവർന്ന കാമുകൻ..."

ഒരു നീണ്ട നേരത്തേക്കു് ആർക്കും ഒന്നുംതന്നെ ഉരിയാടാൻകഴിഞ്ഞില്ല. വളരെക്കഴിഞ്ഞപ്പോൾ ഞങ്ങൾ ജിജ്ഞാസാപൂർവ്വം വിഷാദസ്വരത്തിൽ ആരാഞ്ഞു. "അദ്ദേഹത്തെസംബന്ധിച്ചു വല്ലതും പറയാമോ? നമ്മൾ ആശ്ചര്യപ്പെട്ടുന്നു.....നിങ്ങളേക്കുറിച്ചു് വല്ലതും ഗ്രഹിക്കണമെന്നു ആഗ്രഹം നമുക്കു് വല്ലാതെയുണ്ടു്. ദയവുതോന്നി.....വാചകം മുഴുവിക്കും മുന്നെ അവൾ പറഞ്ഞുതുടങ്ങി—"

"ഞങ്ങളെക്കുറിച്ചുള്ള കഥകളുടെ രഹസ്യങ്ങളും ഇതേവരെ ഒരു മനുഷ്യജീവിയും അറിഞ്ഞിട്ടില്ല. നിങ്ങളുടെതു് ആദ്യമായിവാൻപോകുന്നതു്. നിങ്ങളും വളരെയധികം ബുദ്ധിമുട്ടിയില്ലേ. ഏതായാലും ഞാൻ ചുരുക്കം പറഞ്ഞുതരാം." അരച്ചുകുഴക്കിയ കളിമണ്ണും ഉരുട്ടിയെടുത്തു് അവൾ ആ പ്രതിമയ്ക്കൂരികെ അടിവെച്ചു നീങ്ങിവന്നു. അവളുടെ ആ ചതുരങ്ങളായ കരംഗ്രഹിക്കും ഒരു വീണക്കമ്പികളിലെന്നപോലെ ഉത്സാഹപൂർവ്വം പാഞ്ഞുകൊണ്ടിരിക്കെ, അവൾ കഥ തുടങ്ങി:—

"വെള്ളപ്പട്ടാളംവന്ന കാലമായിരുന്നു. അതെ, ആ കള്ളപ്പട്ടാളം കൊള്ളയടിക്കുന്നകാലം. എന്റെ 'അദ്ദേഹ'ത്തിനു പട്ടാളത്തിൽ, വലിയൊരുദ്യോഗമായിരുന്നു. ഞങ്ങൾ വിവാഹിതരായിരുന്നില്ല. അതിനു സൌകര്യവും, സന്ദർഭവുംപോലുത്തു ഞങ്ങളന്യോന്യം പരസ്പരം സ്നേഹിച്ചും, ആരാധിച്ചും കഴിച്ചുപോരുകയായിരുന്നു. അന്നെനിക്കു പതിനേഴു തികയും, പൂർത്തിയായിരുന്നില്ല: സൌന്ദര്യം പൊട്ടിവിടരുന്ന കാലം. യുവത്വം വിങ്ങിവീർക്കുന്നകാലം. മാരകത്തംവിളമ്പുന്ന വികാരങ്ങൾ ഹൃദയത്തിൽ വിളമ്പിനിറഞ്ഞുകൊണ്ടിരുന്നു. അങ്ങിനെ നെഞ്ചരപ്പെട്ടുകൊണ്ടിരിക്കേ ഞാൻ അയാളെക്കണ്ടു; തന്നെയാളെ സ്നേഹിച്ചു; ഞാനെയാളെ—പ്രേമിച്ചു... അയാളെന്നെയും. അപ്പോഴാണു് ആ കള്ളപ്പട്ടാളം വന്നതു്...ആ വെള്ളക്കാരന്റെ കൊള്ളപ്പട്ടാളം." അവൾക്കു് അടക്കവയ്യാത്ത അരിശം പിടിച്ചുവന്നു ചിലപ്പോൾ. അവൾതുടർന്നു— അവരുടെ കമാൻഡർ നീണ്ടതടിച്ച ഒരു സായ്പായിരുന്നു. കണ്ടാലൊരു ദയാലുവെന്നു് തോന്നുമെങ്കിലും കൊണ്ടാലൊരു പണ്ടാരമായിരുന്നു അയാൾ; കടുത്ത വഞ്ചകനും, ക്രൂരനായ ചതിയനും. അയാൾക്കു എപ്പോഴും വിശപ്പും, ദാഹവുമായിരുന്നു; യുവതികളായ സുന്ദരികളെ കാണുമ്പോൾ അയാളുടെ കോലം ആകെയൊന്നുമാറും. അയാളിച്ചിച്ച പെണ്ണിനെയുടനെ അയാളുടെ കൊല്ലുപടിയാവച്ചുകൊള്ളണം; ഉദ്യോഗസ്ഥനെന്റെ ഭാര്യയായാലുംകൈക്കുള്ളും, പൌരപ്രമാണിയുടെ മകളായാലും കൊള്ളും! അല്ലെങ്കിൽ അയാൾ ബലംപ്രയോഗിച്ചു കയ്യടക്കും. അതിനുവേണ്ടി അയാൾ കൊലയും, കൊള്ളയുംതന്നെ നടത്തും. നാട്ടിലാകെ കലാപങ്ങളുഴിച്ചുവിടും. പുര അഗ്നിക്കിരയാക്കും. കിട്ടിയോരെ മർദ്ദിക്കും, ചവിട്ടിക്കൊല്ലും, വെടിവെച്ചു വീഴ്ത്തും! വെള്ളക്കാർ ഇവിടെവന്ന ഉപകാരം കുമുകും, ഏലവും ചുക്കുംമാത്രം കച്ചവടത്തിന്നാശിച്ചായിരുന്നില്ലാ ഇവിടെയുള്ള ലാവണ്യവതികളായ തരുണീമണികളെ കാംക്ഷിച്ചിട്ടുമായിരുന്നു. മോഹിച്ചിട്ടായിരുന്നു.....

അവൾ ആവേശത്തോടെ തുടർന്നു: "ആ ക്രൂരൻ സായ്പിനു് എന്നിലും കണ്ണുണ്ടായിരുന്നു. പല പ്രാവശ്യവും അയാൾ എന്നോടു ഭയനീയമായപേക്ഷിച്ചുനോക്കി; പാലൊലിക്കുന്ന വാക്കുപറഞ്ഞുനോക്കി; എന്നിട്ടൊന്നും ഫലമില്ലെന്നുകണ്ടപ്പോൾ അയാൾ നേരെയങ്ങു ആവശ്യപ്പെട്ടു, ഭീക്ഷണിപ്പെടുത്തി; ഒടുവിൽ ബലപ്രയോഗത്തിന്നൊരുങ്ങി, കൈത്തോക്കുയർത്തി. എന്നാൽ, എന്റെ ഹൃദയത്തിൽ ഒരാളെ പ്രതിഷ്ഠിച്ചുകഴിഞ്ഞിരുന്നു. അയാളെഴിച്ചു ഒരാനുൻ എന്നെ നോക്കുന്നതുപോലും എനിക്കു സഹ്യമായിരുന്നില്ല. എന്റെ ഹൃദയംകവർന്ന ആ യുവാവു്, ആ കമാണ്ടർസായ്പിന്റെ തൊട്ടുകീഴ്ദ്യോഗസ്ഥനും, അയാളുടെ ഉറ്റമിത്രവുമായിരുന്നു. അതിനാൽ ഞാനദ്ദേഹത്തെ അപ്പം സന്തോഷിച്ചിരുന്നു, എന്നെ സായ്പു് ഒന്നും ചെയ്യുകയില്ല. ഞാൻ ധൈര്യപ്പെട്ടിരുന്നു; പക്ഷെ !

"ഒരുദിവസം രാത്രിയായിരുന്നു; ഒരു മിലാറ്ററിലോറി നിറച്ചും കുറെ പട്ടാളക്കാരും, ആ ക്രൂരൻസായ്പും കൂടി എന്റെ പുരയിടം കൊള്ളചെയ്തു. അവരെന്റെ അച്ഛനേയും, രണ്ടു സഹോദരന്മാരേയും വെടിവെച്ചുവീഴ്ത്തി. എന്നിട്ടു എന്നെപ്പിടിച്ചുകെട്ടി ആ സായ്പിന്റെ കാല്മുടലിയിരവെച്ചു. അയാൾ പൈശാചികമായി വികാരാവേശത്തോടെ ഒന്നു പൊട്ടിച്ചിരിച്ചു; എന്നിട്ടെന്നെ കെട്ടിപ്പിടിച്ചു. ഞാൻ കുതറിക്കൊണ്ടിരുന്നു; ഞാൻ അലറിക്കൊണ്ടിരുന്നു. പെട്ടെന്നൊരു വെടിയൊച്ച! അയാളുടെ ആ ഇരുമ്പുകൈ എന്നെ വിട്ടുകഴിഞ്ഞു. അയാൾ മരിഞ്ഞുവീണിരിക്കുന്നു. തലപിളർന്നു ചോരയങ്ങിനെ കുത്തിയൊഴുകിക്കൊണ്ടിരിക്കുന്നു! അൽപ്രജ്ഞാവസ്ഥയിലായിരുന്ന എന്നെ ആരോവന്നു തള്ളിപ്പിടിച്ചു.....അങ്ങനെ എന്റെ പ്രേമധാമം ആ ആംപ്പല്ലിയിൽനിന്നും രക്ഷപ്പെട്ടത്തി." അവൾ നിർത്തി. അപ്പോഴും അവളുടെ കലാചതുരങ്ങളായ കരംഗ്രഹലികളും ആ പ്രതിമമേൽ ധൃതിപൂവ്വം തത്തിക്കൊണ്ടിരുന്നു...

നിശയാകുന്ന വ്യവസായശാലയിലെ 'സയറൺ'ശബ്ദിച്ചു. അങ്ങകലെനിന്നു ഒരുകോഴി നീട്ടിനീട്ടിക്കൂവിക്കൊണ്ടിരുന്നു. അവളുടെ ധൃതിപ്പാടു് വീണ്ടുമിരട്ടിച്ചു. അപ്പോഴേയ്ക്കും ആ പ്രതിമയുടെ മാറു് ഒരുപത്തിരട്ടികൂടിയിരുന്നു. "കോഴി കൂവിക്കഴിഞ്ഞു. എനിക്കിവിടെയിനി നില്ക്കുംനേരമില്ല; ആളുകളുണരുംമുമ്പേ വീട്ടിലെത്തണം. ഞാൻ പോകയാണു്." അവൾ ദ്രുതഗതിയിൽ പറഞ്ഞു.

"കഥ തീർന്നില്ലല്ലോ?" ഞങ്ങൾ നിർബന്ധിച്ചു.

"അതെ, പ്രാണപ്രിയനെ കൊലക്കറഞ്ചുമത്തി കൊല്ലാൻവിധിച്ചു. ഈ ഹൃദയമിരുന്നു, അവരുടെ ദുക്കമരക്കണ്ടു്. അവരുടെ കഠോരഗൃഹവും ഇവിടെത്തന്നെയായിരുന്നു....." അവളുടെ തൊണ്ട വ്യക്തമായും ഇടറിക്കൊണ്ടിരുന്നു; അവളുടെ കണ്ണുകൾ ശരിക്കും നിറയുന്നുണ്ടായിരുന്നു. അവളുകമാനം വാരിയ്യുകയാണു്....."എന്റെ പ്രാണപ്രിയനെ ആ പാറപ്പുറത്തു് കണ്ണുകെട്ടിനിർത്തിയിട്ടു് അവർ വെടിവെച്ചുകൊന്നു.....?" അവൾ കരഞ്ഞുകൊണ്ടുതന്നെ ഒരുവിധം പറഞ്ഞൊപ്പിച്ചു.

"ഹൃദയേശ്വരൻ മരിച്ചുവീണിരുന്നതു് ഇവിടെയായിരുന്നു." അവൾ വിങ്ങിക്കൊണ്ടുതന്നെ തുടർന്നു: "പട്ടാളമെല്ലാം പോയതിനുശേഷം ഞാൻപണിചെയ്ത തറയാണിതു്. ഇതിനുള്ളിലാണു് അദ്ദേഹത്തിന്റെ ദേഹം അടക്കിയതു്. പക്ഷേ, ഇന്നുവരെ ഇവിടെയൊരാളും ഇതറിഞ്ഞിട്ടില്ല. എന്റെ പ്രിയന്റെ ശരീരം എന്റെ പണിപ്പെട്ട പ്രവൃത്തിയുടെ ഫലമായി ഇവിടെ ഉയിർകൊള്ളുകയാണു്. ഇതാ, ഇന്നേയ്ക്കു് പണി ഏകദേശം പൂർത്തിയായ്കഴിഞ്ഞു.

"ഇദ്ദേഹം ഇതേപ്രകൃതിതന്നെയായിരുന്നോ?, ആ മുഖം, ആ കണ്ണും, ആ മാറും മാറുമൊക്കെ!" നമ്മളന്വേഷിച്ചു.

ഉടനെ, ആ പ്രതിമയുടെ വയർഭാഗത്തെ ഒരു കവാടംതുറന്നു അവളൊരു 'ഫോട്ടോ' എടുത്തു് നമ്മെ കാട്ടിത്തന്നു! നമ്മൾ ആ ഫോട്ടോയും, നമ്മൾ പറഞ്ഞറിയപ്പെട്ടു;—പണ്ടു് ആ പ്രതിമയും കണ്ണിമയ്ക്കാതെ മാറിനോക്കി ആശ്ചര്യപ്പെട്ടു. ആ ഫോട്ടോ, വലുതായി വലുതായി ആ യിൽഉയിരെടുത്തു നില്ക്കുകയാണോ എന്നുതോന്നിപ്പോയി നമ്മൾക്കു്. ഫോട്ടോയിലേശം വ്യത്യാസമില്ല; അത്രയ്ക്കുദൃശ്യം! അത്ഭുതംതന്നെ; മഹാത്ഭുതം നമ്മൾ മനസ്സിലുരുവിട്ടുകൊണ്ടിരുന്നു.

"ഇതെന്തിനാം സൂക്ഷിച്ചിരിക്കുന്നു"?" നമുക്കതറിയണം. ഞാൻ ചോദിച്ചു. അവൾ പറഞ്ഞു: "അതാണാവശ്യം. അജ്ഞാതമായ ഈ കളിമൺപ്രതിമ ഏതൊരുകാലമെങ്കിലും അറിയപ്പെടാറാകുമ്പോൾ, അജ്ഞാതമായ കലാപ്രേമികളും ഇതിഹാസകാരന്മാരും ഈ ഫോട്ടോയും, ഈ പ്രതിമയുംതമ്മിലുള്ള സംദൃശ്യംഗ്രഹിച്ചു് അറിയപ്പെടുത്ത ഈ കലാകാരിയെ അനുസ്മരിച്ചിനന്ദിക്കട്ടെ.' അവളുടെ നയനങ്ങളും അഭിമാനംകൊണ്ടു വികസിച്ചിരുന്നു; അവളുടെ മുഖപേശികൾ സന്തോഷംകൊണ്ടു വിജൃംഭിച്ചിരുന്നു. അവളുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞിരുന്നു.....

അകലെ പച്ചിലക്കാടുകളിൽനിന്നു് പറവകൾ പാടിത്തുടങ്ങി; പാക്കിളികൾ ചിലച്ചുതുടങ്ങി. അകലെ തുഴഞ്ഞുനീങ്ങുന്ന മുക്കുവത്തോണികളിൽനിന്നു കടലിന്റെ ഹൃദയത്തിൽനിന്നെന്നപോലെ ഒരു സംഗീതനിസ്വനം തന്നെത്ത മന്ദമാരുതനിൽ ഒഴുകിക്കൊണ്ടിരുന്നു...

"നേരം വളരെയധികം വൈകിക്കഴിഞ്ഞു," അവൾ വേവലാതിയിൽ പറഞ്ഞു: "ഈ പ്രതിമയുടെ പ്രവൃത്തി ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. നിങ്ങളെന്തുചെയ്യണം; ഇതിരഹസ്യം ഒരാളോടും മിണ്ടിപ്പോകരുതു്; നിങ്ങളും സത്യംചെയ്യണം, യാതൊരാളോടും പറകയില്ലെന്നു്. ഞാനിതാപോകുന്നു. ഇനിയും കൂട്ടത്തിൽ വല്ലതും അറിയണമെന്നുണ്ടെങ്കിൽ നാളെരാത്രിയും വന്നോളിൻ. ഒരു നിമിഷവും എനിക്കിനിവയ്യ." ഉടനെ ആ പ്രതിമയുടെ പാദങ്ങളിൽ അവൾ മുട്ടുകുത്തിനമസ്കരിച്ചു. അപ്പോഴും അവളുടെ കണ്ണുകളിൽ രണ്ടു കണ്ണുനീർക്കണങ്ങൾ തുങ്ങിവലിഞ്ഞു നിന്നിരുന്നു.

അവൾ നിലവിളക്കിൽനിന്നു മുനിഞ്ഞുകത്തിക്കൊണ്ടിരുന്ന ദീപശിഖ ഊതിക്കെടുത്തി. പെട്ടെന്നു വല്ലാതെ തൊരിരുട്ടു്. ആ കൂരിരുട്ടിൽക്കൂടി ഒരു വെളുത്തരൂപം ഉയർന്നു, താണും, കയറിയും, ഇറങ്ങിയും വളരെവേഗം പൊയ്ക്കൊണ്ടിരുന്നതു നമുക്കു് അവ്യക്തമായി കാണാമായിരുന്നു. നോക്കിക്കൊണ്ടിരിക്കെ ആ വെളുപ്പു് അനന്തതയിൽ അലിഞ്ഞലിഞ്ഞുചേർന്നു, ഒടുവിൽ അപ്രത്യക്ഷമായി—!

* * *

പ്രസ്തുത പ്രദേശത്തിന്റെ ചരിത്രത്തിൽ ഒരദ്ധ്യായത്തിലൊരിടത്തിങ്ങനെ ദാരുണവും, അത്യത്ഭുതകരവുമായ ഒരുസംഭവം നടന്നിട്ടുള്ളതായി ഞങ്ങൾപ്രതിമ

ലാദഖികളുടെ സാമൂദായികാചാരങ്ങൾ

അഥവാ

കുറേമെന്തെന്നറിയാത്ത ഗിരിപൃഷ്ഠനിവാസികൾ



എ. ജി. മേനോൻ; അരീന്ദ്രം, പാലക്കാട്ട്.

സ്ഥലവിവരണം

ഭൂലോകത്തിലെ പൊക്കമേറിയ നിവാസസ്ഥലങ്ങളിൽ ഒന്നാകുന്ന ലദഖ് (Ladakh) ഗിരിപ്രദേശം. ഇതു കാശ്മീർ രാജ്യത്തിലുൾപ്പെടുന്നു. കൺകെട്ടുപ്പിക്കും കാശ്മീരിലെ കുന്നുകളിൽനിന്ന് അകന്നിട്ടുള്ള ഒടപ്രദേശമാണിതു്. ഇതിന്റെ കിടപ്പു് 10000-അടിയിലധികം ഉയരത്തിലാണു്. പൊന്തിക്കൊണ്ടുള്ള കുന്നുകൾനിരപ്പായ സ്ഥലങ്ങളുംപൊടി-തഴ്ന്നകൊണ്ടുള്ള പാറക്കെട്ടുകളും ആകർഷിക്കത്തക്ക യോഗ്യതയുള്ളതാണു്. ഇവിടെ 8000-അടിക്കു് കീഴായിട്ടൊരുസ്ഥലവുംഇല്ല. പൊതുജനങ്ങളുടെയിടയിൽ ഇപ്രദേശത്തെപ്പറ്റി ഒട്ടേറെയറിവാനിടയായതു് നമ്മുടെ പ്രധാനമന്ത്രി ശ്രീജവഹരിലാൽ 1952 ജൂലായി 4 നു് ഇവിടം സന്ദർശിച്ചതിനു ശേഷമാകുന്നു. പരസ്പരവിരുദ്ധമായ തോന്നുന്ന ഭ്രഷ്ടിതിയാണു് ഇവിടത്തേതു്, ഇപ്രദേശം ലോകത്തിലെ അറിയാത്ത ഒരു മൂലയ്ക്കു് കിടക്കുന്നതായിട്ടാണറിയപ്പെടുന്നതു്; കൊല്ലത്തിൽ 6 മാസക്കാലം ഇതരനാടുകളുമായിട്ടു സമ്പർക്കമില്ലാതെ വേറിട്ടുമാണിരിക്കുന്നതു്. ഇതിൽ താഴ്വരഹിമികയാൽ മറയ്ക്കപ്പെട്ട ഹിമവാൻ അതിത്തിക്കുന്നുകളാൽ നാലുപുറവും ചുറ്റപ്പെട്ടുകൊണ്ടുള്ളതുമാകുന്നു.

ജനസംഖ്യ, കാലാവസ്ഥ, ഗതാഗതസൗകര്യം എന്നിവ

മൂന്നു താലൂക്കുകളെ കൂട്ടിച്ചേർത്തിട്ടുള്ളതാണു് പ്രസ്തുതജില്ല: ജനസംഖ്യ രണ്ടുലക്ഷമത്രെ. ബുദ്ധ-ക്രൈസ്തവ-മുസ്ലീം മതാചരണക്കാരാണിവർ: ഇതിൽ 32000 ബുദ്ധമതക്കാരും, 3000 ക്രിസ്ത്യാനികളും, ശേഷം മുഹമ്മദ് മതക്കാരും ആകുന്നു. മുസ്ലീമിങ്ങളും അധികം നിവസിക്കുന്നതും പാകിസ്ഥാൻ കയ്യേറി ചെലുത്തുന്നതും ആയ താലൂക്കാണു് ഗിൽജിറ്റ് (Giljit)

ജനങ്ങളിൽ തൊണ്ണൂശതമാനവും എഴുത്തറിയുന്നവരാണെന്നാണു് പറയപ്പെടുന്നതു്. കാലാവസ്ഥ സുഖമായതെന്നുകുന്നു. ശീതോഷ്ണനിലവാരമനുസരിച്ചു കൂടുതൽ 60 ഡിഗ്രിയും കുറഞ്ഞതു് 43-ഡിഗ്രിയും ആകുന്നു. ഏറ്റവും ഉയർന്ന പ്രദേശമെങ്കിലും വേനലിലെ അത്യുഷ്ണവും ശീതകാലത്തെ അതിശൈത്യവും ഒട്ടുസഹനീയമത്രെ.

ഗതാഗതസൗകര്യമുള്ള വീഥികളും ഇല്ലതന്നെ: മലവഴികളാണുള്ളതു്. ഇവിടത്തെ തലസ്ഥാനമായ "ലഹ്" (Leh) കച്ചവടാവശ്യാർത്ഥം മലയോരവഴികളാൽ, ഇന്ത്യ, തിബത്ത്, യാർക്കന്ത് (Yarkand), പൂർവ്വതുർക്കിസ്ഥാൻ (Eastern Turkistan) എന്നീ രാജ്യങ്ങളുമായിട്ടു കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ള ഒരുപ്രധാനനഗരമാകുന്നു.

ആകാശവിമാനത്തിൽ യാത്രചെയ്യുന്നു ഈ തലസ്ഥാനപട്ടണത്തിൽ എത്തേണമെങ്കിൽ ഹിമവാനിലെ 'നൻകുൻ' (Nun-Kun)—23—24 ആയിരംഅടി പൊക്കമുള്ളതു്—കൊടുമുടിക്കുമീതെ പറക്കേണ്ടതുണ്ടു്; മറ്റൊരുവഴിക്കു പറന്നെത്തുന്നതുള്ളതു് 'സ്സൂജിൽ' (Zajil) കൊടുമുടിക്കുമീതെയാണു്. അതായതു് 14 മുതൽ 15-ായിരം അടി പൊക്കത്തിൽ ഹിമപ്പരപ്പിൽക്കൂടെ 'ഇണ്ടസ്' (Indus) നദി 300 നാഴികയിലധികം ഒഴുകിക്കൊണ്ടുപോകുന്ന പ്രദേശമെങ്കിലും വരണ്ടസ്ഥലവും ചിലേടങ്ങളിൽ ജലക്ഷാമമുണ്ടാവുന്ന പ്രദേശവും ഉണ്ടു്.

ജനങ്ങളുടെ നടപടികൾ

ലദഖ് ഭ്രഷ്ടിതിയുടെ ആകർഷണീയതയോടു് സംബന്ധപ്പെട്ടതുതന്നെയാകുന്നു അവിടത്തെ നിവാസികളിൽ കാണുന്ന മനോഹരതയും.

ആഡംബരരഹിതവും ഉത്സാഹപരവുമായ ജീവിതസമ്പ്രദായവും സ്ഥായിയായ മതവിശ്വാസവുമുള്ളവരാണിവർ. അധികജനങ്ങളും കർഷികജീവിതം നയിക്കുന്നവരാകുന്നു. എന്നാൽ കൃഷിക്കു പറ്റിയസ്ഥലം ചുരുങ്ങും; പോരെങ്കിൽ ഫലപുഷ്ടിയുംകുറയും: ആ നാട്ടിലെ വരൾച്ചയടി കൂടുതതാണെന്നിരുന്നാലും 'ലദഖി'കളുടെ പ്രസന്നതയോടും സന്തുഷ്ടിയോടും സംമുഖമായികാണുന്നവരോടുകൂടി തുറന്നു പറയുന്ന രീതിയോടും ജീവിതം കഴിച്ചുവരുന്നവരാകുന്നു. സല്ലാപപ്രിയരാകയാൽ സല്ലാപവേളയിൽ പാട്ടുകളും സ്ത്രീകളുടെ നൃത്തവും ഉണ്ടാകുന്നതായിരിക്കും. അഭിനയക്കാരുടെ പ്രകടനങ്ങളും, അവരുടെ വസ്ത്രധാരണരീതിയെപ്പോലെ അതിശയം തോന്നിപ്പിക്കുന്നതാണു്.

ബുദ്ധമതത്തിൽ ഇപ്പോഴും തികച്ചും വിശ്വാസമുള്ള ഒരു സംഘം ഇന്ത്യയിൽഉള്ളതു് ഈ പ്രദേശത്തുള്ളതുമാത്രമത്രെ. ലദഖ്"ൽചെന്നാൽ ആശ്ചര്യം തോന്നിക്കുന്നതു് അവിടങ്ങളിലുള്ള മാങ്ങളുടേയും സന്ന്യാസിമാരുടേയും കുറ്റ്യയാണു്. അല്പിക്കിലെ ഗ്രാമങ്ങളിലെ ഓരോ വീടിലെയും ആൺകുട്ടി 'ലാമ'യുടേതുപോലെയുള്ള ഒരു തൊപ്പിയും പെൺകുട്ടി 'ചോമോ'ന്റെ രീതിയിലത്തെ ഒരു തൊപ്പിയും ധരിച്ചിരിക്കുന്നതു കാണാം.

അവിടത്തെ സന്ന്യാസിക്കു് 'ലാമ' (Lama) എന്നും സന്ന്യാസിനിക്കു് 'ചോമോ' (Chomo) എന്നും പറയപ്പെടുന്നു. ലാമകളും, മുണ്ഡികളും ഘനംകുറഞ്ഞും ചുവപ്പു വസ്ത്രത്തിലുള്ളതുംആയ ചൈനതൊപ്പികളും, അതേനിറത്തിലുള്ള അരക്കെട്ടുകളും, എന്നിവ ധരിക്കുന്നവരുമാണു്. ഒരോ സന്ന്യാസിമഠത്തിലും നൂറുപേർക്കു് വസിക്കാം. ചുരുക്കംവീടുകളുള്ള ഗ്രാമമെന്നാലും ക്ഷേത്രവും സന്ന്യാസിയന്മാരുടെ മഠവും ഉണ്ടായിരിക്കുന്നതാകുന്നു.

പ്രമാണിത്വം

ധനികനോ, വസ്തുഉടമയോ ആയ ഒരാളുടെ പ്രഭാവത്തിനു ഒരു സന്ന്യാസിക്കോ ദേവാലയവും അതിനോടു ബന്ധപ്പെട്ടുകൊണ്ടു് ഒരു 'ലാമ'യും ഉണ്ടായിരിക്കുന്നതാകുന്നു. ഇപ്രദേശത്തെ ഭൂരിപക്ഷം നിവാസികളും ക്ഷേത്രപുരോഹിതന്റെ ചൊല്പടിക്കു ധീനപ്പെട്ടവരാണു്. 'ലാമ'കളെ മതോപദേഷ്ടാക്കളായിട്ടാണു് കരുതിവരുന്നതു്.

'ലദഖ്"ലെ ഇപ്പോഴത്തെ ബുദ്ധമതോപദേശങ്ങളും ആദികാലത്തെ ബുദ്ധമതോപദേശങ്ങളും തമ്മിൽ പൊരുത്തം കുറയും. ഇവരുടേതു് വിവിധദൈവസങ്കല്പത്തിലുള്ള പ്രാർത്ഥനകളും ആരാധനകളും ആകുന്നു. ഹിന്ദുക്ഷേത്രങ്ങളിലെപ്പോലെ പ്രതിഷ്ഠകളും സ്ഥാപിച്ചും ചിത്രങ്ങൾവെച്ചും ആരാധനകളും ഉത്സവങ്ങളും നടത്തുന്നുണ്ടു്.

മറ്റങ്ങളിലും ക്ഷേത്രങ്ങളിലുംവെച്ചു നടത്താറുള്ള ഉത്സവാവസരങ്ങളിലെല്ലാം വളരെ ജനം പ്രാർത്ഥനനടത്തുന്നതിനും 'ലാമ'കളുടെ ആശിസ്സുകൾക്കും ചേന്നുചേരുന്നതാകുന്നു. ചില സന്ദർഭങ്ങളിൽ മറ്റങ്ങൾ സംമുദായികനാടകാഭിനയങ്ങൾക്കും നൃത്തങ്ങൾക്കും ഉപയോഗപ്പെടുത്തുന്നുണ്ടു്.

സാമ്പത്തിക വിഷമത

ഭൂമി വളരെ ചുരുങ്ങുന്നതാകയാൽ ഉണ്ടാക്കപ്പെടുന്ന ഭക്ഷ്യോല്പാദനവിളവു് അവരുടെ ഭക്ഷണാവശ്യത്തിനു മതിയാകുന്നില്ല. അതിനാൽ ഇവരുടെ സാമുദായികവും മതസംബന്ധവും ആയ ജീവിതസാമ്പത്തികവിഷമതയോടെയാണു് കഴിച്ചുകൂട്ടുന്നതു്. തൽനിമിത്തം സന്താനവർദ്ധനകൂടാതെ കഴിക്കുന്നതിനു പരിശ്രമിക്കുന്നവരാണു്. ഇതിലേക്കു് മറ്റാധിപന്മാരുടെ ശാസനയും ഏകഭർത്തൃത്വമല്ലായ്മയുംസ്വീകരിച്ചുവരുന്നുണ്ടു്. സന്ന്യാസികൾക്കും വിവാഹം നടത്തും: എന്നാൽ അധികംപേരും അവിവാഹിതത്വം ആചരിക്കുന്നവരാണു്.

വിവാഹരീതി

'ലദഖ്" നിവാസികളുടെയിടയിൽ ഒരു ഗൃഹത്തിലെ മുതിർന്ന പുരുഷൻ വിവാഹം ചെയ്തുകൊണ്ടുവരുന്ന സ്ത്രീയെത്തന്നെ ഇളയ സഹോദരന്മാരുണ്ടെങ്കിൽ അവരും സ്വീകരിക്കുന്നതാണു്. ഈ സമ്പ്രദായം പുരാതനമായിട്ടു നടന്നുവരുന്നതുകയാൽ സഹോദരന്മാർക്കിടയിൽ അസംതൃപ്തിയോ അഭിപ്രായഭിന്നതയോ ഇല്ല. ഏകപതിത്വത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള അനന്തരാഗത്തിനു വ്യത്യാസമുണ്ടായിരിക്കുമെങ്കിലും ഏതുരാജ്യത്തോടെ അനുവർത്തിക്കുന്നതുമായ ചില ചട്ടങ്ങൾ ഇവർക്കുമുണ്ടു്. ഉദാഹരണമായി, ഒരു പുരുഷൻ തന്റെ ഭാര്യയുടെ സഹോദരിയെ വിവാഹം ചെയ്യുന്നതിനു പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ മാതാവിനെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയുടെ പുത്രിയെ വിവാഹം ചെയ്യുന്നതിനും പാടില്ല. ഒരു പുരുഷൻ തന്റെ ഭാര്യയുടെ പുത്രി

ക്കും. ആയതു് സന്താനവല്ലനയെ നിയന്ത്രിക്കുന്നുണ്ടു്.

സ്ത്രീകൾക്കു് പ്രവർത്തനസ്വാതന്ത്ര്യം വേണ്ടതുണ്ടെങ്കിലും പൂർവികകുടുംബസ്വത്തിൽ ക്ലിപ്തപ്പെട്ടിട്ടുള്ള ഒരവകാശമേയുള്ളു. ആയതു് പിതൃസ്വത്തു ഭാഗിച്ചുപോകാതിരിക്കാനാണെന്നുണ്ടു് ഒരാൾക്കു് അവകാശപ്പെട്ടതാക്കി നിർണ്ണയപ്പെടുത്തിട്ടുള്ളതിനാലാകുന്നു. തൻനിമിത്തം പൂർവികസ്വത്തു് ഉടഞ്ഞുപോകാതിരിക്കുന്നുണ്ടു്. വീട്ടുകാര്യം സംബന്ധിച്ച വിഷയങ്ങളിൽ പുരുഷന്മാരെപ്പോലെ സ്ത്രീകളും പങ്കുവഹിക്കും.

മതസഹിഷ്ണുതയോടുകൂടിയ സഹവാസം

കൃഷി, കച്ചവടം എന്നിവകളിലെല്ലാം സ്ത്രീകൾ വേണ്ടുന്ന സംഭാവനകളും പുരുഷന്മാർക്കു് ചെയ്തുകൊടുക്കുന്നതാണു്. 'ലാദവി' കാർക്കു് മറ്റൊരു പേരു് പറയപ്പെടുന്നതു് 'ബോതിസ്" (Botis) എന്നാണു്. അവരുടെ അയൽപ്രദേശക്കാരായ 'ബാൾതീസ്" (Baltis) കാരുമായി തരത്തമ്മിപ്പെടുത്തിനോക്കുമ്പോൾ 'ബോതീസ്" കാരുടെ സാധാരണ ജീവിതം സുഖകരമായതും സുസ്ഥിതിയോടുകൂടിയതും ആകുന്നുപോൾ. ഇവർക്കുള്ള മതവിശ്വാസത്തോടു് ബന്ധപ്പെട്ടുകൊണ്ടാണിവരുടെ സാമുദായികനടപടികളും അടിയന്തിരങ്ങളും, സല്ലാപങ്ങളും മുതലായവയുടെ നടത്തലുകളും എന്നുള്ളതൊരു പ്രത്യേകതയാകുന്നു.

സൌകര്യത്തോടും, പ്രസന്നവദനത്തോടും, സന്തുഷ്ടിയോടും, നിത്യജീവിതം കഴിച്ചുകൂട്ടുന്നതിനും തത്സംബന്ധമായതിനും എന്തും പ്രവർത്തിക്കുന്നതിനും ഉള്ള ശീഘ്രനം ഇവർ കരസ്ഥമാക്കിട്ടുണ്ടു്.

'ബോതിസ്" കക്ഷിക്കാർക്കു് 'ബോധതിസ്" കക്ഷിക്കാരുമായി ലൌകികഭാവത്തോടെ കഴിഞ്ഞുകൂടുന്നതിനായുണ്ടുള്ള പാടവമുള്ളവരാകുന്നു; യുക്തിപൂർവമായിട്ടുള്ളതും സ്വതന്ത്രസ്ഥിതിയായിട്ടുള്ളതുമായ ഇവരുടെ നേരമ്പോക്കുകളും ഇതിലേക്കു് സഹായമാക്കിത്തീർക്കുന്നുണ്ടു്.

ഇവരിൽ ബുദ്ധമതം, മുസ്ലിംമതം, ക്രിസ്തുമതം എന്നീ വിശ്വാസക്കാർ ഒന്നിച്ചുപാർത്തു് കഴിഞ്ഞുകൂടുന്നവരുണ്ടെന്നുള്ള വാർത്ത പ്രത്യേകം സ്മരണീയമത്രെ!

ഇതിനും പുറമെ ഈ മലനാടു് 'കുറാം' (ശിക്ഷാർഹമായ കാര്യം) എന്തെന്നറിയാത്ത നാടുമാണുപോൾ!

പ്രമാണിയായ 'ലാമ'

സ്പിറ്റുക്കു് (Spituk) എന്ന സ്ഥലത്തെ 'ലാമ' യാണു് 'ലാദവി" ലെ തലവനായ 'ലാമ.' പണ്ഡിത ജവഹരലാൽനെഹ്റുവിനെ 'ലഹ്" ൽ വെച്ചു സ്വീകരിച്ചതും അവിടത്തെ പരമ്പരാനടപടിക്രമമനുസരിച്ചു തന്നെ

അമേരിക്കൻ വ്യവസായങ്ങളിൽ മനുഷ്യത്വപരിഗണനകൂടാതെ

★

ഹ്യൂഡോർ ഡോസ്റ്റോവ്സ്കീ തന്റെ "മൃതമന്ദിരം" എന്ന ഗ്രന്ഥത്തിൽ എഴുതി: "ഒരു മനുഷ്യനെ കേവലം നിശ്ശൂന്യനാക്കണമെന്നുണ്ടെങ്കിൽ, അവൻ ചെയ്യുന്ന വേലയിൽ ഒരു നിഷ്പ്രയോജനത്വസ്വഭാവം ആരോപിച്ചാൽമാത്രംമതി." ഇപ്രകാരമൊരു നിരുപയോഗത്വലക്ഷണം അമേരിക്കൻഫാക്ടറികളിലെയും ആഫീസുകളിലെയും പ്രവർത്തനങ്ങളിന്മേൽ അടിച്ചേല്പിക്കപ്പെട്ടിരുന്നതായി കാണാം. ഇതു് പെട്ടെന്നുണ്ടായ ഒരു സംഭവവികാസമല്ല. സുദീർഘമായ ഒരു ചാരിത്രികപ്രക്രിയയുടെ ഫലമാണിതു്.

നിശ്ശബ്ദവിപ്ലവം

ഇന്നു് രണ്ടാമതൊരു വ്യവസായവിപ്ലവം യു. എസ്. വ്യവസായത്തെ അങ്ങോളമിങ്ങോളം ഉലച്ചുകൊണ്ടിരിക്കുന്നു—പൂർവാധികം നിശ്ശബ്ദവും, എന്നാൽ ആഴമേറിയതുമായ ഒരു വിപ്ലവം,'വ്യവസായത്തിലെ മാനുഷബന്ധം' എന്നാണതിന്റെ പേരു്. അമേരിക്കൻ തൊഴിലാളിക്കു് തന്റെ സപ്രയോജനത്തിന്റെയും പ്രാധാന്യത്തിന്റെയും ബോധം നൽകി, അവന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയാണിതിന്റെ ഉദ്ദേശം. ചെയ്യുന്ന ജോലി കൂടുതൽ അർത്ഥവത്താക്കി ജീവിതം കൂടുതൽ ആനന്ദപ്രദമാക്കുന്നതിനുള്ള ഒരു യത്നമാണിതു്.

മുന്നോടികൾ

അതു പ്രസിദ്ധന്മാരല്ലാത്ത രണ്ടു മഹാശയന്മാരുടെ-ഒരു തൊഴിലാളിയായിരുന്ന ഫ്രഡറിക് വിൻസ്ലോ ടെയിലറും ഹാർവാർഡിലെ സാമൂഹ്യശാസ്ത്രജ്ഞനായിരുന്ന എൽറ്റൺ മേയോയും—ഈ പരിവർത്തനത്തിന്റെ മുന്നോടികൾ. ടെയിലർ 1915-ൽ അന്തരിച്ചു. അദ്ദേഹമാണു് 'ശാസ്ത്രീയമാനേജ്മെൻറ്" എന്ന ആശയത്തിന്റെ ജനയിതാവു്. 1949-ലാണു് മേയോ മരിച്ചതു്. വ്യവസായങ്ങളിൽ മാനുഷികബന്ധങ്ങളും പ്രയോഗിക്കുക എന്ന ആദർശത്തിന്റെ പ്രണേതാവാണദ്ദേഹം.

ഉൽപാദനനിരക്കിന്റെ നിർണ്ണയകാലഘട്ടം മുതലാളികളല്ല, തൊഴിലാളികളാണെന്ന തത്വം 1880-ൽത്തന്നെ യുവാവായ ടെയ്ലർ മനസ്സിലാക്കി. അദ്ദേഹം പല പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തി. വൽതോതിൽ ഉൽപാദനം നടത്തുന്ന ഒരു യുഗത്തിന്റെ പിറവിക്കു അദ്ദേഹം കാരണമായി. ഉൽപാദനവും അതോടൊപ്പം ക്രയിയും വർദ്ധിപ്പിക്കാൻ അദ്ദേഹം സഹായിച്ചു.

"കാര്യക്ഷമത" എത്ര കൂടിയാലും, തൽഫലമായി ഉൽപാദനം വർദ്ധിക്കാത്ത ഒരു നിലയുണ്ടായിരുന്നു. മേയോ ഇതേപ്പറ്റി പരീക്ഷണങ്ങൾനടത്തി. തൊഴിലാളികൾ അസന്തുഷ്ടരാണെന്നും, അവർക്കു പരസ്പരസമ്പർക്കം വർദ്ധിപ്പിക്കുന്നതിനുള്ള അവസരം പോലുമില്ലെന്നും മേയോ കണ്ടെത്തിട്ടുണ്ടു്. തന്റെ വേല പ്രാധാന്യമർഹിക്കുന്നതാണെന്നും മുതലാളിക്കു തന്റെകാര്യത്തിൽ താല്പര്യമുണ്ടെന്നും തന്റെ ജോലി അയാൾ അഭിനന്ദിക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ ഓരോ മനുഷ്യവ്യക്തിക്കുമാഗ്രഹമുണ്ടു്. ഈ തത്വമാണദ്ദേഹം നടത്തിയ പരീക്ഷണങ്ങളും വെളിപ്പെടുത്തിയതു്. 1923-ൽ പെൻസിൽവാനിയായിലെ ഒരു തുണിമില്ലിൽ ശമ്പളക്കുടിശ്ശിക തുടങ്ങിയ പല പ്രോത്സാഹനങ്ങളുംകൊണ്ടും ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ലെന്നുകണ്ടു. മേയോയിന്റെ ഉപദേശമനുസരിച്ച വേലക്കാർക്കു നാലു വിശ്രമവേളകളും നിശ്ചയിക്കുകയും, അവരുടെ സുഖക്കേടുവിവരങ്ങളും കേൾക്കാൻ ഒരു നഴ്സിനെ നിയമിക്കുകയും ചെയ്തശേഷം സ്ഥിതിഗതികളും അത്ഭുതാവഹമായി ഭേദപ്പെട്ടു.

1937-ൽ സുപ്രീംകോടതിയുടെ ഒരു വിധി 'വാഗ്നർ' ആക്ടു് എന്നറിയപ്പെടുന്ന നിയമത്തിനു പിന്തുണ നൽകി. തൊഴിൽ ദാതാക്കളും തൊഴിലാളിസംഘടനകളുമൊരുപോലെ ചർച്ചയ്ക്കു തയ്യാറാവുകയും ചെയ്തു. ടേഡ് യൂണിയനുകളെ മുതലാളികളും ഭയപ്പെടേണ്ടതില്ലെന്നും ഉൽപാദനവർദ്ധനത്തിന്റെ തത്കാലം അവയുടെപക്കലാണെന്നും വ്യക്തമായി.

വേലക്കാരുടെ അടിയന്തിരാവശ്യങ്ങൾ

പണിമുടക്കു കലശലായി ബാധിച്ചുകൊണ്ടിരുന്ന വ്യവസായങ്ങളിൽ ചിലതു് ഏറ്റവും കൂടിയ ശമ്പളനിരക്കു നൽകുന്നുണ്ടെന്നും അന്വേഷണങ്ങളിൽനിന്നു വെളിപ്പെട്ടു. ഇതിന്റെ അർത്ഥം തൊഴിലാളികളുടെ ആവശ്യങ്ങളിൽ ഒന്നാംസ്ഥാനമർഹിക്കുന്നതു് ശമ്പളക്കൂടുതൽ അല്ലെന്നത്രേ. മേയോപ്പർ നടത്തിയ പര്യവേക്ഷണങ്ങളിൽ തൊഴിലാളികളുടെ ഏറ്റവും വലിയ ആവശ്യങ്ങളായി കരുതപ്പെടുന്നതു് നാലുകാര്യങ്ങളാണു്. 1. [illegible] ക്ഷിതത്വം; 2. ഉയരാൻ അവസരം; 3. മനുഷ്യവ്യക്തികം എന്നനിലയിൽ പരിഗണിക്കപ്പെടുക; 4. [illegible] ന്തസ്സു്.

മേലുദ്യോഗസ്ഥന്മാർക്കു ഓരോരുത്തരിലുമുള്ള വ്യക്തിപരമായി താല്പര്യപ്പെടാൻ സൗകര്യം നൽകുക, വയിച്ച വ്യവസായങ്ങൾ ചെറിയ ചെറിയ യൂണിറ്റുകളായി വേർതിരിച്ചു പ്രവർത്തനം നടത്തുക എന്നിവയാണു് സൂപ്രസിദ്ധ ജോൺസൺ ആൻഡ് ജോൺസൺ കമ്പനിയിൽ ഓരോ ജീവനക്കാരനും ഓഹരിമുടക്കുപോലുമുണ്ടായിരുന്നില്ലെന്നതു് ശ്രദ്ധേയമാണു്. പാർക്കർപെൻ കമ്പനി തൊഴിലാളികൾക്കു ഏറ്റവും വെറുപ്പുള്ള 'ഒടെംക്ലോക്ക്" നിർത്തൽ ചെയ്തു. പകരം അവരുടെ സത്സന്ധതയെ വിശ്വസിക്കുന്ന ഒരു സമ്പ്രദായം ഏർപ്പെടുത്തി. ഇതുകൊണ്ടു കൃതൃനിഷ്ഠ ഗണ്യമായി വർദ്ധിക്കുകയുണ്ടായതു്. കാൻസാസിലെ കോമേഴ്സ് ട്രസ്റ്റ് കമ്പനിക്കാർ തൊഴിലാളികൾക്കു സൗജന്യമായി കാപ്പികൊടുക്കാൻ ഏർപ്പാടുചെയ്തു. അങ്ങനെ 'കാപ്പികുടിത്തിരക്കു' കൊണ്ടുള്ള നഷ്ടമയനഷ്ടം ഇല്ലാതായി. (അ. ടി.)

★

"ഒരു സാധു ജനബാഹുല്യമുള്ള ഒരു വീഥിയിൽക്കൂടി പോയിക്കൊണ്ടിരുന്നു, അപ്പോൾ അറിയാതെ ഒരു ദുഷ്ടന്റെ കാലിൽ ചവുട്ടി. അവൻ അതികലശലായ ദേഷ്യംവന്നു. അദ്ദേഹത്തിൽ അൽപമെങ്കിലും ഭയകണിക്കാതെ കഠിനമായി ഭർത്സിച്ചു. അദ്ദേഹം ബോധശൂന്യനായി നിലത്തു പതിച്ചു. അതുകേട്ടറിഞ്ഞു ശിഷ്യന്മാർ വന്നു വളരെ ബുദ്ധിമുട്ടി അദ്ദേഹത്തെ ശുശ്രൂഷിച്ചപ്പോൾ അൽപം ബോധംവന്നു; അദ്ദേഹം കണ്ണുതുറന്നു നോക്കി. അപ്പോൾ ശിഷ്യരിലൊരാൾ, "സ്വാമി, അങ്ങേയ്ക്കു ഇപ്പോൾ ശുശ്രൂഷചെയ്യുന്നതു് ആരെന്നറിയാമോ?" എന്നു ചോദിച്ചു. "ഈ ശരീരത്തെ അടിച്ച കൈ ഇപ്പോൾ ഇതിനെ ശുശ്രൂഷിക്കുന്നു" എന്നദ്ദേഹം മറുപടി പറഞ്ഞു. യഥാർത്ഥ ജ്ഞാനിക്കു് ശത്രു; മിത്രം, അടിച്ചവൻ, അടികൊണ്ടവൻ എന്നീഭേദം ഇല്ല."

2—21

ശ്രീരാമകൃഷ്ണദേവൻ.

★

അഹമ്മദീയാ സമുദായം

★

അഹമ്മദീയാ വിഭാഗക്കാരുടെ ൽ പാക്കിസ്ഥാനിലെ യഥാസ്ഥി കരായ മുസ്ലീമുകളുടേയും മറ്റും തുടർച്ചയായ അഴിച്ചുവിടീൽ ക്ഷോഭണം ഇന്നും ശമിച്ചുകഴി ഞ്ഞിട്ടില്ല. ആ വിഭാഗക്കാരുടെ തന്നെയും വിദേശങ്ങളിൽ പാക്കി സ്ഥാനിന്റെ പ്രധാന വക്താവുമായിരി ന്ന മി: സഫറുല്ലാഖാനെ വിദേശ കാര്യമന്ത്രിസ്ഥാനത്തുനിന്നും പുറത്താ ക്കണമെന്നതാണ് പ്രക്ഷോഭകാരിക ളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഈ പ്രക്ഷോഭണത്തിന്റെ ഫലമാ യി അനേകമനേകമാളുകളെ ജയിലി ലടയ്ക്കഴിഞ്ഞിട്ടുണ്ട്; പ്രമുഖരായ പല മതപണ്ഡിതന്മാരും അക്കൂട്ട ത്തിലുൾപ്പെട്ടും. കേൾക്കുവാൻ ഇഷ്ട പ്പെടാത്ത പലതും അവിടെ സംഭ വിക്കുകയുംചെയ്തു. ആരാണ് ഈ അഹമ്മദീയവിഭാഗക്കാർ? ഇതരമു സ്ലീമിങ്ങളും അവരും തമ്മിലുള്ള വ്യത്യാസമെന്താണ്?

അമൃതസരസ്സിനു 35 മൈൽ അ കലെ ഗുരുദാസ്പൂർ എന്ന അതി ർത്തിഡിസ്ട്രിക്ടിൽപ്പെട്ട ഖാദിയാൻ എ ന്ന പട്ടണമാണ് അഹമ്മദീയവിഭാ ഗക്കാരുടെ ആദ്ധ്യാത്മികപ്രവർത്തന കേന്ദ്രം. 10 ലക്ഷത്തിൽപരമാളുകൾ ജനസംഖ്യയുള്ള ഇക്കൂട്ടർ ഭൂഗോളത്തി ന്റെ നാനാഭാഗത്തായി ചിന്നിച്ചിത റിക്കിടക്കുകയാണ്. എങ്കിലും അവ രെല്ലാംതന്നെ പ്രചോദനത്തിനും നി യന്ത്രണത്തിനുമായി ഖാദിയാനിയി ലേക്കാണ് ദൃഷ്ടികൾ പായിക്കുക.

തങ്ങളുടെ മതസ്ഥാപകനോടുള്ള ആരാധാതിശയങ്ങൾ പ്രകടിപ്പിക്കുന്ന തിനും, പൊതുപ്രശ്നങ്ങളെ സംബ ന്ധിച്ച് തീരുമാനങ്ങൾ എടുക്കുന്നതി നുമായി എല്ലാക്കൊല്ലവും ക്രിസ്തുമസ്സ് വാരത്തിൽ അഹമ്മദീയവർഗ്ഗക്കാർ ഒരുമിച്ചുകൂടുന്നു. അവരുടെ ആ സ്ഥാനത്തിന്റെ പേരിനോടനുബ ന്ധിച്ച് അഹമ്മദിയാക്കളെ ഖാദിയാ നികൾ എന്നും വിളിക്കാറുണ്ട്.

അഹമ്മദീയാവർഗ്ഗക്കാരുടെ പി ന്നിൽ സുദീർഘമായ ഒരു ചരിത്രമൊ ന്നുമില്ല. 1889 മാർച്ച് മാസത്തിലാ ണ് പ്രസ്ഥാനം ആരംഭിച്ചതുതന്നെ. മീർസാഗുലാംഅഹമ്മദാണ് അതി ന്റെ സ്ഥാപകൻ. ഒരു മുഗൾപ്രഭു വായിരുന്ന മീർസാഹാദിബേഗിന്റെ കുടുംബത്തിൽപെട്ട ആളാണദ്ദേഹം. ബേബർചക്രവർത്തിയുടെ കാലത്തു സമർഖണ്ഡിൽനിന്നാണ് മീർസാ ഹാദിബേഗ് ഇന്ത്യയിൽവന്നത്. ഖാദിയാനിനു ചുറ്റുപാടുമുള്ള 70 ഗ്രാമങ്ങളുടെ ഖാസി (മജിസ്ട്രേട്ട്)യാ യി അദ്ദേഹം നിയമിക്കപ്പെട്ടു. പി ൽക്കാലത്തു ഖാദിയാൻ എന്നപേരി ൽ അറിയപ്പെട്ടുന്ന ഇസ്ലാംപൂർ ഖാസി എന്ന പട്ടണം സ്ഥാപിച്ചതു് അദ്ദേഹമായിരുന്നു.

1880-ൽ മിർസാ, "ഖുറാൻ-ഇ-അഹമ്മദീയാ" എന്ന പേരിൽ ഒരു ഗ്രന്ഥം എഴുതുകയുണ്ടായി. ദൈവി കവെളിപാടിന്റെ ഫലമായിട്ടാണ് താൻ ഈ ഗ്രന്ഥം നിർമ്മിച്ചതെന്നാ ണ് അദ്ദേഹം അവകാശപ്പെട്ടതു്.

1889 ആയപ്പോൾ പുതിയ വിഭാ ഗത്തിന്റെ സ്ഥാപനകർമ്മവും അ ദ്ദേഹം നിർവ്വഹിച്ചു. വാഗ്ദാനംചെ യ്യപ്പെട്ടിരുന്നതുപോലെയുള്ള മു സ്ലീമിങ്ങളുടെ ദൈവദൂതനും ക്രി സ്ത്യാനികളുടെ മിശിഹായും ഹിന്തു ക്കളുടെ നിശ്കലങ്കാവതാരവുമാണ് താനെന്നാണ് അദ്ദേഹം അവകാശ പ്പെട്ടതു്. അങ്ങനെ ഈ മൂന്നു അവ കാശവാദങ്ങളുടേയും അടിസ്ഥാന ത്തിൽ അഹമ്മദീയപ്രസ്ഥാനത്തി ന്റെ സംവ്വിധാനകികതയും അദ്ദേഹം നിർവ്വഹിക്കുകയുണ്ടായി. ലോകത്തി ലെ സർവ്വമതങ്ങളുടേയും വാഗ്ദാ നം ചെയ്യപ്പെട്ട പ്രവാചകനായിട്ടാ ണ് ജനങ്ങളുടെയിടയിലദ്ദേഹം പ്ര ത്യക്ഷപ്പെട്ടതു്.

മുസ്ലീമിങ്ങളോടായി അദ്ദേഹം പ്രത്യേകം ഒരഭ്യർത്ഥന പുറപ്പെടുവി ച്ചു. യിസ്രായേൽപുരാൻ എല്ലാ വി ശ്വാസങ്ങളുടേയും ഒരു ഭണ്ഡാരമാ ണെങ്കിലും ചില ചീത്തവഴക്കങ്ങളു ടെ ഫലമായി ഇസ്ലാമിന് അതി ന്റെ പഴയ പ്രൈതന്യം നഷ്ടപ്പെട്ടി രിക്കുന്നുവെന്നാണ് അദ്ദേഹം പ്രഖ്യാ പിച്ചതു്. അതിനുവേണ്ട പരിഷ്കാ രങ്ങളും വരുത്തുവാനും അതിന്റെ പ ഴയ സുവർണ്ണകാലം വീണ്ടെടുക്കുവാ നുംവേണ്ടി ദൈവം തന്നെ ലോകത്തി ലേക്കയച്ചിരിക്കുകയാണെന്നും അദ്ദേ ഹം പ്രസ്താവിച്ചു. പുനരുത്ഥാനത്തി ന്റെകാലം ആസന്നമായിരിക്കുന്നു വെന്നും മിർസാ പ്രവചിക്കുകയുണ്ടാ യി. മതയുദ്ധസിദ്ധാന്തം (ജിഹാദ്) അബദ്ധജടിലവും അപകടപൂർണ്ണവു മാണെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചി ച്ചു. അതിനുവേണ്ടി അദ്ദേഹം സു ശക്തമായ പ്രചാരവേല ചെയ്യുക യും ചെയ്തു. ഹിന്തു, ക്രിസ്ത്യൻ, ഷി യാസിദ്ധാന്തങ്ങൾക്കെതിരായും അ ദ്ദേഹം പ്രചാരവേല നടത്തുകയുണ്ടാ യി. ഇതിന്റെയൊക്കെ ഫലമായി ഒരേ അവസരത്തിൽത്തന്നെ യഥാ സ്ഥിതികരായ മുസലിമാന്മാരുടെയും, ക്രിസ്ത്യൻ പുരോഹിതന്മാരുടെയും പ ണ്ഡിറ്റ് ലേക്ചറർമാരുടെയുള്ള, ആയുസമാജപ്രവർത്തകരുടെയും കഠി നമായ എതിർപ്പിനു അഹമ്മദീയാവി ഭാഗക്കാർ പാത്രമായിത്തീർന്നു.

'ഫത്തേഇസ്ലാം,' 'മൗസീ-ഇ-മാ രാ' 'ഇസ്ലാം-ഇ-ഔഹം' എന്നീ മൂ ന്നഗ്രന്ഥങ്ങളിലാണ് അഹമ്മദീയാ വിഭാഗക്കാരുടെ മതസിദ്ധാന്തസം ഹിത അടങ്ങിയിരിക്കുന്നതു്. മീർ സാ എഴുതിയ ഈ മൂന്നു ഗ്രന്ഥങ്ങള ടെയും കാതലായഭാഗം അതിലെ പ്രവചനങ്ങളാണ്. ഹിന്തുക്കളും, ക്രിസ്ത്യാനികളും, മുസ്ലീങ്ങളും ഈ പുതിയ സിദ്ധാന്തങ്ങളുടെയും പ്രവ ചനങ്ങളുടെയും നേരെ ഒരു 'കരിത്തു യുദ്ധം'തന്നെ നടത്തി. പാണ്ഡിറ്റ് ലേക്ചറും, അബ്ദുള്ളാ അത്തം, ഒരു ക്രിസ്ത്യൻ പുരോഹിതൻ എന്നിവരു ടെ ദാരുണമായ അന്ത്യത്തിനു അതു കാരണമാവുകയുംചെയ്തു. ക്രിസ്ത്യാ നികളെ വിശ്വസിക്കുന്നതുപോലെ യേശുക്രിസ്തു ഒരിക്കലും കുരിശുമരണം പ്രാപിച്ചിട്ടില്ലെന്നും നേരേമറിച്ചു അ ദ്ദേഹം ഇന്ത്യയിൽ അഭയംപ്രാപിക്ക കയും കാശ്മീരിൽവച്ചു പരലോക പ്രാപ്തനാവുകയുമാണ് ചെയ്തതെന്നും അഹമ്മദിയാപ്രസ്ഥാനത്തിന്റെസ്ഥാ പകൻ പ്രഖ്യാപിക്കുകയുണ്ടായി. ശ്രീ നഗരിലുള്ള യൂസ് ആസഫ് ശവകുടീ രത്തിലാണ് യേശുക്രിസ്തുവിന്റെ മൃത ദേഹം അടക്കംചെയ്തിരിക്കുന്നതെന്നും കൂടി അദ്ദേഹം കണ്ടുപിടിച്ചു!

ആദ്യകാലത്തു് ഈ പുതിയ വി ശ്വാസത്തെ ആശ്ലേഷിച്ചവരുടെ സം ഖ്യ തുലോം പരിമിതമായിരുന്നു.

മിർസാ ഗുലാംഅഹമ്മദിനെത്തുട ർന്ന പ്രസിദ്ധ അറബിപണ്ഡിതനും ഭിഷഗ്വരനുമായ മൌലവി നൂർ-ഉ ദ്-ദീനാണ് അഹമ്മദീയാപ്രസ്ഥാന ത്തിന്റെ തലവനായിത്തീർന്നു. 1914-ൽ അദ്ദേഹത്തിന്റെ മരണ ത്തെത്തുടർന്നാണ് അഹമ്മദീയാപ്ര സ്ഥാനസ്ഥാപകന്റെ പുത്രനായ മീർ സാ ബഷീർ ഉദ്-ദീൻ മഹമൂദ് അ ഹമ്മദ് ഖാദിയാനികളുടെ ആദ്ധ്യാ ത്മികനേതാവായി തിരഞ്ഞെടുക്ക പ്പെട്ടതു്. ഇപ്പോഴും അദ്ദേഹംത ന്നെയാണ് അവരുടെ കാലിഫ്.

വിവിധകേന്ദ്രങ്ങളിൽനിന്നുള്ള അ ത്യുത്സാഹമായ എതിർപ്പുകളും ഉണ്ടായിട്ടും പ്രസ്ഥാനത്തിന്റെ ഒരു മുച്ചൂട്ടു വേഗ ത സിദ്ധിക്കുകയാണുണ്ടായതു്. അ ഹമ്മദീയാപ്രസ്ഥാനക്കാരുടെ എണ്ണം ഇന്നു പത്തുലക്ഷത്തിനുമേൽവരും. ഇ ന്ത്യയോടടുത്തുള്ള എല്ലാ രാജ്യങ്ങളി ലും അവരെ കാണാറുണ്ടെന്നതാണ്. അ തിൽപെട്ട ചില വ്യക്തികളും മ ഹാ ബുദ്ധിമാന്മാരും കഴിവുള്ളവ രുമാണ്. ആഫ്രിക്ക, ബ്രിട്ടൻ, അ മേരിക്ക എന്നിവയുൾപ്പെടെ ലോക ത്തിലെ ഒട്ടനേകം രാജ്യങ്ങളിൽ അ ഹമ്മദിയാപ്രസ്ഥാനത്തിനു ശാഖകളു ണ്ടു്. ജ്ഞാനമാരെപ്പോലെതന്നെ അ ഹമ്മദിയാക്കളും അവരുടെ ജനസം ഖ്യയെ അതിലംഘിക്കുന്ന സ്വാധീ നശക്തിയാണു ചെലുത്തിവരുന്നതു്. സമുദായത്തിന്റെ സർവ്വതോമുഖമായ സാമ്പത്തികാഭിവൃദ്ധിയാണ് അതി ന്റെ പ്രധാനകാരണം.

അഹമ്മദിയാ പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പംതന്നെ ഖാദിയാൻ പട്ടണത്തിനും വളർച്ചയുണ്ടായിട്ടുണ്ടു്. പുതിയതരം ഫാക്ടറികളും പലതും അവിടെ സ്ഥാപിച്ചുകഴിഞ്ഞിരിക്കു ന്നു. സ്കൂളുകളുടേയും ആസ്പത്രികളു ടേയും സംഖ്യ അധീകരിച്ചിരിക്കുന്നു. ആധുനികരീതിയിലുള്ള ഒരു നഗരം കെട്ടിപ്പടുക്കുവാനുള്ള ശ്രമമാണ് ഖാ ദിയാനികൾ നടത്തിക്കൊണ്ടിരിക്കു ന്നതു്. പുതിയ വിശ്വാസത്തിന്റെ ആസ്ഥാനമാണ് ഖാദിയാൻ. അ ഹമ്മദിയാക്കൾ ലോകത്തിന്റെ ഏ തുകോണിൽ കഴിഞ്ഞുകൂടുന്നവരായാ ലും ശരി, പ്രചോദനത്തിനുവേണ്ടി എപ്പോഴുമവർ ഖാദിയാനയിലേയ്ക്കും ണ തങ്ങളുടെ കണ്ണുകളയയ്ക്കുന്നു. പ്രധാനപ്പെട്ട പല അഹമ്മദിയാസ മുദായക്കാരുടേയും താമസസ്ഥലം ഖാദിയാൻതന്നെയാണ്. എല്ലാകൊ ല്ലവും ഡിസംബർ മാസത്തിൽ അവർ ഒരുമിച്ചുകൂടുന്നു.

അഹമ്മദിയാക്കളും യഥാസ്ഥിതി കമുസ്ലിമിങ്ങളും തമ്മിലുള്ള പ്രധാ നവ്യത്യാസം മതപരയുദ്ധ (ജിഹാദ്) ത്തെ ആദ്യത്തേക്കുട്ടർ അങ്ങേയറ്റം വെറുക്കുകയും ആയുധങ്ങൾകൊണ്ടുപക രം വാദപ്രതിവാദത്തിന്റെയും പ്രേ രണയുടേയും മാർഗ്ഗം സ്വീകരിക്കു കയും ചെയ്യുന്നുവെന്നതാണ്. ഇ സ്ലാമിന്റെ മഹത്തായ ഒരു യോഗ്യ വായിരിക്കുമെന്നുള്ള സിദ്ധാന്തത്തോ ടു് അഹമ്മദിയാക്കൾക്കു് യാതൊരു മതിപ്പുമില്ല.

വിഭജനത്തിനുമുമ്പു് മദ്ധ്യപഞ്ചാ ബിലെ മിക്കപട്ടണങ്ങളിലും അഹ മ്മദിയാസമുദായക്കാരും ആയുസമാ ജപ്രവർത്തകരും തമ്മിൽ കൂട്ടുകൂടെ മതപരമായ ചർച്ചകൾ നടത്തുന്നതു കാണാമായിരുന്നു. മത്സരക്കളിക ടെ മാതൃകയിലായിരുന്ന ഈ വാദ പ്രതിവാദങ്ങളിലധികമെങ്കിലും സ മുദായസൗഹാർദ്ദത്തിനു് ഭംഗമുണ്ടാ കുവാനും അവ കാരണമായിട്ടില്ലെന്നില്ല.

അവരുടെ ആദ്ധ്യാത്മികഗുരുവാ യ മീർസാ ബഷീർ ഉദ്-ദീൻ അഹ മ്മദ് തന്റെ ഭരിപക്ഷം അനുയാ യികളുമൊരുമിച്ച് പാക്കിസ്ഥാനിലേ യ്ക്കു പോയുകയുണ്ടായെങ്കിലും ഖാദി യാനിയിലെ കാര്യങ്ങൾ നോക്കുന്ന തിനായി 300 അഹമ്മദിയാക്കളെ അദ്ദേഹം നിയോഗിച്ചിരുന്നു. പ ഞ്ചാബിൽ വർഗ്ഗീയലഹള നടന്ന പ്പോൾ ഒരൊറ്റ അഹമ്മദിയാക്കാരെ നെങ്കിലും രക്തം ചിന്തേണ്ടിവരിക യോ വസ്തുനാശം സംഭവിക്കുകയോ ഭവനഭേദനത്തിന്നിരയാവുകയോ ഉണ്ടായില്ലെന്നുള്ളതു് പ്രത്യേകം പ്ര സ്താവ്യമാണ്. പാകിസ്ഥാനിലേയ്ക്കു പോയ അഹമ്മദിയാഗുരു മീർസാ ബഷീർ-ഉദ്-ദീൻ അഹമ്മദ് ആദ്യം ലാഹോറിലാണ് താമസമാരംഭിച്ചു തെങ്കിലും സ്ഥാനസമീപമുള്ള റബ് വായിലേയ്ക്കു തന്റെ ആസ്ഥാനം മാ റ്റുകയുണ്ടായതു്. ഇന്നവിടം പാകിസ്ഥാൻകാരായ അഹമ്മദിയാ ക്കളുടെ പ്രചോദനകേന്ദ്രംകൂടിയായി രിക്കുന്നു.

"കലയേ കുമാരീം"

★

1

വേത്രയാബ്ജിവേനിമ്മലവീചിജാല-
സംഘഷ്ടണോജ്വലമനോഹരപാദപീഠാം,
യോഗേശ്വരീം, ധൃതപരോമയഭിവ്യമൂർത്തിം,
കന്യാം, അഭീഷ്ടവരദാം, കലയേ കുമാരീം.

2

ബാലാർക്കകോടിനിഭഭാസുരഗാത്രവർണ്ണാം,
നീലാഭ്രകോമളസുദീർഘശിരോരുഹാഢ്യാം,
ശൈലാധിരാജതനയാം, ശിവഭാവപൂർണ്ണാം,
കന്യാം, അഭീഷ്ടവരദാം, കലയേ കുമാരീം.

3

മന്ദസ്മിതാർദ്രവദനാം, മധുപാനമത്ത-
ഭൃംഗാവലീചലിതമാല്യധരാം, മനോജ്ഞാം,
ഇന്ദ്രാച്ചിതാം, ശശികലാവിലസൽകിരീടാം,
കന്യാം, അഭീഷ്ടവരദാം, കലയേ കുമാരീം.

4

ഭക്താർത്തിഭഞ്ജനസമുദ്യതദീർഘനേത്രാം,
നിത്യാം, നിരുദ്ധവിഷയാം, നിഗമാന്തരസ്ഥാം,
സച്ചിന്മയീം, സകലലോകനുതാം, ശരണ്യാം,
കന്യാം, അഭീഷ്ടവരദാം, കലയേ കുമാരീം.

5

സർഗ്ഗസ്ഥിതിപ്രളയസാക്ഷിണി, സർവ്വശാസ്ത്ര-
തത്വപ്രപഞ്ചരചിണി, മഹേശി, ജഗത്സവിത്രി,
അത്യന്തനിർമ്മലരതിസ്തവപാദപത്മേ
കന്യാകുമാരി, മമദേഹി; നമസ്തരോമി.

S. S.

128 കുംഭം 30.

★

ഏതു നല്ലകാര്യത്തിനും മുൻകൈയെടുത്തു പ്രവർത്തിക്കുവാനുള്ള ഉത്സാഹം അഹമ്മദീയാക്കളുടെ ക്രെഡിറ്റിലപ്പെടുത്തണമെന്നു തോന്നിപ്പോകും. സാമ്പത്തികമായി അവരുടെ സ്ഥിതി വളരെ മികച്ചതാണ്. 95-ശതമാനം പേർക്കും വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ട്. വാണിജ്യവ്യവസായങ്ങളിലും അവരുടെ സ്ഥിതി അഭിമാനകരംതന്നെ. അഹമ്മദീയാക്കളിൽ പലരും സിവിലും മിലിട്ടറിയുമായ ഉദ്യോഗങ്ങളിൽ ഉയർന്ന സ്ഥാനങ്ങളും വഹിക്കുന്നു. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു് ഏതാണ്ട് 7000 അഹമ്മദീയാക്കൾ പട്ടാളത്തിൽ ചേരുകയുണ്ടായി. പാകിസ്ഥാനിലെ സാമ്പത്തികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ അവർ ചെലുത്തുന്ന സ്വാധീനശക്തി അവരുടെ എണ്ണംവെച്ചു പരിശോധിക്കുവാനാവിധം പരിമിതമല്ല. പാകിസ്ഥാനിൽ ഇപ്പോൾ അവർക്ക് അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾക്കുമതപരം, രാഷ്ട്രീയം, സാമ്പത്തികം അങ്ങനെ വളരെ കാരണങ്ങളുണ്ട്. യാഥാസ്ഥിതികമൌലവിമാർ അവരെ മുസ്ലിമീങ്ങളായിത്തന്നെ കണക്കാക്കുന്നില്ല. സാധാരണക്കാരായ മുസ്ലിമീങ്ങൾക്കാണെങ്കിൽ അവരുടെ സാമ്പത്തികാഭിവൃദ്ധിയിലും, രാഷ്ട്രീയകാര്യങ്ങളിൽ അവർ ചെലുത്തുന്ന സ്വാധീനശക്തിയിലും അങ്ങേയറ്റത്തെ അസൂയയാണുള്ളതു്. ഒരു കണക്കിൽ പറയുകയാണെങ്കിൽ മതപരതത്ത്വത്തിന്റെ മൂടുപടമണിഞ്ഞ ഇപ്പോഴത്തെ അഹമ്മദീയാ വിദ്വേഷത്തിന്റെ അടിസ്ഥാനം സാമ്പത്തികവും രാഷ്ട്രീയവുമായ അസൂയയാണു്. പാകിസ്ഥാൻ വിദേശകാര്യമന്ത്രി മി: സഫറുല്ലാഖാൻ പ്രധാനമന്ത്രി ഖ്വാജാനാസിമുദ്ദീനമായി പുലർത്തിപ്പോരുന്ന സൗഹൃദബന്ധവും അവർക്ക് അരോചകമായിരിക്കുകയാണു്.

പാകിസ്ഥാനിലെ ഈ രാഷ്ട്രീയവിദ്വേഷംമൂലം അഹമ്മദീയാക്കാരായ പലരും ഇന്ത്യയിലുള്ള തങ്ങളുടെ ജന്മദേശത്തേയ്ക്കു തിരിച്ചുപോരുവാൻ തുടങ്ങിയിട്ടുണ്ട്. ഖാദിയാനിയിൽവെച്ചു കൂടാവുള്ള വാർഷികസമ്മേളനങ്ങളിൽ സംബന്ധിക്കുന്നവരുടെ എണ്ണം വിഭജനത്തിനുമുമ്പുള്ള സ്ഥിതിയിലേയ്ക്കു എത്തുവാൻ തുടങ്ങിയിരിക്കുന്നു. ഇസ്ലാമിന്റെ പേരിൽ ഭരണം നടത്തുന്ന പാകിസ്ഥാനിലേക്കാൾ യാഥാസ്ഥിതികമുസ്ലീമീങ്ങളേയും അഹമ്മദിയാക്കളേയും ക്രിസ്ത്യാനികളേയും ഹിന്ദുക്കളേയും തുല്യനിലയിൽകാണുന്ന ഇന്ത്യയുടെ ഭരണകർത്താക്കൾ ഇടയിലാണ് തങ്ങൾക്കു ജീവിക്കുവാനും വളരുവാനും സൗകര്യമെന്ന വസ്തുത പിന്നെപ്പിന്നെ ബോദ്ധ്യപ്പെട്ടുവരികയാണ്. ഇന്ത്യയെ ഇന്നു അവർ തങ്ങളുടെ ആഭ്യന്തരകേന്ദ്രമായാണു കണക്കാക്കുന്നതു്.

—o—

തിബ്ബ്യൂനാനി ചികിത്സാസമ്പ്രദായം

★

പാശ്ചാത്യവൈദ്യശാസ്ത്രത്തിന്റെ തുപോലെ തിബ്ബ്യൂനാനി ചികിത്സാസമ്പ്രദായത്തിന്റെയും ഉത്ഭവം ഹിപ്പോക്രാറീസ് എന്ന മഹാൻ ആചാര്യനായുള്ള ഗ്രീക്കുചികിത്സാശാസ്ത്രത്തിൽനിന്നാണെന്നാണു പറയപ്പെടുന്നതു്. ഹിപ്പോക്രാറീസിന്റെ തത്വങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന കൃതികളും അറബിഭാഷയിലേയ്ക്കു തർജ്ജമചെയ്യപ്പെട്ടു. അറബി ഭിഷഗ്വരന്മാർ യൂറോപ്പിലെ മുസ്ലിംമേധാവിത്വകാലത്തു ഹിപ്പോക്രാറീസിന്റെ ചികിത്സാസമ്പ്രദായം വീണ്ടും യൂറോപ്യൻരാജ്യങ്ങളിൽപ്രചരിപ്പിക്കുകയുണ്ടായതു്. അറേബ്യയിൽനിന്നു പ്രസ്തുത ശാസ്ത്രം ഇറാൻ, ഇൻഡ്യ തുടങ്ങിയ രാജ്യങ്ങളിലും പ്രചരിച്ചു. ഇൻഡ്യയിൽ പ്രചരിച്ച അറേബ്യൻ അഥവാ ഗ്രീക്കുവൈദ്യശാസ്ത്രം ഇന്ത്യയിലെ ആയുർവ്വേദവുമായും സമ്പർക്കത്തിൽ ഏർപ്പെടുകയും രണ്ടു ശാസ്ത്രങ്ങളിലും പല പരിവർത്തനങ്ങളും ഉണ്ടാകയും ചെയ്തിട്ടുണ്ട്. ആയുർവേദവൈദ്യശാസ്ത്രത്തിനു ഗ്രീക്കുവൈദ്യശാസ്ത്രവുമായി പ്രാചീനകാലത്തു ബന്ധമുണ്ടായിരുന്നെന്നു വിശ്വസിക്കപ്പെടുന്നുണ്ട്.

തിബ്ബ്യൂചികിത്സാശാസ്ത്രം പല പ്രധാന കണ്ടുപിടിത്തങ്ങളും നടത്തിയിട്ടുണ്ട്. പക്ഷേ അവ ശാസ്ത്രമായവിധത്തിൽ പരിശുദ്ധീകരിക്കുന്നതോ പ്രചരിപ്പിക്കുന്നതിനോ ഉള്ള സഹായങ്ങളും അവർക്കില്ലായിരുന്നു. പരിണാമസിദ്ധാന്തത്തിന്റെ 9-ാംശതകത്തിലെ ഒരു അറബിഭിഷഗ്വരനായ ജബിർമസ്സൂഫ് ഏതാണ്ടിപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: ധാതുക്കളുടെ അവസാനം സസ്യങ്ങളുടെ ആരംഭം; സസ്യങ്ങളുടെ അവസാനം ജന്തുക്കളുടെ ആരംഭം; ജന്തുക്കളുടെ അവസാനം മനുഷ്യന്റെ ആരംഭം. അക്ബർചക്രവർത്തിയുടെ കാലത്തെ ഒരു ഇൻഡ്യൻ ഭിഷഗ്വരനായ ഷക്കീം ഷൊറാജിലാനി രക്തസഞ്ചയത്തെപ്പറ്റിയും അറിഞ്ഞിരുന്നതായി കാണുന്നു. 17-ാംശതകത്തിൽ ടർക്കിയിൽ മസൂരിനിരോധനത്തിനായി ഒരുതരം കുത്തിവയ്പുസമ്പ്രദായം നടപ്പിലുണ്ടായിരുന്നതായും പറയപ്പെടുന്നു.

(From I. W. I.)

★

അമേരിക്കയിൽ ബുദ്ധന്റെ ജന്മദിനം ആഘോഷിക്കുന്നു

★

ന്യൂയോർക്ക്, ഏപ്രിൽ 15—യൂണൈറ്റഡ് സ്റ്റേറ്റ്സിന്റെ നാനാഭാഗങ്ങളിലായി 73 000 ബുദ്ധമതസ്ഥർ കഴിഞ്ഞ വാരാന്ത്യത്തിൽ ഗൗതമബുദ്ധന്റെ 2519-മത്തെ ജന്മദിനം ആഘോഷിച്ചു.

റവറൻഡ് ഹോസൻസേകി ന്യൂയോർക്കിലെ ബുദ്ധക്ഷേത്രത്തിൽവച്ചു 'വേശക്' ദിനകർമ്മങ്ങൾ അനുഷ്ഠിച്ചു. കൊളംബിയാ യൂണിവേഴ്സിറ്റിയിലെ ജാപ്പനീസ് സംസ്കാരപ്രഫസ്സറായ സുസുക്കി സുനോദാ തദവസരത്തിൽ ഒരു പ്രസംഗംചെയ്തു. ക്ഷേത്രത്തിന്റെ മുൻവശത്തുവച്ച് കുന്തുരുക്കം എരിക്കുകയും, ബുദ്ധപ്രതിമയ്ക്കു തൈലാഭിഷേകം കഴിക്കയുംചെയ്തു.


ഷിക്കാഗോവിലെ ആഘോഷങ്ങളും മെഴുകുതിരിയും പൂക്കളും കുന്തുരുക്കവുംവഹിച്ചുകൊണ്ടു നടന്ന ഒരു പ്രദക്ഷിണത്തോടുകൂടി ആരംഭിച്ചു. "ബുദ്ധൻ നമ്മെ എന്തു പഠിപ്പിക്കുന്നു" എന്ന വിഷയത്തെപ്പറ്റി ഡോ: സുന്ദർജോഷി പ്രസംഗിച്ചു. റവറസ്തോമയ് കുബോസിന്റെ 'ബുദ്ധന്റെ സമാധാനജീവിതമാർഗ്ഗം' എന്ന വിഷയം ആസ്പദിച്ച ഒരു പ്രസംഗവുമുണ്ടായിരുന്നു.








മുകളിൽ—ഇടത്തുനിന്ന്—1) ഡെൽഹിയി
ആസാദ് ഉൽഘാടനംചെയ്യുന്നു. 2) സ്റ്റോറ
ചാൻസലർമാരുടെയും ഡെൽഹിയിൽ ഏപ്പ
മന്ത്രി മൗലാനാ ആസാദ് ഉൽഘാടനംചെയ്
സംബന്ധിച്ചുള്ള യോഗത്തിൽ വൈസ്പ്രസി
ചെയ്യുന്നു. 4) ലക്സംബർഗ്ഗ് കിരീടാവകാ
ചാർലോട്ടുമായുള്ള വിവാഹംസംബന്ധിച്ചുള്ള

താഴെ—ഇടത്തുനിന്ന്—1) എസ്സ്. എൻ.
ക്ഷൻ ശ്രീ. കുഞ്ഞുരാമൻ വലതു അറാഞ്ഞും
സ്സ്രൂംവാർഷികത്തിൽ ബാലികമാരുടെ











ിൽ ശാസ്ത്രീയ-വ്യാവസായികഗവേഷണശാല മന്ത്രാനം
റ വിദ്യാഭ്യാസമന്ത്രിമാരുടെയും സർവകലാശാലാവൈസ്
ിൽ 18-ാംനു കൂടിയ സമ്മേളനം കേന്ദ്രവിദ്യാഭ്യാസ
ന്നും. 3) ഇൻഡ്യൻറെയിൽവേ ശതവത്സരാഘോഷം
ിധാൻ ഡാക്ടർ രാധാകൃഷ്ണൻ അദ്ധ്യക്ഷപ്പസംഗം
ി ജീൻരാജകുമാരനും ബൽജിയത്തിലെ ജോസഫീൻ
സ്മാരകസ്റ്റാമ്പ്".

.ഡി. പി. ജൂബിലിസമ്മേളനരംഗം. സമ്മേളനാദ്ധ്യ
ടുത്തു മിസ്സിസ് കുഞ്ഞുരാമനും. 2) സെൻട്രോമ
ലാപ്രകടനം.



"സ്നേഹിക്കുക, മരിക്കുക!"



— പുളിമൂട്ടിൽ —

വലതുകൈയിലെ ചൂണ്ടുവിരൽ ടാപ്പിനീരിൽ ഇട്ടുകൊണ്ട് ഉമ്മറപ്പടിയിൽ ഇരിക്കുകയാണ് സാവിത്രി.

കൂലികഴിഞ്ഞു ഈറൻമാറാത്ത തവമുടി രണ്ടുവശത്തേയ്ക്കായി പിരിച്ചിട്ട്, ഉയർത്തികെട്ടിയിരിക്കുന്ന മുൻമുട്ടുകളിൽ മുഖവും താങ്ങിവച്ച്, ടാപ്പുകാലിലെ തള്ളവിരലിലെ നഖത്തിലേയ്ക്ക് സൂക്ഷിച്ചുനോക്കി, മറ്റേയ്ക്കാതോടം മാരണമായ ശക്തിയോടെ പറിച്ചിപ്പിടിക്കുന്ന ഒരഴകുള്ള തെറിനെ എന്നപോലെ ആ നഖത്തിൽ നിന്നും എന്തോ തുടച്ചുമാറ്റിയായി തുടച്ചുമാറ്റിക്കൊണ്ടേ, കനിഞ്ഞിരിക്കുന്ന ആ ഇരുപ്പിൽ വേദനയുടെ ഒരു മഹാകാവ്യംതന്നെ മറഞ്ഞിരിപ്പുണ്ട്.

ആണായാലും പെണ്ണായാലും കുടുംബത്തിൽ മൂത്തസന്തതിയായി ജനിക്കുന്നതിൽപരം നിർഭാഗ്യത വേറെയില്ല. ആണായാൽ അച്ഛന്റെ ചുമതലകൾ ഏറ്റെടുത്തു് അധ്വാനിച്ചു കുടുംബം പോറ്റുക. പെണ്ണായാൽ അമ്മയ്ക്കു കൈസഹായമായി നിന്നു കുടുംബക്ലേശങ്ങളൊക്കെ പങ്കിട്ടെടുത്തു വീട്ടുനടത്തുക. ഒരനുജനോ അനുജത്തിയോ ആയി ജനിച്ചാൽ യാതൊരു ഉപദ്രവവുമില്ല. എന്തു തെറ്റുചെയ്താലും ക്ഷമിക്കാനും ഉണ്ടാവും. എന്താഗ്രഹിച്ചാലും സാധിച്ചു കിട്ടുകയുംചെയ്യും.

വളരെ ആലോചിച്ചിട്ടും കാര്യം തിരിഞ്ഞു് ആ നിഗമനത്തിലാണ് സാവിത്രി എത്തിച്ചേർന്നതു്. നേരം വെളുത്തില്ല; എത്ര തൊടുകുറിക്കുണ്ണോ അവളെയൊന്നു പ്രതിക്കൂട്ടിൽ കയറ്റിക്കഴിഞ്ഞതു്? നിസ്സാരകാര്യങ്ങൾ! അപ്പപ്പോഴത്തെ വായുവിൽ ലയിപ്പിച്ചുകളയേണ്ട കാര്യങ്ങൾ! ഭയങ്കര വാശ്വാദത്തിലും വടംവലിയിലും വന്നേ അവസാനിക്കൂ.

തലേന്നു രാത്രിയിലത്തെ തണുപ്പിൽ, ഒരു ഭിക്ഷക്കാരി വന്നുകരഞ്ഞിട്ട്, ഒരു കീറിയ സാരിയുടെ പകുതികീറി സാവിത്രി അവൾക്കു കൊടുത്തുപോയി. ആടുത്തെ മഹാപരാധം!

"നിനക്കിതിന്റെ ആവശ്യം വല്ലതും ഉണ്ടായിരുന്നോടീ?—"അമ്മയും പാതി സാരിയും ഉയർത്തിപ്പിടിച്ചുകൊണ്ട് കലിതുള്ളി; ഏതാണ്ടു കാര്യവും കാണിക്കാനുള്ള അവകാശം മുഴുവൻ വീട്ടിലെരാൾ മാത്രമായി കുത്തകപിടിച്ചിരിക്കുന്നപോലെ.

"ആരോടു ചോദിച്ചിട്ടാ ഇവളീ ചെയ്തതു്. ഒരു കൊച്ചമ്മ! 'അച്ഛൻ അകത്തിരുന്ന കൊണ്ടൊരുവ്യാഖ്യാനം. ശരിയല്ലേ? ഗവൺമെന്റ് സംഗ്രഹം മേടിച്ചുകൊണ്ടു ചെയ്യേണ്ടിയിരുന്നു. അച്ഛൻ സബ്ട്രഷറി ആഫീസറായിരുന്നപ്പോൾ ചെയ്തുകൂട്ടിയിട്ടുള്ള കശാപ്പുജോലി (Butcher's work) കളെപ്പറ്റി സാവിത്രി വേണ്ടുവോളം കേട്ടിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ ശമ്പളബില്ലുകളങ്ങോട്ടുവന്നാൽ, തന്നെപ്പോലെതന്നെ മുപ്പതു ദിവസവും ചോര നീരാക്കി പണിയെടുത്തതിന്റെ ശമ്പളമാണ മറവുള്ളവരും അവകാശപ്പെട്ടന്നതെന്നോർക്കാതെ, വള്ളിക്കും പുള്ളിക്കും കുറവും പറഞ്ഞു 'ഒബ്ജക്ഷൻ' ചെയ്തങ്ങു മടക്കിയയയ്ക്കുക! വല്ലവിധേനയും അതു പരിഹരിച്ചോണ്ടു വരുമ്പോൾ കാണാം ഒന്നൊന്നേമുക്കിയതു ഒന്നതു പോലിരിക്കുന്നവനെ് മറ്റൊരൊബ്ജക്ഷൻ. അങ്ങനെ കുറഞ്ഞതു് പത്തുപ്രാവശ്യമെങ്കിലും യാതൊരു കാര്യവുമില്ലാതെ നടത്തിച്ചിട്ടു ഒടുവിൽ പാസും, "ഇന്നിനി 5 ആയിപ്പോയി. നാളെവാ" എന്ന്! കൈകൾ തളർന്നുകിടക്കുന്ന ഒരു വാതരോഗിയാണെങ്കിൽപോലും ചാടി എഴുനേറ്റു് ചെകിടുപൊളിച്ചിട്ടു പോകും ആ മട്ടുകണ്ടാൽ! ഒരിക്കലൊരു ചെറുപ്പക്കാരനായ ഉദ്യോഗസ്ഥൻ, അച്ഛനോടുകൂടി എന്നും ബസ്സിൽ വരുന്ന പരിചയംവച്ചുകൊണ്ടു വീട്ടിൽ വന്നു. തന്റെ മൻഗാമിയായ ഉദ്യോഗസ്ഥൻ ചെയ്ത തെറിനു തന്റെ ശമ്പളത്തിൽനിന്നും ത്രുപാ പിടിച്ചതു് ശരിയാണോ. ശരിയാണെങ്കിൽ എങ്ങനെയതു മടക്കിമേടിക്കാം? എന്നദ്ദേഹമൊന്നു ചോദിച്ചുപോയി. അച്ഛൻ ഗർവ്വിഷ്ഠനായങ്ങുമാറി: "അതൊന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. We are like butchers. കൊല്ലെടാ എന്നു പറഞ്ഞാൽ കൊല്ലണം. അത്രയേയുള്ളൂ. മടക്കി മേടിക്കുന്നതെങ്ങനെയെന്നും പറഞ്ഞുതരാൻ നിവർത്തിയില്ല. 'ഫിനാൻസ്' ആൻഡ് അക്കൗണ്ടുകോഡി'ൽ ഡ്രായിംഗ് ആഫീസേർസിനെ ഉപദേശിക്കുവാനുള്ള പ്രൊവിഷനില്ല." വീട്ടിൽ പെൺപിള്ളേർ ഇരുന്നതുകൊണ്ടോ എന്നെന്നു തോന്നുന്നു അദ്ദേഹം സമരത്തിനു നില്ക്കാതെ മിണ്ടാതെ മടങ്ങിപ്പോയി. നേരംപോക്കതല്ല. അദ്ദേഹം പോയിക്കഴിഞ്ഞപ്പോൾ അച്ഛൻ പിറുപിറുക്കുകയാണ്: "ഉം! എന്റെ മകനാകാനുള്ള പ്രായമില്ല. എന്നേക്കാൾ ശമ്പളം. യാത്രപ്പടി വേറേയും!—"

അങ്ങനത്തെ അച്ഛൻ! വല്ലവരും അധ്വാനിച്ചിട്ട് ചെല്ലേണ്ട പാണത്തിന്റെ കാവൽഭടനായി ഒരു നിമിഷനേരമെങ്കിലും കൂട്ടുതലിരിക്കാൻ സാധിച്ചാൽ അത്രയ്ക്കും മുകളിയായെന്നാണ് അച്ഛന്റെ പക്ഷം. അതുകൊണ്ടെന്തുവേണ്ടി? റിട്ടയർ ചെയ്തിട്ടും "ഒബ്ജക്ഷൻ പപ്പ" വെന്നാണ് അച്ഛനെയിന്നാട്ടുകാരും വിളിക്കുന്നതു്! ആ അച്ഛൻ, പിന്നെ കിറിയ ഒരു സാരിയുടെ ശകലം കീറി ഭിക്ഷക്കാരിക്കുകൊടുത്തതു ആരുടെ ഉത്തരവോടാണെന്നു ചോദിച്ചാൽ അതിലെന്താണെന്നുള്ളതും?

"സാരികൊടുത്തതു പോകട്ടെ. ആ എറണാംകുട്ടതിനെല്യൊ കൊടുത്തിരിക്കുന്നതു്?" സൌദാമിനി,—സാവിത്രിയുടെ അനുജത്തി മെല്ലെ രംഗത്തുവന്നു. ഉയർന്നവരുന്ന ഒരു കലാകാരിയാണു സൌദ; നല്ലൊരു നർത്തകി. അവർക്കു ഹിതമാകാഞ്ഞതു് ഭിക്ഷക്കാരിയുടെ സ്വഭാവമാണ്.

"ആരെക്കെ എന്തൊക്കെ പറഞ്ഞാലും ഞാനെന്റെ സാവിത്രിചേച്ചിയുടെ കൂട്ടം. ധർമ്മമാണെന്റെ ധനം!—" സൌദയ്ക്കും ഇളയതായ ബാലൻ അഭിപ്രായപ്പെട്ടു. ആര്യ! അവനെങ്കിലും ഉണ്ടല്ലോ ഒരു കൂട്ടെന്ന ആശ്വാസത്തോടെ സാവിത്രി ബാലനെനോക്കി. ബാലൻ ചിരിച്ചുകൊണ്ടു തുടർന്നു: "പക്ഷേ, പാതികൊടുത്തതു ലബ്ബായിപ്പോയി. മുഴുവൻ കൊടുക്കേണ്ടിയിരുന്നു."

സാവിത്രി വിളറിപ്പോയി.

"എന്റെ ഇഷ്ടമാ അതു്. എന്റെ സാരി ഞാൻ ആർക്കെങ്കിലും കൊടുക്കും." എന്നു് കണ്ടിച്ചൊരുത്തരം കൊടുത്തിട്ടു മിണ്ടാതിരിക്കേണ്ട കാര്യമേ സാവിത്രിക്കുണ്ടായിരുന്നുള്ളൂ. പക്ഷേ, അവൾക്കതു പറയാൻ കൊള്ളാമോ? കുടുംബത്തിൽ മൂത്തവളല്ലേ? എല്ലാം സഹിക്കാനും പൊറുക്കാനും കടമപ്പെട്ടവൾ? എല്ലാവർക്കും മാർഗ്ഗദർശനം ചെയ്യേണ്ടവൾ! അവൾക്കു ലഭിക്കേണ്ട പങ്കു് മറ്റുള്ളവർ നിഷേധിച്ചാലും മറ്റുള്ളവർക്കു ലഭിക്കേണ്ടതു് അവൾ നിഷേധിക്കാറില്ല. സാവിത്രി മൂളുവായി വിശദീകരിച്ചു:

"ഇന്നലെ, അമ്മേ, വിളക്കുവച്ച നേരത്തിനു അവളും മൂന്നുകൊച്ചുങ്ങളുംകൊണ്ടു വിറച്ചു കിടുങ്ങി ഈ പടിക്കൽ വന്നു. ഒന്നിനു പനികയറി തീപോലിരുന്ന മേലെല്ലാം. മറ്റേതു രണ്ടിനും, തണുപ്പുകൊണ്ടു ഒരു വല്ലാത്ത വിറയലും കിടുകിടുപ്പും. ആ തള്ള ആകപ്പാടെ ഒരു ക്രാ മൂളത്തിട്ടുണ്ട്. കൊച്ചുങ്ങളുണ്ടെങ്കിൽ പിന്നപ്പറയേണ്ടതുണ്ടോ! എങ്ങനെ കൊടുക്കാതിരിക്കും. ആ കൊച്ചുങ്ങടെ മേത്തിട്ടെന്നും പുതപ്പിക്കാനൊരു ശകലം പഴന്തുണി ചോദിച്ചാൽ? ഇപ്പോഴത്തെ തണുപ്പ് അമ്മയ്ക്കറിയാം. എട്ടുകമ്പിളിയിട്ട് മൂടിപ്പുതച്ചിട്ടു വീണ്ടും തടിക്കുതടി താളമടിക്കുകയാണ്. അങ്ങനത്തെ തണുപ്പത്തു ആ ദീനം പിടിച്ച കൊച്ചുങ്ങളേയുംകൊണ്ടു മുട്ടുണിയില്ലാതെ മടുണിയില്ലാതെ കിടന്നാരങ്ങേണ്ടിവരുക! കഷ്ടം! എന്നാരമ്മേ! ഇവിടേയും ഇല്ലേ കുഞ്ഞുങ്ങൾ? നമുക്കും വരില്ലേ ദീനവും ഭണ്ഡവും? എന്തെങ്കിലും ഒരു കാരുണ്യം മറ്റുള്ളവരോടു ഇരന്നുപോകുന്ന സന്ദർഭങ്ങൾ എത്ര വലിയ ആളുകൾക്കും ജീവിതത്തിൽ വന്നുപോവുകയില്ലേ? ആ ജീവകാരുണ്യംകൊണ്ടിട്ടു ചെയ്യുപോയതാ."

അമ്മയും അച്ഛനും ബാലനും, മുഖയിൽ കല്ലുവരി എറിയുംപോലെ അല്പനേരംകൂടി പിറുപിറുത്തുകൊണ്ടിരുന്നിട്ടു അവരവരുടെ ജോലിയിലേപ്പെട്ടു. സൌദമാത്രം വീണ്ടും തിളച്ചുകൊണ്ടിരുന്നു. ആ ഭിക്ഷക്കാരി, കുഞ്ഞിപ്പെണ്ണിന്റെ ചരിത്രം അവളുടെ മനസ്സിൽ തികട്ടി തികട്ടി വരുകയാണ്.

ദരിദ്രയെങ്കിലും കാണാൻ കൊതുകമുണ്ടായിരുന്ന കുഞ്ഞിപ്പെണ്ണിനെ നല്ലൊരു ജീവിതം കാത്തുനിൽപുണ്ടായിരുന്നു. അവളുടെ ഒരു ബന്ധുവും സാമാന്യം പ്രമാണക്കാരനും യോഗ്യനുമായ കുട്ടനേട്ടൻ അവളെ വിവാഹം ചെയ്യാൻ വളരെയേറെ ആഗ്രഹിച്ചു. അമ്മയും ബന്ധുക്കളും അയല്പക്കാരും അതിനു അനുകൂലിച്ചു കുഞ്ഞിപ്പെണ്ണു കേട്ടില്ല. അവൾക്കു അയല്പക്കാരനായ ഒരു മോട്ടോർ പീറ്ററെ മതി. കള്ളുകുടിക്കുന്നിവത്തിയില്ലാതായപ്പോൾ സീനിയർഗ്ലാർക്കുമായി അധ്വാപതിച്ചു ഉരുമുറുറി നടക്കുന്ന ഒരു ധൂർത്തനെ! ഒടുവിൽ കുഞ്ഞിപ്പെണ്ണിന്റെ ഇഷ്ടംപോലെ വിവാഹം കഴിഞ്ഞു. കുട്ടിയൊന്നു ജനിച്ചതോടെ ബന്ധുക്കളുടേയും അയല്പക്കാരുടേയും ഭാവന ശരിയായി. കുഞ്ഞിപ്പെണ്ണിന്റെ മേലുള്ള കൌതുകം നശിച്ചിട്ട് ഭർത്താവു് പഴയ തനിനിറമായി ജീവിക്കാൻ തുടങ്ങി. കുഞ്ഞിപ്പെണ്ണു് അമ്മയ്ക്കു ഭാരമായി വീട്ടിലിരുന്നു. കുട്ടനേട്ടൻ വീണ്ടും എത്തി. ബന്ധമൊഴിയാമെങ്കിൽ, കുഞ്ഞിനേയും തള്ളയേയും താൻ സംരക്ഷിച്ചുകൊള്ളാമെന്നു് ആ സ്നേഹതരളിതൻ വാഗ്ദാനംചെയ്തു. അയൽക്കാരെല്ലാം കുട്ടനേട്ടനോടനുകമ്പതോന്നി. വീണ്ടും അവർ കുഞ്ഞിപ്പെണ്ണിനെ ഉപദേശിച്ചു. കുഞ്ഞിപ്പെണ്ണു കേട്ടില്ല. എന്തുവന്നാലും അവൾക്കു മോട്ടോർഫിറ്ററെ മതി! ആ മല്ലടിമുഴുപ്പിയോടുകൂടി, പുരുഷന്റെ താന്തോന്നിത്തത്തിനൊന്നേക്കു് സ്ത്രീസഹജമായുണ്ടാകേണ്ട മനമുരുകുകപോലും കൂടാതെ അവൾ അവനൊപ്പംകൂടെ ഇറങ്ങിത്തിരിച്ചു. ഇ

പ്പോൾ ദേ, കുട്ടികൾ മൂന്നായി. തന്ത തിരിഞ്ഞുനോക്കുകയില്ല. മൂന്നിനേയുംകൊണ്ടവൾ തെണ്ടുകയാണ്. അഹങ്കാരത്തിന്റേയും തോന്നിവാസത്തിന്റേയും ഫലം! ആക്രാന്തനെ അവളോടനുകമ്പതോന്നും' സൌദ പരിഭവസ്വരത്തിൽ പറഞ്ഞു.

"ജീവകാരുണ്യം കാണിക്കുന്നതൊക്കെക്കൊള്ളാം. പക്ഷെ, കാണിക്കേണ്ടവരോടുവേണം കാണിക്കാൻ. അല്ലാത്തവരോടുകാണിച്ചാൽ, അവർ ചെയ്യുകൂട്ടുന്ന പാപത്തിന്റെഫലം നമുക്കുകൂടി പങ്കിട്ടുതിന്നേണ്ടിവരും."

"കഷ്ടം! അവളെന്തോ പാപംചെയ്തെന്നാ?" സാവിത്രി എതുത്തു.

"ഒന്നുംചെയ്തില്ല. ഞാൻ ഇരിക്കുമ്പോഴവൾ വരേണ്ടിയിരുന്നു. എങ്കിൽ നല്ലതിൽ നല്ല ഞാൻകൊടുത്തേനെ. നടക്കുന്ന ഭിക്ഷതെണ്ടാൻ! വർഷംതോറും ഒരോ കൊച്ചിനേയുംപെറോണ്ട്."

"അതിനെന്താടീ ആക്ഷേപം? അസ്സലായിട്ടവക്ക് ഭർത്താവുണ്ട്."

"ഉണ്ടണ്ടെ"! ഇല്ലാതുണ്ടാകുമോ—"

"എന്താ, പരിഹസിച്ചുകളഞ്ഞതു"—"

"പരിഹസിച്ചതല്ല. ഭർത്താവുണ്ടെന്നാ പറഞ്ഞതു". പക്ഷെ, എന്നിട്ടുമെന്താപേച്ചീ കൊച്ചുങ്ങളേയുംകൊണ്ടിങ്ങനെ തെണ്ടുന്നതു"?—"

"കഷ്ടകാലം ആക്കാ വരാത്തതു"? ആരുടേയുംജീവിതം ആദ്യന്തം മധുരമനോഹരമായിരിക്കുന്നില്ല."

"അതില്ല. എങ്കിലും, വഴിയേപോകുന്നവനെ, വലിച്ചുതലയിൽവച്ചിട്ട് തെണ്ടിത്തിരിയണോ പേച്ചീ? ഒരുബന്ധംതന്നെപാടി. അവൻ നല്ലവനല്ലെന്നു തീർത്തറിഞ്ഞു. പിന്നെയും അവനെ ഭർത്താവായി കരുതണോ? അവൻറെപാടേ വലിഞ്ഞിഴഞ്ഞുചെല്ലുമോ?"

"അതിനിപ്പോഴെന്തുചെയ്യും? ആദ്യമേ അങ്ങനെ കരുതിപ്പോയില്ലേ? തോന്നുമ്പോൾ മായ്ക്കാനൊക്കുമോ?—"

"മായ്ക്കണം. തക്കതായകാരണമുണ്ടെങ്കിൽ എന്താ മായ്ച്ചൂടാ?—.'

സാവിത്രിക്ക പെട്ടെന്നു ദേഷ്യംവന്നു. പലതുംപറയാൻ അവളുടെ അധരങ്ങൾ വിറകൊണ്ടു. പക്ഷെ, അരിശമായി വല്ലതും വിളിച്ചുപറഞ്ഞുകൂടല്ലോ? പറയുന്നതിന് ഒരു പൊരുൾ ചന്തവുംവേണം. സീമന്തപുത്രിയാണവൾ; സൗന്ദര്യമായിരിക്കണം, സമ്പത്തിലും. അങ്ങനെ, ആത്തിരയിലവനു ആശയങ്ങളെ ഒട്ടൊന്നു സംസ്കരിച്ചിട്ടവൾപറഞ്ഞു.

"ഹൃദയമെന്നുപറയുന്നതേ, ഇഷ്ടം പോലെ എഴുതുകയും മായ്ക്കുകയുംചെയ്യാവുന്ന ഒരുബോർഡല്ല."

സൌദയ്ക്കു പെരുവിരൽമുതൽ ഒരു പെരുപ്പങ്ങോട്ടുകയറി. വേണ്ടപ്പോഴും വേണ്ടതുചെയ്യാൻ സ്വാതന്ത്ര്യമില്ലാത്ത ഹൃദയത്തിന്റെ ശാട്ടുകാരിയായി എന്തിനുജീവിക്കണം? ദേഷ്യംവന്നപ്പോൾ സാവിത്രിയുടെസംസാരം സാഹിത്യമായിരിക്കുമെങ്കിൽ സൌദയുടെസംസാരത്തിൽ സാഹിത്യം കലർന്നിരിക്കുകയെങ്കിലും ചെയ്യും. സൌദ വല്ലുകടിച്ചുകൊണ്ടുപറഞ്ഞു:

"കരികല്ലുപോലെ! വല്ല ബുദ്ധിശൂന്യതയുംകൊണ്ടുന്ന അക്ഷരങ്ങളൊക്കെയുണ്ട് ശ്മശാനംവരെ ചുമക്കാൻ!—"

സാവിത്രി ഒന്നുചിരിച്ചു. രേഷ്മനരി, മുറത്തിലിട്ട കല്ലും നെല്ലും തിരഞ്ഞുകൊണ്ടിരിക്കുകയായിരുന്ന അവൾ, രണ്ടുമൂന്നുനെല്ലുകൂടി പെറുക്കി ദൂരെയെറിഞ്ഞിട്ട് ദ്വേഷസ്വരത്തിലവൾ ഉത്തരംകൊടുത്തു:

"കരികല്ലുതന്നെ, സംശയമില്ല! പക്ഷെ, സ്നേഹത്തിന്റെ ശില്പിയുടെ മുമ്പിൽ നല്ല വെണ്ണക്കല്ലായതുമാത്രം. അതിലെ ശില്പികൊത്തുന്ന അക്ഷരങ്ങൾ ശ്മശാനംവരെയല്ല, അതിനപ്പുറത്തുണ്ടെന്നുപറയുന്ന ലോകംവരെത്തന്നെയും ചുമന്നുപോകും."

"ഓ! പേച്ചിയുടെ ഈ സ്നേഹശില്പികളൊക്കെ വെറും സങ്കല്പശില്പികളാ! കണ്ണിനുമുമ്പിൽകാണുന്ന ശില്പികളെപ്പറ്റി സംസാരിച്ചാൽമതി. സ്വാർത്ഥതയുടെ ശില്പികളാണിന്നുള്ളവരെല്ലാം. വാക്കും വേഷവും ഒഴിച്ചുൽപിന്നെ 'വാകചമ', ശൂന്യം! അർഹിക്കുന്ന അവജ്ഞയോടുവേണം അവരോടൊക്കെ പെരുമാറാൻ. കപ്പുരോഗിയായ ഭർത്താവിനെ തലയിൽചുമന്ന വേശ്യാലയത്തിലേക്കുകൊണ്ടുപോയ ശീലാവതിയുടെ പാതിവ്രത്യം ഇന്നു നിലനിൽക്കുന്നില്ലെന്നോർക്കണം."

"വേണ്ട നിലനിൽക്കണ്ട. പക്ഷെ, മറ്റൊരുവളുടെ പാതിവ്രത്യത്തെപ്പറ്റിയറിയാമോ? ലോകവനത്തിൽ ദുഷ്ടമൃഗങ്ങൾക്കുമാത്രമേവേവച്ച് ആത്മരക്ഷകൂട്ടില്ലാതെ നിർഭയം ഉപേക്ഷിച്ചിട്ടുപോയ്ക്കളഞ്ഞ നളനെ, താൻ വീണ്ടും വിവാഹംചെയ്യുന്നതാണെന്നു പറയടിച്ചപരസ്യംചെയ്ത ദമയന്തിയുടെ? അതിനും നിലനിൽക്കുകതന്നെചെയ്യുന്നു; അതിന്റെ എല്ലാപ്രതാപത്തോടുംകൂടി! വല്ല ദുഷ്ടലവും കൊണ്ടും ഭാര്യയേയും കുട്ടികളേയും ചിലപ്പോൾ ഉപേക്ഷിച്ചുവെന്നോ, അനേഷിക്കാതിരുന്നുവെന്നോ ഒക്കെവന്നുപോകും. ഉടനേ തൊറിച്ചുപോയി മറ്റൊരുത്തനെയും പിടിക്കുന്നവളുടെപേര് പെണ്ണെന്നല്ല, പേയെന്നാ?—"

"അയ്യേ ദുഷ്ടലോകംകൊണ്ടാണെങ്കിലല്ലെ? ഇവൻറെയ്യ് ദുഷ്ടലമല്ല, ദുഷ്ടത്തനമാ!—തനി ദുഷ്ടത്തനം!—കുട്ടികളുണ്ടായാൽ തന്തയാൻവേണം നോക്കാൻ. തെണ്ടിയായാലും പുരുഷനാണെങ്കിൽ അവനതുചെയ്യും. അങ്ങനെ ചെയ്യാത്തവൻ പുരുഷനല്ല. അവൻറെയടുത്തിവിടം പിന്നെയും പോകുമോന്നായെന്റെ ചോദ്യം."

"എന്നോടുചോദിച്ചാൽ അവളും പെണ്ണ"! മുള്ളിൽ പിടിച്ചാലും മുറകൈപ്പിടിക്കുന്നതൊരുസുഖമാ! അവൻ അനേഷിക്കാത്തവനായിട്ടും അവനെത്തന്നെ അനേഷിച്ചുപോകുന്ന അവളുടെ ആ സ്നേഹമുണ്ടല്ലോ! അതു.....!' സാവിത്രി ബാക്കി ആശയങ്ങൾ തുളച്ചുകയറുന്ന ഒരു നോട്ടം കൊണ്ടുപൂർത്തിയാക്കി.

സൌദ ഒന്നമർത്തിമൂളി. അവൾക്കു മനസ്സിലായി പേച്ചി മനഃപൂർവം സംസാരവിഷയം സ്നേഹത്തിനു വട്ടംപിടിച്ചുകൊണ്ടുവരുകയാണെന്ന്. സ്നേഹത്തെക്കുറിച്ചു സംസാരിച്ചുതുടങ്ങിയാൽ പേച്ചിയോടു ജയിക്കാൻസാധ്യമല്ലെന്നും അവൾക്കറിയാം. രണ്ടുപേരുടേയും ആദ്യങ്കം രണ്ടാമങ്കത്തിൽ.

ജീവിതത്തിൽ പുരുഷനെപ്പോലെതന്നെ സ്ത്രീക്കും പല വഴിച്ചുകയ്ക്കുകളും നേടുവാനുണ്ടെന്നും, സ്ത്രീയുടെ ആ പല ലക്ഷ്യങ്ങളിൽ മുന്നമത്രമാണ് സ്നേഹമെന്നും സൌദ വാശിയോടുകൂടി വാദിക്കുമ്പോൾ, സാവിത്രി നിസ്സാരഭാവത്തിൽ പറയും:

"സ്ത്രീക്ക ജീവിതത്തിൽ ഒരേഒരുലക്ഷ്യമേയുള്ളു,—സ്നേഹിക്കുക, മരിക്കുക! —മകളായിട്ടായാലും, ഭാര്യയായിട്ടായാലും, അമ്മയായിട്ടായാലും സ്ത്രീയുടെ ആ ലക്ഷ്യം മാറുകയില്ല. സ്നേഹിക്കുക, മരിക്കുക! "

കൊള്ളാം! കേൾക്കാനിമ്പമുള്ള ആദർശം ഇല്ലേ? —പക്ഷെ, സാവിത്രിയുടെകാര്യത്തിൽ കാണാനംകൂടി അതിന് ഇമ്പമുണ്ടായിരുന്നു അതാണു വിശേഷം. സൌദയ്ക്കുണ്ടെങ്കിൽ, തന്റെ ആദർശത്തിൽ വിശ്വാസമുണ്ട്. ഇല്ലെന്നല്ല. പക്ഷെ, പേച്ചിയെപ്പോലെ കുറയൊക്കെവിശ്വസിക്കാനുള്ളുകരുത്തു് അവൾക്കുണ്ടാകുന്നില്ല. ഒരുപക്ഷെ, തന്നെപ്പോലുള്ള ലോകപരിചയം പേച്ചിക്ക് ഇല്ലാത്തതുകൊണ്ടാവാം പേച്ചി ഈ മൂഢസ്വർഗ്ഗത്തിൽകഴിയുന്നതെന്നു സൌദ ചിലപ്പോൾ ചിന്തിയ്ക്കും. ഒരിക്കലവൾ വ്യക്തമായിത്തന്നെ ചോദിക്കുകയും ചെയ്തു.

"പേച്ചിക്കുചേന്ന ആദർശം! വീടും, പൈപ്പിൻറെപൂട്ടും, സിനിമാകൊട്ടകയും തെയ്യ്ക്കാട്ടും അടങ്ങിയ പേച്ചിയുടെ ലോകത്തിൽ ഈ പൊട്ടസ്നേഹന്തന്നെ എല്ലാം. ചിരട്ടയിലെ വെള്ളം എരുമയിൻ മഹാസമുദ്രം!—"

സാവിത്രിയതിന് നല്ല ചുട്ടമറുപടികൊടുത്തു. "നീ ലോകമുഴുക്കെ ഒരു നത്തകിയായി ചുറ്റിസഞ്ചരിച്ചു സർവ്വജ്ഞപീഠം കയറിയവളാ! സമ്മതിച്ചു. പക്ഷെ സൌദേ, പോരുവെന്തോവെന്നറിവാൻ കലത്തിലെ ഒരോ പോരുമെടുത്തു തൊടിനോക്കണ്ടാ, കേട്ടോ? ഒരൊറ്റ പോരൊട്ടുത്തു പൊറ്റേ പരിശോധിച്ചാൽമതി!—"

എതിരില്ലാതെ പാസാക്കേണ്ടയാ ഫാര്യത്വങ്ങൾ! പക്ഷെ, സൌദ അതും എതുക്കുകതന്നെചെയ്തു. എന്തോ ഒരദൃശ്യശക്തി മണ്ണിൽനിന്നും വിണ്ണിലേയ്ക്കുവളരെ ഉയർത്തിക്കൊണ്ടിരുന്നു. അതെ! അവളുടെ കലാപ്രേമം! അവളും ആവേശത്തോടെ ആരംഭിച്ചു,

"പേച്ചിയ്ക്കീ, വ്യക്തിപരമായജീവിതംമാത്രം മതി. പക്ഷെ, എനിക്കുപോരാ. എനിക്കെൻറെ കലയോടു കൂട്ടുപിരിയാൻ സാധ്യമല്ല. എൻറെ കൺമുമ്പിലുള്ള ഒരു ലോകം മുഴുവൻ ഭ്രമിയിൽനിന്നും ഉയർന്ന്, ആരോരുശ്രയവുംകൂടാതെ ആകാശത്തിൽ തങ്ങിനിൽക്കുന്ന മാസ്മരമായ ആ കാഴ്ച കാണുമ്പോഴുണ്ടാകുന്ന ആനന്ദലഹരി, ജീവിതത്തിൻറെ ഏറ്റവും സ്വാഭാവിക മുന്തിരിപ്പഴത്തിനുപോലും തരാൻകഴിയുമോ എന്നുഞാൻ സംശയിക്കുന്നു."

"ആ ചിന്തയൊക്കെ കൊള്ളാം. അഭിപ്രായിക്കുള്ള വഴിതന്നെ. എന്നാൽ അതോടുകൂടി പരമമായ ഒരു സത്യം നീ മറക്കരുതു്."

"എന്താ?"

"ആദ്യം സ്ത്രീ! —പിന്നെ കലാകാരി!—"

മുഴക്കമുള്ള രണ്ടു മുണ്ടൻവാചകങ്ങൾ! —സൌദയുടെ ഹൃദയത്തിൻറെ സർവ്വമേഖലകളേയും ഭൂതൻ കേന്ദ്രത്തിൽചെന്നുമുട്ടി അതു പ്രതിധ്വനിച്ചു.

"ആദ്യം സ്ത്രീ! പിന്നെകലാകാരി!"

സൌദ പിന്നീടൊന്നും മിണ്ടിയില്ല.

അതിനുശേഷം സ്നേഹത്തെക്കുറിച്ചേ അവൾ പേച്ചിയോടു തർക്കിച്ചിട്ടില്ല. ഭിക്ഷക്കാരിയുടെ കാര്യംവന്നപ്പോൾ സൌദ എല്ലാം അങ്ങു വിസ്മരിച്ചുപോയി. നല്ലനിലയിൽ ജീവിക്കേണ്ട ഒരുവൾ തെണ്ടിത്തിരിഞ്ഞിട്ടും ആ ജീവിതം ഒരു പരാജയമല്ലെന്ന് പറഞ്ഞുകൊണ്ടുവന്നാൽ പിന്നാരാണ്ട തർക്കിക്കാത്തതു".

ഒരുകാര്യം ശരിയാണ്". കുഞ്ഞിപ്പെണ്ണ് പശ്ചാത്തപിക്കുന്നില്ല. വേണ്ടതു ആഹാരമവൾക്കുണ്ടല്ലോ". നല്ലൊരു 'നാളെ'യെ കൈപ്പുള്ളിൽ വച്ചിരിക്കുന്നതുപോലെ ധീരയായി സംസാരിക്കും. ഭർത്താവു പിണങ്ങിയിട്ടാണെങ്കിലും മൂന്നുകുട്ടികളും അളേ ഹത്തിനേറെതാണെന്ന കലശലായ ഒരഭിമാനവും അവൾക്കുണ്ട്. പക്ഷെ, ഇതുകൊണ്ട് വല്ലതും കാര്യമായോ? ജീവിതമെന്നുപറയുന്നതു് അലമാരിയിൽകൊണ്ടുവെച്ചു പൂട്ടി സൂക്ഷിക്കാവുന്ന ഒരു സാധനമാണോ? കാലം തെളിഞ്ഞിട്ടുവന്നാട്ടെത്തരാമെന്നുപറയാൻ? എഴിഞ്ഞുകൊണ്ടിരിക്കുന്ന ചെറിയൊരു മെഴുകുതിരിയാണതു"! പക്ഷെ എടുത്തുപറഞ്ഞു പേച്ചിയോടു തുടർന്നു തർക്കിക്കാൻ സൌദയ്ക്കൊരുമ്പെട്ടില്ല. ഒരുമ്പെട്ടാൽ വിജയിക്കുകയില്ലെന്നും അവൾക്കറിയാം. എന്തുപറഞ്ഞാലും അപ്പുറംപറയുന്ന ഒരു കിളുക്കിലാംപെട്ടിയാണ് സാവിത്രി! അതുകൊണ്ട് സംസാരം അവസാനിപ്പിക്കുവാനുള്ള കൌതുകത്തോ

(ശേഷം 24-ാം പേജിൽ)

യോഗശാസ്ത്രം

— ആർ. സി. ദേവ്, വെണ്മണി —

(തുടർച്ച)

4. പ്രാണായാമം

പ്രാണായാമത്തിന്റെ മഹിമ അപ്രമേയമാണ്. പ്രാണായാമാഭ്യാസംകൊണ്ട് ആത്മശുദ്ധി സംസിദ്ധമാകുന്നതുപോലെതന്നെ മനസികവും ശാരീരികവുമായ വികാസവും ഉപലബ്ധമാകുന്നുണ്ട്. നമ്മുടെ സാന്ദ്രികതയെ ആവരണംചെയ്തിരിക്കുന്ന തമോഭാവത്തെ വിപാടനം ചെയ്യാൻ പ്രാണായാമം അത്യന്താപേക്ഷിതമാണെന്ന യോഗശാസ്ത്രം അനുശാസിക്കുന്നു. * ക്ലേദാത്മകമായ ഇതരാംശങ്ങളിലേക്ക പ്രവേശിക്കുന്നതിനും പ്രാണായാമം സഹായകമാണ്. ലോഹങ്ങൾ തീയിൽ പഴുപ്പിക്കുന്നതിനോടുകൂടി അവയുടെ സകലമലിനതകളും അപ്പോടെ ഭസ്മീഭവിക്കുന്നപോലെ പ്രാണായാമത്തിന്റെ പ്രഭാവംകൊണ്ട് ഇന്ദ്രിയങ്ങളുടെ സകലദോഷങ്ങളും ഭസ്മമായിപ്പോകുമെന്നാണ് മനുസ്മൃതിയുടെ മതം. $

പ്രാണായാമംകൊണ്ടു ശാരീരികോന്നതി

പ്രാണായാമംകൊണ്ട് ശാരീരികോന്നതി ഉണ്ടാകുന്നതെങ്ങനെയെന്നു നോക്കാം. നമ്മുടെശരീരത്തിന് രണ്ടുതരമുണ്ട് വ്യാപാരങ്ങൾ; ഇച്ഛിതവ്യാപാരം, അനിച്ഛിതവ്യാപാരം. ഇച്ഛിതവ്യാപാരങ്ങൾ ബാഹ്യേന്ദ്രിയങ്ങൾകൊണ്ടാണെന്നും സാധിക്കുക. അവ നമ്മുടെ ഇച്ഛ അനുസരിച്ചാണ് പ്രവർത്തിക്കുന്നതും. എന്നാൽ ശരീരത്തിന്റെ അന്തർഭാഗത്തു നമ്മുടെ ഇച്ഛയുമായി ആപേക്ഷികവുമായബന്ധമൊന്നുംകൂടാതെയും ചില വ്യാപാരങ്ങൾ നടക്കുന്നുണ്ടല്ലോ. രക്തചംക്രമണവും മാംസം നമ്മുടെ ഇച്ഛാനുസരണമാണോ നടക്കുന്നത്?

അല്ലെന്നതന്നെ. ഹൃദയത്തിന്റെയും ശ്വാസകോശങ്ങളുടേയും വ്യാപാരങ്ങളോടാണ് പ്രാണായാമത്തിന് സംബന്ധം. അതുകൊണ്ട് അതു പ്രത്യേകം പഠിക്കേണ്ടിയിരിക്കുന്നു.

ശരീരത്തിന്റെ എല്ലാഭാഗത്തുനിന്നും സൂക്ഷ്മമായ നാഡികളും ഹൃദയത്തിലേക്ക വന്നുചേരുകയും അവിടെനിന്നും സർവ്വത്ര വ്യാപിക്കുകയും ചെയ്യുന്നു. ഇവയ്ക്കാണ് യഥാക്രമം സിര എന്നും ധമനി എന്നും പേർനൽകിയിട്ടുള്ളത്. സിരകളുടെ ജോലി ശരീരത്തിന്റെ എല്ലാഭാഗത്തുനിന്നും അശുദ്ധരക്തം സംഭരിച്ച് ശുദ്ധീകരിക്കപ്പെടുന്നതിനുവേണ്ടി ഹൃദയത്തിൽ എത്തിക്കുകയാണ്. അവിടെനിന്ന ശുദ്ധരക്തം സർവ്വത്രവ്യാപിപ്പിക്കുകയാണ് ധമനികൾക്കുള്ളജോലി. ശുദ്ധരക്തത്തിൽ ആക്സിജൻ വേണ്ടുവോളം അടങ്ങിയിട്ടുണ്ട്. ശരീരികവ്യാപാരംനിമിത്തം ആ വാതകം നശിക്കുന്നിടയാകുന്നു. തൽസ്ഥാനത്തു ഒരു വിഷാത്മകവാതകം ഉത്ഭവിക്കുകയുംചെയ്യുന്നു. ഇതിനെയാണ് (Carbonic Acid gas) എന്നു പറയുന്നതു്. ശുദ്ധരക്തം മലീമസമായിത്തീരുന്നതു് എങ്ങനെയെന്നു തെളിഞ്ഞല്ലോ. ഇനി അതെങ്ങനെ ശുദ്ധമാകുന്നു എന്നുനോക്കാം.

സിരകൾവഴിയായി ഹൃദയത്തിൽ വന്നുചേരുന്ന അശുദ്ധരക്തം ശ്വാസകോശത്തിൽ ചെന്നുചേരുന്നു. അസംഖ്യം ഘടകങ്ങൾ (Cells) കൊണ്ടാണ ശ്വാസകോശത്തിന്റെ നിർമ്മിതി. ഒരു ശരീരശാസ്ത്രജ്ഞന്റെ അഭിപ്രായം ഈ ഘടകങ്ങൾ പരസ്തുകയണെങ്കിൽ അവയുടെവിസ്തീർണം 14000 ചതുരശ്രഅടി കാണുമെന്നാണ്. ഇവ സങ്കോചിക്കുകയും വികസിക്കുകയുംചെയ്യുന്നു. വികസിക്കുമ്പോൾ ഒരുവശത്തുകൂടി ഹൃദയത്തിൽനിന്ന അശുദ്ധരക്തവും മറുവശത്തുകൂടി ശുദ്ധമായ ശ്വാസവായുവും ഉള്ളിൽ കടക്കുന്നു. മലിനരക്തത്തിൽ ആക്സിജന്റെ അഭാവംഉണ്ട്. ശ്വാസവായുവിൽ കാർബണമില്ല. ശ്വാസവായുവിൽനിന്നും രക്തത്തിലേക്ക ഓക്സിജനും രക്തത്തിൽനിന്ന വായുവിലേക്ക കാർബൃണും സ്വീകരിക്കപ്പെടുന്നു. അങ്ങനെ ആവശ്യകമായ പദാർത്ഥങ്ങളുടെ ആദാനവും പ്രദാനവും നടക്കുന്നു. രക്തത്തിൽനിന്ന കാർബൺ വേർപെട്ട ശുദ്ധവായു ലഭിക്കുന്നതുകൊണ്ടു അതു ശുദ്ധമായിത്തീരുന്നു. അനന്തരം ധമനികൾവഴിയായി ശുദ്ധരക്തം സർവ്വത്രവ്യാപിക്കുകയുംചെയ്യുന്നു. അശുദ്ധമായവായു നിശ്വാസംവഴി ബഹിഷ്കരിക്കപ്പെടുകയുമായി. ഈ പ്രവർത്തനമാണ് ശ്വാസോച്ഛ്വാസംവഴി പ്രതിക്ഷണംനടക്കുന്നതെന്ന് പ്രത്യേകിച്ചുപറയേണ്ടല്ലോ.

ഇങ്ങനെ ഹൃദയത്തിൽനിന്ന് അശുദ്ധരക്തം ശ്വാസകോശത്തിൽഎത്തി ശുദ്ധമായി തിരികെവരുന്നതിൽനിന്നാണ് ഹൃദയസ്പന്ദനം ഉണ്ടാകുന്നതു്. പ്രൗഢനായ ഒരു യുവാവിന്റെ ഹൃദയസ്പന്ദനം, സാധാരണനിലയിൽ ഒരുമിനിട്ടിൽ 72 എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

ഹൃദയത്തിൽനിന്ന ശ്വാസകോശത്തിൽ വന്നുചേരുന്ന രക്തം ശുദ്ധവായുവിന്റെ സമ്പർക്കംകൊണ്ടാണല്ലോ ശുദ്ധീകൃതമാകേണ്ടതു്. ഏതെങ്കിലുംകാരണംകൊണ്ട് വേണ്ടത്ര ശുദ്ധവായു ലഭിക്കുന്നില്ലെന്ന സങ്കല്പിക്കുക, എന്തായിരിക്കും പരിണാമം? രക്തം ശുദ്ധമാകാതെയായിരിക്കും തിരിയെ പോകുന്നതു്. അശുദ്ധരക്തം സർവ്വാംഗം വ്യാപിക്കുകയാണ്. അതു അനേകം ഭയങ്കരരോഗങ്ങൾക്ക് ഇടയായിത്തീരുന്നു.

ശ്വാസകോശത്തിന് മൂന്നുഭാഗങ്ങളുണ്ടുമുഖ്യമായിട്ട്. വിഭാജകപടത്തിന (Diaphragm) മുകളിലായി രണ്ടുശ്വാസകോശങ്ങളും നിമ്നഭാഗം, ഹൃദയത്തിന്റെവശങ്ങളിൽ മധ്യഭാഗം, ഏകദേശം കഴുത്തുവരെയുള്ള ഉപരിഭാഗം. സാധാരണനിലയിൽ നാം എടുക്കുന്നശ്വാസം ശ്വാസകോശങ്ങളെ വേണ്ടവണ്ണം വികസിപ്പിക്കാൻ മതിയാകുന്നതല്ല. അതുകൊണ്ട് അവികസിതഭാഗങ്ങൾ ക്രമേണ രോഗങ്ങൾക്ക് ഇരയായിത്തീരാനിടയാകും. ചുമ, ന്യുമോണിയ മുതലായവ ശ്വാസകോശംസംബന്ധിച്ച രോഗങ്ങളാണ്. മൻപറഞ്ഞപോലെ അശുദ്ധരക്തം സർവ്വാംഗം വ്യാപിക്കുകയാണെങ്കിൽ ചൊറി-ചിരങ്ങു തുടങ്ങി കുഷ്ഠംവരെയുള്ള രോഗങ്ങൾപിടിപെടാവുന്നതാണ്. പ്രാണായാമംചെയ്യുമ്പോൾ ശ്വാസകോശങ്ങളിൽ വേണ്ടത്ര ശുദ്ധവായു പ്രവേശിക്കുകയും രക്തം തികച്ചും ശുദ്ധമാവുകയുംചെയ്യുന്നു.

പ്രാണായാമംചെയ്യേണ്ടതെങ്ങനെ എന്നു ചോദിച്ചേക്കാം. അതു ജിതേന്ദ്രിയനായ ഒരു ഗുരുവിൽനിന്നും അഭ്യസിക്കയാണ് ഉചിതം. അല്ലാത്തപക്ഷം കഴപ്പുങ്ങാം ഉണ്ടാകാൻ ഇടയുണ്ട്.

കൊച്ചുകുട്ടികളെ നല്ലവണ്ണം ഒരടിച്ചാടിക്കളിക്കാൻ അനുവദിക്കേണ്ടതു് വളരെ അത്യാവശ്യമാണ്. അവരുടെ ശ്വാസകോശത്തിന്റെ വികാസത്തിനും അംഗോപാംഗപുഷ്ടിക്കും അതു അത്യന്തം ഉപകരിക്കുന്നു. അവരെ പ്രാണായാമം അഭ്യസിപ്പിക്കുക സുകരമല്ല. എന്നാൽ സാധാരണ നിലയിലുള്ള പ്രാണായാമത്തിന്റെ ഫലം ഇത്തരത്തിലുള്ള ശാരീരികവ്യായാമങ്ങളിൽനിന്നും ലഭിക്കുന്നതാണെന്ന പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

അഷ്ടാംഗയോഗാനുഷ്ഠാനത്തോടുകൂടിയ പ്രാണായാമത്തിന്റെ അനുഷ്ഠാനം മാത്രമേ യഥാർത്ഥമായ ഫലം പ്രദാനംചെയ്യുകയുള്ളൂ. സാധാരണക്കാരേ സംബന്ധിച്ചിടത്തോളം ഇവയൊക്കെ തികച്ചും അസാധ്യമാണ്. ഇന്നത്തെ യുവജനങ്ങൾ ഇവയൊക്കെ നിരർത്ഥകങ്ങളായി മാത്രമേ പരിഗണിക്കുകയുള്ളൂ. അധികമായ നിയമപരിപാലനം അനിവാര്യമല്ലാത്ത ചില വ്യായാമപദ്ധതികളും അവക്ക അംഗീകരിക്കപ്പെടുന്നതാണ്. അതുകൊണ്ടു പ്രാണായാമത്തിൽനിന്നും ലഭിക്കുന്ന ഫലസിദ്ധി ഉണ്ടാകുമെന്നർത്ഥമില്ല. യോഗം മനോനിയന്ത്രണത്തിനാണെ മുഖ്യസ്ഥാനം കൊടുക്കുന്നതെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. അതില്ലാത്തവർ — അതിനു ശ്രമിക്കാത്തവർ — പ്രാണായാമാഭ്യാസത്തെപ്പറ്റി ചിന്തിക്കുകപോലും ചെയ്യാതിരിക്കുകയാണു നന്ന്. വ്യായാമപദ്ധതികളും എന്നു മേൽ സൂചിപ്പിച്ചവയിൽ ഏറ്റവും സുകരമായതും സൂക്ഷ്മമസ്തിഷ്കമാണ്. അതെല്ലുവക്കും അനുഷ്ഠിക്കാം. എല്ലാ അംഗങ്ങൾക്കും വ്യായാമം കൊടുക്കുകയും മസ്തിഷ്കശക്തിയെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നതായി സൂക്ഷ്മമസ്തിഷ്കം പോലൊരു വ്യായാമമില്ലെന്നതന്നെ പറയാം. ഉദ്ദേശത്തിനുമുമ്പു ചെയ്യുകയാണ് നല്ലതു്. പ്രഭാതകാലിനസൂര്യകിരണങ്ങളുടെ ശക്തി സർവ്വിദിതമാണല്ലോ. നിയമാനുസൃതമായ സൂര്യനമസ്കാരം പല മഹാരോഗങ്ങളേയും മാറ്റിയിട്ടുള്ളതായി അറിയാം. ഓഡിൽ (അയോഡ്യ ഒരിക്കൽ സാധ്വികമായി പരസ്പരിടിച്ച ക്ഷയരോഗത്തെ മാറ്റുന്നതിൽ സൂര്യനമസ്കാരം വളരെ ഉപകരിച്ചതായി വായിച്ചിട്ടുണ്ട്. സൂര്യനമസ്കാരം അനുഷ്ഠിക്കുന്നതും യാതൊരു പ്രയാസവുമില്ല. ഭക്ഷണത്തിന്റെ കാര്യത്തിൽ സപ്രമാണം ശ്രദ്ധിച്ചുൽകൊള്ളണം. അധികമായ എരിവും പുളിയും എപ്പോഴും ശരീരത്തിനും ബുദ്ധിക്കും ഹാനികരമാണ്. നമ്മുടെ വിദ്യാലയങ്ങളിൽ സൂര്യനമസ്കാരം പ്രചരിപ്പിച്ചിരുന്നെങ്കിൽ!

പ്രസംഗവശാൽ ഇത്രയും പറഞ്ഞെന്നേയുള്ളൂ. പ്രകൃതത്തെ അനുസരിക്കാം. പ്രാണായാമാഭ്യാസം സംബന്ധിച്ച വീറോർട്ട് (Vierordt) എന്ന പണ്ഡിതൻ വളരെ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഒരാൾ നിത്യാഭ്യാസനായിരുന്നപ്പോൾ (പ്രാണായാമ വിധിപ്രകാരം) അയാളുടെ ശരീരത്തിൽനിന്നു വളരെ കുറച്ചു മാത്രമേ Carbonic Acid Gas പുറപ്പെട്ടുള്ളൂ. * അതിന്റെ പരിണാമം വിശപ്പിന്റെ ഉപശാന്തിയാണെന്നു നാം നേരത്തേ മനസ്സിലാക്കിയതാണ്.

ജപം — തജ്ജപസ്തദർത്ഥഭാവനം, എന്നാണ് പതഞ്ജലിയുടെ മതം.

---

* തതഃ ക്ഷിയതേ പ്രകാശാവരണം
യോഗദർശനം- 2-52

$ ദഹ്യന്തേധ്മായമാനാനാം ധാതൂനാം ഹി യഥാമലാഃ
തഥേന്ദ്രിയാണാം ദഹ്യന്തേ ദോഷാഃ
പ്രാണസ്യനിഗ്രഹാത്
മനു 6-7

* A Treaties of Yoga Philosophy, by Dr. N. C. Paul.

"ദേവനും മനുഷ്യനും"

★

— സി. സുരേന്ദ്രനാഥ് എം. എസ്സ്സി. —

ആവലാതിയില്ലെനിക്കല്പവും, പ്രഭോ, നിത്യ–
മീവിധംഭവാനെന്നെപ്പീഡനംചെയ്യുന്നതിൽ.
കരയിപ്പിക്കാനാവാമങ്ങയീവിധം ഘോര–
കദനാഗ്നിയാലെന്റെ മാനസംപൊള്ളിക്കുന്നു.
മിഴിനീർവരണ്ടിട്ടല്ലല്ല, ഞാനൊരുകൊച്ചു
കദനാംബുവിൻകണംപോലുമേ വീഴ്ത്തിടാത്തു.
ബഡവാനലനാണെന്നുള്ളത്തിൽ ജ്വലിപ്പുതു,
കദനാഗ്നിക്കങ്ങുപിന്നെന്തോന്നുസ്ഥാനം പാത്താൽ?
നിൻവിളയാട്ടത്തിന്റെ ലക്ഷണങ്ങളീരകത–
പങ്കിലക്ഷിതടങ്ങൾക്കു,മെൻതലയല്പംതാഴ്ത്താൻ,
എൻമിഴികളിലൊരുകണ്ണനീർക്കണം ചേക്കാൻ,
എന്നിൽനിന്നൊരുചെറുക്രന്ദനമുയർത്തുവാൻ,
ആയതി,ല്ലതുകണ്ടു സ്സുഖിനായ"പോകുന്നില്ലേ
കാരണപുമാനായ നീയുമെൻവിധാതാവേ ?
എരിയുന്നൊരുവിദ്രോഹാഗ്നിയാണെന്നുള്ളത്തി–
ലതിനെശ്ശമിപ്പിക്കാനല്പിഞ്ഞാൻ കുടിക്കുന്നു,
ഒരുതുള്ളിയും പാഴായ്പോയിടാതശ്രുക്കളെ
തവസൃഷ്ടിതൻസംഹാരാഗ്നിയേശ്ശമിപ്പിക്കാൻ!
ദേവനാണുനീ,ശരി, ദൈവീകകാഠിന്യത്താൽ
വേദനിപ്പിക്കാം; നിനക്കതിയായ്പീഡിപ്പിക്കാം,
കരയിപ്പിക്കാമൊരുവേള–യെന്നാലുംനമ്മെ
സ്സമമായ്നീക്ഷിക്കും കാലത്തിൻതിരുമുമ്പിൽ,
പീഡകനാകുംദേവ! നീയു,മീവെറും തുച്ഛ–
മാനവനാകുമെന്നുമൊട്ടവിൽചെല്ലുന്നേരം,
നീചെയ്തപിഴയെല്ലാം പൊറുക്കാമെനിക്കുഞാൻ
ദേവനല്ലല്ലോ, വെറുംമാനവൻ-മർത്യൻമാത്രം!...
പുഞ്ചിരിക്കയോഭവാൻ? എന്റെയീധാർഷ്ട്യംപോലും
നിൻകൃപാകടാക്ഷത്തിൻ മഹിമാവെന്നോ, ദേവ?

★

അത്മഭാവനയാണ് ജപം. അല്ലാതെ മനസ്സിനെ കണ്ടവഴിക്കു വിട്ടുവച്ചു ചെയ്യാവുള്ള ജപമല്ലെന്നു പ്രത്യേകം ഓർത്തിരിക്കണം. പ്രാണായാമം ചെയ്യാത്ത അവസരത്തിലും ജപം വിഹിതമാണ്. എന്നാൽ പ്രാണായാമത്തോടുകൂടിയുള്ള മാനസീകമായ 'ഓം'കാരരൂപം കുണ്ഡലിനിശക്തിക്കുകൂടി അതിവിശിഷ്ടമെന്നു പറയപ്പെട്ടുന്നു. ഡാക്ടർ Radcliff-ന്റെ അഭിപ്രായത്തിൽ, ജപാവസരത്തിൽ ഒരു 8 ഔൺസു വെള്ളമോ പാലോ പഴമോ പുഷ്ടികരമായ ഭക്ഷണമായിരിക്കുന്നതാണ്.

പ്രാണായാമാഭ്യാസത്തിന്റെ മാത്ര വർദ്ധിക്കുന്നതനുസരിച്ച് ആയുസ്സു വർദ്ധിക്കുകയും വിശപ്പ് ക്രമേണ കുറഞ്ഞുമായികുറയുകയും ചെയ്യുന്നു. ഉദാഹരണമായി ചില ജീവികളുടെ ശ്വാസസംഖ്യയും ആയുർദൈർഘ്യവും അടിയിൽ ചേർക്കുകയാണ്.

(ഒരു മിനിട്ടിലെ ശ്വാസസംഖ്യ)

1)	മാടപ്രാവ്	34
2)	സാധാരണപക്ഷി	30
3)	തവള	21
4)	കുരങ്ങ്	30
5)	മനുഷ്യൻ	12
6)	പന്നി	36
7)	പട്ടി	28
8)	പൂച്ച	24
9)	ആട്	24
10)	കുതിര	16
11)	തവള	3 $

തവളയാണ് ഏറ്റവും കുറഞ്ഞ തോതിൽ ശ്വസിക്കുന്നതു. തവള 110 വർഷം ജീവിച്ചിരിക്കുമെന്നാണു പറയപ്പെടുന്നതു. അങ്ങുമാസത്തോളം ഭക്ഷണമോ വായുവോ കൂടാതെ മണ്ണിനടിയിൽ കഴിഞ്ഞുകൂടാനുള്ള കഴിവു തവളയ്ക്കുണ്ട്. കിണറും മറ്റും കുഴിച്ചു കുഴിച്ചു ചെല്ലുമ്പോൾ വളരെ അടിക്കടിനിന്നു പൊക്കി ചാടിവരുന്നതുമ്മളിൽ പലതും കണ്ടുകാണും. യോഗികൾ പ്രാണായാമംകൊണ്ടു ശ്വാസഗതിയെ നിയന്ത്രിക്കുകയും ഭക്ഷണാവശ്യത്തെ പരിമിതപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ടാണു അനേകദിവസം അവർക്കു ഭക്ഷണപാനീയങ്ങൾ കൂടാതെ മണ്ണിനടിക്കുള്ള ഗുഹയിലും മറ്റും കഴിഞ്ഞുകൂടാൻ കഴിയുന്നതു.

5. പ്രത്യാഹാരം

ഇനിയും പ്രത്യാഹാരമാണ്. ഇന്ദ്രിയങ്ങളെ അവയുടെ വിഷയങ്ങളിൽനിന്നു പ്രത്യാഹരിക്കുന്നതിനാണ് —പിൻതിരിക്കുന്നതിനാണ—പ്രത്യാഹാരം എന്നു പറയുന്നതു. * ആദ്യലേഖനത്തിൽ പറഞ്ഞ ഒരു കാര്യം ഇപ്പോൾ ഓർക്കേണ്ടതുണ്ട്. അതായതു് ആത്മാവിന്റെ ബഹിർമ്മുഖീവൃത്തി നിരോധിക്കപ്പെടുമ്പോൾ അതു അന്തർമ്മുഖമായി പ്രസരിക്കുമെന്ന്. ആത്മശക്തിയുടെ ഏകത്വീകരണമാണ് പ്രത്യാഹാരമെന്ന ചുരുക്കത്തിൽ ധരിക്കുക. ഈ നിലയിലെത്തിച്ചേരുമ്പോഴേക്കും ആത്മശക്തി ശരീരത്തോടുള്ള മമതാഭാവം മതിയാക്കുന്നതാണ്. ഇപ്പോൾ യോഗിക്കു ഇഷ്ടമുള്ളപ്പോൾ തന്റെ ശരീരത്തെ നിഷ്പ്രയാസം ത്യജിക്കാൻ സാധിക്കും. മഹർഷി ഭയോനന്ദൻ തുടങ്ങിയ മഹാത്മാക്കളുടെ സമാധിയെപ്പറ്റി കേട്ടിട്ടുണ്ടായിരിക്കുമല്ലോ. പ്രാണായാമത്തിൽ 10 മിനിട്ടുവരെ ശ്വാസഗതിയെ നിരോധിക്കാൻ കഴിയുന്ന യോഗിക്കു ഇന്ദ്രിയങ്ങളെ കീഴടക്കാൻ വിഷമമുണ്ടായിരിക്കുന്നതല്ല. ★

6 ധാരണ

ഒരേ കേന്ദ്രത്തിൽ ചിത്തത്തെ കേന്ദ്രീകരിക്കുകയാണ് ധാരണ. *

പ്രത്യാഹാരംകൊണ്ടു സമാഹൃതമായ ശക്തി നാഭിചക്രം, നാസികാഗ്രം തുടങ്ങിയ സ്ഥാനങ്ങളിൽ കേന്ദ്രീകരിക്കപ്പെടുന്നു. പ്രത്യാഹാരംകൊണ്ടു ഇന്ദ്രിയങ്ങളും ധാരണകൊണ്ടു മനസ്സുമാണ് സ്വാധീനമാകുന്നതു. 21 മിനിട്ടു, 36 സെക്കൻഡുവരെ ശ്വാസഗതിയെ കഴിക്കാമെങ്കിൽ ധാരണനിഷ്പന്നമാകുന്നതാണ്. ★

7. ധ്യാനം

ജ്ഞാനത്തിന്റെ ഏകതാനതയാണ് ധ്യാനം. $ അതായതു ഏതു ലക്ഷ്യത്തിൽ ചിത്തം ഏകാഗ്രിതമായോ അവിടെത്തന്നെ അവിചലമായി നിലകൊള്ളുക. സാംഖ്യദർശനകാരനായ കപിലൻ പറയുന്നതു "ധ്യാനം നിർവ്വിഷയംമനഃ" എന്നാണ് (സാംഖ്യദർശനത്തെപ്പറ്റി ഇനി ഒരിക്കൽ എഴുതാമെന്നു വിചാരിക്കുന്നു)—മനസ്സിന്റെ നിർവ്വിഷയമായ അവസ്ഥിതിയാണു ധ്യാനം. വിഷയാസക്തി ഇല്ലാത്ത മനസ്സിനു മാത്രമേ ഏകതാനത ഉണ്ടാവുകയുള്ളൂല്ലോ. അതുകൊണ്ടു രണ്ടായ്മുമുട്ടേയും അഭിപ്രായത്തിൽ പാരസ്പരികഭേദം ഇല്ലതന്നെ. 43 മിനിട്ടും 12 സെക്കൻഡും ശ്വാസം നിരോധിക്കത്തക്കവണ്ണം പ്രാണായാമാഭ്യാസം വികസിക്കുമ്പോൾ ധ്യാനം സിദ്ധമാകുമെന്നു പറയപ്പെടുന്നു. ★

8 സമാധി

ധ്യാനാവസ്ഥയിൽ യോഗിക്കു ധ്യാതാ (ധ്യാനിക്കുന്നയാൾ) ധ്യാനം, ധ്യേയം (ധ്യാനിക്കപ്പെടേണ്ട വസ്തു) എന്നീ ഭേദഭാവനയുണ്ട്. എന്നാൽ ധ്യാതാധ്യാനബോധമില്ലാതെ കേവലം ധ്യേയബോധം മാത്രം നിലകൊള്ളുന്ന അവസ്ഥയാണ് സമാധി എന്നു പറയപ്പെടുന്നതു. ഈ അവസ്ഥയിൽ യോഗിക്കു സുഖദുഃഖജ്ഞാനമോ ശീതോഷ്ണജ്ഞാനമോ ഉണ്ടായിരിക്കുകയില്ല. ശത്രുമിത്രഭേദവും അതുപോലെതന്നെ. പ്രാണായാമാവധിയായി 1 മണിക്കൂർ 26 മിനിട്ടു 24 സെക്കൻഡു് സമയം ശ്വാസം നിരോധിക്കുമ്പോൾ യോഗി ഈ നിലയിൽ എത്തിച്ചേരുന്നു. ★

(തുടരും)

---

* By Mahatma Narayan Swamiji

* സ്വവിഷയാസംപ്രയോഗശ്ചിത്തസ്യ സ്വരൂപാനുകാര ഇവേന്ദ്രിയാണാം പ്രത്യാഹാരഃ

സാധനപാദം 54

★ നാരായണസ്വാമി.

$ തത്രപ്രത്യൈകതാനതാധ്യാനം

വിഭൂതി 1—2.

★

"ശിഷ്യക്കു ഉപദേശംകൊടുക്കുമ്പോൾ ഗുരു, ബ്രഹ്മം, മായാ എന്നതു രണ്ടെന്നു നിർദ്ദേശിച്ചു തന്റെ രണ്ടുവിരലു നീട്ടി. പിന്നെ ഒരു വിരൽ മടക്കി, മായ മായുമ്പോൾ പരബ്രഹ്മമല്ലാതെ വേറൊന്നുമില്ലെന്നു കല്പിച്ചു." 2—17

ശ്രീരാമകൃഷ്ണദേവൻ.

(21-ംപേജിൽനിന്നും തുടർച്ച)

ടെ സൌദ ഇങ്ങനെയങ്ങു പറഞ്ഞു തീർത്തു.

"സ്നേഹവായ്പ്പ്! നാണവും മനസ്സും കെട്ട പ്രവർത്തികളെക്കൊണ്ട് സ്നേഹവായ പു! ഹൊ! പുതിയൊരു സ്നേഹക്കാരിയാണല്ലിയിരിക്കുന്നു! ചേച്ചി, എന്തു വിചാരിച്ചാലും കൊള്ളാം. എനിക്കവളെ അല്പംപോലും പിടിച്ചിട്ടില്ല. അവൾക്കെന്തെങ്കിലും ഇവിടെനിന്നു കൊടുക്കണമെന്നും എനിക്കിഷ്ടമല്ല."

ഉണ്ടതിനാൽ, തേക്കിന്റെ തല തിരിച്ചുവച്ചുടിക്കുന്ന കൂട്ടത്തിലാണ് സൌദയെന്നു സാവിത്രിക്കു മനസ്സിലായി. അവളോടിനി വേദമോതിയിട്ടു കാര്യമില്ലെന്നുകരുതിക്കൊണ്ട് സാവിത്രിയും തീർത്തുപറഞ്ഞു.

"നീ കൊടുക്കണ്ടാ!—"

"പിന്നാരുകൊടുക്കുമെടീ? നിന്റെ അവനങ്ങു ഡൽഹിയിൽനിന്നും അയച്ചുതന്നിട്ട് നീ കൊടുക്കുമായിരിക്കും?—" അമ്മ ഇടയ്ക്കുചാടിവീണു. അമ്മയ്ക്കു സാവിത്രിയുടെനേർക്കു പ്രയോഗിക്കുവാനുള്ള അവസാനത്തെ ആയുധമാണത്. ആ ആയുധത്തിന്റെ പ്രയോഗാർഹതയെപ്പറ്റി അമ്മതന്നെ ചിന്തിക്കാറില്ല. കോപം കണ്ണുപൊത്തുമ്പോൾ വെളിച്ചംകാണാതവൾ അലറിപ്പോകും. സാവിത്രിക്കതുകേൾക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു സഹതാപമാണമ്മയോടുണ്ടായ്വുക! സൌദയെപ്പോലെ ഒരു നർത്തകിയല്ല സാവിത്രി; പണവും അവൾ കൊണ്ടുവന്നില്ല; ശരിതന്നെ! പക്ഷെ, അതിനേക്കാൾ പരമാർത്ഥമായി മറ്റൊന്നുണ്ട്. സൌദ ഒരു കലാകാരിയായതു് സാവിത്രിവിരിച്ച തണലിലായിരുന്നു. അമ്മയുടെ ഗർഭക്ലേശങ്ങളും, തുടർന്നുണ്ടായ എണ്ണിയാലൊടുങ്ങാത്ത കുടുംബദുരിതങ്ങളും താൻമാത്രമായി അനുഭവിച്ചുകൊണ്ട്, അനിയത്തിയുടെ കലാവാസനകൾ വളർന്നും പുഷ്പിച്ചുനമുള്ള സമയവും സാഹചര്യവും സാവിത്രി അനിയത്തിക്കായി യഥേഷ്ടം നൽകി. അങ്ങനെ സാവിത്രിയുടെ കലാവാസനകൾ ശ്വാസംമുട്ടി മുരടിക്കുകയും, അനിയത്തിയുടേതു തഴച്ചുവളരുകയുംചെയ്തു. സാവിത്രിക്കതിൽ സന്തോഷത്തേക്കാൾ സംതൃപ്തിയായിരുന്നു; അസൂയയേക്കാൾ അഭിമാനമായിരുന്നു. പക്ഷെ വീട്ടിൽ അധികമധികം ഇന്നതു സമ്മതിച്ചുകൊടുക്കുകയില്ല: സമ്മതിപ്പിക്കാൻ സാവിത്രി ഒരേളിയശ്രമംപോലും നടത്താറുമില്ല. സ്വന്തമാതമാവാണ് മറ്റാരുള്ളവർക്കുമില്ല, ഹൃദയാനന്ദത്തിന്റെ നിധിയാവ! —അതുകൊണ്ട് അമ്മയുടെ ആ അവസാന ആയുധത്തെ തോറ്റതായി ഭാവിച്ചുകൊണ്ട് സാവിത്രി മൌനംഭീക്ഷിച്ചു.

പെട്ടെന്ന് തൊക്കോട്ടനിന്നും അമ്മാവനെന്തോ അത്യാവശ്യപ്പെട്ട വിളിക്കുന്നതായിവന്നുപറഞ്ഞ ഒരു കുട്ടിയോടുകൂടി സൌദയും ബാലനും ധൃതിപ്പെട്ടങ്ങോട്ടുപോയി. കുറേനേരം മുറിയിൽചെന്നുകിടന്നു്, ചതവുപറ്റിയ ആശയങ്ങളേയും ആവേശങ്ങളേയും തിരിഞ്ഞുപെറുക്കി തൈലസേചനംചെയ്തിട്ട് സാവിത്രി വീണ്ടും അവളുടെ തൊഴിൽശാലയിലെത്തി; അടുക്കളയിൽ.

അവിടെയുണ്ടോ സൈരന്ധ്രി? അരികഴുകിയിട്ട പാത്രത്തിൽ ഒരുപിടി അരിയോളം ബാക്കിയിരുന്നുപോയി. അരിയിട്ടുകൊണ്ടിരുന്നമട്ടിൽ, തീയണഞ്ഞു പുക കണ്ണിൽ കയറുന്നകണ്ടപ്പോൾ തീയൊന്നുതിപിടിക്കാൻ വേണ്ടി അരിയും പാത്രവും തറയിൽ വച്ചവൾ പിന്നെത്തെടുത്തിടാനെങ്ങുമറന്നു. അതു കണ്ടുപിടിക്കാനെത്തിയിരിക്കുന്ന അമ്മ.

"ഇതാരക്കുവച്ചിരിക്കുകയാടീ?" അമ്മ അരി കോരിപുറത്തുകുണിച്ചു.

"അയ്യോ! ഇടാൻപോകുകയാണമ്മേ." സാവിത്രി ഒരുപരാധിച്ചിരിയോടെ പാത്രത്തിനു പിടികൊടുത്തു.

"അരി പാതിവെന്തിട്ടാണോ ഇടാൻപോകുന്നതു്?—"

"പാതിയൊന്നുംവെന്തിട്ടില്ല. അടുപ്പണഞ്ഞുകിടന്നു. ഒന്നുകത്തിച്ചിട്ടിടാമെന്നതായിൽവച്ചു. അത്രയുള്ളൂ."

"അങ്ങനാണോ? അതൊന്നുനോക്കണമെല്ലോ?" അമ്മ കലത്തിന്റെ മൂടിയുംനീക്കി തവി അകത്തോട്ടിട്ടു. സാവിത്രി കൈയ്യുകടന്നുപിടിച്ചു.

"അമ്മയ്ക്കിതൊക്കെ എന്തുവേലയാ? ഞാൻനോക്കേണ്ടജോലികളിൽ അമ്മയിങ്ങനെ തലയിടുന്നതു സങ്കടമാ."

"അല്ല! അരി പാതി വെന്തിട്ടില്ലെന്നല്ലേ നീ പറഞ്ഞതു?—"

"ഞാൻ പറഞ്ഞാലെന്താ അമ്മയ്ക്കു വിശ്വസിക്കാൻ വയ്യാത്തതു?"

"വിശ്വസിക്കാൻവയ്യാത്തതു പറഞ്ഞിട്ടാ."

"ഇങ്ങനെയൊരു സംശയസുഖക്കേടുംകൊണ്ടുനടന്നാൽ ജീവിക്കാനൊക്കത്തില്ല."

"ഒരു മണിക്കൂറിൽ കൂടുതലായിട്ടും നീ ഇവിടിരുന്നു അരിയിടാൻ തുടങ്ങിയിട്ടു്! എന്നിട്ടിതുവരെ, അരി പാതി വെന്തില്ലെന്നുപറഞ്ഞാൽ ആരു വിശ്വസിക്കും? പാത്രത്തിൽ ബാക്കിവന്നതു് ഇടാൻ മറന്നുപോയതാണെന്ന കുറ്റം സമ്മതിക്കാനുള്ള മടി? എങ്ങനാ ഇയ്യടുപ്പു പ്രജ്ഞയുണ്ടെങ്കിലല്ലെ?—"

"ആവശ്യത്തിനുണ്ട്."

"ഉണ്ടോ! അവധികൊടുത്തയച്ചിരിക്കുകയാണെന്നുമാത്രം."

"അമ്മ ചുമ്മാതിരിക്കണേ! നേർത്തെയുണ്ടായ വഴക്കിനെപ്പറ്റി അല്പം ചിന്തിച്ചിരുന്നുപോയതാ."

"എന്തോന്നാ ഇത്രതോന്നെ ചിന്തിക്കാൻ?—"

"പിന്നെ! പിച്ചക്കാരിയാണെന്നും പറഞ്ഞു് വെറുതെയിങ്ങനെ അനാവശ്യം പറയാമോ?"

"അതിനു് നിനക്കു നോവുന്നതെന്തിനു്?"

"മനുഷ്യത്വത്തെ നിന്ദിച്ചാൽ ആക്രോശവും. പിച്ചക്കാരിയാണെങ്കിലും പിച്ചിപ്പറപോലുള്ള ഒരു ഹൃദയമവർക്കുണ്ട്."

"അല്ല! അപ്പോഴിതാണോ ജോലി?—"

"ഏതാ?"

"ഓരോരുത്തരുടെ ഹൃദയം പിച്ചിയാണോ മുല്ലയാണോ എന്നു കണ്ടുപിടിക്കുക?"

"മനുഷ്യമനസ്സിന്റെ നൈസർഗ്ഗികവാസനയും അതു്?"

"ചുമ്മാതല്ല പ്രജ്ഞയില്ലാത്തതു്. തൊട്ടതിനും പിടിച്ചതിനുമൊക്കെ മറവിയും മഹാമടിയും!"

"ഉം! എന്നാ അങ്ങനെതന്നെ! തീന്നല്ലോ? അമ്മയ്ക്കുങ്ങനെയെങ്കിലും എനിക്കീയിടയ്ക്കു് വലിയ മറവിയാണ, മടിയാണെന്നു സ്ഥാപിക്കണം. അത്രയല്ലേവേണ്ടു. അമ്മയെടുത്തകാര്യംതന്നെ ജയിക്കട്ടെ."

"തക്കത്തിനുവേണ്ടിയെന്നും സമ്മതിക്കേണ്ട. ഇയ്യിടയ്ക്കു നിനക്കു് സ്വസ്ഥമാവിതന്നെ. ചെയ്യുന്ന ഒരു ജോലിക്കുമൊപ്പുണ്ടായില്ല, സൂക്ഷ്മതയില്ല. ഇക്കണക്കിനായിരുന്നു അന്നൊരിക്കൽ ആശിച്ചുംശിച്ചുമേടിച്ച അരഗ്രാത്തൽ ഉരുളൻകിഴങ്ങ് കൂട്ടാൻവച്ചു് ഒക്കെക്കെണ്ടേ ഓടയിൽ ഒഴിച്ചതു്!"

"എപ്പോഴും വയ്യുന്ന കൂട്ടനിപ്പോൾ നന്നായിരുന്നെന്നുവരുമോ? മനുഷ്യരുടെ കൈയും. യന്ത്രവുമൊന്നുമല്ല. ഉപ്പോ മുളകോ ചിലപ്പോൾ കൂടിയോ കുറഞ്ഞോ ഇരുന്നെന്നുവരും? പക്ഷേ, അതും മാറിക്കൊണ്ടേണെന്നു പറഞ്ഞാൽ വിഷമിച്ചുപോകുമെന്നുള്ളൂ."

"മറവികൊണ്ടല്ലന്നാ! മൂന്നരാത്രം. കൂട്ടാനരച്ചോണ്ടിരിക്കയോ, കൂട്ടാനരയ്ക്കുകയാണെന്നോർത്തോണ്ടരയ്ക്കണം അതില്ലെങ്കിൽ വാങ്ങിച്ചോണ്ടുവന്നിട്ടുള്ള മുളകു തീരുന്നവരെ പെറുക്കി പെറുക്കിവച്ചുരച്ചുപോകും."

"ഈശ്വരാ! കൂട്ടാനപ്പം എരികൂടിയപ്പോഴത്തേക്കുപറയുന്ന പറച്ചിൽ!"

"അല്പം എരിയാണോ കൂടിയതു്?"

"നീവച്ച കൂട്ടൻ നീതന്നെ കൂട്ടിയോശകലം. മുഴുക്കെ എടുത്തുകുഞ്ഞിലോ? മുഴുക്കെ നിന്റെ കൈവീണ കൂട്ടൻ, പാത്രം വടിച്ചു വടിച്ചു കൂട്ടിയിട്ടേ എണീക്കൂ ആരും. അതുപോയിട്ടിപ്പം തൊട്ടുനാക്കുവെയ്ക്കാൻ വയ്യാത്തമട്ടിലായി ഇത്രയുമേ? അരിവാങ്ങാൻ പകുതി പോയ വെള്ളത്തിൽ. അരി ഇടിയ്ക്കാൻ ചെല്ലട്ടെ, ഉരലിനു ചുറ്റുമുള്ള ഉമ്മുകൂട്ടിയാൽ കാണും ഇടങ്ങഴി. കൊച്ചുന കോഴുകൊടുക്കാൻപോയാലോ? കോഴുകൊടുത്തിട്ടങ്ങോട്ടുത്തോണ്ടു പോരുകയായി; പാത്രമെടുത്തു മഴക്കുകയില്ല. എന്തോരമറവിയാ? എന്തൊരുമടിയാ എന്റെ ദേവീ!—"

"അമ്മ എന്തുവേണമെങ്കിലും പറഞ്ഞോളൂ. രണ്ടുകൈയും കൂട്ടിയടിച്ചൊങ്കിലല്ലെ ശബ്ദമുണ്ടാകൂ. മടിയും മറവിയും എനിക്കിപ്പോൾ കൂട്ടുതൽതന്നെ; സമ്മതിച്ചു. പക്ഷേ അതെന്റെ മനപ്പൂർവ്വമല്ലാത്തതുകൊണ്ടു് മനപ്പൂർവ്വം ശ്രമിച്ചാലും അതുപോവുകയില്ല." സാവിത്രി മറുപടികൊടുക്കാൻ നില്ക്കാതെ വിറകുപുരയിലേയ്ക്കുങ്ങുപോയി. സംസാരിച്ചിരുന്നു. ചോറാക്കാൻ നേരമായാൽ ഇനി അതിനും പറയണം സമാധാനം.

സൌദയും മറ്റും മടങ്ങിവന്നപ്പോൾ മണി 2 ആയിരുന്നു. കൂടെ തൈയ്യാട്ടെ മുത്തയ്യനുമുണ്ട് ശോഭനനും ഉഷയിരുന്നു. എസ്സിബിക്കൻ കാണാനുള്ള കിടക്കോട്ടം വെപ്പലോടുമാണ് എല്ലാരും വന്നുകയറിയതു്. അമ്മയും അച്ഛനുംകൂടി അവരുടെ തലേത്തിനു തുള്ളിക്കൊട്ടുത്തു. അങ്ങനെ ഊണുപോലും ശരിക്കു കഴിക്കാതെ ഓരോരുത്തരും ഉടുത്തൊരുങ്ങുകയായി.

"ചേച്ചി വരുന്നില്ലേ?—" ധൃതി പിടിച്ചു തലകെട്ടിക്കൊണ്ടിരുന്നതിനിടയിൽ സൌദ, രംഗിലത്തെ വഴക്കിനു ശാന്തിതേടി.

"ഉത്സവക്കുട്ടികളൊക്കെ പോയി കണ്ടിട്ടുവന്നാട്ടെ." സാവിത്രി ഒരുട്ടു കൊടുത്തു. കാണാനും കാണപ്പെടാനും കനുകയായ അവൾക്കും കൊതുകുണ്ടെങ്കിലും വീട്ട് അടച്ചുപൂട്ടിയിട്ടുപോകാൻ അവൾ ഇഷ്ടപ്പെട്ടില്ല. പോരെങ്കിൽ, കൈക്കുഞ്ഞായ രോഹിക്കു ചെറിയൊരുപനിയുമുണ്ട്. വെയിലത്തു് ആ മൈതാനം മുഴുക്കെ എടുത്തുകൊണ്ടു കറങ്ങിയാൽ അവന്റെ ആസുഖം വർദ്ധിക്കും. അമ്മയുണ്ടെങ്കിലും അവൾവേണംപിന്നെ കഷ്ടപ്പെടാൻ.

"സാവിത്രിയിനി പിണങ്ങിയില്ലെ?" ശോഭനൻ തന്റെ സംശയം വിളിച്ചുറിയിച്ചു.

"ഓ! വായില്ലാത്ത കോടാലി പിണങ്ങിയെന്നുവെച്ചെന്താ ചേട്ടാ?—" സാവിത്രി കാര്യംപറഞ്ഞു.

"ഏതുപാറയിൽ വെട്ടിയിട്ടാ വായ്തല അടർന്നതു്?" ശോഭനൻ രസച്ചരടുനീട്ടി.

"പാറയിലെങ്ങും വെട്ടിയിട്ടല്ലേ! വായ്ത്തലയേ ഇല്ലെന്നാപറഞ്ഞതു്."

"അതു് വെട്ടുകൊള്ളുന്ന വസ്തുവല്ലേ പറയേണ്ടതു്."

"വായ്തലയില്ലാതെ ആരെങ്കിലും വെട്ടുമോ?—"

"വെട്ടാനല്ലെങ്കിൽ പിന്നെന്തിനാ കോടാലി?"

ആ സംഭാഷണം ഏവിടെച്ചെന്നവസാനിക്കുമെന്നു് വളരെ കൃത്യമായി അറിയാവുന്ന അമ്മ ഇടയ്ക്കുകയറിപറഞ്ഞു: "എടാ കുഞ്ഞേ, നീ അവളെ ശ്രദ്ധിപ്പിക്കാതെ നിന്റെ ജോലിനോക്ക്. അവളിനു് ഇടയ്ക്കുശുണ്ഠിപിടിച്ചിരിക്കുന്നതു്."

"ഒരുങ്ങിതീർന്നില്യോ? ആറിങ്ങൽ തമ്പുരാട്ടികൾ! — കാര വേ വന്നു." ബാലൻ കിതച്ചുകൊണ്ടു പ്രവേശിച്ചു.

ശോപിയേയും സാവിത്രിയേയും വീട്ടിലാക്കിയിട്ട്, ബാക്കിയുള്ളവർ ഇറങ്ങി.

അപ്പോൾപോയ ക്ഷുരാണ്. രാത്രി ഒമ്പതരയിട്ടും മടങ്ങിക്കാണാത്തതുകൊണ്ട്, സാവിത്രി മുമ്മാപ്പടിയിൽ നിന്നും എഴുനേറ്റ് ഉപ്പുനീരുമായി ശോപിയുടെ അടുത്തുപോയിക്കിടന്നു.

* * *

പ്രഭാതം പൊടിപൊടിച്ചു. രണ്ടുപട്ടക്കങ്ങൾ പൊട്ടിച്ച് ആത്മാർത്ഥം ചിരിച്ചുകൊണ്ട് സൌദയും ശോഭനനും മുമ്പേ! പഴയ സ്മരണകൾ അയവിറക്കിക്കൊണ്ട് അമ്മയും അച്ഛനും പിന്നേ! കഴിയാൻപോകുന്നതും, കഴിഞ്ഞതുമായ ആ രണ്ട് പൊൻകിനാക്കളുടെ മേഖലകളെ കൂട്ടിയിണക്കിക്കൊണ്ട് ബാലൻ ഇടയ്ക്കും. അങ്ങനെ ആറ്റപ്പൂവ് എല്ലാം അവർ നടന്നുകണ്ടു.

ഇറങ്ങാറായപ്പോൾ മണി 7 ആയിരുന്നു. കെ. ബി. എസ്സിന്റെ പാട്ടുകച്ചേരിക്കുടികേൾക്കുവാൻ അമ്മയ്ക്കാരാശ. അമ്മ ആത്മിയോടെ അച്ഛനെനോക്കി. അച്ഛനാണോട്ടം ആരിത്തണപ്പിച്ച് സൌദയ്ക്കൊടുത്തു. സൌദയത് വീണ്ടും ചൂടാക്കി ശോഭനൻചേട്ടനു കൈമാറി. ശോഭനനത് പാകത്തിനു ചൂടുവരുത്തി ബാലന്റെ മുമ്പിൽവച്ചു. ബാലൻ അതു തട്ടി ദൂരെ എറിഞ്ഞുകൊണ്ടു പാഞ്ഞു:

"എന്താ അമ്മേ? കാണാൻവന്നിട്ടും കാര്യമുണ്ടോ? വീട്ടിൽ ചേച്ചി മാത്രമേയുള്ളുവെന്നറിയണം. എപ്പോഴിറങ്ങിയതാണോ; നേർപോട്ടി. ക്ഷമയുണ്ടെന്നുവച്ച് ആരേയും അങ്ങേ അറ്റം പരീക്ഷിച്ചുകളയരുത്."

ആരുമതിനെ എതുത്തില്ല. അമ്മയും വ്യക്തമായി സമ്മതിച്ചു. ഉടനെ പോകേണ്ടതുതന്നെയാണ്. കെ. ബി. എസ്സിന്റെ പാട്ട്!—അതൊരു മയക്കമന്ത്രമെന്നപോലെ അമ്മയുടെ തലച്ചോറിനുള്ളിൽകിടന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു. എന്തിനേറെ? അപ്പനേരത്തെ വാഗ്വാദത്തിനു ശേഷം, പാട്ടുകച്ചേരി അരമണിക്കൂറെന്നു കേട്ടിട്ട് ഉടനെപോകുമെന്ന കരാറിൽ എല്ലാവരും ഒപ്പുവച്ചൊതുങ്ങി.

ഗാനമാരംഭിച്ചു.

കെ. ബി. എസ്സിന്റെ ഭക്തിരസസമ്പൂർണ്ണമായ ആ ഗാനം!—കരളലിയിച്ച് കരകവിയിക്കുന്ന ആ ആത്മഗീതം! ഏതുവിഷമതകളേയും വേദനകളേയും, വൈരാഗ്യങ്ങളേയും അരച്ചുപൊടിച്ച ആനന്ദത്തിന്റെ ഗംഗാപ്രവാഹത്തിൽ ലയിപ്പിച്ചുകളയുന്ന ആ ശബ്ദമാധുരി!—സർവ്വരും സർവ്വം വിസ്മരിച്ചു!

അടുത്ത ഗാനമാരംഭിക്കുംമുമ്പ് കെ. ബി. എസ്. അവരുടെ വസ്ത്രാഞ്ചലംകൊണ്ട് മുഖത്തിലെ വിയർപ്പുതുള്ളികളൊന്നു തുടച്ചുമാറ്റി.

സൌദ ഞെട്ടിഉണർന്നു.

"അമ്മേ!—"

"ഇരിക്കു, ഒരുശകലംകൂടി കേട്ടിട്ടു പോകാം."

"അതിനല്ല. വീട്ടിലെ വഴക്കകാം കിടയിൽ വലിയൊരുകാര്യം മറന്നാല്ലോ?—"

"എന്തോവാ?—" അമ്മ പരിഭ്രമിച്ചു.

"എനിക്കു നാളെ കളിയില്ലേ എറണാകുളത്ത്."

"അതിനെന്താ ഇപ്പോഴേ ഒരുങ്ങാൻപോണോ? —"

"ഇല്ലമ്മേ! എന്റെ വസ്ത്രങ്ങളൊന്നും കഴുകിയിട്ടില്ലല്ലോ? എല്ലാം മുക്കിത്തെരിക്കുകയാം. നാളെ നാലരയ്ക്കുള്ള എക്സ്പ്രസിൽ എനിക്കു പോകുകയുംവേണം."

"സാവിത്രിയോടു പറഞ്ഞിട്ടില്ലേ? അവൾ ശരിപ്പെടുത്തിയിട്ടുകാണും."

"ചേച്ചിയോടു പറഞ്ഞുമില്ലമ്മേ അതല്ലേ? പെട്ടിയിൽതന്നെ ഇരിക്കുകയും ചെയ്യും. എടുത്തുകൊടുക്കുമെന്നുവിചാരിക്കുവേയാണ് ചേച്ചിയോടു വഴക്കുകൂടിയതു. വഴക്കതീരുമുമ്പ് തൈക്കാട്ടെനിന്നോടുവന്നു. അങ്ങോട്ടെങ്ങിറങ്ങി. മടങ്ങിവന്നതു എസ്സിബിഷൻകാണാനുള്ള കിടക്കോട്ടം വെന്നലോട്ടം, ഊണുപോലും ശരിക്കുകഴിക്കാതെ ഇങ്ങോട്ടുചാടിത്തിരിച്ചു. എന്തൊരു മറവിയായിപ്പോയി? വസ്ത്രങ്ങളൊക്കെ ഒന്നലക്കി തേച്ചുകൊണ്ടുപോകാമെന്നാം, ഒരുദിവസംകിട്ടിയപ്പോഴത്തേയ്ക്ക് ഞാൻ ഓടിയെത്തിയതു. ഇനിയിപ്പോൾ എന്തുചെയ്യും? ആ അഴുക്കുപിടിച്ച വസ്ത്രങ്ങൾതന്നെ ധരിച്ചുകൊണ്ട് സ്റ്റേജിലിരുന്നുക! എനിക്കതു ചിന്തിക്കാൻതന്നെവയ്യാ!—"

അമ്മ സ്തബ്ധയായങ്ങനെ ഇരുന്നുപോയി. വസ്ത്രങ്ങൾ എടുത്തുകൊടുത്തിരുന്നെങ്കിൽതന്നെ, അതുമുഴുവഴക്കമുണ്ടാവാഞ്ഞതിനു സാവിത്രി അടിച്ചുനനച്ചിട്ടുണ്ടാകുമെന്നു കണ്ടറിയേണ്ടതാണ്. അങ്ങനെയിരിക്കെ അതെടുത്തുകൊടുക്കുകയോ, അക്കാര്യത്തെപ്പറ്റി ഒന്നു സൂചിപ്പിക്കുകയോ ചെയ്യാതിരുന്നാലത്തെ കഥ എന്തായിരിക്കും? സൌദയും അമ്മയും തങ്ങൾ കരുതിയ അമിളി മാറാരേയും അറിയിക്കാതെ, ഉടൻതന്നെ എല്ലാരോടുമായി വീട്ടിലേയ്ക്കുതിരിച്ചു. വഴിമദ്ധ്യേ ശോഭനൻ തൈക്കാട്ടേയ്ക്കുയാത്രയായി."

വീട്ടിലെത്തിയപ്പോൾ നേരം 10 ആയിരുന്നു. സാവിത്രി ഉറക്കത്തിലായിരുന്നുവെങ്കിലും ഒരുവിളിക്കുതന്നെ വന്നുകതവുതുറന്നു.

അകത്തോട്ടുകയറിയതും, അമ്മ മുറികളൊക്കെ ഒന്നോടിക്കാണ്മാനോക്കി, വല്ല നല്ലഭാണവുംതോന്നി സാവിത്രി വസ്ത്രങ്ങൾ കഴുകി ഉണക്കിയിട്ടിട്ടുണ്ടോ എന്ന്! എങ്ങും ഒരുതുണ്ടുണിപോലും കണ്ണിൽപെട്ടില്ല. നിരാശയും, വേദനയും സ്വന്തം മറവിയിൽ തോന്നിയ വെറുപ്പുംഹേതുവായി; അമ്മ, ഉത്തരീയംപരിച്ച് കൈപോയവക്കിനെ എറിഞ്ഞിട്ട് അടുക്കളയിലെ അന്ധകാരത്തിൽമറഞ്ഞു.

കതവുതുറന്നിട്ട് ഉറക്കച്ചെവിത്തയോടെ മടങ്ങിയസാവിത്രിയെ പിടിച്ചുനിത്തി സൌദ നെഞ്ചിടിപ്പോടെ ചോദിച്ചു.

"ചേച്ചീ! എന്റെ വസ്ത്രങ്ങളം കഴുകിയിട്ടോ?"

"ഏതുവസ്ത്രങ്ങൾ?—" സൌദയുടെ കൈപിടിച്ചു ദൂരെ എറിഞ്ഞിട്ട് സാവിത്രി അവളുടെ പാട്ടിനുപോയികിടന്നു.

സൌദ വെന്തുവിയർത്തുപോയി.

ഉടുത്തിരുന്ന വസ്ത്രങ്ങൾമാറാതെ, കാലിലെ സ്പ്ലിന്റുപോലും ഒന്നഴിച്ചുമാറാതെ, ഒരു വിളക്കുകൂടി കത്തിച്ചെടുക്കാതെ, സൌദ അവളുടെ മുറിയിൽകയറി പായ നിവർത്തി ചരിഞ്ഞു. ഇതുപോലൊരുമണ്ടി ജീവിതത്തിലുനേവരെ സംഭവിച്ചിട്ടുള്ളതായി അവൾക്കോർമ്മയില്ല. എന്തെല്ലാംമറന്നാലും അവളുടെ കലാരംഗനയുള്ള ചുറ്റുവട്ടങ്ങളം അവൾ ഒരിക്കലും മറക്കാത്തതാണ്. എന്തോ അന്ന് അങ്ങനെയുണ്ടായിച്ചു. അഴുക്കായി, പൊടിയും വിയർപ്പും പാറി മുഷിഞ്ഞുനാറിയ ആ വസ്ത്രങ്ങൾതന്നെ വീണ്ടും ഉടുത്തുകൊണ്ട് സ്റ്റേജിലിറങ്ങുക! സൌദ കഠിനമായൊന്നുഞെട്ടി. അടുത്തദിവസത്തെ കളിക്കു പോകാതിരുന്നാലെന്തെന്ന് അവൾ പലതവണ ചിന്തിച്ചു. പെട്ടെന്നൊരു ഫിറുവനുണ്ടെന്നും, ഇപ്പോൾ ആശുപത്രിയിലാണെന്നും ഭരവാഹികൾക്കൊരുകമ്പികൊടുക്കാം. കുറെ നഷ്ടം കെട്ടികൊടുക്കേണ്ടിവരുമായിരിക്കും. എന്നാലും ഈ നാണക്കേട് സഹിക്കേണ്ടല്ലോ? അതെ അങ്ങനെചെയ്യാം.

ആ തീരുമാനത്തോടെ എഴുനേൽക്കാൻഭാവിച്ചതും, മുറിയുടെ മൂലയ്ക്കലായിവച്ചിരുന്ന കാലിപ്പെട്ടിയുടെമുകളിൽനിന്നും ഇരുട്ടിൽക്കൂടി രണ്ടു തീക്കട്ടകൾ എത്തിനോക്കുന്നതായി അവൾക്കുതോന്നി. കാലിപ്പെട്ടിയുടെ മുറിയിൽ തീക്കട്ടകൾ, എങ്ങനെ വന്നു? ജ്വലിക്കുന്ന കണ്ണുകൾപോലിരിക്കുകയാണ്! ദേവീ! ഭദ്രേ! വല്ല പിശാചിന്റെയോ, യക്ഷിയുടേയോ കണ്ണുകൾ ജ്വലിക്കുകയാണോ? തുടിക്കുന്ന മാറിടം അമർത്തിപ്പിടിച്ചുകൊണ്ട് അവൾ ധൃതിയിൽ പുറത്തിറങ്ങി ഒരു വിളക്കുമായി വിറച്ചുവിറച്ച് അകത്തുകയറി.

ആവൂ! തേപ്പുപെട്ടി! ആരോ തേച്ചുകഴിഞ്ഞിട്ട് ആ മൂലയ്ക്കുകൊണ്ടുവച്ചിരിക്കുകയാണ്. ആരുതേയ്ക്കാൻ? അച്ഛനോ ബാലനോ തന്റെകൂടെ കാണാൻ വന്നിരിക്കുകയായിരുന്നില്ലേ? പിന്നാരാണ് ആ വീട്ടിൽ തേപ്പുപെട്ടി ഉപയോഗിക്കുന്നറിഞ്ഞുകൂടാ താനും. പിന്നാരാണതേച്ചതു"? ചേച്ചിമാത്രമല്ലേ വീട്ടിലുണ്ടായിരുന്നുള്ളു. ചേച്ചി തേച്ചുവെന്നോ? ചേച്ചിക്കു തേയ്ക്കാനറിയാമോ? എന്താണ് തേച്ചതു"?—

"എന്റെ ചേച്ചി?" ഹൃദയത്തിന്റെ മണിയറയിൽനിന്നുംകേട്ട കോരിത്തരിപ്പിക്കുന്ന ആ ശബ്ദവീചിയിൽ മുങ്ങിപൊങ്ങി സൌദ പെട്ടിതുറന്നുനോക്കി. എന്തു"? പെട്ടിമാറിയോ? എന്റെവസ്ത്രങ്ങളുണ്ടതിൽ? വസ്ത്രങ്ങൾ ഒന്നൊന്നായി അവൾ പുറത്തെടുത്തുതിരിച്ചും മറിച്ചുംനോക്കി. അവളുടെ ശരീരം കോരിത്തരിച്ചു. കണ്ണുകളെ കുത്തിത്തുറന്നകൊണ്ട് കണ്ണുനീർ ചുരന്നുകുടി. അവളുടേതന്നെ വസ്ത്രങ്ങളാണവ!—ആ സാരികളും അഴിയും, ബ്ലൌസും ബോഡിയും, പാവാടയും, നേരിയതും എല്ലാം, എല്ലാം അവളുടേതുതന്നെ! ഭദ്രമായി അലക്കി ഉണക്കി, തേച്ചുമടക്കി, അടുക്കിവച്ചിരിക്കുന്നു!! സൌദ പെട്ടിക്കരഞ്ഞുപോകുന്നതു കൈമടക്കിക്കടിച്ചു. എന്നിട്ട് മെല്ലെ എഴുന്നേറ്റ് എതിർവശത്തെ ചേച്ചിയുടെ മുറിയിലേക്കുനടന്നു.

സാവിത്രി കിടക്കുകയാണ്. ഒരു കൈ ശോപിയുടെ കണ്ഠത്തിൽകൂടിയിട്ട് ചേർത്തുപിടിച്ചുകൊണ്ടും, മറുകൈ, നീട്ടി തലയിണയ്ക്കപ്പുറത്തുള്ള കിണ്ണത്തിലെ ഉപ്പുനീരിൽ ഇട്ടുകൊണ്ടും ഒരുവശം ചരിഞ്ഞു"! നല്ല ഉറക്കമായിട്ടുണ്ട്. ശബ്ദമുണ്ടാക്കാതെ സൌദ അടുത്തുചെന്നു. ഉപ്പുനീരിൽ കിടന്ന ചേച്ചിയുടെ ആ കൈ സാവധാനം ഒന്നു പൊക്കിനോക്കി. ഒരു ശോലിയുടെ ആകൃതിയിൽ പൊള്ളിവീർത്തിരിക്കുകയാണ് പൂണ്ടവിരൽ! തേയ്ക്കാൻ പരിചയമില്ലാഞ്ഞിട്ടും വലിഞ്ഞെണീറ്റുപോയി തേച്ചതിന്റെ ചിഹ്നം! ആ കൈയവയം നെഞ്ചോടമുക്കിപ്പിടിച്ചുകൊണ്ട് ചേച്ചിയുടെ മുഖത്തേയ്ക്കുറ്റുനോക്കി. അല്പം വിടർന്ന്, ചോരയുള്ളിച്ചിരിക്കുന്ന ആ ചുണ്ടുകളിൽ സാവിത്രിയുടേതായ ആ മോഹനാദർശം പൂവിടുനിൽക്കുന്നതായി സൌദയ്ക്കുതോന്നി.

"സ്നേഹിക്കുക! മരിക്കുക!—"

★

ലതിക

ഗ്രന്ഥകർത്രി—കെ. ഭാരതിഅമ്മ.

ഒരു ഇൻസ്പെക്ടരുടെ പുത്രിയാണ് ലതിക. പിതാവിന്റെ മരണത്തോടുകൂടി അശരണയായ അവൾ ഒരു ധൂർത്തനായ യുവാവുനിമിത്തം അനുഭവിക്കുന്ന കഷ്ടതകളും നിയതി അവനൽകുന്ന ക്രൂരയാതനകളും ശുഭപര്യവസായിയായ ഉപരികഥകളും ഏറ്റവും തന്മയത്വമായി വർണ്ണിക്കുന്ന ഒരു വിശിഷ്ടനോവൽ.

വില ത്രു: 1. ണ. 8.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ്", കൊല്ലം.

ഹിമാലയത്തിലെ ശ്രീനാരായണാശ്രമം

★



മുകളിൽനിന്നു താഴോട്ട്:—


1. മണ്ഡലക്കാലത്തെ ആഘോഷം—ബ്യൂട്ടിയാ വർഗ്ഗക്കാരുടെ നൃത്തം. "അയ്യപ്പശരണം മമ" എന്ന പദം മിക്കപ്പോഴും ചൊല്ലി ആടാറായിട്ടുണ്ട്.


2. അതിഭയങ്കരമായി ഹിമപാതം ഉള്ള ഒരുദിവസം ജിമ്മി എന്ന പട്ടി വളരെ കൃത്യബോധത്തോടുകൂടി പെടോൾപെയ്യുന്നതു്. ഇവൻ ഇടയ്ക്കിടയ്ക്കു പുതുതായി വീണുകൊണ്ടിരിക്കുന്ന മഞ്ഞിനെ ഐസ്ക്രീംആക്കി വേണ്ടുവോളം ഭക്ഷിക്കാറുമുണ്ട്.

3. ഇവർ ആകാശത്തിൽ പറക്കുകയല്ലാ. ഇന്നു രണ്ടു സഹോദരികളും മാസ്സമദ്ധ്യേ അതികഠിനമായ ഹിമപാതത്തിൽ നാരായണ ആശ്രമത്തിൽ വിശ്രമിക്കേണ്ടിവന്നു. അവർ ഇരിക്കുന്നതിനു ചുറ്റും മഞ്ഞുവീണു മൂടിക്കൊണ്ടിരിക്കുന്നു. ഇടതുവശംഉള്ള സഹോദരി ഇൻഡ്യയുടേയും ടിബറിന്റേയും അതിർത്തിയായ ഗോർഖിയിൽ എന്ന സ്ഥലത്തെ ബ്യൂട്ടിയാജാതിക്കാരിൽ വിദ്യാസമ്പന്നയായ ഏക യുവതിയും എം. എ. എൽ. റ്റി-യുമാണ്. നൈനിട്ടാൾ വിമൻസുകാളേജിലെ വൈസ്പ്രിൻസിപ്പാളാണ്. സ്വദേശത്തുള്ള മാതാപിതാക്കന്മാരെ സന്ദർശിച്ചതിനുശേഷം തനിച്ചു നയിനിറ്റാലിൽപോകുന്ന അവസരത്തിലാണ് ഹിമപാതം.

4. ശ്രീനാരായണാശ്രമത്തിലെ ആശ്രമപരിസരം. 4 അടി മഞ്ഞുവീണ് സകല ചെടികളും മിക്കവാറും മൂടപ്പെട്ട അവസരം.

★





ഒരിക്കലും പിരിയാത്ത രണ്ടു സാധുക്കൾ. ശ്രീനാരായണനും—ശ്രീ വിമോചനാനന്ദനും. ജിമ്മി ഫോട്ടോഗ്രാഫറോടു് "ഇത്ര താമസമെന്തെന്നു ചോദിക്കുന്നു." 5 അടി മഞ്ഞുള്ള അവസരം.





പുതിയ ഇംഗ്ലിഷ്-മലയാളനിഘണ്ടു

★

കെ. ഗോപാലപിള്ള, ബി. എ.
എൻ. ബാപ്പുറാവു, ബി. എ. ബി. എൽ.
കെ. ജി. ശങ്കർ.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

വില ര: 7½, 6½, 6.

നിഘണ്ടുനിർമ്മാണം വ്യക്തഗതമായ പ്രവർത്തനപരിധിയിൽപെട്ടന്ന ഒന്നല്ല. യൂണിവേഴ്സിറ്റികളുടെയോ തത്തുല്യമായി സ്ഥിരപ്രതിഷ്ഠയുള്ള • ഇതര സ്ഥാപനങ്ങളുടേയോ ആഭിമുഖ്യത്തിൽ വിദഗ്ദ്ധസമിതി നിർദ്ദേശിക്കപ്പെടേണ്ട ഒന്നാണ നിഘണ്ടുനിർമ്മാണം. പരിശീലിത ഭാഷകളിലെല്ലാം ഈ സമ്പ്രദായമാണ സ്വീകരിച്ചുകണ്ടിട്ടുള്ളത്. മലയാളത്തിനുമാത്രം ഏതാണ്ടു കാൽപിഴയിൽകഴിയുന്ന മലയാളഭാഷയിൽ ആശാസ്യവുംപുതിയുള്ളതും അഭിനവങ്ങളായ ശബ്ദസമ്പത്തുകളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ ഇംഗ്ലീഷിനെ അടക്കിയിരുത്താൻ വിചാരിക്കുന്നതു അത്ര ലാഘവമായ കാര്യമൊന്നുമല്ല. ഒരു ശബ്ദത്തിനു് ആ ഭാഷയിലുള്ള യഥാർത്ഥ വിലയെന്തെന്നു അറിയണം. അതേവിലയുള്ള മറുഭാഷയിൽ പകരം എടുക്കണമെങ്കിൽ ആ ഭാഷയിലും പ്രഗൽഭമായ അഭിജ്ഞതാനം വേണം. ഈ ദുഷ്കരതപമാണ് ഇംഗ്ലീഷുമലയാള നിഘണ്ടുക്കളുടെ നിർമ്മാണത്തിൽ വിലങ്ങടിച്ചുനിൽക്കുന്നതു്. എന്നാൽ പ്രതിബന്ധങ്ങളെ വ്യതിലംഘിച്ചുപോകാൻ സമർത്ഥമായ മലയാളിയുടെ ബുദ്ധിശക്തി ഈ പ്രതിരോധംകൊണ്ടു പിൻവാങ്ങുകയല്ല ഉണ്ടായിട്ടുള്ളതു്. ഇംഗ്ലീഷുമലയാളനിഘണ്ടുക്കളും ഇന്നു പല പ്രസിദ്ധീകരണശാലകളും പ്രസാധനംചെയ്തിട്ടുണ്ടു്. അവയുടെ ഗുണഗണങ്ങളെപ്പറ്റിയുള്ള നീണ്ടനീണ്ട പരസ്യങ്ങളും വിലയേറിയ അഭിപ്രായങ്ങളും അതിനെ അനുബന്ധിച്ചു കാണാം. അതൊരു വ്യവസായമെന്നല്ലാതെ നിഘണ്ടുവിന്റെ ഉദ്ദേശം സാധിക്കയല്ല അവയിൽ പലതും. ഈ പ്രസ്ഥാനത്തിൽ ഒന്നെടുത്തുപറയേണ്ടതുതന്നെ മി: ടോംബിയസ്സ്കറിയ എഴുതീയിട്ടുള്ള ഇംഗ്ലീഷ്-നിഘണ്ടുവാണു്. കാലാതിപാതംനിമിത്തമുണ്ടായിട്ടുള്ള പ്രയോഗശൈഥില്യങ്ങളെ പുതുക്കി കേട്ടുപാട്ടകമാതിക്കാൻ ആ പ്രസിദ്ധീകരണപ്രവർത്തകർ യത്നിച്ചിട്ടില്ല. ഇംഗ്ലീഷ്ഭാഷയിലാണെങ്കിൽ നവനവങ്ങളായ പ്രയോഗസംരംഭങ്ങൾ ദിനേദിനേ ഉണ്ടായിക്കൊണ്ടുമിരിക്കുന്നു. സംസ്കൃതജ്ഞന്മാർക്കു് വി. എസ്. ആപ്തെയുടെ ശബ്ദകോശം ഒരു അഭയകേന്ദ്രമാണെന്നു് സമ്മതിക്കണം. എന്നാൽ പത്രമാഫിസ്സുകളിലും മാഗസീൻ പണിയെടുക്കുന്ന പരിഭാഷാപരിശ്രമികളുണ്ട് ഒരു നല്ല ഇംഗ്ലീഷ്-മലയാളനിഘണ്ടുവില്ലാത്തതിന്റെ ദണ്ഡം കൂടുതൽ അനുഭവിക്കുകയുള്ളതു്. ശ്രീരാമവിലാസംപ്രസ്സിൽനിന്നു പ്രസിദ്ധീകരിച്ചിരിക്കുന്ന പുതിയ നിഘണ്ടു, രംഗപ്രവേശം ചെയ്തിട്ടുള്ളതു്. പത്രപ്രവർത്തനം, വ്യവസായം, വ്യാപാരംതുടങ്ങി അധുനാതനസമ്പ്രദായങ്ങൾക്കു് പ്രാധാന്യംകൊടുക്കയാണുചെയ്തിട്ടുള്ളതു്. തൽക്കാരണത്താൽ ഇതു് ദേശകാലോചിതമായ പ്രവർത്തനവിശേഷമായി തീർന്നിട്ടുണ്ടു്. എന്നാൽ ഇംഗ്ലീഷ്സാഹിത്യത്തിലെ ആശയങ്ങളെ സുവിശദമാക്കത്തക്കവിധം പദാനുപദമായ സംവിധാനതയുള്ളതുകൊണ്ടു് വിദ്യാർത്ഥികൾക്കും അധ്യാപകന്മാർക്കും അത്യന്തം പ്രയോജനപ്പെടത്തക്കനിലയും ഒരു പ്രത്യേകതയായിട്ടുണ്ടെന്നുവേണം പറയുവാൻ. ഇങ്ങനെ വിവിധപഠനശൈലിയും വിശദീകരണനിപുണവും വിദഗ്ദ്ധവും ആയ ഒരു നിലയാണു് ശ്രീരാമവിലാസംപ്രസ്സിലെ ഈ പുതിയ ഇംഗ്ലീഷ്-മലയാളം നിഘണ്ടുവിനുള്ളതെന്നു നിർവിശങ്കം പറയാം. ഇംഗ്ലീഷിലുള്ള ഉയർന്ന ഗ്രന്ഥങ്ങൾക്കുള്ള കെട്ടിലും മട്ടിലും മലയാളത്തിൽ ഇതാദ്യമാണെന്നുപറയുന്നതിലും പ്രത്യേകസന്തോഷമുണ്ടു്.

ജ്വലിക്കുന്ന ചിന്തകൾ

★

പ്രകാശകൻ
പി. കെ. തങ്കപ്പൻ ബി. എ.
സെക്രട്ടറി ലിറ്റിൽ ഫ്ലവേഴ്സ്, ആലപ്പുഴ.
വി—ശ്ര—1

ജ്വലിക്കുന്നചിന്തകൾ, എന്നു് കേൾക്കുമ്പോഴുണ്ടാകുന്ന പ്രതീതിയെ അതിജീവിച്ചു് ഗ്രന്ഥത്തിലെ ഉള്ളടക്കത്തിലേയ്ക്കുപ്രവേശിക്കുന്ന അനവദ്യചകനു് പ്രതിഭാപ്രകാശത്തിന്റെ പ്രസ്ഫുരണമായിരിക്കും അനുഭവപ്പെടുന്നതു്. മഹദ്വചനങ്ങൾ എന്നപേരിൽ പാശ്ചാത്യവും പൗരസ്ത്യവുമായ ചിന്താരത്നങ്ങളെ സമാഹരിച്ചു് പ്രദർശിപ്പിക്കുന്നതിനുള്ള ശ്രമം ഇതിനുമുൻപും നടന്നിട്ടുണ്ടു്. എന്നാൽ ഈ ചിന്താസംബോധകൻ ആ പന്ഥാവിൽ കുറച്ചുകൂടി പുരോഗമിക്കയും അകാരാദിക്രമത്തിൽ അവയെ അടുക്കുകയും ജീവിതസംബന്ധികളായ മഹദഭിപ്രായങ്ങളെ കൂട്ടത്തിൽ നിഷ്കർഷയോടുകൂടി ഗവേഷണംചെയ്തു് സംഭരിക്കയുംചെയ്തിട്ടുണ്ടെന്നു് സന്തോഷപൂർവം വെളിപ്പെടുത്തിക്കൊള്ളട്ടെ. മഹദ്വചനങ്ങളും ജീവിതലക്ഷ്യത്തിലേയ്ക്കുള്ള കൈപുണ്ടികകളാണു്. മാർഗ്ഗഭ്രമം ഉണ്ടാകാത്ത ജീവിതം കുറവോ എന്നു സംശയമാണു്. അങ്ങനെ സംശയിച്ചുഴലുന്നവരെ നേർവഴിക്കുനയിക്കുന്നതിനു് മഹദ്വചനങ്ങൾക്കു കഴിയുകയുള്ളൂ. അങ്ങനെയുള്ള ചിന്താരത്നങ്ങൾക്കുവേണ്ടി നാം യത്നത്തിലും അലച്ചിലുംസഹിക്കുന്നിടത്തോളം സമ്പാദിച്ചുതരികയാണു് ശ്രീ. തങ്കപ്പൻ ചെയ്തിട്ടുള്ളതു്. ശങ്കിക്കേണ്ട സുവർണ്ണത്തെ കൈക്കൊൾകേവേണ്ടു, എന്നതത്വമാണു് ഈ സമ്പാദനശ്രമത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നു തോന്നുന്നു. ജാതിയോ മതമോ പാശ്ചാത്യമോ പൗരസ്ത്യമോ എന്ന ഭേദഭാവനകളൊന്നും ഇതിൽ ഇല്ല. മാർക്സ്, ലെനിൻ, ഗാന്ധി, സ്റ്റാലിൻ, ഐൻസ്റ്റീൻ, വിവേകാനന്ദൻ, ടോൾസ്റ്റോയ തുടങ്ങിയവരുടെ ആയിരത്തോളം ചിന്താജ്വാലകളും ഇതിൽ നമുക്കു് ദർശിക്കാൻസാധിക്കും. ദീർഘമായ പരിശ്രമത്തിന്റെയും സഹിഷ്ണുതയുടേയും ഫലമായ ഈ സമ്പാദനം പ്രോത്സാഹനസമർഹമാണു്. —സി. എം. പി.

★

കൈപ്പറ്റി

സത്യമാണീശ്വരൻ—

ഗ്രന്ഥകർത്താ, മാതൃപ്രേമി ഗോവിന്ദമേനോൻ. പേജ് 48.
വില 8 ണ.

കൈലാസത്തിലെ ഹേമന്തകാലം—സ്വാമി വിമോചനാനന്ദന്റെ ഹിമാലയപര്യടനകാലത്തെടുത്ത ചിത്രം.



ഹിമാലയത്തിൽ "ബരിതാംഗ്" എന്ന സ്ഥലത്തെ ഒരു ഹിമാലയൻ ഉദ്യാനത്തിൽ വിമോചനാനന്ദസ്വാമിയും, ശ്രീ അയ്യപ്പധർമ്മപരിഷത്തിന്റെ പ്രവർത്തകനായ ശ്രീ. ലക്ഷ്മണസിംഹും (നടുക്കു്) ശ്രീ. ഗുലാബ്സിംഗ് ബി. എസ്സി. എൽ. റ്റി-യും.



കെ. ജി. ശങ്കർ

★

ഒരു അനുസ്മരണം

— എ. എൻ. വിശ്വനാഥപിള്ള, കൊല്ലം —

ജാജ്വല്യമാനമായി മിന്നിത്തിളങ്ങിക്കൊണ്ടിരുന്ന ഒരു ഉജ്ജ്വല നക്ഷത്രമാണ് ശ്രീ: ശങ്കരന്റെ ചരമം മൂലം നമ്മുടെ ഇടയിൽനിന്ന് എന്നെന്നേക്കുമായി പൊലിഞ്ഞുപോയത്. നികത്താനാവാത്ത ഒരു ശാശ്വതവിടവാണ് അതു്. ആ തരം ഒരു നിസ്വാർത്ഥസേവകനെ കണ്ടെത്തുക അത്ര സാധാരണമല്ല. പ്രസിദ്ധിക്കോ പെരുമയ്ക്കോ വേണ്ടിയായിരുന്നില്ല അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. ഒരു കുലീനകുടുംബത്തിലെ വിനീതനായ ഒരു അംഗമായിരുന്നു അദ്ദേഹത്തിന്റെ പിതാവു്; കൊല്ലത്തെ 'കിങ്ങ്സ് മേക്കർ' (നിയമസഭാമെമ്പറന്മാരെ സൃഷ്ടിച്ചിരുന്ന) 'രാജ്യസേവാനിരതൻ' അദ്ദേഹത്തിന്റെ ഭ്രാതാവും – അവരുടെ പരിലാളനയിലാണ് അദ്ദേഹം വളർന്നതു്. "ശിശു മനുഷ്യന്റെ പിതാവാണ്," എന്നൊരു ചൊല്ല ഇംഗ്ലീഷുഭാഷയിലുണ്ടു്. ശൈശവത്തിൽ ദൃശ്യമാകുന്ന സ്വഭാവം തന്നെയാണ്, പ്രായമെത്തുമ്പോൾ മനുഷ്യരിൽ പൂർണ്ണവളർച്ച പ്രാപിച്ച പ്രത്യക്ഷപ്പെടുന്നതു്, എന്നതു അതിന്റെ സാരം. ഇതു് എത്രയും പരമാർത്ഥമാണെന്നതെളിയിക്കുന്ന ഒരു ബാല്യകാലജീവിതമാണ് സതീർത്ഥ്യരുടെ കണ്ണിലുണ്ണിയായ അന്നത്തെ കെ. ജി. ശങ്കരപ്പിള്ള അവർകളും നയിച്ചിരുന്നതു്. അങ്ങനെ വിടർന്നു വികസിക്കുവാൻ തുടങ്ങിയ സ്വാതന്ത്ര്യപ്രേമവായ അദ്ദേഹത്തിന്റെ വ്യക്തിത്വം സൽപ്പന്ഥാക്കളിൽക്കൂടി അചിരേണ പൂർണ്ണവളർച്ചയിൽ എത്തി. അദ്ദേഹം നിഷ്കളങ്കനായിരുന്നു. അതേസമയം കുശാഗ്രബുദ്ധിയും. ഇവരണ്ടും ഒരുമിച്ചു ചേർന്നുപോകുന്ന സ്വഭാവവിശേഷങ്ങളല്ല. വെളിച്ചവും ഇരുട്ടുംപോലെയാണ് അതു്. ഒന്നു മറ്റൊന്നിനു കടകവിരുദ്ധമായ സ്വഭാവം. ഈ ഇണങ്ങാം ഇണങ്ങിച്ചേർന്നുകാണുന്ന വ്യക്തികൾ ലോകത്തു അപൂർവ്വമത്രെ. ലക്ഷത്തിൽ എന്നല്ല കോടിയിൽപോലും അത്തരം ഒന്നോ ഒരു മുറിയോപേരെ കണ്ടുകിട്ടിയാൽ ഭാഗ്യം, അത്ര തീരെ വിരളമാണ് അതു്. ഒരുതരത്തിൽ നോക്കിയാൽ, കള്ളമല്ലാത്ത മാറു് എന്താണ് ബുദ്ധി, മിടുക്കു്, സാമർത്ഥ്യം, എന്നെല്ലാംപറയുന്നതു്. നല്ലസമർത്ഥൻ എന്നുപറഞ്ഞാൽ തികഞ്ഞകള്ളൻ എന്നല്ലെ പലപ്പോഴും അർത്ഥം. വ്യാജത്തിന്റെ പയ്യായമായി അമരസിംഹൻ 'സാമർത്ഥ്യം' കൂടി ഉൾപ്പെടുത്തിയിരുന്നതു—അതിനു പയ്യായംകൊടുത്തിട്ടുണ്ടെങ്കിൽ—എന്തുകൊണ്ടോ, എന്തോ. (മെക്കാനിക്സ് മുതലായവരെപ്പറ്റിയുള്ള സാമർത്ഥ്യപദപ്രയോഗം ഇതിൽനിന്നു വ്യത്യസ്തമത്രെ). ഈവക സമർത്ഥന്മാരെ (കള്ളന്മാരെ) ലോകരംഗത്തു കേമന്മാരായി പലപ്പോഴും അനവധികാണാം. നേരെമറിച്ചുണ്ട് നിഷ്കളങ്കന്മാരുടെകഥ. അവർ ഈലോകത്തിലെ പരമാന്യവസ്തുക്കളാണ്. ഈ കേവലസത്യത്തിനു വിപരീതമായി, മേൽപ്പറഞ്ഞ വിശ്വാസപ്രഭവങ്ങൾ അരഞ്ഞിണങ്ങിച്ചേർന്ന പ്രശോഭിച്ചിരുന്ന ഒരു ഉന്നതവ്യക്തിത്വമാണ് മഹാത്മജി. വാഗ്ദാനിയുടെ വിരോധികളായിരുന്നു. ദീർഘകായവും സ്ഥൂലഗാത്രവുംകൊണ്ടുള്ള ആകൃതിസാമ്യംനിമിത്തം, ശ്രീ: കുഞ്ഞുകൃഷ്ണപിള്ളയാൽ ആലിസമോദരന്മാർ (ബിലാഹത്തുപ്രസ്ഥാനത്തിലെ സുപ്രസിദ്ധരായ ഷൗക്കത്താലിയും മഹമ്മദാലിയും) എന്നുപറയപ്പെട്ടവന്ന അദ്ദേഹത്തിന്റെ രണ്ടുമാതുലന്മാർകൂടി അക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. ധനശേഷിയും കായശേഷിയും ഉണ്ടായിരുന്ന അവർ, സ്ഥലവാസികളുടെ ബഹുമാനവും ഭയവും ഒരുപോലെ ആർജ്ജിച്ചിരുന്നു. ശ്രീ. കുഞ്ഞുകൃഷ്ണപിള്ളയോടുള്ള തീവ്രമായ വൈരാഗ്യനിമിത്തം നല്ലപരിചയവും വലിയ സ്നേഹവുമുണ്ടായിരുന്ന ഞങ്ങളെ മൂവരെയും കണ്ടപ്പോഴും അവർ നടിച്ചില്ലെന്നമാത്രമല്ല, "ആരെടാ മീറാംഗ്രനടത്താൻ ഇവിടെവന്നിരിക്കുന്നതു്" എന്നുംമറ്റും അത്യുച്ചത്തിൽ ഗർജ്ജിച്ചുകൊണ്ടു മീറാംഗ്രകൂടേണ്ട സ്ഥലത്തുവന്നുനിലയുമായി. വല്ലവിധവും ഒരുമേശയും ഏതാനും കസാലകളും ഒരു സ്നേഹിതൻ എത്തിച്ചുതന്നതു ആത്തിയോടെസ്വീകരിച്ചു്, ഒരുകുഴപ്പുപോലും സന്നിഹിതനാകാത്ത മീറാംഗ്ര ഞങ്ങൾ സമാരംഭിച്ചു. ശ്രീ: സി. വി. അഭിപ്രായപ്പെടുകയും ഈ ലേഖകൻ പിൻതാങ്ങുകയുംചെയ്തതോടെ ശ്രീ: ശങ്കർ അദ്ധ്യക്ഷപദം സ്വീകരിച്ചു പ്രകൃമംതുടങ്ങി. ഈസമയമെല്ലാം മീറാംഗ്രമുടക്കുവാനായി ശ്രമിച്ചുകൊണ്ടു് എതിരാളികൾ ഏതാണ്ടു പത്തുവര അകലത്തിൽ നിൽക്കുന്നുണ്ടായിരുന്നു. അതൊന്നും ക്രമേണ, ഇന്ത്യൻ രാഷ്ട്രീയസ്ഥിതിയെ പൊതുവെയും, നാട്ടുരാജ്യങ്ങളെയും തിരുവിതാംകൂറിനെയും പ്രത്യേകിച്ചും ക്രമേണക്രമമായി അപഗ്രഥിച്ചു് കുഞ്ഞുകൃഷ്ണപിള്ളയെപ്പോലുള്ള ഒരു രംഗം അത്തരുണത്തിൽ വോട്ടനൽകേണ്ടതിന്റെ അത്യാവശ്യകതയെ കാര്യകാരണസഹിതം പ്രസംഗപഞ്ചമാക്കിക്കൊണ്ടു് പ്രഗൽഭംഭീരവും ഉജ്ജ്വലവുമായിനടത്തിയ ആ പ്രഭാഷണം, ക്രമം കുത്തിക്കുതിക്കുന്ന ശംഖപ്രവാഹംപോലെ സ്വപ്രതിബന്ധങ്ങളെയും തട്ടിത്തകർത്തുകൊണ്ടു്, തടഞ്ഞുവച്ചിരുന്ന ആ സംഭാഷണസമയംമുഴുവൻ യോഗസ്ഥലത്തെയ്ക്കു പ്രവഹിക്കുവാൻ പര്യാപ്തമാക്കി. ഏതിരാളിയുടെ ശക്തിദൗർബ്ബല്യമെന്നു കരുതപ്പെട്ടിരുന്ന ആ സ്ഥലത്തെ വോട്ടുകളിൽ ഒരു വലിയപങ്കു്, ആ ഒരൊറ്റപ്രസംഗം ശ്രീ: കുഞ്ഞുകൃഷ്ണപിള്ളയ്ക്കു നേടിക്കൊടുത്തു. ശ്രീ: ശങ്കരന്റെ ഏറ്റവുംനല്ല പ്രസംഗങ്ങളിൽ ഒന്നായിരുന്നു അതു്. വാചാലതയെക്കാൾ നിഷ്കളങ്കതയും ആത്മാർത്ഥതയുമാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിനു് ഒജസ്സും ജീവനും നൽകിയിരുന്നതു്.

ഗാന്ധിജിയോടൊരുമിച്ചു് സബർമതിആശ്രമത്തിൽ കഴിച്ചുകൂട്ടിയതിനുശേഷം മടങ്ങിയെത്തി അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം, മദ്യവർജ്ജനം, ഖാദിപ്രചരണം, ഹരിജനപ്രചരണം മുതലായി മഹാത്മജിയുടെ സൃഷ്ടിപരപരിപാടികളിൽ വ്യാപൃതനായിരിക്കുമ്പോഴാണ് ഒരു അവസരത്തിൽ ഡി. എസ്. പി. മലയാളരാജ്യം

അമ്മ (ചെറുകഥകൾ)—
ഗ്രന്ഥകർത്താ, എം. മുഹമ്മദ് എം.എ; എൽ. എൽ.ബി. പേജ് 107. വില രൂ 1.

തകർന്ന ബന്ധങ്ങൾ (ഒരു സാമൂഹ്യനോവൽ)—
ഗ്രന്ഥകർത്താ, ബി. മാധവമേനോൻ എം. എ. പേജ് 118. വില രൂ 1. ണ 4.

വഴിയമ്പലത്തിൽ—
ഗ്രന്ഥകർത്താ, ശ്രീധരഭാരതി. പേജ് 100. വില ണ 12.

രണ്ടു മഹാരസികന്മാർ—
ഗ്രന്ഥകർത്താ, ടി. എസ്. അനന്തസുബ്രഹ്മണ്യം. പേജ് 114. വില രൂ 1. ണ 4.

ലോലിത (ഒരു സ്വതന്ത്രാഖ്യായിക 2-ാംപതിപ്പു്)—
ഗ്രന്ഥകർത്താ, എൻ. പി. പണിക്കർ, നീലംപേരൂർ. പേജ് 403. വില രൂ 3.

ദക്ഷിണാമൂർത്തിസ്തോത്രം (സവ്യാഖ്യാനം)—
വ്യാഖ്യാതാ, പണ്ഡിറ്റ് പി. ഗോപാലൻനായർ, കൊല്ലക്കോട്ട്. പേജ് 224. വില രൂ 2.

★



സിംഹമായിരുന്ന മി. ബി. നാണപിള്ളയോട്ട് ഈ ലേഖകനെ ജാമ്യത്തിൽ വിടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹത്തിനവാദിക്കേണ്ടിവന്നതു്. മദ്യവർജ്ജനപ്രക്ഷോഭണം പൊടിപൊടിച്ച നടക്കുന്നകാലം, തിരുവിതാംകൂറിലെ നിയമസഭാസാമാജികന്മാരെ മുഴുവൻ ക്ഷണിച്ചു് അന്നാണു് കൊല്ലത്തു വച്ചു് അഖിലതിരുവിതാംകൂർ മദ്യവർജ്ജനപ്രക്ഷോഭണമഹായോഗം നടന്നതു്. അന്നു് മൈക്രോഫോൺ ഉള്ള കാലമായിരുന്നില്ല. തൻനിമിത്തം പ്ലാറ്റ്ഫാറത്തിൽനിന്നുന്ന പ്രാസംഗികന്റെ പ്രസംഗം കേൾക്കാൻതക്ക അകലത്തിൽ ഇടവും, വലവും മേശയിട്ടു് അതിനുമേൽ പ്രത്യേകം ആളുകൾനിന്നു് ഓരോ വാചകവും ഏറ്റുപറഞ്ഞാണു് പ്രസംഗം സഭാസ്വരത്തെ കേൾപ്പിച്ചുവന്നതു് എന്നു പറയുമ്പോൾ ആ യോഗങ്ങളുടെ ഒരു ഏകദേശ വിപുലത്വം ഗ്രഹിക്കുവാൻ കഴിയുന്നതാണു്. ഒടുവിൽ മദ്യശാലകളും ലേലത്തിൽ കൊടുപ്പാൻ ആളുകിട്ടാതെ ഗവൺമെന്റു് അമ്പാരന്നം. അബ്കാരി നമ്മുടെ ഗവൺമെന്റിന്റെ ഒരു പ്രധാന വരവിനമാണു്." അതുകയാൽ ഗത്യന്തരമില്ലാതായപ്പോൾ, ആവനാഴിയിൽ കരുതിയിരുന്ന ക്രൂരാസ്ത്രം ഓരോന്നായി ഗവൺമെന്റു് എടുത്തുതുടങ്ങി. അഡ്വക്കേറ്റു് ശ്രീ: പി. ആർ. കുഞ്ചുപിള്ള, ശ്രീ: ഒ: എൻ. കൃഷ്ണക്കുറുപ്പു് മുതലായി ഈ ലേഖകൻ ഉൾപ്പടെ മുപ്പതോളംപേരെ പെട്ടെന്നു് ഒരു വൈകുന്നേരം അറസ്റ്റുനടത്തി. സ്റ്റേഷനിൽചെന്നപ്പോൾ സന്ധ്യകഴിഞ്ഞു. ഇന്നത്തെയോ സ്റ്റോറകൗൺഗ്രസ്സു് സമരകാലത്തെയോ പോലീസ്സു് വ്യവസ്ഥിതിയൊന്നുമല്ല അന്നു്. ഏതാണ്ടു് കാൽനൂറ്റാണ്ടിനുമുൻപാണു് കാലം. പോലീസ്സു് എന്നാകെട്ടാൽ പനിയുണ്ടാകുന്ന കാലമാണു് അതു്. പോരെങ്കിൽ ഡി. എസ്. പി. മിസ്റ്റർ ബി. നാണപിള്ളയും പിള്ളാലത്തു് ഐ. ജി.-യായിത്തീർന്ന ശേഷിമാനായ മി. ശിവശങ്കരപ്പിള്ള എ. എസ്. പി-യും. ഇന്നു ഡി. എസ്. പി. മാരായിരിക്കുന്ന രണ്ടു സമർത്ഥന്മാരാണു് അന്നു് കൊല്ലത്തെ ഇൻസ്പെക്ടർമാർ. ഇതിനെല്ലാം പുറമേ, മദ്യവർജ്ജനപ്രക്ഷോഭണം അമർത്തുവാനായി സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിതനും പ്രാപ്തനുമായ മി: കയ്യാലം പരമേശ്വരൻപിള്ളയും അവിടെ ഉണ്ടു്. അദ്ദേഹത്തിന്റെ കണ്ണുകയ്യിലുണ്ടായിരുന്ന ക്രൂരാസ്ത്രം കേട്ടറിഞ്ഞു കൊല്ലം റയിൽവേസ്റ്റേഷൻ മുതൽ കസ്ബാസ്റ്റേഷനുവരെ പൂഴിനന്മയിട്ടാൽ താഴെവീഴാത്തവിധം പുരുഷാരം തിങ്ങിക്കിടക്കുന്നു. ഡി. എസ്. പി. മിസ്റ്റർ ബി. നാണപിള്ള ജനക്കൂട്ടത്തിനു നേരെ റിവാൾവർ ചൂണ്ടി "ജനസംഘം പിരിയുന്നോ? വെടിവയ്ക്കട്ടേ" എന്നു് അട്ടഹാസിക്കുന്നു. സംഘത്തിന്റെ സഹകാര്യദർശിയും ശ്രീ: ശങ്കരകുടെ സംഘപ്രവർത്തകനുമായ മി: എ. ഗോപാലപിള്ള (മുഖത്തല) ഷർട്ടുമാറി തോക്കിനുനേരെ മാറിവിട്ടിക്കാട്ടുന്നു. കൊല്ലം ബാറിലെ ശ്രീമാന്മാരായ പുതുപ്പള്ളികൃഷ്ണപിള്ള, സി. കേശവൻ തുടങ്ങിയ ഒരു നല്ല സംഘം അഡ്വക്കേറ്റുമാരും ശ്രീ: കെ. ജി. ശങ്കരം സ്റ്റേഷനിലുണ്ടു്. ആഫീസ്സാറന്മാരുടെ ഏതു ആജ്ഞകളേയും അക്ഷരംപ്രതി നിറവേറ്റാൻ അന്നു കൊല്ലത്തു രണ്ടു സ്റ്റേഷനിലുമുള്ള പോലീസ്സുസൈന്യം മുഴുവൻ ഉജാഗരായി കാത്തുനില്പുണ്ടു്. അർദ്ധരാത്രി. മണി പന്ത്രണ്ടടിച്ചു. എന്താണു നടക്കുവാൻപോകുന്നതെന്നു് അക്കാലം ഒരു ശ്രുതിയുമില്ല. ഇതിനിടയിൽ മി: ബി. നാണപിള്ള ഈ ലേഖകനുമായി ചെറിയ ഒരു വിവാദത്തിൽ ഏർപ്പെട്ടു. തൽഫലമായി ഈ ലേഖകൻ ഒഴിച്ചു മറ്റുള്ളവരെ ജാമ്യത്തിൽവിടാൻ ആജ്ഞാപിച്ചിട്ടു് അദ്ദേഹം യന്ത്രതുടങ്ങുകയും ഈ ലേഖകൻ അതിനു നന്ദിപ്രകടിപ്പിക്കുകയുംചെയ്തു. പോലീസ്സുജാടകളിൽ അതിസമർത്ഥനും ഒരുത്തമനടനനുംകൂടിയായിരുന്ന മി: ബി. നാണപിള്ളയെ അങ്ങനെയാണെന്നതായിരുന്നു. രൗദ്രം മൂത്തിമത്തായപോലെയാണു് അദ്ദേഹം അപ്പോൾ കാണപ്പെട്ടതു്. അന്നത്തെ അസംബ്ലിയിലും കൊല്ലം മുനിസിപ്പാലിറ്റിയിലും മെംബറായിരുന്ന ഈ ലേഖകനുമായി അക്കാലത്തു് അദ്ദേഹത്തിനു് പരിചയമുണ്ടായിരുന്നില്ല. ഈ വൃത്തത്തിലാണു് പോകാൻതുടങ്ങിയ ഡി. എസ്. പി-യെ തടഞ്ഞുനിത്തി ഈ ലേഖകനെപ്പറ്റിയുള്ള വിവരങ്ങളും ശ്രീ: കെ. ജി. അദ്ദേഹത്തെ ധരിപ്പിച്ചതു്.

പ്രശസ്തമായി വഹിച്ചുവന്ന തിരുകൊച്ചിയിലെ ലേബർ കമ്മീഷണർ ഉദ്യോഗം ഈയിടെ രാജികൊടുത്തു ഇപ്പോൾ കല്ലൂട്ടയിൽ ജോലിനോക്കിവരുന്ന ശ്രീ: പി. എൻ. കൃഷ്ണപിള്ളയുടെ വർക്കം "ഞാൻ കണ്ട പോലീസ് രാജ്" എന്ന ശീർഷകത്തിൽ അന്ന



സെൽതോമസ് സ്ലീവാ വാർഷികദിനാഘോഷത്തിലെ "ഫാൻസിഡ്രസ്സ്" പ്രകടനം.

ക്ഷയരോഗത്തിനു് പുതിയ ഔഷധം

★

സ്റ്റെപ്റ്റോമൈസിനും ഐസോണിയാസിഡും

ന്യൂയാർക്കു്

ക്ഷയരോഗാണുവിനാശകമായ സ്റ്റെപ്റ്റോമൈസിനും ഐസോണിയാസിഡും രാസശാസ്ത്രീയമായ കലർത്തി ഒരു പുതിയ സിദ്ധൗഷധം ഇപ്പോൾ പ്രഥമമായി നിർമ്മിക്കപ്പെട്ടിരിക്കുന്നു. സ്റ്റെപ്റ്റോ ഹൈഡ്രാസിഡ് എന്ന നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന പുതിയ ഔഷധം അതിന്റെ ഘടകങ്ങളായ ഔഷധങ്ങളെ ടെ ഒറ്റയ്ക്കുള്ള പ്രയോഗത്തെ ചെറുത്തു നിൽക്കുന്ന രോഗാണുക്കളെ സംഹരിക്കുമെന്നാണ് ആശിക്കുന്നതു്. സ്റ്റെപ്റ്റോമൈസിൽ ഒരു ഗ്രാം, ഐസോണിയാസിഡ് 236 മില്ലിഗ്രാം എന്നീ കണക്കിനുള്ള കൂട്ടിവയ്ക്കാണ് നടത്തപ്പെടുന്നതു്. ബ്ലൂക്ക് ലിനിലെ ചാരസ്പഹിസർ ആൻഡ് കമ്പനിയാണ് നിർമ്മാതാക്കൾ.

★

"തോണി വെള്ളത്തിൽവയ്ക്കാം; എന്നാൽ അതിനുള്ളിൽ വെള്ളം കടക്കരുതു്. അതുപോലെ മനുഷ്യൻ ലോകത്തിൽ വസിക്കാം; എന്നാൽ ലൗകികാശ അവന്റെ ഉള്ളിൽ കടക്കരുതു്."

2—47

ശ്രീരാമകൃഷ്ണദേവൻ.

ത്ത പോപ്പിസ് സംഭവങ്ങളെ പരാമർശിച്ച ഒരു പ്രസിദ്ധ ലേഖനം എഴുതിയിരുന്നു. മലയാളരാജ്യം, കൗമുദി, സർവീസ് തുടങ്ങി അന്നത്തെ പ്രധാന വർത്തമാനപ്പത്രങ്ങളെല്ലാം തത്സംബന്ധമായ ഗവർമെൻറനയത്തെ മുക്തകണ്ഠം അധിക്ഷേപിച്ചു മുഖപ്രസംഗം പ്രസിദ്ധംചെയ്കയുംചെയ്തു. മദ്യശാലകൾ സ്ഥാപിക്കാൻപോലും നാട്ടിലെങ്ങും സ്ഥലം ലഭിച്ചിട്ടില്ലാതിരിക്കുമ്പോഴും തങ്ങളുടെനയത്തിൽ അണുമാത്രമായ വ്യതിയാനംപോലും വരുത്തുവാൻ ഗവർമെൻറ് ഉറച്ചുനിന്നുകൊണ്ടു് പ്രസ്തുത പ്രസ്ഥാനത്തിന്റെ സമൂലോച്ഛേദം വരുത്തണമെന്ന ഉദ്ദേശത്തോടുകൂടി ഒന്നിനുപുറകേ ഒന്നായി പിന്നെയും പിന്നെയും സൃഷ്ടിച്ചുകൊണ്ടിരുന്ന തീവയ്പുതുടങ്ങി ഗൗരവതരമായ വകുപ്പുകൾ ഉൾക്കൊള്ളുന്ന അനവധി കേസ്സുകൾക്കെല്ലാം കഴിവുള്ള എല്ലാ സഹായങ്ങളും ശ്രീമൻ ശങ്കർ നൽകിയിരുന്നുവെന്നുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണ്.

★

ശങ്കർതെളിച്ചമാർഗ്ഗം


★

കെ. സി. കുട്ടൻ, ചേത്തല

മാച്ചു് മുപ്പത്തൊന്നാംതീയതി ചേർത്തല തെക്കുപകുതിയിൽ "വടക്കീകിവള്ളവർഗ്രാമ"ത്തിൽവച്ചുകൂടിയ ഉള്ളൂടസമാജത്തിൽ സംബന്ധിക്കുവാൻ പുറപ്പെട്ടന്ന അവസരത്തിലാണ് അയിത്തോച്ചാടനത്തിനും, മദ്യവർജ്ജനത്തിനും, മറ്റു് ദേശക്ഷേമകാര്യങ്ങൾക്കും പ്രോദ്ഘനംനൽകിയിരുന്ന സ്വദേശാഭിമാനി ശ്രീ: കെ. ജി. ശങ്കർ ദിവംഗതനായി എന്ന അതിദുസ്സഹമായ വൃത്താന്തം ശ്രവിച്ചതു്. "മരണമൊരുവനും വരാത്തതല്ലെന്നു്" പണ്ടേ അറിയുള്ളതാണെങ്കിലും ഇത്തരം യോഗ്യന്മാർ വിട്ടുപിരിയുന്നതുകാണുമ്പോൾ മരണം വരാതിരിക്കണമെന്നാണു് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നതു്. ഇനികൂടി ഉഴിയിൽ നീണ്ടുവാഴേണ്ടതു് വളരെ ആവശ്യമാണു്. ശാസ്ത്രപുരോഗതി അതു് സാധിക്കുകതന്നെ ചെയ്യുമെന്നു്, അസാധ്യങ്ങളായി ഗണിക്കപ്പെട്ടിരുന്നതുകൂടി സാധിതാവസ്ഥയിൽ എത്തിയിരിക്കുന്നതുകാണുമ്പോൾ ഉറപ്പിച്ചുപറയാവുന്നതാണു്. ശ്രീ: കെ. ജി. ശങ്കറെപ്പോലെയുള്ള ജനസ്നേഹികളാണ് രാഷ്ട്രനേതാക്കന്മാരായി വരേണ്ടവർ. സ്വന്തമായി ഒന്നും നേടുവാനില്ലാത്തവർക്കേ ജനങ്ങളേയും, രാജ്യത്തേയും ഫലപ്രദമായി സേവിക്കുവാൻ സാധിക്കയുള്ളൂ. സ്വന്തമായി എന്തെങ്കിലും നേടിവയ്പാനുള്ള അഭിവാഞ്ഛയുടെ അഭാവമാണ് ശ്രീ: കെ. ജി. ശങ്കറെ ഉത്തമനായ ദേശാഭിമാനിയായി ഉയർത്തിനിർത്തിയിരിക്കുന്നതു്.

1106 കന്നിമാസം 19-നു് ചേർത്തലയിൽ നടന്ന മദ്യവർജ്ജനസമ്മേളനത്തിൽ അന്നത്തെ സർക്കാരിന്റെ ആളുകൾ ചെയ്തുകൂട്ടിയ അക്രമങ്ങളും നേരിട്ടനുഭവിച്ചവരിൽ ഒരുവനായ ഞാൻ വിവരങ്ങളും വിശദീകരിച്ചു തക്കസമയത്തുതന്നെ "മലയാളരാജ്യ"ത്തിനു് അയച്ചുകൊടുത്തിരുന്നു. അതു പരസ്യംചെയ്തുകൊണ്ടു് ശ്രീ: കെ. ജി. ശങ്കർ എനിക്കൊരു കത്തയച്ചു. ആ കത്തിലെ ഉള്ളടക്കം എന്നെ എത്രമാത്രം സമാധാനചിത്തനാക്കിത്തീർത്തുവെന്നോ, മദ്യവർജ്ജനവിഷയകമായി പ്രവർത്തിയെടുക്കുവാൻ കരുത്തും കഴിവും ഉള്ളവനാക്കിത്തീർത്തുവെന്നോ, വിദ്വേഷചിന്തയില്ലാത്തവനാക്കി ഉയർത്തിയെന്നോ പറഞ്ഞറിയിക്കുവാൻ സാധ്യമല്ല. അദ്ദേഹം ഉത്തമനായ ഒരു സുഹൃത്തും, വിവേകശാലിയായ ഒരു ഉപദേഷ്ടാവും, ധിഷണാശാലിയായ ഒരു നിയന്ത്രകനും ഒരേസമയത്തായിരുന്നുവെന്നും പറയുവാൻ എനിക്കുകഴിയും. എല്ലാറ്റിനും ഉപരിയായി ശ്രീ: കെ. ജി. ശങ്കർ ത്രികരണവിശുദ്ധനായിരുന്നു. ത്രികരണവിശുദ്ധിയുള്ളവർ ഇന്നത്തെ നമ്മുടെ രാഷ്ട്രനേതാക്കന്മാരിൽ എത്രപേരുണ്ടെന്നു് അന്വേഷിക്കുമ്പോഴാണ് ശ്രീ: കെ. ജി. ശങ്കറുടെമഹത്വം ഉപര്യുപരി പ്രകടമാകുന്നതു്. ഇങ്ങനെപറഞ്ഞാൽ വളരെ ഉണ്ടാകും. ഏതായാലും യോഗ്യനായ അദ്ദേഹം നമ്മുടെ ഇടയിൽ ഇല്ലാതായിരിക്കുന്നു. ഇനി നമുക്കു് അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ചു് പ്രകീർത്തിച്ചു് സമാധാനപ്പെടുകയേ നിവർത്തിയുള്ളൂ. ഇനി ശ്രീ: കെ. ജി. ശങ്കറിന്റെ മരണത്തെച്ചൊല്ലി കുത്തിയിരുന്നുകരഞ്ഞിട്ടുകാര്യമില്ല. അദ്ദേഹത്തിനോടു് സ്നേഹവിശ്വാസബഹുമാനങ്ങളും ഉള്ളവർ ചെയ്യേണ്ടതു് അദ്ദേഹം തുടങ്ങിവച്ച നല്ലകാര്യങ്ങളും മുഴുവനാക്കുവാൻ ശ്രമിക്കുകമാത്രമാണ്. മേടമാസം പത്തൊമ്പതിയതി പത്തരമുഹൂർത്തംനാമം ശ്രീ: കെ. ജി. ശങ്കർ ഉൽഘാടനംചെയ്ത മദ്യവർജ്ജനമഹാസമ്മേളനം നടത്തുക സാധ്യമല്ലാതായിത്തീർന്നിരിക്കുന്നു. ഇനി ഞങ്ങൾക്കു് മദ്യവർജ്ജനവിഷയകമായി പ്രചരണാദികൾക്കൊരുങ്ങേണ്ടതും യഥായോഗ്യം നിർദ്ദേശങ്ങൾനൽകുവാനും സഹായത്തിനു് പ്രധാനമായി "മലയാളരാജ്യം" ഉണ്ടല്ലോ എന്ന ഒരാശ്വാസമാണുള്ളതു്. ശ്രീ: ശങ്കർ തെളിച്ച മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കുമ്പോൾ എന്നെപ്പോലെയുള്ളവർക്കു്, "മലയാളരാജ്യം" ആഫീസിലേയും, പ്രസ്സിലേയും എല്ലാത്തരത്തിലുംഉള്ള ജോലിക്കാരെങ്കിലും തുണയായിരിക്കുമെന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. നാം എല്ലാവരും ഒത്തു് ശ്രീ. കെ. ജി. യുടെ മാർഗ്ഗം അവലംബിച്ചു പ്രവർത്തിച്ചു് നമ്മുടെ ജന്മഭൂമിയെ ഔൽകൃഷ്ടഭൂമിയിലേയ്ക്കുയർത്തണം. നിർവ്വാണനിമഗ്നനാകാതെ ലോകസേവയ്ക്കായി വീണ്ടും വരുവാൻ ശ്രീ, കെ. ജി-യോടുതന്നെ നമുക്കു പ്രാർത്ഥിക്കാം.





വിജയംബിക,
തയലക്കാട്ട്.

കൈരളീബാലസമിതി
ചെറുകഥാമത്സരം.

I
സീനിയർ

★

തകർന്നവീണ

നീണ്ടുവിടർന്ന നിഷ്കളങ്കനയനങ്ങളും! ഇടതിങ്ങി നില്ക്കുന്ന ചുരുണ്ടമുടി. അവയിൽ കുറെ അടർന്ന് ആ വെളുത്തുമിനുസ്സമായ നെറ്റിത്തടത്തിൽ വീണുകിടക്കുന്നു. സ്വച്ഛമായ വിടർന്ന ചെഞ്ചോരച്ചുണ്ടുകൾക്കിടയിലൂടെ മധുരമന്ദഹാസം പൊഴിക്കുന്ന മുല്ലമുകുളങ്ങൾ. ചുവന്നു തുടുത്തുനില്ക്കുന്ന സുന്ദരകപോലങ്ങൾ! മാലതി ആ ഫോട്ടോയിൽ നോക്കിനിന്നുപോയി. അതു അവളുടെ വീണയാണ്. തകർന്നുകഴിഞ്ഞിരുന്ന വീണ! മാലതി അതിൽതന്നെ വീണ്ടും വീണ്ടും നോക്കി. ആ മാറിടത്തെ ഉലച്ചുകൊണ്ടൊരു ദീർഘനിശ്വാസം ബഹിർഗമിച്ചു.

അകത്തു് ജ്യേഷ്ഠത്തിയുമായി അവരുടെ ഒരമനമകൻ ഉണ്ണി വെണ്ണയ്ക്കു് വഴക്കിട്ടുകയാണു്. മാലതി സ്വപ്നനേരം അതു ശ്രദ്ധിച്ചുകൊണ്ടുനിന്നു. പെട്ടെന്നു് അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവളുടെ ചിന്തയുടെ ഭ്രമകാലത്തിലേക്കു് ഒന്നു് ചിറകുകൾ വിതിർത്തു പറന്നുപോയി.

ഏകദേശം ആറുമാസമായിക്കാണും. ഒരു ദിവസം മാലതി തൈരു കലക്കിക്കൊണ്ടിരിക്കുകയായിരുന്നു.

"മ്മാ, എനിച്ചുകുടിത്തിരിവെണ്ണ തരുവോമ്മാ?" കുഞ്ഞുകാലുകളിലെ കിങ്ങിണി കിലുക്കിക്കൊണ്ടു വീണ അവളുടെ അടുക്കലെത്തി.

"ഒരമ്മ കലക്കികഴിഞ്ഞിട്ടു് വീണയ്ക്കു വെണ്ണതരാം. മോളുവിടെ ഇരിക്കൂ. ങേ?"

"ങൂഹും.....അതൊക്കുല. എനിച്ചിപ്പവേണം." അവൾ നിർബ്ബന്ധം പിടിക്കാൻ തുടങ്ങി.

"ശാഠ്യംപിടിച്ചാൽ ഞാൻ നല്ല സമ്മാനം തരുമേ." അവൾ ശാസിച്ചു. വീണയുടെ വികസിച്ചുനിന്ന മുഖം വാടി. അവളുടെ കണ്ണുകൾ നിറഞ്ഞു.

"മ്മ നാലെ ബിലിച്ചുതന്നാലും ഏനിച്ചു വേണ്ട. ഞാൻ തിന്നാൻ ബയ്യുല." അവൾ തിരിഞ്ഞുനടന്നു.

വീണയുടെ ഈ കളമൊഴി യഥാർത്ഥമായിത്തന്നെ സംഭവിച്ചു. "അമ്മ ബിലിച്ചു കൊട്ടുന്നതിനു" മുൻപുതന്നെ ആ മൂടലുമോഹനമായ ശരീരമുപേക്ഷിച്ചു അവളുടെ ആത്മാവു് നിത്യനന്ദം തേടി പറന്നകന്നിരുന്നു!

"വാക്കുകൾ കൂട്ടിച്ചൊല്ലാൻ
വയ്യാത്ത കിടാങ്ങളെ"
ദീർഘമാം നിശ്വാസത്തെ വെ-
ല്ലുന്നതല്ലോ നിങ്ങൾ."

എന്നു പറഞ്ഞിരിക്കുന്നതെത്ര വാസ്തവം!

മാലതി കണ്ണിമയ്ക്കാതെ അതിൽതന്നെ നോക്കി. ഹാ! എന്തു പ്രകാശമുള്ള കണ്ണുകൾ! അവ തന്നോടെന്തോ പുഞ്ചിരിതൂവുകയാണെന്നവൾക്കു തോന്നി. അവൾ കുനിഞ്ഞു, ആ ചിരിക്കുന്ന കണ്ണുകളിൽ ആവേശപൂർവം ചുംബിച്ചു. അവളുടെ വീണ! ജീവനില്ലാ ജീവനുള്ള വീണ! തകർന്നുകഴിഞ്ഞ വീണ!

അകത്തു ജ്യേഷ്ഠത്തി മകനെ ശാസിക്കുകയാണു്. "ഉണ്ണീ, നീ തല്ലുകൊള്ളുമേ, മതി വെണ്ണതിന്നതു്. ഇവിടുന്നു പോകുന്നുണ്ടോ വേഗം?"

മാലതി ചെവികൾ കൂർപ്പിച്ചുനിന്നു. കണ്ണുനീരിൽക്കുടിയുള്ള ഉണ്ണിയുടെ ശബ്ദം അവൾ കേട്ടു.

"അമ്മ നാലെ വിലിച്ചുനന്നാലും ഞാൻ തിന്നാൻ....."

മാലതി വെപ്രാളത്തോടെ അകത്തേക്കോടി. ആ കൊച്ചു പൂമൊട്ടിനെ രണ്ടു കൈകൾകൊണ്ടും വാരിയെടുത്തു അവൾ മാറിലമർത്തി. അവൻറെ വിടർന്ന ചോരച്ചുണ്ടിൽ ആവേശത്തോടെ ചുംബിച്ചുകൊണ്ടവൾ പറഞ്ഞു. "തങ്കം! എൻറെ ഓമന അങ്ങനെ പാടുമോ? എത്ര വെണ്ണവേണം? കുഞ്ഞമ്മ തരാമല്ലോ!" അവൻ ആ നനഞ്ഞ നയനങ്ങളുയർത്തി അവളെ നോക്കി, മന്ദഹസിച്ചു.

രാധാഭായി, (നമ്പർ 601)
വയസ്സ് 16

II
ഉപജൂനിയർ

★

ബുദ്ധിമാൻ

ഒരിടത്തു ഒരു ചായക്കട ഉണ്ടായിരുന്നു. ഒരു ദിവസം അവിടെ ഒരാൾ കയറിച്ചെന്നു. ചായക്കടക്കാരൻ മുഷിയപ്പം ചുട്ടുകൊണ്ടിരിക്കുകയായിരുന്നു. അവിടെ വേറെയാരും ഉണ്ടായിരുന്നില്ല. വന്നകയറിയ ആൾ ചായകുടിച്ചുശേഷം കടക്കാരനുമായി സംസാരംതുടങ്ങി. കടക്കാരനു അയാളെ ഇഷ്ടമായി. അയാളുടെ പേരെന്താണെന്നു ചോദിച്ചപ്പോൾ "വെറുതെ" എന്നു പറഞ്ഞു. കടക്കാരൻ അയാളെ അപ്പം സൂക്ഷിക്കാൻ ഇരുത്തിയിട്ടു വെളിയിലിറങ്ങി. അപ്പവുംകൊണ്ടു് വന്നയാൾ കടന്നു. ചായക്കടക്കാരൻ വന്നു നിലവിളിയായി. ആളുകൾ ഓടിക്കൂടി. ആരാണു് അപ്പം എടുത്തതെന്നു ചോദിച്ചു. "വെറുതെ 'യാണെന്നു കടക്കാരൻ പറഞ്ഞു. ആളുകൾ ദേഷ്യപ്പെട്ടു തിരിച്ചുപോയി.

ഡി. ശിവകുമാർ,
നമ്പർ 2 വയസ്സ് 7.

ചെറുകഥകൾ

ഞങ്ങളുടെ മുറത്തു നില്ക്കുന്ന തേന്മാവിൻറെ ആത്മകഥ

★

എൻറെ ഉദ്ഭവം എവിടന്നോ, എൻറെ മാതാപിതാക്കൾ ആരെന്നോ എനിക്കു് അറിഞ്ഞുകൂടാ. എനിക്കു ഓർമ്മയുള്ളപ്പോൾ ഏതോ ഒരു പക്ഷി വയ്യൽ എടുത്തു് ഒരു പ്രഭവിൻറെ വസ്തുവിൽ വളർത്തുവാൻ ഏൽപ്പിച്ചു. വർഷപ്പിറപ്പിൻറെ മുന്നറിയിപ്പു് എന്നോണം അതുഗ്രവും അന്ധകാരം പരത്തുന്നതും ആയ രണ്ടുമൂന്നുമഴയ്ക്കു ശേഷംപോലും, എൻറെ ബീജദശയാകുന്ന ആ ഭയങ്കരതമസ്സിൽനിന്നും പ്രശോഭിക്കുന്ന ആ മനോഹരമായ ബാഹ്യലോകത്തിലേക്കു് എത്തിനോക്കുവാൻപോലും സാധിച്ചില്ല. ഏകദേശം വർഷകാലത്തിൻറെ മദ്ധ്യത്തിൽ ഞാൻ ആ ബീജദശയിൽനിന്നും ബാഹ്യലോകത്തിലേക്കു് എത്തിനോക്കിത്തുടങ്ങി. അങ്ങനെ എനിക്കു ബാഹ്യലോകവും ആയി സമ്പർക്കത്തിൽ ഏർപ്പെട്ടവാൻ സാധിച്ചു. ഏകദേശം 45 ഇഞ്ചു് വളർന്നശേഷം മാത്രമാണു് ഞാൻ ആ കുടുംബനാഥൻറെ കണ്ണിൽപെട്ടതു്. അതു് എൻറെ ഭാഗ്യോദയത്താൽ ആണെന്നു തന്നെപറയാം. പിന്നീടു് ആ മഹാശയൻ എന്നെ എടുത്തു അദ്ദേഹത്തിൻറെ മുറ്റത്തുവളർത്തി ദിവസവും എനിക്കു ആഹാരംതന്നുകൊണ്ടിരുന്നു. ശത്രുക്കളിൽനിന്നും രക്ഷപ്പെടുത്തി ശുശ്രൂഷിച്ചു് അങ്ങിനെ അദ്ദേഹത്തിൻറെ ലാളനയാൽ ഞാൻ വളർന്നവനു. എൻറെ ആകൃതി ആ തടിയുംകണ്ണിനെ അഞ്ചിപ്പിക്കുമാറു് അത്രയ്ക്കു മനോഹരമായിരുന്നു. തന്മസിയായതെ ഞാൻ യൌവനമാകുന്ന പൂന്തോപ്പിലെ കവാടംകടന്നു് ഉള്ളിൽപ്രവേശിച്ചു. അതിൻറെഫലമാണു് ആ പൂക്കൾ! അപ്പോൾ എന്നിൽ അണയുവാൻ പല കാമുകന്മാരും വന്നെത്തി. അവരെ ആകർഷിച്ചതു് എൻറെ മനോഹരമായ ആ കാർകന്തളവും അതിൽ അണിഞ്ഞിരിക്കുന്ന മനോഹരകുസുമങ്ങളും പച്ചപ്പട്ടസാരിയും മാത്രമാണു്. ഈ കാമുകന്മാരിൽ പ്രധാനികം ശംഖ്നാദംമുഴക്കിക്കൊണ്ടു് ആഞ്ഞു് അണയുന്ന വണ്ടേന്മാരും വീണാനാദത്തിനുതുല്യമായ ശബ്ദത്തോടുകൂടിയ തേനീച്ചകളും മാറിമാറി ആയിരുന്നു. ഞാൻ ഈ മനോജ്ഞതയും ആകർഷകവും ആയ ശബ്ദതരംഗങ്ങളുംകൊണ്ടു തൃപ്തിക്കുകിച്ചിരുന്നു. ഇതുവരെയുള്ള ദാമ്പത്യജീവിതത്തിൻറെഫലമായി ഞാൻ വളരെയേറെ ശിശുക്കളുടെ മാതാവായിത്തീർന്നു. അങ്ങിനെ എന്നിൽ ശോഭനമായ ആ മാതൃത്വപദവും വന്നുചേർന്നു.

പി. എൻ. പരമേശ്വരൻപിള്ള.

★

പങ്കുചേർന്നജീവിതം

★

നമ്മളിൽ ഓരോരുത്തരുടേയും ജീവിതം വേറെ ആക്കും ഒരു പങ്കുമില്ലാത്തതാണെന്നാണ് നമ്മുടെവിശ്വാസം. ഓരോ മനുഷ്യന്റെയും ജീവിതം വാസ്തവത്തിൽ അനേകകോടി ചെറിയ ചെറിയ ജീവിതങ്ങൾചേർന്നുണ്ടാകുന്നതാണ്. മനുഷ്യശരീരത്തിലെ ഏറ്റവും ചെറിയപങ്കാളി ഒരു സെല്ലാണ്. വിവിധതരത്തിൽ പ്രവർത്തിക്കുന്ന സെല്ലുകൾ ഉണ്ട്. ഇവയെല്ലാംതന്നെ ഐകമത്യത്തോടുകൂടി പ്രവർത്തിക്കുന്നെങ്കിൽ മാത്രമേ മനുഷ്യന് ആരോഗ്യമുണ്ടായിരിക്കയുള്ളൂ. ഇങ്ങനെ ഒരിനത്തിൽപെടാത്ത പങ്കാളികൾ ചേർന്നുണ്ടാകുന്ന ജീവികൾ സസ്യങ്ങളിലും, ജന്തുക്കളിലും ധാരാളമുണ്ട്. ഉദാഹരണമായി തെങ്ങിന്റെയും, കവുങ്ങിന്റെയും തൊലിപ്പുറത്ത് പറ്റിപിടിച്ചുപോലെ ഒരുതരം നേരിയപാടപോലെയിരിക്കുന്നതു നമ്മളിൽ മിക്കവരും കണ്ടിരിക്കും. സസ്യങ്ങളുടെ ഇനത്തിൽപെട്ട ഒരു ജീവിയാണിതു്. ലൈക്കൻ എന്നാണ് ഇതിന്റെ പേരു്: പൂപ്പലും, പൊടിപ്പായലും ചേർന്നുണ്ടാകുന്നതാണ് ലൈക്കൻ. ഇതു് യാതൊന്നിനും ജീവിക്കൻകഴിയാത്ത പാറപ്പുറത്തുപോലും വളരുന്നു. ഈ കൂട്ടുകെട്ടിൽ ഇരുകൂട്ടർക്കും ഒന്നുപോലെ പ്രയോജനമായിരിക്കുന്നു.

പങ്കുചേരുന്നതിൽ മിക്കവാറും ഇരുകൂട്ടർക്കും പ്രയോജനമായിരിക്കും. അതിനാൽ ബാലന്മാരും ബാലികമാരുമായ നമ്മൾ ആർക്കുമാർക്കും ചേതമില്ലാതെ അന്യോന്യം സഹായിച്ചു പുതിയശക്തിസമ്പാദിച്ചു് നമ്മെയിലേക്കുനയിക്കുന്ന ഒരു കൂട്ടുകെട്ടായിത്തീരണം.

എസ്. കൃഷ്ണൻനായർ
(അ: നം: 560)

★

സ്തനുകഥ

★

തന്റെ കൈവശം ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, ഇറ്റലി തുടങ്ങിയ പല രാജ്യങ്ങളിലെയും നിരവധി സ്തനുകളുണ്ടെന്നും അവ മറ്റു സമിതിഅംഗങ്ങളുടെ പക്കൽ ഉള്ള സ്തനുകളുമായി "എക്സ്ചേഞ്ച്" ചെയ്യാൻ തയ്യാറാണെന്നും

സി. ജി. ശേഖരകുമാർ,
ശ്രീനിലയം, പുന്നപുരം,
തിരുവനന്തപുരം

അറിയിക്കുന്നു.

★

സൗന്ദര്യ-ലഹരി

(സവ്യാഖ്യാനം)

ശ്രീമത് ശങ്കരാചാര്യവിരചിതമായ സൗന്ദര്യലഹരി സുഖിശരമായ മലയാളവ്യാഖ്യാനത്തോടുകൂടി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് ഈ വിശിഷ്ട ഗ്രന്ഥം.

വില ണ. 12.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ചോദ്യം.

1.	ഭരണി അട്ടത്തപള്ളി	= കാത്തികപ്പള്ളി
2.	ചൂതമൂഷികതീരം	= മാവേലിക്കര
3.	തൈലവനം	= എണ്ണയ്ക്കാട്
4.	ക്ഷേത്രഗാനം	= അമ്പലപ്പാട്ട്
5.	വടവൃക്ഷ അരുവി	= ആലപ്പുഴ
6.	വിഷ്ണുഗാനം	= ഹരിപ്പാട്
7.	കോണത്തുത്തം	= മൂലവട്ടം
8.	സാമ്പാരുമേന്മാടിക്കുളം	= കായംകുളം
9.	സപ്തശത്രുവനം	= കീരിക്കാട്

വി. ജി. ശോവിന്ദൻനമ്പൂതിരി, കോട്ടയം

അംഗനമാർ 884.



വണ്ടിക്കാരൻ

അംഗങ്ങളുടെ പേരുവിവരം

(തുടർച്ച)

1281 ടി. ടി. ഡാനിയൽ, ആനന്ദമംഗലം, പാണാപ്പെട്ടി പോസ്റ്റാഫീസ്. (ചെറുകഥ)
1282 ജി. പി. ബാലചന്ദ്രൻനായർ C/o ജി. വി. പിള്ള, പുന്നക്കന്തർ കണ്ടാ. (ചിത്രമെഴുത്തു്)
1283 കെ. നാരായണൻപോറ്റി, മുള്ളൻമഠം, ഇളമ്പ ആറാങ്ങൽ. (പന്തുകളി)
1284 ജി. സുപ്രസന്നാദേവി, പുത്തൻപുരയ്ക്കൽവീട്ടിൽ, മുത്തൂർ തപാൽവല്ലം. (സംഗീതം)
1285 പി. ആർ. ഗോപാലകൃഷ്ണവാര്യർ, പുത്തൻമഠം, പടിഞ്ഞാറെനട ചെങ്ങന്തർ കല്ലിശ്ശേരി, ചെറുകഥ)
1286 കെ. പത്മകുമാർ, അംബിക്കവിലാസ്, ചവറാ.
1287 ഇളസി, ടി ടി
1288 കെ. കേശവദാസ്, ടി ടി (പന്തുകളി)
1289 എം. പ്രസന്ന, രാമചന്ദ്രവിലാസം, വെള്ളയമ്പലം തിരുവനന്തപുരം. (തിരുവാതിരക്കളി)
1290 കെ. മോഹനൻ, ടി ടി (സ്തനുശേഖരണം)
1291 പി. ഒ. വർഗ്ഗീസ് C/o പി. കെ. ഉമ്മൻ, തഹശിൽദാർ മാവേലിക്കര. (തീപ്പെട്ടിപടം ശേഖരണം)
1292 എം. ആർ. രാമൻനമ്പൂതിരി, മംഗലത്തില്ലം, രാമമംഗലം. (ലേഖനമെഴുത്തു്)
1293 കെ രാധാകൃഷ്ണൻനായർ, കൊച്ചുവീട്ടിൽകിഴക്കതിൽവീട്ടിൽ, പ്രയർ വടക്കു് ഓച്ചിറ. (പുസ്തകപാരായണം)
1294 എസ്. ശോപിനാഥനാശാരി, ഇളയാത്തിൽ, ഓലകെട്ടിയമ്പലം. (സ്തനുശേഖരണം)
1295 പി. തൃഗരാജൻ, ഇടപ്പനയിൽ തുക്കുന്നപ്പുഴ. (ചിത്രമെഴുത്തു്)
1296 പി. ജയപ്രകാശ് നാരായണൻ, ശ്രീനാരായണസൌധം കൊക്കച്ചാൽ. (പുരാണകഥകളി)
1297 എസ്. രാധാകൃഷ്ണൻനായർ, കാന്തിരത്തുംവിള, തളിയിൽ കരമന തിരുവനന്തപുരം. (ചെറുകഥ)
1298 എസ്. സുകുമാരൻനായർ, ടി ടി (ഫ്രായിംഗ്)
1299 കെ. ലളിതാഭായി, ടി ടി (സ്തനുശേഖരണം)
1300 ജി. ശോപകുമാർ C/o എം. ശോപാലൻനായർ, വൈസ് പ്രിൻസിപ്പാൾ, എൻ. എസ്. എസ്. കോളേജ് പെരുന്ന. (സ്തനുശേഖരണം)
1301 ജി. സോമശേഖരൻ, പുത്തൻവീട്ടിൽ, തുക്കുന്നപുരം, നേമം, നെയ്യാറിൻകര. (ചെറുകഥ)
1302 കെ. കുഞ്ഞൻ, പണയറക്കിഴക്കതിൽവീട്ടിൽ കായംകുളം. (കൃഷി)
1303 ജി. കേശവപിള്ള, കാരുവള്ളിൽവീട്ടിൽ, അയിത്തോട്ടുവാ, പടിഞ്ഞാറേക്കല്ലട. (പുസ്തകവായന)
1304 എൻ. വിഷ്ണുനമ്പൂതിരി, വാരണാസിഇല്ലം, മാവേലിക്കര. (ചെറുകഥ)
1305 ഈ. കേശവൻനമ്പൂതിരി, മാധവപ്പള്ളിഇല്ലം, മാവേലിക്കര. (പടംവരയ്ക്കൽ)
1306 കെ. ശോപിനാഥൻനായർ, മാവിത്തെത്തുവീട്ടിൽ, ചെറുകോൽ, (ചെറുകഥ)
1307 എസ്. വിശ്വനാഥൻപിള്ള, കൈപ്പള്ളിൽവീട്ടിൽ, വാഴപ്പള്ളി കിഴക്കു്, ചങ്ങനാശ്ശേരി. (തോട്ടപ്പണി)
1308 റ്റി. ഡി. സേതുമാധവൻ, വഴീക്കൽവീട്ടിൽ, തലവടി. (സ്തനുശേഖരണം)
1309 ബി. വിജയകുമാരൻനായർ, നെടുവേലിൽവീട്ടിൽ, വാഴപ്പള്ളി, ചങ്ങനാശ്ശേരി. (പുസ്തകപാരായണം)
1310 ആർ. ശാന്തകുമാരി, ശോപിവിലാസംബംഗ്ലാവു്, അങ്ങാടിക്കൽ, കൊല്ലം.
1311 ജി. വനജാക്ഷി, ആലപ്പാട്ടുവീട്ടിൽ, കാരിക്കൽ, പുത്തൂർ. (പുസ്തകപാരായണം.)
1312 എൻ. ശോപാലപിള്ള, കൊച്ചുപ്ലാവിളവീട്ടിൽ, മടന്തകോട്ട, കണ്ടാ. (ചെറുകഥ)
1313 ആർ. കാർത്തികേയൻനായർ, കാരുവള്ളിവീട്ടിൽ, ആയാംപറമ്പു് ഹരിപ്പാട്ടിൽ. (ചെറുകഥ)
1314 കെ. ജി. നാരായണപിള്ള, കളീലുവിളയിൽ, കടമ്പനാട്ടിൽ. (തീപ്പെട്ടിപ്പടംശേഖരണം)

(തുടരും)

(2-ംപേജിൽനിന്നു തുടച്ച്)

കുകയും ഒരുസംഘം ബ്ലൈറ്റ്സ് ആ അന്ധനെ എടുത്തു് ആശുപത്രിയിലാക്കുകയും ചെയ്യുന്നു. വിരാഹത്തിയായ ശോഭന ഡാക്ടറുടെ വീട്ടിലെ വേലക്കാരിയായിത്തീരുന്നു. അവൾ അവിടെവെച്ചു് തന്റെ ഓമനശിശുവിനെ കണ്ടെത്തുന്നു. പക്ഷേ ശോഭന പെട്ടന്നു ആ രഹസ്യം പുറത്താക്കാതെ വേലക്കാരിയായിക്കഴിയുന്നു. കുട്ടിയെ ഉറക്കുന്നതിനു് ശോഭന ഒരു പാട്ടുപാടുന്നു. ആശുപത്രിയിൽകിടന്നിരുന്ന ഭാസി ആ പാട്ടു് കേൾക്കുകയും തന്റെ ഭാര്യയുടെ സ്വരം തിരിച്ചറികയും ചെയ്യുന്നു. ഡാക്ടറുടെ സഹായത്തോടുകൂടി ഭാസി കണ്ണിന്റെകെട്ടു് അഴിപ്പിക്കുന്നു. കെട്ടഴിപ്പിച്ചപ്പോൾ ഭാസിക്കു് കാഴ്ചലഭിച്ചിരുന്നു. ഭാസി ആ പാട്ടു് കേട്ട ഗൃഹത്തെ ലക്ഷ്യമാക്കി നടന്നു ചെന്നു് തന്റെ ഭാര്യയേയും ശിശുവിനേയും വീണ്ടു് ഏറ്റെടുക്കുന്നു. തുടർന്നു് പത്രത്തിലെ പരസ്യം കാണുകയും സ്വത്തുക്കളും വീണ്ടെടുക്കുന്നതിനു ഭാസിയും ശോഭനയുംകൂടി ഗൃഹത്തിലേക്കു് തിരിക്കുകയും ചെയ്യുന്നു. ഇതിനിടയിൽ ഗോപിയുടെ ജീവിതം തകർന്നു തരിപ്പണമായിരുന്നു. കടക്കാരുടെ ശല്യത്തിൽനിന്നു ഒഴിയുന്നതിനായി ഗോപി സ്വത്തുക്കളെല്ലാം പപ്പുആശാന്റെ പേരിൽ ചാരാധാരം എഴുതിയിരുന്നു. അതിനെ തുടർന്നു പപ്പു ആശാൻ ഗോപിയെയും ശ്യാമളയേയും ഗൃഹത്തിൽനിന്നുആട്ടി പുറത്താക്കിയിരുന്നു. ഗോപിയും ശ്യാമളയും പട്ടിണിയിലും ദാരിദ്ര്യത്തിലും കിടന്നു എരിപൊരികൊള്ളുന്നു. ഭാര്യയും ഭർത്താവുമായി കലഹിച്ചുപിരിയുന്നു. നിരാശനായിത്തീർന്ന ഗോപി പപ്പുആശാനെ കൊലചെയ്യുന്നതിനു് കത്തിയുമായി ഗൃഹത്തിലെത്തുന്നു. പപ്പുആശാനെ കൊല്ലുൻഭാവിക്കുന്ന സന്ദർഭത്തിൽ ഭാസി അവിടെചെന്നു് ആ സാഹസത്തിൽനിന്നു പിൻതിരിപ്പിക്കുന്നു. ഭാസിയേയും ശോഭനയേയും കണ്ടതോടുകൂടി ഗോപിക്കു് പശ്ചാത്താപമുണ്ടാകുന്നു. അയാളിൽ ഒരു മാനസികവിപ്ലവംതന്നെ സംഭവിച്ചു. താൻ ചെയ്തുപോയ അപരാധങ്ങളെല്ലാം ക്ഷമിക്കുന്നതിനും സഹിക്കുന്നതിനും അപേക്ഷിക്കുന്നു. തൽസമയം ശ്യാമളയും അവിടെ ആഗതയാകുന്നു. എല്ലാവരുമായി രഞ്ജിപ്പുണ്ടാകുന്നു. പപ്പുആശാൻ സത്യത്തിന്റെ മഹത്തായ വിജയത്തെക്കുറിച്ചു പ്രകീർത്തിക്കുന്നു. അവസാനം എല്ലാം കഥാപാത്രങ്ങളും ഒന്നുചേർന്നു നാടകസ്റ്റേജിലെപ്പോലെ നിരനിരനിന്നു മംഗളഗാനം പാടിപ്പിരിയുന്ന രീതിയിൽ കഥ ശുഭമായി പര്യവസാനിക്കുകയും ചെയ്യുന്നു.

കഥയെ സംബന്ധിച്ചിടത്തോളം പറയത്തക്ക പുതുമയൊന്നും അനുഭവപ്പെട്ടന്നില്ല. കഥയ്ക്കു കെട്ടുറപ്പില്ലാത്തതുകൊണ്ടു് പരിണാമഗുപ്തിക്കു ഭംഗം വരുത്തുന്നുണ്ടു്. കഥ എവിടെയവസാനിപ്പിക്കണമെന്നുള്ള കാര്യത്തിൽ അവസാനിപ്പിക്കുന്നതിനു്. അതുപോലെതന്നെ കഥയുടെ അവസാനരംഗം ഭംഗിക്കുന്നുമുണ്ടു്. കഥ അവസാനിച്ചതായി പ്രേക്ഷകർക്കു് ഒരു തോന്നലുണ്ടാകുന്നുമില്ല. സംഭാഷണ ചലച്ചിത്രങ്ങളിൽ കാണുന്ന നായികാനായകന്മാരുടെ പ്രേമപ്രകടനങ്ങളും ഇടയ്ക്കുള്ള പ്രതിബന്ധങ്ങളും പുനഃസമാഗമങ്ങളുമെല്ലാം ലോകനീതിയിലും പ്രതിപ്രവർത്തിച്ചിട്ടുണ്ടു്. പക്ഷെ കഥയിലെ ചില രംഗങ്ങളെല്ലാം ജീവിതയാഥാർത്ഥ്യങ്ങളോടു് പൊരുത്തപ്പെട്ടുപോകുന്നുണ്ടു്. പുതിയ രംഗങ്ങളൊന്നുമില്ലെങ്കിലും രംഗങ്ങളിൽ ചിലതെല്ലാം വികാരോത്തേജകമായി ആവിഷ്കരിച്ചിട്ടുണ്ടു്. കണ്ണില്ലാത്ത ഭാസിയും കൈക്കുഞ്ഞോടുകൂടിയ ശോഭനയുംകൂടി ശ്യാമളയെ സമീപിച്ചു് എന്തെങ്കിലും ആഹാരം കൊടുക്കണമെന്നു യാചിക്കുമ്പോൾ ശ്യാമളയും അവളുടെ ഭർത്തൃഗൃഹത്തിലെ ഏറ്റവും വികാരോത്തേജകമായ രംഗവും ഇതുതന്നെയാണു്. അപ്പോഴെങ്കിലും വാല്യർ തന്റെ മകളുടെ വിവാഹക്കാര്യം നാണപ്പനിക്കരോടു് ചെന്നു പറയുമ്പോൾ ആ പാവപ്പെട്ട പിതാവിനു് പണക്കാരനിൽനിന്നു ലഭിക്കുന്ന മറുപടിയും ഹൃദയഭേദകമായിട്ടുണ്ടു്. ശ്യാമളയുടെ വിവാഹാലോചനയുമായി ചെന്നയാൾ അവർക്കു പണമില്ലെന്ന കാരണത്താൽ ആ ആലോചന ഉപേക്ഷിച്ചിട്ടുപോകുന്ന രംഗം ഇന്നു് കേരളത്തിലെ പല ഗൃഹങ്ങളിലും ആവർത്തിച്ചുകൊണ്ടിരിക്കുന്ന രംഗമാണു്. പണമില്ലാത്ത കാരണം എത്രയോ യുവതികളാണു് അവിവാഹിതകളായി രക്ഷകർത്താക്കൾക്കു് തങ്ങളാവാത്ത ഭാരവും ദുഃഖവുമായി കഴിയുന്നതു്. അങ്ങിനെ കരളലിയിക്കുന്ന നിത്യജീവിതത്തിലെ നിരവധി രംഗങ്ങളും ലോകനീതിയിലുണ്ടു്. മനുഷ്യഹൃദയങ്ങളെ വശീകരിക്കുവാൻ കെൽപ്പുള്ള ഒരു സാമൂഹികചിത്രമാണു് ലോകനീതി.

കഥാരചനയിൽ മുതുകുളം സമ്പൂർണ്ണമായി വിജയിച്ചു എന്നു വിധിയെഴുതുക സാധ്യമല്ല. കഥാപാത്രങ്ങൾക്കെല്ലാം വേണ്ടത്ര വ്യക്തിത്വം ലഭിച്ചിട്ടില്ല. പാത്രസൃഷ്ടിയിലുള്ള പരാജയമാണു് അതിനുള്ള മുഖ്യകാരണം. പപ്പുആശാനേയും ഭാസിയുടേയും പാത്രസൃഷ്ടികൾ വിജയിച്ചിട്ടുണ്ടു്. ജന്മിയേയും ചിറ്റമ്മയേയും ഇതിനകം പല മലയാളചലച്ചിത്രങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടുള്ള മേഡലിൽതന്നെ വാർത്തെടുത്തിരിക്കുകയാണു്. ശങ്കരൻ, വേലു തുടങ്ങിയ പല കഥാപാത്രങ്ങളും അധികപ്പറ്റുകളാണു്. ഉയരുന്ന തലമുറയ്ക്കു് നൽകുവാൻ ഈ ചിത്രത്തിനു് പ്രത്യേകിച്ചു് സന്ദേശങ്ങളൊന്നുമില്ല. ഇന്നത്തെ സാമ്പത്തികവിതരണത്തിലുള്ള ക്രമക്കേടുകളുടെ അനാശാസ്യതയെ ചോദ്യംചെയ്യുന്നില്ല. വ്യക്തികളിൽ കണ്ടുവരുന്ന ഒറ്റുണങ്ങൾക്കും തകുച്ചകൾക്കും അവരെമാത്രം കാഠപ്പെടുത്താതെ അവരെ സൃഷ്ടിക്കുന്ന വ്യവസ്ഥിതിയുടെ നേരെ ആത്തപ്രഹരങ്ങളൊന്നും ഏല്പിക്കുന്നില്ല. നിലവിലിരിക്കുന്ന ദുഷിച്ച വ്യവസ്ഥിതിയുടെ ഉടച്ചുവാർക്കലിനു് വിപ്ലവാത്മകമായ ആഹ്വാനമൊന്നും നൽകാത്തുകൊണ്ടു് പുരോഗമനേച്ഛുക്കളെ ചിത്രം നിരാശപ്പെടുത്തിയിട്ടുണ്ടു്. കാണാത്തതു കാണുകയും കേൾക്കാത്തതു കേൾക്കുകയും ചെയ്യുമ്പോഴാണല്ലോ നമ്മിൽ കുടികൊള്ളുന്ന കലാബോധം തെളിഞ്ഞുണരുന്നതു്. പുരോഗമനത്തിനു് പ്രചോദനമരുളുന്ന രംഗങ്ങളധികം ഈ ചിത്രത്തിൽ ഉൾക്കൊള്ളിക്കാതിരുന്നതു് അക്ഷന്തവ്യമായ ഒരു അപരാധംതന്നെയാണു്. ബോസ്സ് ആഫീസ് ഫോർമുലാ ഉപേക്ഷിച്ചു് ജനതയുടെ മുന്നോറത്തിനു് ഗണ്യമായി സഹായിക്കുന്ന ഉത്തേജകമായ ഇതിവൃത്തത്തെ സ്വീകരിച്ചിരുന്നുവെങ്കിൽ ലോകനീതി ക്ലൃപ്തൽ പ്രയോജനാത്മകമായ ഒരു കലാസൃഷ്ടിയായി ഉയരുന്നതിനു് സാദ്ധ്യതകളുണ്ടായിരുന്നു.

കഥയുടെ വിശദാംശങ്ങളിൽ നിരവധി വൈകല്യങ്ങളും കടന്നുകൂടിയിട്ടുണ്ടു്. നാണപ്പനിക്കരെ ഒരു പരമ്പരാഗതനായിട്ടാണു് ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നതു്. ആഹാരകാര്യത്തിലല്ലാതെ മറ്റൊന്നിലും ആ കഥാപാത്രത്തിന്റെ ലുബ്ധ് വ്യക്തമാക്കുവാൻ കഥാകൃത്തു കഴിഞ്ഞിട്ടില്ല. വീട്ടം അവിടുത്തെ ഉപകരണങ്ങളും മറ്റു ചുറ്റുപാടുകളുമെല്ലാം പരിഷ്കൃതനായ ഒരു പ്രഭുവിന്റെ കുടുംബത്തിനു് യോജിച്ച രീതിയിലാണു്. സ്വന്തം വീട്ടിൽ മകൻ ധാരാളമായി ജീവിക്കുന്ന രീതികൾ കണ്ടു മനസ്സിലാക്കുന്നതിനു് പണിക്കർ പപ്പുആശാന്റെ സഹായം വേണ്ടിവരുന്നതു് ഒരു വിചിത്ര സംഭവംതന്നെ. സ്ത്രീവാർക്കിത്തിൽ നാണപ്പനിക്കർ കാണിക്കുന്ന വിസ്മിതങ്ങളും ഒരു സ്ത്രീവാർക്കിത്തിലും സംഭവിക്കുവാൻ ഇടയില്ലാത്തവയാണു്. ഭാസിയുടെ കണ്ണിന്റെ കാഴ്ച നശിക്കുന്നതും അതു വീണ്ടും തിരിച്ചുകിട്ടുന്നതും അസ്വാഭാവികമായിട്ടുണ്ടു്. നാണപ്പനിക്കർ, വാല്യർ, ദേവകി എന്നിവരുടെ മരണങ്ങളും പ്രേക്ഷകരിൽ പ്രതിഫലിപ്പിച്ചിരിക്കുന്നതും വിശ്വാസനീയമായ രീതിയിലല്ല. ജനങ്ങളുമായിബന്ധമില്ലാത്ത അത്യുന്നതമായ കുന്നുകളുടെ ഉപരിതലത്തിൽകൂടി ഒരു പിച്ചക്കാരൻ കമ്മ്യൂണിസ്റ്റ് ആശയങ്ങളും പാടിക്കൊണ്ടു് നടക്കുന്നുണ്ടു്. ഇമ്മാതിരിയൊരു പിച്ചക്കാരനെ സിനിമായിലല്ലാതെ കാണാൻ കഴിയുമെന്നതോന്നുന്നില്ല. ആത്മസഖിയിൽ മുതുപാച്ചൻ പോലീസിനെകൊണ്ടിപ്പിക്കുവാൻ മരച്ചീനിയുടെ ഇടയിലുള്ള കോലത്തിനുള്ളിൽ കയറിനിന്നതുപോലുള്ള ഒരുരംഗം നാണപ്പണക്കരുടെനേരെ ഗോപി പ്രയോഗിച്ചിരിക്കുന്നതു് കേവലം ആവർത്തനമാത്രമല്ലേ? ഗോപിയും ശ്യാമളയുമായി ഭീന്നിപ്പുണ്ടാകുന്നതിനു് പ്രത്യേകിച്ചു സംഭവവികാസങ്ങളുണ്ടായതായി കഥയിൽനിന്നു വ്യക്തമാകുന്നില്ല. കഥയ്ക്കു ലോകനീതി എന്നു പേരുനൽകിയതിൽ യാതൊരു ഔചിത്യവുമില്ല. മൂന്നുകുടുംബങ്ങളുടെ ചരിത്രമാണു് ലോകനീതിയുടെ ആകെത്തുക. കഥയ്ക്കു ലോകത്തോടു് പറയത്തക്കബന്ധമൊന്നുമില്ല.

ഡയറക്ടറുടെ അശ്രദ്ധകൊണ്ടു് കഥയിൽ ചില പ്രമാദങ്ങളെല്ലാം സംഭവിച്ചിട്ടുണ്ടു്. ഭാസി നിലംഉഴുന്നതിനു പോകുമ്പോഴും വരുമ്പോഴും കലപ്പമാത്രമെ കാണിച്ചിട്ടൊള്ളു കലപ്പ കൈകൊണ്ടുചെയ്യുവാൻ വശമില്ലാത്ത ഒരു കർഷകനാണു ഭാസി. കാളയോ പോത്തോ ഇല്ലാതെ നിലം ഉഴുന്നതു് എങ്ങനെയാണു്. നിലം ഉഴുതിട്ടവരുമ്പോൾ നെൽക്കറ കൊണ്ടുവരുന്നതു് എന്തൊരുമാന്ത്രികശക്തികൊണ്ടാണെന്നു മനസ്സിലാകുന്നില്ല. പാടത്തു ജോലിചെയ്യുമ്പോഴും ഭാസിയുടേയും ശ്യാമളയുടേയും വസ്ത്രധാരണരീതി ആ തൊഴിലിനു പറ്റിയ രീതിയിലുള്ളവയല്ല. ശ്യാമള ഒരു രംഗത്തിൽ ഉറങ്ങാൻ കിടക്കുമ്പോഴും ധരിച്ചിരിക്കുന്ന വസ്ത്രങ്ങളല്ല ഉണരുമ്പോഴും ധരിച്ചുകാണുന്നതു്. സംവിധായകന്റെ നോട്ടക്കുറവുകൊണ്ടും മറ്റു ചില രംഗങ്ങളിലും ദൃശ്യമാകുന്നുണ്ടു്. വിസ്തരഭയത്താൽ ഒന്നൊന്നായി ചൂണ്ടിക്കാണിക്കുന്നില്ലെന്നുമാത്രം.

മലയാളത്തിലെ പ്രസിദ്ധനടീനടന്മാരെല്ലാം ഈ ചിത്രത്തിൽ അണിനിരന്നിട്ടുണ്ടു്. നടീനടന്മാർ അവരുടെ കഴിവിന്റെ പരമാവധി പ്രയോഗിക്കുന്നതിനു ശ്രമിച്ചിട്ടുമുണ്ടു്. അഭിനയത്തെ സംബന്ധിച്ചിടത്തോളം ലോകനീതി പ്രതീക്ഷയിൽകവിഞ്ഞു് വിജയംവരിച്ചിട്ടുമുണ്ടു്. സത്യൻ ഇതുവരെ അഭിനയിച്ചിട്ടുള്ള ചിത്രങ്ങളിൽവെച്ചു് മെച്ചമാണുലോകനീതി. സത്യൻ അന്ധനെറ്റാഭാസം അഭിനയിക്കുമ്പോൾ പ്രേക്ഷകരുടെ സഹതാപം ആർജ്ജിക്കുന്നുമുണ്ടു്. ആ നടൻ മലയാളത്തിലെ ഒരു സ്വഭാവനടൻ (Character actor) എന്ന നിലയിലേക്കു് ഉയർന്നിട്ടുണ്ടു്. സത്യനു് ശോഭനമായ ഒരു ഭാവിയുണ്ടെന്നുള്ളതിൽ സംശയത്തിനു അവകാശവുമില്ല. കൊട്ടാരക്കര ശ്രീധരൻനായർ (ഗോപി) ഒരു നാടകനടന്റെ ഭാവഹാവാദികളും ഉപേക്ഷിച്ചു ഒരു തനി ചലച്ചിത്രനടനായി പ്രത്യക്ഷപ്പെട്ടിരിക്കുന്നതു ലോകനീതിയിലാണു്. സ്വഭാവികതകുറഞ്ഞ നടനെന്ന അഭിനയത്തിൽ അടിമുടി മുദ്രകുത്തപ്പെട്ടിട്ടുണ്ടു്. മുഖത്തിന്റെ ഭാവഭേദങ്ങളെ ചുറ്റുപാടുകൾക്കനുസരണമായി പ്രകടിപ്പിക്കുന്നതിനു് ഗോപിക്കു കഴിഞ്ഞിട്ടുണ്ടു്. ഭാസിയുടെ ഭാവപ്രകടനങ്ങൾ ഒരു പരിധിവരെ കൃത്രിമമായിപ്പോയി. ഭാസിയുടെ കണ്ണുകൾ അടച്ചുപിടിച്ചുള്ള അഭിനയം ഒരു കണ്ണിനു കാഴ്ചയുള്ള ഒരാൾ അന്ധനായി അഭിനയിക്കുന്നതുപോലെ തോന്നിപ്പിക്കുന്നുണ്ടു്. ഭാസിയുടെ കണ്ണിനു കാഴ്ചയുണ്ടെന്നുള്ള കാര്യം പ്രേക്ഷകർ അറിഞ്ഞിരിക്കുന്നതുകൊണ്ടാണു് അങ്ങനെ തോന്നുന്നതു്. ഭാസിയുടെ കണ്ണുകൾ അടച്ചുപിടിച്ചുള്ള അഭിനയം ഒഴിവാക്കുന്നതിനു് ഒരു കണ്ണിനു കാഴ്ചയുള്ള ഒരാൾ അന്ധനായി അഭിനയിക്കുന്നതുപോലെ ഒരു കണ്ണിനു കാഴ്ചയില്ലാത്ത ഒരാൾ കാഴ്ചയുള്ളവനായി അഭിനയിക്കുന്നതിനു് ഭാസിയോടു് ആവശ്യപ്പെടുന്നതു് ഉചിതമായിരിക്കുമെന്നു തോന്നുന്നു. ശോഭനയുടെ അഭിനയം ഭേദപ്പെട്ടതാണു്. ഗായികയെന്ന നിലയിൽ ശോഭനയുടെ ശബ്ദം ഈ ചിത്രത്തിൽ ഉപയോഗിച്ചിട്ടില്ല. ശ്യാമളയുടെ അഭിനയം ഭേദപ്പെട്ടതാണു്. ഗായികയെന്ന നിലയിൽ ശ്യാമള

വത്തിപ്പിക്കുന്നതിനുള്ള കൊട്ടാരക്കരയുടെ കഴിവ് സ്തുതാർഹമായിട്ടുണ്ട്. പക്ഷേ കൊട്ടാരക്കരയുടെ കലാസുന്ദരമായ അഭിനയപാടവം തികച്ചും പ്രകടമാക്കുന്നതിനു പാറിയ ഒരു 'ഗോപി' ഈ ചിത്രത്തിൽ നൽകിയിട്ടില്ല. അഭിനയിക്കുവാൻ അധികഭാഗമില്ലെങ്കിലും ഉള്ളതു തന്മയത്വമായും ഭംഗിയായും നിറവേറ്റിയിട്ടുണ്ട്. കൊട്ടാരക്കര ഒരു ധൃതനായി അഭിനയിക്കുകയല്ല ജീവിക്കുകയാണുചെയ്യുന്നത്. കലാശാലാഭ്യസനംകഴിഞ്ഞു ധ്വരമട്ടിൽ വീട്ടിലേക്കുമടങ്ങുമ്പോൾ വയലിൽ നെല്ലുവിത്തുകൊണ്ടിരിക്കുന്ന ശ്യാമളയിൽ കൺകോൺകളെറിയുന്നതും പാലത്തിൽകയറുമ്പോൾ പുഴയിലേക്കുമറിയുന്നതുമായ രംഗം ഏതൊരു പ്രേക്ഷകനേയും പൊട്ടിച്ചിരിപ്പിക്കാതിരിക്കുകയില്ല. കൊട്ടാരക്കര ഏറ്റവും ഭാവോജ്വലമായി അഭിനയിച്ചിരിക്കുന്നതു് പപ്പുആശാനെ വധിക്കുവാൻ ചെല്ലുമ്പോൾ ഭാസി ആ സാഹസത്തിൽനിന്നു പിൻതിരിപ്പിക്കുന്നരംഗത്തിലാണ്. കണ്ണിനു കാഴ്ചലഭിച്ച ഭാസിയെക്കാണുമ്പോൾ കൊട്ടാരക്കരയുടെ വദനത്തിൽ വികാരങ്ങളുടെ ഒരു വേലിയേറ്റംനടക്കുന്നു. പശ്ചാത്താപംകൊണ്ട് അവസാനം മനസീകപരിവർത്തനമുണ്ടാകുന്നതായി കാണിച്ചിരിക്കുന്ന ആ രംഗത്തിൽ വ്യക്തിമുദ്ര പതിപ്പിക്കത്തക്കവണ്ണം ആ നടൻ അഭിനയിച്ചിട്ടുമുണ്ട്. കൊട്ടാരക്കര മലയാളചലച്ചിത്രവേദിക്ക് അഭിമാനിക്കത്തക്ക ഒരു നിലയിലേക്കു ഉയർന്നിട്ടുണ്ട്. മുതുകുളം പപ്പുആശാന്റെഭാഗം പാത്രസ്വഭാവമനുസരിച്ച് അഭിനയിച്ചു പരമാവധി വിജയം വരിച്ചിട്ടുണ്ട്. മുതുകുളത്തിന്റെ അഭിനയത്തിൽ കൃത്രിമത്വത്തിന്റെ നേരിയനിഴൽപോലും വീശിയിട്ടില്ല. ലോകനീതിയിൽ ഭീമമായ പരാജയംവരിച്ചിട്ടുള്ള ഒരു നടനാണ് മുത്തയ്യാ. വാസ്തവത്തിൽ ആ നടൻ അഭിനയകലയെ അവഹേളിക്കുകയല്ലേ എന്നപോലും സംശയിക്കേണ്ടിയിരിക്കുന്നു. 'തിരമാല'യിലെ ശോപിനാഥൻനായരുടെ അഭിനയമാണ് മുത്തയ്യാ അനുകരിച്ചിരിക്കുന്നതു്. മുത്തയ്യായുടെ അഭിനയംകണ്ടപ്പോൾ തീയേറ്റർവിട്ടു പുറത്തേക്ക് ഇറങ്ങിപ്പോയാലെന്താണെന്നുപോലും പ്രേക്ഷകർക്കു തോന്നിപ്പോകും. അത്രമാത്രം അസഹനീയമായിട്ടുണ്ട് ആ അഭിനയപ്രയത്നം. നാണക്കേടൻ (നാണപ്പണിക്കർ) തന്റെ സാധാരണ അഭിനയരീതിയെല്ലാം പ്രദർശിപ്പിച്ചിട്ടുണ്ട്. എസ്സ്. പി. പിള്ള (ശങ്കരൻ) ഒരു അധികപ്പറ്റാണ്. സാധാരണചിത്രങ്ങളിൽ പ്രദർശിപ്പിക്കാവുള്ള ശോഷിക്കലൊന്നും കാണിച്ചിട്ടില്ലെന്നുള്ളതു് ആശ്വാസകരമായിട്ടുണ്ട്. കലാശ്യാമളൻ കുമാരൻ (വേലു) അഭിനയിക്കുവാൻ കഴിവില്ലാത്ത ഒരുനടനാണ്. ബി. എസ്സ്. സരോജ (ശോഭന) യുടെ അഭിനയം "മെച്ചമായിട്ടുണ്ടെന്നുപറയുന്നതിനു നിവൃത്തിയില്ല. മാദ്ധ്യചിത്രങ്ങളിലെ അഭിനയത്തോടു തുലനംചെയ്യുമ്പോൾ കുമാരിതങ്കം (ശ്യാമള) അഭിനയകലയിൽ വളരെയധികം പുരോഗമിച്ചിട്ടുണ്ട്. പങ്കജവല്ലി (മീനാക്ഷി) അവരുടെ "സ്റ്റീരിയോ ടൈപ്പ്"" അഭിനയം ആവർത്തിച്ചിട്ടുണ്ട്" ചിറമ്മപ്പോൽ" അഭിനയിക്കുവാൻവേണ്ടിമാത്രം ഈ നടിയെ ഉഴഞ്ഞുകെട്ടിവെച്ചിരിക്കുന്നതു് കഷ്ടമെന്നല്ലാതെ മറ്റൊന്നുപറയട്ടെ. ആറന്മുള പൊന്നമ്മ ഏറ്റവും നന്നായി അഭിനയിച്ചിട്ടുണ്ട്. മലയാളചലച്ചിത്രലോകത്തിലെ 'അമ്മ" എന്ന അപരനാമധേയത്തിനു തികച്ചും അർഹയായ ആ അനുഗൃഹീതനടിയെപ്പറ്റി പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ലല്ലോ. കുട്ടികളായ മോഹനൻ, രാജശേഖരൻ, പ്രഭാകുമാരി, ശ്രീകുമാരി എന്നിവരെല്ലാം വലിയ പുത്തികേട്ടുകൂടാതെ അഭിനയിച്ചിട്ടുണ്ട്. മറ്റുള്ളനടീനടന്മാർ ആരും പരിഗണന അർഹിക്കുന്നില്ല.

സംഭാഷണരചനയെ സംബന്ധിച്ചിടത്തോളം മറ്റു പല മലയാളചലച്ചിത്രങ്ങളേയും ലോകനീതി പിന്നിലാക്കിയിട്ടുണ്ട്. സംഭാഷണങ്ങളും ഭാഷാരീതിയിലും നിവേദനത്തിലും മികച്ചുനിൽക്കുന്നു. കഥാപാത്രങ്ങളുടെ സംസ്കാരത്തിനു് അനുയോജ്യമായ രീതിയിലാണ് സംഭാഷണങ്ങളും നിർവഹിച്ചിരിക്കുന്നതു്. മൈതാന പ്രസംഗങ്ങൾക്കു് ആരും മുതിർന്നിട്ടമില്ല. ശോകരംഗങ്ങളിലെ സംഭാഷണങ്ങൾക്കു് മനഃശ്ലാഘ്യതയെ സ്പർശിക്കുവാൻ പ്രത്യേക കഴിവുമുണ്ട്. പക്ഷേ "അതാണ് സിറ്റുവേഷൻ" എന്നു് ഇംഗ്ലീഷ് ഭാഷാപരിജ്ഞാനമില്ലാത്ത നാണപ്പണിക്കരോടു് പപ്പുആശാൻ ആ വത്തിക്കേണ്ട ആവശ്യമില്ലായിരുന്നു. "വരച്ച വരയിൽനിർത്തും" എന്നുള്ളതും മുതുകുളം എഴുതുന്ന എല്ലാസംഭാഷണങ്ങളിലും ആവർത്തിക്കുണ്ട്. എന്തുതന്നെയായാലും മുതുകുളം ഇതുവരെ എഴുതിയിട്ടുള്ളതിൽ മെച്ചമായ സംഭാഷണരചന നിർവഹിച്ചിരിക്കുന്നതു് ലോകനീതിയിലാണെന്നു് ആരും തലകുലുക്കി സമ്മതിക്കാതിരിക്കുകയില്ല. ഗാനങ്ങളും അഭയദേവാണ് രചിച്ചിരിക്കുന്നതു്. കണ്ണാടകസംഗീതത്തിന്റെ രീതിയിലാണ് ഗാനങ്ങളും അധികവും രചിച്ചിട്ടുള്ളതു്. ലീലയും രേവമ്മയും ഘണ്ടശാലയും ഗോകുലപാലനുമെല്ലാം പിന്നണിഗാനങ്ങളും പാടിയിട്ടുണ്ട്. പക്ഷേ ഗാനങ്ങളും ഏതൃത്തിൽനിന്നും മാറ്റിപ്പോകാതെ നിൽക്കത്തക്കവണ്ണം കൈപ്പുള്ളവയല്ല. സിനിമാകണ്ടിട്ടു പോകുന്നവർ ലോകനീതിയിലെ രണ്ടുവരി പാട്ടെങ്കിലും ഓർമ്മിച്ചു എന്നു വരികയുമില്ല. "അറിയാതെ കിനാക്കളിൽ നീയിനിയുടെ മനമേ മധുരാശകളും തേടുതെ' എന്ന ഗാനവും "അടിപ്പാടി പ്രേമകും നമ്മുടെ പാടത്തെപ്പണിതീർന്നാൽ" എന്ന ഗാനവും ഭേദപ്പെട്ട ഗാനങ്ങളാണ്. തരംഗിണിഗാനവും പിച്ചുക്കാരന്റെ ഗാനവും ആവശ്യമില്ലാതെ കുത്തിതിരുകിയിരിക്കുകയാണ്. നൃത്തരംഗങ്ങളും നന്നായിട്ടുണ്ട്. സെൻസ്സ് അപ്പീലിന്റെ പേരിൽ ലൈംഗികാഭാസങ്ങളൊന്നും പ്രദർശിപ്പിച്ചിട്ടില്ല. അശ്ലീലമില്ലാത്ത വിനോദപ്രകടനങ്ങളും ചിത്രത്തിന്റെ മറ്റൊരു മേന്മയാണ്. അന്തർനാടകങ്ങളും പൊഴിച്ചിറക്കാൻ തുനിയാതിരുന്നതും അഭികാമ്യമായിട്ടുണ്ട്. ശ്യാമളയുടെ ആ സ്വപ്നരംഗംകൂടി ഒഴിവാക്കാമായിരുന്നു. ശബ്ദലേഖനം തൃപ്തികരമായിട്ടുണ്ട്. ഛായാപടലേഖനം പ്രശംസയർഹിക്കുന്നു. എഡിറ്റിംഗും മേക്കപ്പും മോശമായിട്ടില്ല. സീനറി നന്നായിട്ടുണ്ട്. വേലപ്പൻനായരുടെ സംവിധാനം പൊതുവേ തൃപ്തികരമായിട്ടുണ്ട്. പക്ഷേ അശ്രദ്ധകൊണ്ടായിരിക്കും അവിടവിടെ ചില പ്രമാദങ്ങളും വൈകല്യങ്ങളും സംഭവിച്ചിട്ടുണ്ട്. ഡയറക്ടർ കൂടുതൽ ശ്രദ്ധിച്ചിരുന്നുവെങ്കിൽ ചിത്രത്തിന്റെ ആ സ്വാഭാവികതയ്ക്കു് അല്പംകൂടി മാറ്റുകൂട്ടുമായിരുന്നു. പ്രണയസൂചനയ്ക്കായി ഇണപ്രാവുകളെ കൂണിക്കുന്ന പഴയ രീതികളും മാറ്റം പരിവർജ്ജിക്കേണ്ടതായിരുന്നു. ഡയറക്ടരുടെ ഭാവനാശക്തിയെ എടുത്തുകാണിക്കുന്ന പല രംഗങ്ങളും ഈ ചിത്രത്തിലുണ്ട്. അസ്വാഭാവികമായ രംഗങ്ങളിൽപോലും വികാരവേഗതയുളവാക്കുവാൻ ഡയറക്ടർ ശ്രമിച്ചിട്ടുണ്ട്. തമിഴരായ ഡയറക്ടറന്മാരുടെ പിറകെ പോകാതെ വേലപ്പൻനായരെപ്പോലുള്ള ഡയറക്ടറന്മാരെക്കൊണ്ടു് മലയാളചലച്ചിത്രങ്ങളും സംവിധാനം ചെയ്യിക്കുന്നതു് അഭിലഷണീയമായിരിക്കും. വേലപ്പൻനായർ പ്രോത്സാഹനം അർഹിക്കുന്ന ഒരു സംവിധായകനാണ്.

മലയാളികൾ അസൂയാർഹമായ മലയാളികളുടെ പണം മുടക്കി, മലയാളികൾ അഭിനയിച്ച മലയാളസംസ്കാരത്തെ തെറ്റിക്കൊല്ലാതെ ബുദ്ധിപൂർവ്വമായി സംവിധാനംചെയ്തിട്ടുള്ള ഒരു ഉന്നത കലാസൃഷ്ടിയത്രെ ലോകനീതി. പരാജയപ്പെട്ട മലയാളസാമൂഹ്യചിത്രങ്ങൾ കണ്ടു മനംചെടിച്ച മലയാളികൾക്ക് ലോകനീതി ഒരു വൈവിദ്ധ്യം നൽകുന്നുണ്ട്. ലോകത്തിൽ സാധാരണ കണ്ടുവരുന്ന സുഖദുഃഖങ്ങൾ നിറഞ്ഞ ജീവിതവശങ്ങളുടെ കലാഭംഗിയോടുകൂടിയ ചിത്രീകരണമാണ് ലോകനീതിയിൽ നാം കാണുന്നതു്. കലാപരമായും സാംസ്കാരികമായും സാമ്പത്തികമായും ലോകനീതി വിജയം വരിച്ചിട്ടുണ്ട്. വ്യാവസായികവിജയത്തിൽ നിർമ്മാണകർ പ്രത്യേകമായി ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. മനഃശ്ലാഘ്യതയും ആത്മാർത്ഥതയും ധനത്തെക്കാൾ അമൂല്യങ്ങളാണെന്നും അവരണ്ടും വിലകൊടുത്തു വാങ്ങുവാൻ സാധ്യമല്ലെന്നും പണമാണ് മനുഷ്യനെ മൃഗമാക്കുന്നതെന്നും ലോകനീതി നമ്മെ പഠിപ്പിക്കുന്നു. കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കുവാൻ കഴിയുമെങ്കിലും ചിത്രം പൊതുവേ നോക്കുമ്പോൾ പ്രേക്ഷകരെ ആദ്യന്തം പിടിച്ചിരുത്തി രസിപ്പിക്കുവാൻ കഴിവുള്ള ഒന്നാണെന്ന് നിസ്സന്ദേഹമായി പ്രസ്താവിക്കാം. ഏവർക്കും കുടുംബസമേതം കാണാൻകൊള്ളാമുന്നതും കണ്ടുനന്ദിക്കുന്നതിനു് സർവ്വഥാ യോഗ്യവും വീണ്ടും കാണുവാൻ മോഹം ജനിപ്പിക്കുന്നതുമായ ലോകനീതിക്ക് പ്രേക്ഷകലോകം അത്യുദാരമായ സ്വീകരണം നൽകാതിരിക്കുകയില്ല. മലയാളചലച്ചിത്രങ്ങൾ അടിക്കടി മേന്മയെ പ്രാപിച്ചുവരുന്നുണ്ടെന്നും ഈ നിലയിൽ കുറച്ചുകൂടികഴിഞ്ഞാൽ ഏതു ഹിന്ദിച്ചിത്രങ്ങളേയും വെല്ലുവിളിക്കത്തക്ക ഒരു അവസ്ഥ മലയാളചിത്രങ്ങൾക്കു് സംജാതമാകുമെന്നും ലോകനീതി നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ ലോകനീതി കലയുടെ മോഹനമായ ഒരു പ്രതിരൂപമാണ്. ഇതിയും ശ്രേഷ്ഠമായ ഒരു ചിത്രം ചലച്ചിത്രവേദിക്കു സമർപ്പിച്ച നിർമ്മാതാക്കളായ കൈലാസ്പിക്ചേഴ്സും സംവിധായകനായ വേലപ്പൻനായരും അഭിനന്ദനാർഹരാണ്.

★

വാർത്തകൾ

മദ്രാസിലെ രേവതി സ്റ്റുഡിയോയിൽ ഇപ്പോൾ ഒൻപതു ചലച്ചിത്രങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. "കണ്ണകി" "മനംപോലെ മംഗല്യം" "ഭാര്യയുടെ മകൻ" "മനഃശുദ്ധം മൃഗവും" "സപ്തസ്വരം" എന്നീ ചിത്രങ്ങളും പൂർത്തിയാകുന്നു.

* * *

ആർ. കെ. ഫിലിംസ് അവരുടെ "ഗാട്ട"" എന്ന അടുത്ത ചിത്രത്തിന്റെ മുഹൂർത്തകർമ്മം നിർവ്വഹിച്ചിരിക്കുന്നു. രാജ്കപൂർ ഡയറക്ട്ചെയ്യുന്ന ഈ ചിത്രത്തിൽ പൃഥ്വിരാജും നർഗ്ഗീസും പ്രധാനഭാഗങ്ങളും അഭിനയിക്കുന്നതാണ്. സംഗീതം ശങ്കർ ജൈകിഷൻ.

* * *

കൽക്കട്ടയിലെ വസുമിത്രാഫിലിംസ് കമ്പനിക്കാർ ആർ. എൽ. സ്റ്റീവൻസിന്റെ "ഡാക്ടർജെക്കിൾ ആൻഡ് മിസ്റ്റർഹൈഡ്"" എന്ന നോവൽകഥയെ ഉപജീവിച്ചു് "ഷഡാകേലം" എന്നൊരു ചിത്രം നിർമ്മിക്കുന്നതിനു് തീരുമാനിച്ചിരിക്കുന്നു. ഈസ്റ്റേൺ ടാക്കീസ് സ്റ്റുഡിയോയിലാണ് ഈ ചിത്രം നിർമ്മിക്കുന്നതു്.


* * *

ലണ്ടൻയാത്ര കഴിഞ്ഞു് മോഹനബോംബെയിൽ മടങ്ങിയെത്തിയിരിക്കുന്നു.


ചില സിലോൺ ചിത്രങ്ങൾ




ധനുഷ്കോടിയും തലൈമന്നാറുമായി സഞ്ചരിക്കുന്ന "ഇർവിൻ" "ഗോഷൻ" എന്നീ രണ്ടു "കടത്തുകപ്പലുകൾ"




കൊളമ്പു കാഴ്ചബംഗ്ലാവിലെ ഒരു വിശേഷജന്തുവാണ് കരയ്ക്കും വെള്ളത്തിലുമായി ജീവിക്കുന്ന കരടി.




കൊളമ്പിലെ പാർലമെൻറുമന്ദിരം.



കാൻഡിയിലെ മനോഹരമായ തടാകം.



കൊളമ്പു ടൗൺഹാൾ.



കാൻഡിയിലെ "ദന്തദേവാലയം." ബുദ്ധഭഗവാന്റെ ഒരു ദന്തം സൂക്ഷിക്കപ്പെട്ടിട്ടുള്ള ദേവാലയം ബുദ്ധഭക്തന്മാരുടെ ഒരു തീർത്ഥയാത്രാകേന്ദ്രമാണ്.

G. S. Nair

Reg: No. M. 2689. MALAYALA RAJYAM

ലോകവൃത്താന്തഗതി

അന്താരാഷ്ട്രീയനഭോമണ്ഡലത്തിൽ ഏതാണ്ടം ആറ്റീകാലംമുമ്പു മുതല്ക്കേ അനുഭവപ്പെട്ടുതുടങ്ങിയ പ്രശാന്തതയ്ക്കു ഹാനികരമായ സംഭവിച്ചിട്ടില്ല. കൊറിയായിലെ മുറിവേറ്റ യുദ്ധത്തടവുകാരെ കൈമാറുന്ന ജോലി തുടർന്നുകൊണ്ടിരിക്കുന്നു. അവിടെ ഒരു സ്ഥിരം സന്ധിക്കു സാധ്യതയുണ്ടോ എന്നു പറയാറായിട്ടില്ലെങ്കിലും, സമാധാനത്തിന്റെ മാർഗ്ഗത്തിലേയ്ക്കാണ് സംഭവങ്ങൾ തിരിഞ്ഞുകൊണ്ടിരിക്കുന്നതു്. ലോകസമാധാനസ്ഥാപനത്തിനു രക്ഷ പാലിക്കേണ്ട വ്യവസ്ഥകൾ നിർദ്ദേശിച്ചുകൊണ്ടു ഐസൻഹോവർചെയ്തിരുന്ന പ്രസ്താവന രക്ഷുക്ക സ്വീകാര്യമായിട്ടില്ലെങ്കിലും ആ രാജ്യത്തിലെ അധികാരികൾ പ്രസ്തുത വ്യവസ്ഥകളെ സ്വീകരിച്ചു രീതി ശ്രേയസ്കരമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ഗവൺമെന്റിന്റെയും അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന പത്രങ്ങളെന്നു സ്വവിധിതങ്ങളായ ഇസ്വെസ്റ്റിയായും പ്രവ്ദയും പ്രസിഡന്റ് ഐക്കിന്റെ പ്രസ്താവന മുഴുവനായിത്തന്നെ പ്രാധാന്യംനൽകി പ്രസിദ്ധപ്പെടുത്തിയിരുന്നു. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ വിമർശിച്ചുകൊണ്ട് അവ മുഖപ്രസംഗങ്ങളും എഴുതി. എന്നാൽ സംധാരണമന്ത്രിമാരുടെ അതിലെ ഭാഷ പരുഷമായ അമേരിക്കയെ അധിക്ഷേപിക്കുന്ന വിധത്തിലുള്ളതോ ആയിരുന്നില്ല. ഐസൻഹോവറുടെ പ്രസ്താവന സമാധാനത്തെ കാംക്ഷിച്ചുകൊണ്ടുള്ളതായിരുന്നെങ്കിൽ ചൈനാഗവൺമെന്റിനെ അംഗീകരിക്കേണ്ടതായിരുന്നുവെന്നും അവ അഭിപ്രായപ്പെട്ടു. എന്നാൽ പ്രസിഡന്റിന്റെ പ്രസംഗത്തിൽ അക്കാര്യം മിണ്ടിയിട്ടേയില്ല എന്നു അവ ചൂണ്ടിക്കാണിച്ചു. റഷ്യയുടെ ഈ വിമർശനത്തിന്റെ ന്യായതയെ ഐസൻഹോവറും ഏതാണ്ട് അംഗീകരിക്കുന്നുപോലെയാണ് തോന്നുന്നതു്. ഏതായാലും മഹാശക്തികൾ തമ്മിലുള്ള ഒരു കോൺഫറൻസിനും സമാധാനം പുലർത്തുന്നതിനായി വ്യവസ്ഥകൾ നിശ്ചയിക്കപ്പെടുന്നതിനും ഉള്ള സാധ്യതകൾ ഏറിയാണ് വരുന്നതു്: സമാധാനഭൂയിഷ്ഠമായി റഷ്യയിലേയ്ക്കുപോകാൻ ചർച്ചിൽ തീരുമാനിച്ചുകഴിഞ്ഞു എന്നറിയുന്നു. സമാധാനപരമായ കൂടിയാലോചനകൾകൊണ്ട് ലോകത്തു ഇനിയുള്ള വിഷമതകൾ പരിഹരിക്കാൻ ഇരുഭാഗത്തുമുള്ള കക്ഷികൾക്കും തുനിയുമെന്നുള്ളതിനു സൂചനകൾ ഉണ്ട്.

കൊറിയായിൽ സമാധാനം ഉണ്ടാകുന്നതിനുള്ള സൂചനകൾ കണ്ടുതുടങ്ങിയിട്ടുണ്ടെങ്കിലും, ഇൻഡോചൈനയിൽ കലാപങ്ങൾ വർദ്ധിക്കുന്നതിനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. ഇൻഡോചൈനയിലെ മൂന്നു സംസ്ഥാനങ്ങളിലൊന്നായ ലാവോസ് മിക്കവാറും വീറ്റ്മീൻ കാരുടെ അധീനതയിൽ ആയിക്കഴിഞ്ഞു. ബർമ്മയിൽനിന്നു ക്രമിനിന്നുണ്ട് ഭടന്മാർ സെപ്തംബർമാസത്തിനകം പിൻമാറാത്തപക്ഷം തങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതു് ആവശ്യമായിത്തീരുമെന്നു് ബർമ്മഗവൺമെന്റിനുവേണ്ടി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

* * *

യുദ്ധത്തിന്റെ ഭീകരത എത്ര വിപുലമാണെന്നു കൊറിയയിൽ ഉണ്ടായ നാശനഷ്ടങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അവിടെ 220 ലക്ഷം ജനങ്ങളാണുള്ളതു്. യുദ്ധത്തിന്റെ ഫലമായി അവിടെ പത്തുലക്ഷം പേർ കൊല്ലപ്പെട്ടു. നാലുലക്ഷം ജനങ്ങളാണ് അവിടെ നശിച്ചതു്. നശിച്ചുപോയ ഫാക്ടറികളുടേയും, ശക്തിമന്ദിരങ്ങളുടേയും മറ്റും വില കണക്കാക്കിയാൽ 150 കോടി ഡോളർ വരും. ദക്ഷിണകൊറിയായിൽ വന്നിട്ടുള്ള നഷ്ടങ്ങൾ പരിഹരിക്കുന്നതിനുമാത്രം ഏഴു വർഷങ്ങൾകൊണ്ട് 200 കോടി ഡാളർ ചെലവാക്കേണ്ടിവരും. ഇതു് ഒരുകൊല്ലംകൊണ്ട് അവിടെ പുകച്ചുതീർത്ത വെടിമരുന്നിന്റെ വിലയിൽ കുറവാണെന്നതു ശ്രദ്ധേയമാണ്. ഒരുകൊല്ലം കൊണ്ട് ചെലവഴിച്ച വെടിക്കോപ്പുകളുടെ വില 300 കോടി ഡാളർ വരും.

* * *

ഇന്ത്യയിലേയും പാകിസ്ഥാനിലേയും പ്രധാനമന്ത്രിമാർ തമ്മിൽ കൂടിക്കാഴ്ച നടക്കാനും ഇരുരാജ്യങ്ങളും തമ്മിലുള്ള ഭിന്നതകൾ പറഞ്ഞൊതുക്കുന്നതിനും ഉള്ള സാധ്യതകൾ വർദ്ധിച്ചുവരുന്നു. പുതിയ പാകിസ്ഥാൻ മന്ത്രി അടുത്ത അവസരത്തിൽ ചെയ്ത ഒരു പത്രപ്രസ്താവനയിൽ നെഹ്റുവിനെ ജ്യേഷ്ഠസഹോദരനെന്നാണ് ചിത്രീകരിച്ചിരുന്നതു്, ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള അഭിപ്രായഭിന്നതകൾ എങ്ങിനെയും അവസാനിപ്പിക്കേണ്ടതാണെന്ന ആഗ്രഹം പ്രകടിപ്പിച്ചുമിരുന്നു. മന്ത്രിമണ്ഡലി കൂടിക്കാഴ്ചയ്ക്കു ആവശ്യപ്പെട്ടുകൊണ്ടു നെഹ്റുവിനു എഴുതിക്കഴിഞ്ഞു. നെഹ്റുവുംകൂടെ പങ്കെടുത്തിയാലോചനകൾക്കു സന്നദ്ധനാണ്. അതിനാൽ രണ്ടു പ്രധാനമന്ത്രിമാരും തമ്മിൽ കൂടിക്കാഴ്ച നടക്കുമെന്നും തൽഫലമായി ഇരുരാജ്യങ്ങളുമായി നിലനിന്നുവരുന്ന അഭിപ്രായഭിന്നതകൾ പരിഹൃതമാകുമെന്നും പ്രതീക്ഷിക്കാം. എന്നാൽ ഈ കൂടിക്കാഴ്ച എന്നേയ്ക്കു നടക്കുമെന്നു പ്രസ്താവിക്കുവാൻ നിവൃത്തിയില്ല. ജൂണിൽ നടക്കുന്ന ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടധാരണത്തിൽ ഇരുപ്രധാനമന്ത്രിമാർക്കും പോകേണ്ടിയിരിക്കുന്നതുകൊണ്ടു അതിനുശേഷമേ അതു നടക്കാനിടയുള്ളൂ.

* * *

നാസിമുന്നണിനെ പ്രധാനമന്ത്രിസ്ഥാനത്തുനിന്നു മാറിയതിനെത്തുടർന്നു പകിസ്ഥാന്റെ ആഭ്യന്തരസ്ഥിതി കുറേശ്ശെ വഷളായിത്തുടങ്ങിയിട്ടുണ്ട്. കറാച്ചിയിൽ ഈയിടെ നടന്ന കൂപ്പറേഷൻ തെരഞ്ഞെടുപ്പിലെ അനുഭവങ്ങളും മുകളിൽ പറഞ്ഞ വസ്തുതകളെയാണ് വെളിപ്പെടുത്തുന്നതു്. അന്നു നഗരത്തിന്റെ പല ഭാഗത്തുവച്ചും പ്രധാനമന്ത്രിക്കു പ്രതിഷേധപ്രകടനങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നു.

* * *

പ്രധാനമന്ത്രി നെഹ്റു മഹാരാഷ്ട്രയിലെ ക്ഷാമബാധിതപ്രദേശങ്ങളിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്നു. ബൽഗാമിൽവച്ചു അദ്ദേഹം രചയ്ക്ക ഒരു പ്രസ്താവന ഇൻഡ്യയുടെ ഭാവിയെ സംബന്ധിക്കുന്നതാണ്. ഭാഷാപ്രവിശ്യാരൂപീകരണത്തിന്റെ സാധുതകളെപ്പറ്റി ആരായുവാൻ ഒരു ഉന്നതാധികാരകമ്മിഷനെ നിയമിക്കുന്നതു നെഹ്റു അറിയിച്ചു. ആന്ധ്രാപ്രവിശ്യാരൂപീകരണത്തിനു തീരുമാനിച്ചതോടെ മാദ്ധ്യസ്ഥലങ്ങളിലും ഭാഷാപ്രവിശ്യകൾക്കുവേണ്ടയുള്ള വാദത്തിനു ശക്തി വർദ്ധിച്ചിട്ടുണ്ട്. കർണ്ണാടകക്കാരും, ഗുജറാത്തികളും മാദ്ധ്യം ഇതിനായി പ്രക്ഷോഭണം കൂട്ടിക്കൊണ്ടിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ പുതിയ പ്രഖ്യാപനം എല്ലാവരേയും സമാശ്വസിപ്പിക്കുവാൻ പര്യാപ്തമെന്നു കരുതപ്പെടുന്നു.

* * *

ലണ്ടനിൽവച്ചു ഇന്ത്യൻ പ്രധാനമന്ത്രിയും സിലോൺപ്രധാനമന്ത്രിയും തമ്മിൽ കണ്ടുമുട്ടുമ്പോൾ സിലോൺ ഇന്ത്യാക്കാരുടെ പ്രശ്നം പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്യപ്പെടുന്നതാണെന്നു് സിലോണിലെ ഇന്ത്യൻ ഹൈക്കമ്മിഷണറായ സി. സി. ദേശായി വെളിപ്പെടുത്തിയിരിക്കുന്നു. ഈ സംഭാഷണം വിജയപര്യവസായി ആയിത്തീരുമെന്നാണ് അദ്ദേഹത്തിന്റെ പ്രതീക്ഷ. ഇന്ത്യയും സിലോണും തമ്മിലുള്ള സൗഹാർദ്ദബന്ധം സുദൃഢമാക്കിത്തീർക്കാൻ സിലോൺപ്രധാനമന്ത്രിക്കു് ആത്മാർത്ഥമായ ആഗ്രഹമുണ്ടെന്നു് ദേശായി വെളിപ്പെടുത്തി. അവിടത്തെ പത്രങ്ങളുടെ വീക്ഷണഗതിയിലും മാറ്റം സംഭവിച്ചിട്ടുണ്ട്.

* * *

"നിങ്ങളും എന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന നാടകം തിരുവനന്തപുരത്തേയും കോട്ടയത്തേയും ഡിസ്ട്രിക്ട് മജിസ്ട്രേട്ട് നിരോധിച്ചതിനെ അസാധുവാക്കിക്കൊണ്ട് ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. അനുവാദം നൽകിയ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു്, ഗവൺമെന്റിനിന്നു് പ്രത്യേകമായ അധികാരം ലഭിക്കാതെ നിരോധനം ഏർപ്പെടുത്തിക്കൂടെന്നായിരുന്ന കോടതിയുടെ വിധി.



ശ്രീനാരായണനഗറിൽ നടന്ന ഗുരുകലാപ്രദർശനത്തിൽ ശശി ശ്രീകൃഷ്ണന്റെ ഭാഗ്യമുദ്രയിക്കുന്ന ചിത്രം. കുമാരിശശി ശ്രീ: ആർ. ശങ്കറുടെ പുത്രിയാണ്.

Edited, printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.